**ധനകാര്യം**

## 2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി.സ്പീക്കർ: ബഹുമാനപ്പെട്ട പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-2016 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള

തുകകൾ 2015-2016 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥന യുടെ പേര് | 23-03-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXV | പട്ടികജാതി /പട്ടിക വർഗ്ഗ/മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 795,37,59,000 | 94,54,34,000 | 1590,75,18,000 | 189,08,67,000 | 1779,83,85,000 |
| XLII | വിനോദ സഞ്ചാരം | 71,42,18,000 | 51,72,00,000 | 142,84,36,000 | 103,44,00,000 | 246,28,36,000 |

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും

വകുപ്പുമന്ത്രി XXV, XLII എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് സബ്ജക്റ്റ് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പട്ടികജാതി/പട്ടികവർഗ്ഗ /മറ്റുപിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്റ്റ് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## ഖണ്ഡനോപക്ഷേപങ്ങൾ

ധനാഭ്യർത്ഥനനമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം

(ഖണ്ഡനോപക്ഷേപത്തിന് നോട്ടീസ് നൽകിയ ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല).

**ചർച്ച**

ശ്രീ. കെ. വി. വിജയദാസ്: സർ, ഒരു സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ വിലയിരുത്തുന്നത് സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ള ജനവിഭാഗങ്ങളുടെ ജീവിതനിലവാര തോത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നതിനെ ആശ്രയിച്ചിരിക്കും. പാവപ്പെട്ടവരിലും പാവപ്പെട്ടവരായ, സാധാരണക്കാരിലും സാധാരണക്കാരായ പട്ടികജാതി വിഭാഗത്തിലെ ജനങ്ങൾക്കുവേണ്ടിയാണ് സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തുന്നത്. വകയിരുത്തിയ തുക ചെലവഴിക്കാനുള്ള അനുമതി വേണമെന്ന് പറഞ്ഞാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രമേയം അവതരിപ്പിച്ചത്. പക്ഷേ നിയമസഭാനുമതിയിലൂടെ അനുവദിക്കുന്ന ഫണ്ട് ഇവിടെ കൃത്യമായി ചെലവഴിച്ചിട്ടുണ്ടോയെന്നാണ് പരിശോധിക്കേണ്ടത്. ഇവിടെ കഴിഞ്ഞദിവസം എന്റെതന്നെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 527-ന് 29.06.2015-ൽ തന്നിട്ടുള്ള മറുപടിയിൽ 2014-15-ലെ പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതി ചെലവ് 65.36 ശതമാനമാണ്. തുക അനുവദിച്ചിട്ടും ഈ വിഭാഗത്തിനുവേണ്ടി ചെലവഴിക്കേണ്ടതായ തുക ചെലവഴിച്ചില്ല. അത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. 2001-2006 കാലഘട്ടത്തിലും യു.ഡി.എഫ്. ഗവൺമെന്റ് ഇങ്ങനെതന്നെയാണ്

ചെയ്തത്. 40-45 ശതമാനം മാത്രമായിരുന്ന 2001-2006 കാലഘട്ടത്തിലും എക്സ്പെൻഡിച്ചർ. കേന്ദ്രാവിഷ്കൃത പദ്ധതി അന്ന് നടപ്പാക്കിയതേയില്ല. അതുപോലെ ഒ.ഇ.സി. പദ്ധതികൾ - അവർക്കുവേണ്ട ആനുകൂല്യങ്ങളും കൊടുത്തില്ല. അതിൽനിന്ന് മോചനമുണ്ടായത് 2006 മുതൽ 2011 വരെ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ്. വിദ്യാഭ്യാസാനുകൂല്യം ഇരട്ടിയാക്കി, സ്പോർട്സ് സ്കൂളിന്റെ മെസ് ചെലവ് 26 രൂപയിൽനിന്ന് ഒരു വിദ്യാർത്ഥിക്ക് 75 രൂപ എന്ന നിരക്കിൽ വർദ്ധിപ്പിച്ചു, കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രശംസനീയമായ രൂപത്തിൽ 100 ശതമാനം എക്സ്പെൻഡിച്ചറാക്കി. മാത്രമല്ല, കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള എസ്.സി/എസ്.ടി വിഭാഗത്തിന്റെ എല്ലാ ഹോസ്റ്റലുകളും നല്ല രീതിയിൽ നവീകരണം നടത്തുകയും ഹോസ്റ്റലുകൾക്ക് ആവശ്യമായ ഉപദേശക സമിതി രൂപീകരിക്കുകയും ചെയ്തു. ഇന്ത്യയിൽത്തന്നെ ആദ്യമായി, തിരുവനന്തപുരത്ത് ബാങ്കിൽ പണം നിക്ഷേപിച്ചാൽ അതേ സമയത്തുതന്നെ വിദ്യാർത്ഥിക്ക് പണം എടുക്കാവുന്ന രീതിയിൽ സോഫ്റ്റ് വെയർ തയ്യാറാക്കി എ.ടി.എം. സിസ്റ്റം കൊണ്ടുവന്നു. പട്ടികജാതി വിഭാഗത്തിന്റെ കടം എഴുതിത്തള്ളി. വീട് വയ്ക്കുന്നതിനുള്ള ധനസഹായം 50000 എന്നത് 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. അങ്ങനെ

എക്സ്പെൻഡിച്ചർ നല്ല നിലയിലാക്കി സാധാരാണക്കാർക്കായി ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ സാധിച്ചു. മിശ്ര വിവാഹിതർക്കുള്ള ധനസഹായ വിതരണം ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. പക്ഷേ അതെല്ലാം തലകീഴായി മറിഞ്ഞു. 2011-15 വരെ അധികാരത്തിലിരിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റ് അതിന്റെ പദ്ധതി വിഹിതം മെല്ലെപ്പോക്കാക്കി. പദ്ധതി ചെലവ് 60-65 ശതമാനമായി ചുരുങ്ങി. മാത്രമല്ല, മറ്റ് വകുപ്പുകൾ ചെയ്യുന്നതുപോലെ ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്ന പുതിയൊരു രീതിയും ആരംഭിച്ചു. പാലക്കാട് അനുവദിച്ചിട്ടുള്ള മെഡിക്കൽ കോളേജിനായി 225 കോടി രൂപയാണ് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ആ പണം മെഡിക്കൽ കോളേജിനുവേണ്ടി ചെലവഴിക്കുന്നില്ല. പാവപ്പെട്ട പട്ടികജാതി വിഭാഗത്തിലെ ജനവിഭാഗങ്ങൾക്ക് വീട് വയ്ക്കാനും വിദ്യാഭ്യാസാനുകൂല്യത്തിനുമൊക്കെ കൊടുക്കുന്ന പണമാണ് 225 കോടി രൂപ, അവർക്ക് കൊടുക്കുന്നുമില്ല, മെഡിക്കൽ കോളേജിനായി പണം ചെലവഴിക്കുന്നുമില്ല. അങ്ങനെ ആർക്കും പ്രയോജനമില്ലാത്ത രീതിയിലേയ്ക്ക്, ഡെപ്പോസിറ്റ് വർക്കിലേയ്ക്ക് മാറി. ഒ.ഇ.സി. യിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യമായി 83 കോടി രൂപ ഇനിയും കൊടുക്കാനുണ്ട്. ഇത് സംബന്ധിച്ച് ഞാനൊരു ശ്രദ്ധക്ഷണിക്കൽ പ്രമേയം ഈ സഭയിൽതന്നെ അവതരിപ്പിച്ചതാണ്. പാവപ്പെട്ട

വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും വർദ്ധിപ്പിച്ചിട്ട് മൂന്ന് വർഷമായി. ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ടിൽ ഓരോ വർഷവും വിലനിലവാരം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും വർദ്ധിപ്പിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നിട്ട് മൂന്ന് വർഷമായിട്ടും വർദ്ധിപ്പിച്ചോ?

ശ്രീ. എ. കെ. ബാലൻ: സർ, 65 ശതമാനം എക്സ്പെൻഡിച്ചറായ കണക്കാണ് താങ്കളുടെ ചോദ്യത്തിന് ഉത്തരമായി പറഞ്ഞത്. പട്ടികജാതി ഡയറക്ടറേറ്റിലേയ്ക്കും പട്ടികവർഗ്ഗ ഡയറക്ടറേറ്റിലേയ്ക്കും ഞാൻ അയച്ച കത്തിനുള്ള മറുപടിയിൽ പറയുന്നത് 72.74 ശതമാനം എന്നാണ്. എന്നാൽത്തന്നെ 25 ശതമാനം കുറവാണ്. അതിൽ പെൺകുട്ടികളുടെ വിവാഹധനസഹായമായി 52.48 ശതമാനമേ ചെലവഴിച്ചിട്ടുള്ളൂ. പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് - 27.80%, ഫെഡറേഷൻ ഓഫ് എസ്.സി/എസ്.ടി ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ്- ഒന്നുമില്ല, മോഡൽ റസിഡൻഷ്യൽ സ്കൂൾ ആന്റ് അയ്യങ്കാളി - 54.62% എന്നിങ്ങനെയാണ് ചെലവഴിച്ചിട്ടുള്ളത്. ഈ രൂപത്തിൽ എല്ലാ വകുപ്പുകളിലും എക്സ്പെൻഡിച്ചറിൽ കുറവ് വന്നു എന്നത് അവരുടെതന്നെ കണക്കിൽ ഉൾപ്പെട്ടതാണ് എന്നത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. വി. വിജയദാസ്: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുതന്നെയാണ്

യു.ഡി.എഫ്. ഗവൺമെന്റിന്റെ മുഖമുദ്ര. ഫണ്ട് ചെലവഴിക്കാതിരിക്കുക, പദ്ധതി പ്രവർത്തനങ്ങൾ നടത്താതിരിക്കുക, പാവപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കുക എന്നിവതന്നെയാണ് ഗവൺമെന്റിന്റെ വീക്ഷണം. ഇവിടെ കഴിഞ്ഞവർഷത്തെക്കാൾ സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന് വേണമെങ്കിൽ വാദത്തിനുവേണ്ടി പറയാം. പക്ഷേ ഇന്നത്തെ വിലനിലവാരം പരിശോധിച്ചുനോക്കിയാൽ മൂന്ന് ജോഡി വസ്ത്രങ്ങൾ, പുസ്തകങ്ങൾ, നോട്ട് ബുക്കുകൾ തുടങ്ങി അവരുടെ ജീവിതനിലവാരം പരിശോധിച്ചാൽ ഈ വർദ്ധനവ് തീരെ അപര്യാപ്തമാണ്. അവരുടെ ജീവിത നിലവാരത്തിനനുസരിച്ചുള്ള ഒരു വർദ്ധനവ് ഇവിടെ വരുത്തിയിട്ടുണ്ടോ? മൂന്ന് വർഷമായി കുട്ടികൾക്കുള്ള സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും ഇവിടെ വർദ്ധിപ്പിച്ചിട്ടേയില്ല. മാർക്കറ്റ് വിലയനുസരിച്ച് കണക്കാക്കിയാൽ വരുത്തിയിട്ടുള്ള വർദ്ധനവ് തീരെ അപര്യാപ്തവുമാണ്. ഈ കാഴ്ചപ്പാട് ഗവൺമെന്റ് മാറ്റണം, സാധാരണക്കാർക്കുവേണ്ടി ഫണ്ട് ചെലവഴിക്കണം, അവരുടെ കുട്ടികൾക്കുള്ള ഫീസ് വർദ്ധിപ്പിച്ചു കൊടുക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ വളരെ ഗുരുതരമായ പ്രശ്നമാണ് പാർപ്പിട പ്രശ്നം. കേരളത്തിലെ സാധാരണജനങ്ങൾതന്നെ അനുഭവിക്കുന്ന പ്രശ്നമാണ് പാർപ്പിട പ്രശ്നം. പട്ടികജാതി വിഭാഗത്തിലെ ജനങ്ങൾ അതിലേറെ

അനുഭവിക്കുന്നുണ്ട്. ഐ.എ.വൈ. സ്കീമിൽ 64000 വീടുകൾ കൊടുത്തു. അതിൽ 14000 വീട് എസ്.സി. വിഭാഗത്തിനാണ് കൊടുത്തത്. ഐ.എ.വൈ. സ്കീമിൽ 200000 രൂപ കൊടുക്കുമ്പോൾ ഡിപ്പാർട്ടുമെന്റ് 3 ലക്ഷം രൂപ കൊടുക്കും എന്ന ഒരു ഉത്തരവ് ഉണ്ടായി. 3 ലക്ഷം കിട്ടുമല്ലോ എന്നുകരുതി ഐ.എ.വൈ. സ്കീം ഉപേക്ഷിച്ച് ഡിപ്പാർട്ടുമെന്റ് ഫണ്ടിന് അപേക്ഷ കൊടുത്തു. ഡിപ്പാർട്ടുമെന്റ് ധനസഹായം ലഭിക്കേണ്ടവരുടെ  എണ്ണം കുറച്ച് തുക 3 ലക്ഷമാക്കി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അങ്ങനെ ഐ.എ.വൈ. സ്കീമും ഡിപ്പാർട്ടുമെന്റിന്റെ ഭവന നിർമ്മാണ പദ്ധതിയും ലഭിക്കാതെ പാവപ്പെട്ട ജനവിഭാഗങ്ങൾ ഇന്ന് നട്ടം തിരിയുകയാണ്. പാർപ്പിട പ്രശ്നത്തിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു ജനവിഭാഗമായി പട്ടികജാതി ജനവിഭാഗം മാറി എന്നതാണ് ഏറ്റവും വേദനാജനകമായ കാര്യം. ഇതിൽ പ്രധാന ഉത്തരവാദി ഈ ഗവൺമെന്റിന്റെ നയമില്ലായ്മയാണ്. എന്നാൽ ഡിപ്പാർട്ടുമെന്റ് ഭവനനിർമ്മാണ പദ്ധതിക്ക് 3 ലക്ഷം രൂപയാക്കിയത് കൂടുതൽ പേർക്ക് കൊടുക്കണമായിരുന്നു, അത് കൊടുത്തില്ല. ഐ.എ.വൈ. യുടെ കാര്യത്തിൽ സംസ്ഥാനവിഹിതം കൊടുക്കണമായിരുന്നു, അതും കൊടുത്തില്ല. ഫലത്തിൽ പാർപ്പിട പ്രശ്നം ഗുരുതരമാക്കി സാധാരണ ജനവിഭാഗങ്ങൾ തെരുവിൽ അന്തിയുറങ്ങുന്ന നിലയിലേയ്ക്ക് ജനങ്ങളെ കൊണ്ടെത്തിച്ചു. ആ നിലപാട്

മാറ്റണമെന്നാണ് ഈ ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെയാണ് എസ്.സി./എസ്.ടി ഹോസ്റ്റലിന്റെ കാര്യവും. തിരുവനന്തപുരത്തുള്ള പ്രിയദർശിനി ഹോസ്റ്റൽ ബഹുമാനപ്പെട്ട വി.ഡി. സതീശൻ ഉൾപ്പെടെയുള്ള നിയമസഭാംഗങ്ങൾ സന്ദർശിച്ചവിവരം പത്രത്തിൽ വന്നതാണ്. ഹോസ്റ്റലുകളുടെ സ്ഥിതി വളരെ ശോചനീയമല്ലേ? പട്ടികജാതി വികസന കമ്മിറ്റി തന്നെ കുറെ ഹോസ്റ്റലുകൾ പരിശോധിച്ചു. ശോചനീയമായ നിലയിലുള്ളതും ചില നല്ല ഹോസ്റ്റലുകളുമുണ്ട്. എല്ലാം മോശമാണെന്ന് പറയുന്നില്ല. എന്നാൽ ശോചനീയമായ ഹോസ്റ്റലുകളാണ് കൂടുതലായുള്ളത്. അവർക്കുള്ള ഫണ്ട് കൊടുക്കുന്നത് തീരെ അപര്യാപ്തമാണ്. അത് വർദ്ധിപ്പിച്ചുകൊടുക്കാൻ ഗൗരവമായ നിലപാട് സ്വീകരിക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. പാലക്കാട് മെഡിക്കൽ കോളേജ് അനുവദിച്ചതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. പക്ഷേ ആ മെഡിക്കൽ കോളേജ് അനുവദിച്ചതിന്റെ ഭാഗമായുള്ള നിയമനങ്ങൾ സുതാര്യമാണോ? മെഡിക്കൽ കോളേജിലെ നിയമനം സുതാര്യമല്ല, പുറം വാതിൽ നിയമനമാണ് അവിടെ നടക്കുന്നതെന്ന് എല്ലാ പത്രങ്ങളിലും വാർത്ത വന്നു. മെഡിക്കൽ കോളേജിലെ അദ്ധ്യാപകർ ജോലി നിരസിച്ചു. വലിയ തോതിൽ ഈ വിഷയം കേരളത്തിലാകെ ചർച്ചയായി. ഇതിൽ മാറ്റം വരുത്തണം. ശരിയായ

രീതിയിൽ, പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തണം. അല്ലാതെ ഏതെങ്കിലും ഉദ്യോഗസ്ഥൻ അവർക്ക് കൊടുക്കുന്ന ലിസ്റ്റ് അനുസരിച്ച് മെഡിക്കൽ കോളേജിലേയ്ക്ക് നിയമനം നടത്തുന്നത് അശാസ്ത്രീയവും നിയമവിരുദ്ധവുമാണ്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്നാണ് പറയാനുള്ളത്. എം.ആർ.എസ്-ന്റെ ബൈലാ ഉപയോഗിച്ചാണ് മെഡിക്കൽ കോളേജിന് ഇവിടെ അനുമതി വാങ്ങിയത്. ഇപ്പോൾ അത് പറ്റില്ലെന്ന് പറയുന്നു. ഇപ്പോൾ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരമാക്കി മാറ്റി. അതിനെങ്കിലും അംഗീകാരം കിട്ടിയിട്ടുണ്ടോ എന്ന് ചോദിച്ചാൽ അംഗീകാരം കിട്ടിയിട്ടുണ്ടെന്നോ ഇല്ലെന്നോ ആർക്കും അറിയില്ല. അത് നല്ല രീതിയിലാക്കിയെടുക്കണം. ആ സ്പിരിറ്റിലാണ് ഞങ്ങൾ പറയുന്നത്. മെഡിക്കൽ കോളേജിനെയോ അതിന്റെ രീതിയെയോ അടച്ചാക്ഷേപിക്കുകയല്ല. അവിടെ നല്ല രീതിയിൽ നിയമനം നടത്തണം, സുതാര്യമായിരിക്കണം. അതിന് അംഗീകൃതമായ രൂപത്തിലേയ്ക്ക് കൊണ്ടുവരണം. ഈ രീതി ഗവൺമെന്റ് നല്ല സ്പിരിറ്റോടുകൂടിയെടുക്കണമെന്നാണ് എനിക്ക് ഇത് സംബന്ധിച്ച് പറയാനുള്ളത്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് മെഡിക്കൽ കോളേജിന് ആവശ്യമായ ഫണ്ട് വാങ്ങിയെടുക്കണ്ടേ? അത്തരത്തിൽ ഫണ്ട് വാങ്ങി മുന്നോട്ട് കൊണ്ടുപോകണമെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. ഞാൻ

ദീർഘിപ്പിക്കുന്നില്ല. പട്ടികജാതി വിഭാഗത്തിന് എതിരായി അതിക്രമങ്ങൾ നടക്കുന്നു. കോട്ടയത്ത് നടന്ന അതിക്രമത്തെക്കുറിച്ച് ഈ സഭ ചർച്ച ചെയ്തതാണ്. അതൊരു ചെറിയ സംഭവമല്ല, വളരെ ഗുരുതരമായ സ്ഥിതിയിലേക്കാണ് കാര്യങ്ങൾ വന്നിട്ടുള്ളത്. വലിയ തോതിൽ പോലീസ് അതിക്രമം നടക്കുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് തന്നെ പട്ടികജാതി വിഭാഗത്തിനെതിരെ 3489 അതിക്രമങ്ങൾ നടന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ 3151 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ 661 പേരെ ഇനിയും അറസ്റ്റ് ചെയ്തിട്ടില്ലെന്നാണ് കണക്ക്. ഒരുഭാഗത്ത് അതിക്രമങ്ങൾ വർദ്ധിക്കുകയും കേസ് രജിസ്റ്റർ ചെയ്താലും അറസ്റ്റ് നടക്കാതിരിക്കുകയും ചെയ്യുന്നു. മറുഭാഗത്ത് പാവപ്പെട്ട പട്ടികജാതി വിഭാഗത്തിനെ പോലീസ് അടിച്ച് കൊലപ്പെടുത്തുന്നു. അതാണ് ഇപ്പോഴത്തെ സ്ഥിതി. ഇത്രയും ഗൗരവമായിട്ടുള്ള, നിഷ്ഠൂരമായ ആക്രമണങ്ങൾ അഴിച്ചുവിടുന്ന കാലഘട്ടം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. അത് ഈ ഗവൺമെന്റ് തിരുത്തണം. തീർത്തും നിരാശാജനകവും പ്രതിഷേധാർഹവുമായ നിലപാടിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. രണ്ട് ദിവസം മുമ്പ് ശ്രീ. കെ. രാധാകൃഷ്ണൻ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിക്കുകയും ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്തതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു ചെറുപ്പക്കാരനാണ് മരണപ്പെട്ടത്. പട്ടികജാതി

വികസന വകുപ്പുമന്ത്രി ഇവിടെയുണ്ടായിരുന്നു. ആ വികാരം മാനിച്ചുകൊണ്ട്, പട്ടികജാതി വിഭാഗത്തിലെ ചെറുപ്പക്കാരനെ അടിച്ചുകൊന്നതിൽ ശക്തമായ പ്രതിഷേധമുണ്ടെന്നും അതിൽ നിലപാട് സ്വീകരിക്കുമെന്നും അദ്ദേഹത്തിന് എഴുന്നേറ്റ് നിന്ന് പറയാമായിരുന്നു. ബഹുമാനപ്പെട്ട പട്ടികജാതി വികസന വകുപ്പുമന്ത്രി അങ്ങനെ പറഞ്ഞില്ല. ആ വിഭാഗത്തിനോടുള്ള താൽപ്പര്യം അപ്പോൾത്തന്നെ മനസ്സിലാകും. ഗവൺമെന്റിനും മർദ്ദിച്ച സബ്ഇൻസ്പെക്ടർക്കും എതിരായി ഒരക്ഷരംപോലും പട്ടികജാതി വികസന വകുപ്പുമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും പറഞ്ഞില്ല. ഈ വിഷയം വളരെ ഗൗരവമായി പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന്, എസ്.ടി. വിഭാഗത്തിനെ സംബന്ധിച്ചതാണ്. അട്ടപ്പാടിയിൽ 171 ആദിവാസി കുഞ്ഞുങ്ങൾ മരിച്ചു. പത്രങ്ങളിൽ വാർത്തകൾ വന്നു. മന്ത്രിമാർ ഓടിക്കൂടുകയും ജനങ്ങൾ തടിച്ചുകൂടുകയും ചെയ്തു. എന്നിട്ടെന്ത് കാര്യം. അവിടെ കമ്മ്യൂണിറ്റി കിച്ചൺ എന്ന പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചെങ്കിലും ഇനിയും നടപ്പിലായിട്ടില്ല. ഇപ്പോഴും കുട്ടികൾ മരിക്കുന്നു. അട്ടപ്പാടിയിലെ സാധാരണക്കാർക്ക് ഭൂമി പതിച്ചുകൊടുക്കാനുള്ള കാര്യങ്ങളൊന്നും ചെയ്യുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു സെന്റ് ഭൂമിയും പതിച്ചുകൊടുത്തിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി

ഗവൺമെന്റ്, ആദിവാസി വിഭാഗത്തിൽപ്പെട്ട 25600 പേർക്ക് 31000 ഏക്കർ ഭൂമി പതിച്ചുനൽകി.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്. ആ പോയിന്റ് കൂടി പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. കെ. വി. വിജയദാസ്: ഈ ഗവൺമെന്റിന് ഒരു സെന്റ് ഭൂമിപോലും പരിശോധിക്കാനോ, അളന്ന് തിട്ടപ്പെടുത്താനോ, പതിച്ചു കൊടുക്കാനോ കഴിഞ്ഞിട്ടില്ല. ആദിവാസികൾക്ക് ഭൂമി കൊടുക്കുമെന്ന് പറഞ്ഞാണ് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. പക്ഷേ, ഒരു സെന്റ് ഭൂമിപോലും അളക്കാനോ കൊടുക്കാനോ ഗവൺമെന്റിന് ഒരു പദ്ധതിയുമില്ല. ഇവിടെ ടൂറിസം മേഖലയും വളരെ പിന്നാക്കം നിൽക്കുകയാണ്. നാട്ടിൽ സമാധാനവും റോഡും വേണ്ടേ? അന്യ സംസ്ഥാനക്കാരും രാജ്യക്കാരും വരുന്നത് കേരളത്തിലെ പ്രകൃതി ഭംഗി ആസ്വദിക്കാനാണ്. ഭരണകക്ഷിയിൽപ്പെട്ടവർക്ക് മാത്രം പുതിയ റോഡുകൾ അനുവദിക്കുന്നു, പ്രതിപക്ഷത്തുള്ളവർക്ക് റോഡ് അനുവദിക്കുന്നില്ല. ഇവിടെ വരുന്നവർക്ക് ഭരണ-പ്രതിപക്ഷ എം.എൽ.എ. മാരെ തിരിച്ചറിയില്ല. എങ്ങനെയാണ് നമ്മുടെ നാട്ടിൽ ആളുകൾ വരുന്നത്. ആളുകൾ വരാതെ ടൂറിസം പുരോഗമിക്കുമോ? മലബാറിലെയും കേരളത്തിലെയുമാകെ ടൂറിസം മേഖല പിന്നോക്കാവാസ്ഥയിലേയ്ക്ക്

പോയി. എന്റെ മണ്ഡലത്തിലെ മീൻവല്ലം പദ്ധതിക്ക് പണം അനുവദിക്കാമെന്ന് പറഞ്ഞിരുന്നെങ്കിലും ഇപ്പോൾ വനംവകുപ്പ് തടസ്സം പറയുകയാണ്. പാലക്കാട് ജില്ലയിലുള്ള എല്ലാ ടൂറിസം വികസനങ്ങളും സ്തംഭിച്ചിരിക്കുന്നു. ഇങ്ങനെ ടൂറിസം മേഖലയും കുത്തഴിഞ്ഞ നിലയിൽ ആയിരിക്കുന്നു. കോടിക്കണക്കിന് രൂപയുടെ ക്രമക്കേടുകൾ നടക്കുന്നതായി പത്രങ്ങളിൽ വാർത്തകൾ വരുന്നത് ഗൗരവമായി കാണണം. ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഒരു സംസ്ഥാനത്തും നടപ്പിലാക്കിയിട്ടില്ലാത്ത നിരവധി നേട്ടങ്ങളും പ്രവർത്തനങ്ങളും കാഴ്ചവച്ച നാല് വർഷക്കാലമായിരുന്നു പട്ടികജാതി വികസന വകുപ്പിന്റേതെന്ന് അഭിമാനത്തോടെ പറയുകയാണ്. അതിന് ഏറ്റവും വലിയ ഉദാഹരണം പാലക്കാട് മെഡിക്കൽ കോളേജ് തന്നെയാണ്. കഴിഞ്ഞ വർഷം പ്രവർത്തനമാരംഭിച്ച മെഡിക്കൽ കോളേജിൽ 100-ഓളം കുട്ടികളാണ് ഇന്ന് പഠിച്ചുകൊണ്ടിരിക്കുന്നത്. ഈ വർഷം പുതിയതായി 100-ഓളം കുട്ടികൾ അവിടെ പ്രവേശനം നേടാൻ പോവുകയാണ്. കൂടാതെ വിവിധ പട്ടികജാതി സംഘടനകളുടെയും പട്ടികജാതി സമൂഹത്തിന്റെയും ആവശ്യം പരിഗണിച്ച് മൂന്ന് എയ്ഡഡ് കോളേജുകൾ ആരംഭിക്കാൻ ഈ ഗവൺമെന്റ്

തീരുമാനിച്ചത് ചരിത്രസംഭവമാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത രീതിയിലുള്ള തീരുമാനമാണ് പട്ടികജാതി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ എടുത്തിട്ടുള്ളത്. മലപ്പുറം ജില്ലയിൽ വണ്ടൂരിൽ കോളേജിന്റെ പ്രവർത്തനം ആരംഭിച്ചത് ചരിത്രത്തിൽ പുതിയ ഏടുകൾ എഴുതിച്ചേർത്തിരിക്കുകയാണ്. രണ്ട് കോളേജുകൾ തുടങ്ങുവാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. മഹാനായ അയ്യങ്കാളിയുടെ ലക്ഷ്യം 10 ബി.എ. ക്കാരെ കണ്ടിട്ട് മരിക്കണമെന്നായിരുന്നു. ആ ലക്ഷ്യം പൂർത്തീകരിക്കാൻ നേതൃത്വം കൊടുത്ത ഈ ഗവൺമെന്റിനേയും ശ്രീ. എ. പി. അനിൽ കുമാറിനേയും പ്രത്യേകം അഭിനന്ദിക്കുന്നു. നിരവധി പ്രസ്ഥാനങ്ങളും സംഘടനകളും ഇനിയും പുതിയ കോളേജുകൾ തുടങ്ങണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമേ അത് സാധ്യമാവുകയുള്ളൂ. എത്രയോ ഗവൺമെന്റുകൾ നമ്മൾ കണ്ടതാണ്. വിവിധ പട്ടികജാതി സംഘടനകളുടെയും ആളുകളുടെയും വർഷങ്ങളായുള്ള അഭ്യർത്ഥന മാനിച്ച് ഈ ഗവൺമെന്റ് മൂന്ന് കോളേജുകൾ തുടങ്ങുവാൻ തീരുമാനിച്ചതിനോടൊപ്പം പുതിയ രണ്ട് കോളേജുകൾ കൂടി ഈ വർഷം തുടങ്ങുവാനുള്ള തീരുമാനമെടുക്കണമെന്ന് കൂടി ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ ഒട്ടനവധി കാര്യങ്ങൾ ചെയ്യാൻ

കഴിഞ്ഞു. എൻട്രൻസ് എക്സാം പരിശീലന പദ്ധതി വിഷൻ 2013-ന്റെ തുടർപദ്ധതിയും സൗജന്യ സൈക്കിൾ വിതരണവും വിദ്യാഭ്യാസ സഹായ പദ്ധതിയുമെല്ലാം എടുത്തുപറയേണ്ട വിദ്യാഭ്യാസ പദ്ധതികളാണ്. അതുപോലെ പ്രീമെട്രിക്, പോസ്റ്റുമെട്രിക് ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യ വികസനം മറ്റ് കാലങ്ങളിൽ ഉണ്ടായിട്ടില്ലാത്ത വിധം ഉണ്ടായിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച നിയമസഭാ കമ്മിറ്റിയുടെ ചെയർമാൻ എന്ന നിലയിൽ മറ്റ് ജില്ലകളിലെ ഹോസ്റ്റലുകൾ സന്ദർശിക്കുമ്പോൾ ബോദ്ധ്യപ്പെട്ടിട്ടുള്ള കാര്യമാണത്. ശ്രീ. കെ. വി. വിജയദാസ് പറഞ്ഞതുപോലെ ചില സ്ഥലങ്ങളിൽ മോശമായ സ്ഥിതിയുണ്ട്. എങ്കിൽപ്പോലും പൊതുവെ താരതമ്യപ്പെടുത്തുമ്പോൾ ഒരു കാലത്തും ഇല്ലാത്ത രീതിയിൽ ഹോസ്റ്റലുകളുടെ നവീകരണം നടന്നിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൂടാതെ പുതിയ ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനും പൂർത്തിയാക്കാനും സാധിച്ചുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വയംപര്യാപ്ത ഗ്രാമം പദ്ധതി ഇന്ന് ഒട്ടനവധി കോളനികൾക്ക് ആശ്വാസം നൽകുന്നു. അതുപോലെ ശ്രീ. രമേശ് ചെന്നിത്തല നടത്തിയ ഗാന്ധിഗ്രാമം പദ്ധതിയിൽപ്പെട്ട കോളനികളിൽ കൂടി സാമ്പത്തിക സഹായം അനുവദിച്ച് നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം

കുറിച്ചതിന് ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. എങ്കിലും സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കാൻ ഏറ്റെടുത്ത ചില ഏജൻസികളുടെ നിരുത്തവാദപരമായ നിലപാട് കൊണ്ട് പലപ്പോഴും വർക്ക് സ്ലോ ആവുകയും ടെണ്ടർ എടുത്തതിനുശേഷം നടക്കാതെയും വരുന്നു. ടെണ്ടർ എടുത്തിട്ടും നടക്കാതെ വരുന്ന വർക്കുകൾ വേഗതയിലാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ച് അതിനുള്ള നിർദ്ദേശങ്ങൾ കൊടുക്കണമെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു. കാരണം എന്റെ നിയോജകമണ്ഡലത്തിലെതന്നെ രണ്ട് കോളനികൾക്ക് പണം അനുവദിച്ചു. എഫ്.ഐ.റ്റി. എന്നുപറയുന്ന ഏജൻസി അതിന്റെ വർക്ക് ഏറ്റെടുത്തു. പക്ഷെ, അവരുടെ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകൊണ്ട് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ഓരോ വർഷം കഴിയുന്തോറും നിർമ്മാണ സാമഗ്രികളുടെ ചെലവ് വർദ്ധിക്കുമെന്നുള്ളതുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങളിൽ കാലതാമസം വരുത്താതെ, പ്രത്യേകിച്ച് പട്ടികജാതിക്കാരുടെ കോളനികളിൽ ചെലവാക്കുന്ന പണം എന്നുള്ള നിലയിൽ കാലതാമസമുണ്ടാക്കാതെ നടപ്പിലാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം കൊടുക്കണമെന്ന് ഈ അവസരത്തിൽ അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. അതുപോലെതന്നെ പട്ടികജാതിക്കാരുടെ സംസ്കൃതി, പരിസ്ഥിതി എന്നിവ സംരക്ഷിക്കുവാൻ 'കാവും

കുളവും സംരക്ഷിക്കൽ' പദ്ധതിയെ സ്വാഗതം ചെയ്യുകയാണ്. ഈ കഴിഞ്ഞ നാലുവർഷകാലത്തിനുള്ളിൽ ഭവന നിർമ്മാണത്തിനും ഭൂമി വാങ്ങുന്നതിനും കേരളത്തിന്റെ ചരിത്രത്തിൽ ഒരിക്കലുമുണ്ടാകാത്ത രീതിയിൽ തുക വർദ്ധിപ്പിക്കുവാൻ അങ്ങ് തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ ഫലമായി ഒരു ലക്ഷം രൂപയായിരുന്നത് 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. 3 ലക്ഷം രൂപയെന്നുപറയുന്നത് പൂർണ്ണമാണെന്നൊന്നും ഞങ്ങളാരും അവകാശപ്പെടുന്നില്ല. പക്ഷെ, വലിയൊരു തുക നൽകുവാൻ അങ്ങയുടെ നേതൃത്വത്തിൽ നടത്തിയ ശ്രമത്തെ അഭിനന്ദിക്കുന്നു. അതുപോലെതന്നെ ഭൂമി വാങ്ങുന്നതിനുവേണ്ടി ഗ്രാമങ്ങളിൽ 75,000 രൂപയെന്നുള്ളത് 3,75,000 രൂപയായും മുനിസിപ്പാലിറ്റികളിൽ 90,000 രൂപ 4.5 ലക്ഷം രൂപയായും കോർപ്പറേഷനിൽ ഒരു ലക്ഷം രൂപ 6 ലക്ഷം രൂപയായും വർദ്ധിപ്പിച്ചതിന് അങ്ങയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ചികിത്സാ സഹായധനം, 25,000 രൂപ വരെയായിരുന്നു മുൻകാലങ്ങളിൽ കൊടുത്തുകൊണ്ടിരുന്നത്. അതിപ്പോൾ ഒരുലക്ഷം രൂപയാക്കി മാറ്റിയതോടുകൂടി ഒട്ടനവധി പാവപ്പെട്ട പട്ടികജാതിക്കാരായ രോഗികൾക്ക് ഇന്ന് എത്രയോ ഓപ്പറേഷനുകളും മറ്റും നടത്തി മരണത്തിൽനിന്ന് രക്ഷപ്പെടാൻ കഴിഞ്ഞുവെന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. അതിലൂടെ ഒട്ടനവധി ആളുകൾ ഇന്ന് ആ

കാര്യത്തിൽ പൂർണ്ണ തൃപ്തരും സംതൃപ്തിയുള്ളവരുമാണ്. പക്ഷെ, ചികിത്സാ സഹായത്തിന് അർഹതയ്ക്കുള്ള വരുമാന പരിധിയെന്നുള്ളത് ഇപ്പോഴും 50,000 രൂപയായി നിൽക്കുകയാണ്. മുഖ്യമന്ത്രി കൊടുക്കുന്ന ചികിത്സാ സഹായത്തിന്റെ പരിധി 1,00,000 രൂപയാണ്. ഇതിൽ വിവേചനം പാടില്ല. 50,000 രൂപയെന്നുള്ള വരുമാനപരിധി ഒരു ലക്ഷം രൂപയാക്കി ഉയർത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ പട്ടികജാതി വികസന വകുപ്പ് നടത്തുന്ന ഐ.റ്റി.സി.കളിൽ നിന്ന് പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ജോലിക്ക് യാതൊരു സാധ്യതയുമില്ല. കാരണം, പ്രിൻസിപ്പൽമാരല്ല ഹെഡ് ഓഫ് ദി ഇൻസ്റ്റിറ്റ്യൂഷൻ, പകരം സൂപ്രണ്ടുമാരാണ് ആ ചുമതല വഹിക്കുന്നത്. പട്ടികജാതി വികസന വകുപ്പ് നടത്തുന്ന ഈ ഐ.റ്റി.സി.കൾ ഒഴികെ കേരളത്തിലെ മുഴുവൻ ഐ.റ്റി.സി.കളിലും പ്രിൻസിപ്പൽമാരാണ് ഹെഡ് ഓഫ് ദി ഇൻസ്റ്റിറ്റ്യൂഷൻ. മറ്റ് ഐ.റ്റി.സി. സർട്ടിഫിക്കറ്റുകളെല്ലാം പ്രിൻസിപ്പൽമാർ ഒപ്പിടുമ്പോൾ ഇവിടെ സൂപ്രണ്ടുമാർ ഒപ്പിടുന്നതുകൊണ്ട് ഈ കോഴ്സ് പഠിച്ചിറങ്ങുന്ന ആളുകൾ ജോലിക്കുവേണ്ടി ഇന്റർവ്യൂവിന് പോകുമ്പോൾ ഇത് വ്യാജ സർട്ടിഫിക്കറ്റാണെന്നുള്ള രീതിയൽ ജോലിക്ക് യാതൊരു സാധ്യതയുമില്ലാതെവരുന്നു. ഒന്നുകിൽ ഇവിടെ പ്രിൻസിപ്പൽമാരെ നിയമിക്കണം, അല്ലെങ്കിൽ കോടിക്കണക്കിന് രൂപ ചെലവഴിച്ച്

പഠിപ്പിക്കുന്ന ഈ കോഴ്സ്, വെറുതെ പഠിപ്പിച്ച് കുട്ടികൾക്കും പ്രയോജനമില്ല, നമ്മുടെ ഡിപ്പാർട്ടുമെന്റിനും നഷ്ടം വരുന്ന ഈ കോഴ്സ്, നിർത്തലാക്കി വേറെ എന്തെങ്കിലും കോഴ്സ് തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് ഈ അവസരത്തിൽ പറയാനാഗ്രഹിക്കുന്നു. അതുപോലെതന്നെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ തുടങ്ങിയ ഒരു കോഴ്സാണ് എൻ.റ്റി.റ്റി.എഫ്. ഇതൊരു തൊഴിലധിഷ്ഠിത കോഴ്സാണ്. ആ കോഴ്സ് പഠിച്ച 215-ഓളം പേർ ജോലികിട്ടി പുറത്തിറങ്ങുന്ന ചടങ്ങ് ഇപ്പോൾ മലപ്പുറം ജില്ലയിൽ സംഘടിപ്പിച്ചതായി അറിയാൻ കഴിഞ്ഞു. ഇത് വിജയകരമാണെങ്കിൽ നമ്മുടെ നാട്ടിലും വിദേശത്തും ജോലി ലഭിക്കുന്ന ഇതുപോലുള്ള കോഴ്സുകളെ പ്രോത്സാഹിപ്പിക്കാനും അവയ്ക്ക് പ്രാധാന്യം കൊടുക്കാനും ശ്രദ്ധിക്കണമെന്നും ഈ അവസരത്തിൽ പറയാനാഗ്രഹിക്കുന്നു. എസ്.സി. പ്രൊമോട്ടർമാർക്ക് ഓണറേറിയം വർദ്ധിപ്പിക്കുന്നത് വളരെയേറെ ജന്യൂനായിട്ടുള്ള ഒരു കേസാണ്. ഈ കഴിഞ്ഞ പ്രാവശ്യം അസംബ്ലിയിൽ ഈ വിഷയം ഉന്നയിച്ചിരുന്നു. അങ്ങ് മന്ത്രിയായതിനുശേഷം അവരുടെ ഓണറേറിയം 4000 രൂപയാക്കി ഉയർത്തിയെങ്കിലും ഇന്നത്തെ ജീവിത സാഹചര്യത്തിൽ 4000 രൂപയെന്നുള്ളത് വണ്ടിക്കൂലിക്കുപോലും തികയുകയില്ല എന്നറിയാം. അത് 7000 രൂപയാക്കാമെന്ന്

അസംബ്ലിയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷെ, ഇതുവരെ അത് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. നിർബന്ധമായും 7000 രൂപയെന്നുള്ളത് 10,000 രൂപയാക്കി ഉയർത്തി എസ്.സി. പ്രൊമോട്ടർമാരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് പറയാനാഗ്രഹിക്കുന്നു. അതുപോലെതന്നെ പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ വകുപ്പിലും പട്ടികജാതി വികസന വകുപ്പുപോലെതന്നെ കഴിഞ്ഞ നാലുവർഷക്കാലയളവിനുള്ളിൽ ധാരാളം കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി പി. കെ. ജയലക്ഷ്മിയുടെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. വനാന്തരങ്ങളിൽ താമസിക്കുന്നവരുടെ വിദ്യാഭ്യാസ കാര്യത്തിൽ ഒരു പ്രത്യേക പാക്കേജ് ഉണ്ടാക്കിയില്ലെങ്കിൽ, ഇന്നും പല സ്ഥലങ്ങളിലും വനാന്തരങ്ങളിൽ താമസിക്കുന്ന പത്തും പതിനഞ്ചും വയസ്സ് കഴിഞ്ഞ കുട്ടികൾപോലും സ്കൂളുകളിൽ പോകാതെ പല കോളനികളിലുമുണ്ട് എന്നുള്ള യാഥാർത്ഥ്യം നമ്മുടെ മുന്നിൽ നിൽക്കുകയാണ്. വനത്തിനുള്ളിൽപോയി എസ്.സി. പ്രൊമോട്ടർമാരുടെയോ അവിടത്തെ ഊര് മൂപ്പന്റെയോ സഹായത്തോടുകൂടി വനത്തിൽനിന്ന് അവരെ കൊണ്ടുവന്ന് എം.ആർ.എസ്. ഹോസ്റ്റലുകളിൽ താമസിപ്പിച്ച് പഠിക്കുവാൻ, എത്ര തുക ചെലവുവന്നാലും അതിനുവേണ്ടി ഒരു പ്രത്യേക പാക്കേജ് ഉണ്ടാക്കണം എന്ന് പറയാനാഗ്രഹിക്കുന്നു. ഈ മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം വനത്തിനുള്ളിൽ പല

പ്രദേശങ്ങളിൽ കാണപ്പെട്ടുവെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. മാവോയിസ്റ്റുകളെ വേട്ടയാടുന്നതിനോ അവരെ പിടിക്കാനോ പോകുമ്പോൾ അത് ആദിവാസികളിലേയ്ക്കുള്ള ഒരു പീഡനമായി മാറാതെ ആദിവാസികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് മാവോയിസ്റ്റുകളെ വേട്ടയാടുവാനും അവരെ പിടിക്കുവാനും ശ്രദ്ധിക്കണമെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഈ അദിവാസി മേഖലകളിൽ നോൺ-ഗവൺമെന്റൽ ഓർഗനൈസേഷൻ ധാരാളമായി കടന്നുവരുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ഏത് രീതിയിലാണ് എന്ന് നിരീക്ഷിക്കുവാനും അത് സർക്കാരിന്റെ നിയന്ത്രണത്തിലാക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്. അതിന്റെ പേരിൽ കുറെയാളുകൾ വരുന്നു, അവരെന്താണ് ചെയ്യുന്നതെന്നുപോലും നമുക്കറിയാൻ കഴിയുന്നില്ല. ഇതിന്റെ ഫലമായി വിദേശത്തുനിന്നും കോടികണക്കിന് രൂപ വരുന്നതായും അറിയാൻ കഴിഞ്ഞിട്ടുണ്ട്. നല്ല രീതിയിലുള്ളതിനെ പ്രോത്സാഹിപ്പിക്കുകയും ഇതിനൊരു നിരീക്ഷണ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യണമെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു. പട്ടികജാതി വികസന കോർപ്പറേഷന്റെ കാര്യം ഓർക്കുമ്പോഴാണ് സി.പി.ഐ.(എം.) ന്റെ ഇന്നത്തെ ദുരവസ്ഥ മനസ്സിലാകുന്നത്. അവിടെ അങ്ങ് നിയമിച്ച ഒരു ചെയർമാനുണ്ടായിരുന്നു, എന്നാൽ അദ്ദേഹമിന്ന് ആ ചെയർമാൻ

സ്ഥാനത്തില്ല. രാജിവച്ച് വീണ്ടും സി.പി.ഐ.(എം.)-ലേയ്ക്ക് പോയി എന്നാണ് അറിയാൻ കഴിയുന്നത്. ഇത്രയധികം ദയനീയ അവസ്ഥയിൽ സി.പി.ഐ.(എം.) എന്നുപറയുന്ന കേഡർ പാർട്ടി മാറിയതാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. പ്രൈവറ്റ് ബസ്സിൽ ആളുകളെ കയറ്റുന്നതുപോലെയാണ് ഇപ്പോൾ സി.പി.ഐ.(എം.)-ലേയ്ക്ക് ആളുകളെ കയറ്റികൊണ്ടുപോകുന്നത്. ബി.ജെ.പി.യിലേയ്ക്ക് കുറേ ആളുകൾ ഒഴുകിപോകുന്നുണ്ടെന്നുള്ളത് വാസ്തവം തന്നെയാണ്. പക്ഷെ, എന്നുകരുതി 'ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടേണ്ട' സാഹചര്യമുണ്ടോ? ഇപ്പോഴത്തെ സാഹചര്യം കണ്ടുകഴിഞ്ഞാൽ ആരേയും സി.പി.ഐ.(എം.)ലേയ്ക്ക് എടുക്കും. സി.പി.ഐ.(എം.) ജില്ലാ സെക്രട്ടറിയായിരുന്ന ശ്രീ. രാമചന്ദ്രൻ നായർ പാർലമെന്റ് സീറ്റ് കൊടുത്തതിന്റെ പേരിൽ കോഴ വാങ്ങിയതിന് പുറത്താക്കപ്പെട്ട ആളാണ്. ആ പുറത്താക്കപ്പെട്ട ആളെ പാർട്ടിയിലെടുക്കുക മാത്രമല്ല സി.പി.ഐ.(എം.)-ന്റെ ജില്ലാ കമ്മിറ്റിയിൽ വച്ചിരിക്കുകയുമാണ്. 70 ലക്ഷം രൂപയാണ് ഒരു പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്താൻ സർക്കാർ അനുവദിച്ചിരിക്കുന്നത്. 1.85 കോടി രൂപയാണ് രാമചന്ദ്രൻ നായരുടെ നേതൃത്വത്തിൽ വാങ്ങിയതെന്ന് പത്രങ്ങളിലൊക്കെ വാർത്ത വന്നു. അതുസംബന്ധിച്ച് പാർട്ടിതലത്തിൽ അന്വേഷിച്ചു, കോടതിയിൽ കേസുണ്ട്. എങ്കിലും സി.പി.ഐ.(എം.) പോലുള്ള ഒരു പാർട്ടി ശ്രീ. രാമചന്ദ്രൻ നായരെ എടുത്ത്

ഈ പാർട്ടിയിലെ ജില്ലാകമ്മിറ്റിയിൽ നിയമിക്കേണ്ട ഇത്രയും ഗതികേട് പാർട്ടിക്ക് ഉണ്ടായിട്ടുണ്ടോ? ശ്രീ. എ. കെ. ആന്റണി അരുവിക്കര തെരഞ്ഞെടുപ്പിന് വന്നപ്പോൾ അദ്ദേഹം പറഞ്ഞു, ശ്രീ. വി. എസ്. അച്യുതാനന്ദൻ അഴിമതിയുടെ കാര്യത്തിൽ ഇരട്ടത്താപ്പ് കാണിക്കുന്നു. ശരിയല്ലേ, ഇവിടെ ശ്രീ. ആർ. ബാലകൃഷ്ണപിള്ള പൂജപ്പുര സെൻട്രൽ ജയിലിൽ കിടന്നത് കെ. കേളപ്പന്റെ നേതൃത്വത്തിൽ പയ്യന്നൂർ നടന്ന ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തിട്ടല്ല, നീണ്ട 17 വർഷക്കാലം ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കെതിരെ കോടതിയിൽ കയറിയിറങ്ങി നടന്നത് ശ്രീ. വി. എസ്. അച്യുതാനന്ദനാണ്, ഞങ്ങളാരുമല്ല. ജൂനിയർ മാൻഡ്രേക്ക് എന്നു പറഞ്ഞ സിനിമയുണ്ട്. ആ സിനിമയിലെ മാൻഡ്രേക്ക് ആയിരുന്നു ശ്രീ. ആർ. ബാലകൃഷ്ണപിള്ള. ഞങ്ങളുടെ കൂടെയുണ്ടായിരുന്നപ്പോൾ ഒരു നിയമസഭപോലും നേരെ നടത്താൻ സാധിക്കുകയില്ലായിരുന്നു. ഞങ്ങൾ സന്തോഷത്തോടുകൂടി കൊടുത്തു, ശ്രീ. വി. എസ്. അച്യുതാനന്ദൻ സന്തോഷത്തോടുകൂടി സ്വീകരിച്ചു. ഇപ്പോൾ അവിടെ അതിന്റെ ദുഃസൂചനകൾ എല്ലാം കണ്ടുതുടങ്ങിയിട്ടുണ്ട്. 'തൈലാദി വസ്തുക്കൾ അശുദ്ധമായാൽ പൗലോസ് തൊട്ടാലത് ശുദ്ധമാകും' എന്നൊരു ചൊല്ല് അന്വർത്ഥമാക്കുന്നതാണ് സി.പി.ഐ.(എം.)-ന്റെ അഴിമതിക്കെതിരെയുള്ള സമീപനം. വാസവദത്തയുടെ ചാരിത്ര്യ പ്രസംഗംപോലെയാണ് ഇവരുടെ

അഴിമതിക്കെതിരെയുള്ള നിലപാടുകൾ. കായംകുളം കൊച്ചുണ്ണിയും ഇത്തിക്കര പക്കിയും ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ സി.പി.ഐ.(എം.)-ൽ അവർക്ക് മെമ്പർഷിപ്പ് കൊടുത്ത് മോഷണത്തിനെതിരെ പ്രസംഗിക്കാൻ എല്ലായിടത്തും കൊണ്ടു നടക്കുമായിരുന്നു. അതുപോലെയല്ലേ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അരുവിക്കരയിൽ യു.ഡി.എഫ്. ജയിച്ചത് ശ്രീ. കെ. എസ്. ശബരീനാഥൻ നല്ല സ്ഥാനാർത്ഥിയായതുകൊണ്ടാണെന്നാണ് പുതിയ കണ്ടുപിടിത്തം. എൽ.ഡി.എഫ്.-നെ ജയിപ്പിക്കുന്നതിനുവേണ്ടി ഞങ്ങൾക്ക് ഇപ്പോൾ ആറ്റിപ്ര കുമാരനെകൊണ്ട് നിർത്താൻ പറ്റുമോ? ഞങ്ങൾ മോശം സ്ഥാനാർത്ഥിയെ നിർത്തി നിങ്ങൾക്ക് ജയിക്കേണ്ട സാഹചര്യമാണോ ഇന്ന് മാർകിസിസ്റ്റ് പാർട്ടിക്കുള്ളത്? 1984-ൽ ഇന്ദിരാഗാന്ധിയുടെ മരണശേഷം രണ്ട് ബി.ജെ.പി അംഗങ്ങൾ മാത്രമേ പാർലമെന്റിൽ ഉണ്ടായിരുന്നുള്ളൂ. രണ്ടംഗങ്ങളുണ്ടായിരുന്ന ബി.ജെ.പി.യെ ഇന്ന് ഇന്ത്യ ഭരിക്കുന്ന പാർട്ടിയാക്കി മാറ്റിയത് ഞങ്ങളാണോ? അന്നുമുതൽ ഇന്നുവരെ ബി.ജെ.പി.ക്കെതിരെ ശക്തമായ നിലപാടെടുത്ത ഒരു രാഷ്ട്രീയ പ്രസ്ഥാനമാണ് ഞങ്ങളുടെത്. ഇ.എം.എസ് പറഞ്ഞിട്ടുണ്ട് ഏത് ചെകുത്താനെ പിടിച്ചിട്ടാണെങ്കിലും കോൺഗ്രസിനെ തോൽപ്പിക്കണമെന്ന്. അതിന്റെയടിസ്ഥാനത്തിലല്ലേ നിങ്ങൾ രാജീവ് ഗാന്ധിയെ

തോൽപ്പിക്കാൻ, കോൺഗ്രസിനെ തോൽപ്പിക്കാൻ, വി.പി.സിംഗിനെ പ്രധാനമന്ത്രിയാക്കാൻ വേണ്ടി ബി.ജെ.പി.യുമായി കൂട്ടുകൂടിയത്. ഒരു തോൾ ബി.ജെ.പി.യുടേത്, ഒരു തോൾ എൽ.ഡി.എഫ്-ന്റേത്. അങ്ങനെയല്ലേ നിങ്ങൾ ഒരുമിച്ചുകൂടി രാജ്യത്ത് ബി.ജെ.പി.യെ വളർത്തുവാനുള്ള സാഹചര്യമൊരുക്കിയിരിക്കുന്നത്. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കഴിഞ്ഞ കുറെ നാളുകളായി അഴിമതിക്കെതിരെ പോരാട്ടം നടത്തുകയാണ്. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെയും ശ്രീ. വി. എസ്. അച്ചുതാനന്ദന്റെയും ഇപ്പോഴത്തെ ഇരിപ്പുകണ്ടാൽ ചങ്ങമ്പുഴയുടെ 'ഇരുമെയ്യാണെങ്കിലും നമ്മളൊറ്റ കരളല്ലേ

പിള്ളേ, നീയെന്റെ ജീവനല്ലേ '

എന്നുള്ള കവിതയാണ് എനിക്ക് ഓർമ്മ വരുന്നത്. അഴിമതിക്കെതിരെ, കോഴക്കെതിരെ പ്രസംഗിക്കുന്ന ഇടതുപക്ഷത്തിന്റെ ആളുകൾ ഒന്നോർക്കണം, നിങ്ങളുടെ സമീപനം എല്ലാക്കാലത്തും ഒരുപോലെയായിരുന്നു. അതുകൊണ്ട് നിങ്ങൾ പുനർചിന്തനം നടത്തണമെന്ന് ഈ അവസരത്തിൽ പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, നമ്മുടെ സമൂഹത്തിൽ സാമൂഹ്യ അന്തരീക്ഷവുമായി ബന്ധപ്പെട്ട് ഇപ്പോഴും ഒരുപാട് വേദന അനുഭവിക്കുന്നൊരു

വിഭാഗമാണ് കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം. അവർക്ക് രണ്ട് പ്രശ്നങ്ങളാണ് സമൂഹത്തിൽ ഏറ്റവും പ്രകടമായിട്ടുള്ളത്. ഒന്ന്, ഭൂപ്രശ്നം തന്നെയാണ്. പണ്ട് ജാതിയുമായി ബന്ധപ്പെട്ട് ഭൂമിയിൽനിന്ന് അകറ്റിനിർത്തിയിരുന്നൊരു വിഭാഗമായിരുന്നു ഇന്ത്യയിലെയും കേരളത്തിലെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം. അത് ആദികാലംമുതൽ അങ്ങനെയാണ്. പക്ഷെ ആധുനിക കാലത്ത് അതിന് രൂപമാറ്റംവന്നുവെന്നേയുള്ളൂ. സാമൂഹ്യ അന്തസ്സിലേയ്ക്ക് നവോത്ഥാനകാലം സൃഷ്ടിച്ച എല്ലാ നന്മകളും ഇപ്പോഴും അരികത്ത് കിട്ടാതെ പോകുന്ന കേരളത്തിലെയും ഇന്ത്യയിലെയും ഏറ്റവും വലിയ ജനവിഭാഗം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗമാണ്. ഏതെങ്കിലും ചില പേരുകൾ വേണമെങ്കിൽ പറയാം. ഒരു പ്രസിഡന്റിന്റെയോ അല്ലെങ്കിൽ കുറച്ച് കേന്ദ്രമന്ത്രിമാരുടെയോ കുറച്ച് ഉദ്യോഗസ്ഥരുടെയോ...... പക്ഷെ കേരളത്തിൽ കാസർഗോഡ് മുതൽ പാറശ്ശാലവരെ സഞ്ചരിച്ചാൽ കാണാൻ കൊള്ളാവുന്ന വിൽപ്പനയുള്ള ഒരു കടപോലും ഈ വിഭാഗത്തിന്റെ പേരിലില്ല. കേരളത്തിൽ ഏതെങ്കിലും ഒരു മനുഷ്യൻ പണക്കാരനാകുന്നുവെങ്കിൽ അതിന്റെ പിന്നിലൊരു ചൂഷണമുണ്ടാകും. അതിന്റെപിന്നിൽ ഒരുതരം മാനവികമല്ലാത്ത ഘടകമുണ്ടാകും. ആ ഘടകം ഇപ്പോഴുമില്ലാത്ത, അതിൽചെന്ന് പെടാത്ത, നന്മകൊണ്ട് ജീവിക്കാൻ ശ്രമിക്കുന്ന, അദ്ധ്വാനംകൊണ്ട് മാത്രം അത്താഴമുണ്ടാക്കുന്ന

ഒരു വിഭാഗമായി ഇവർ ഇപ്പോഴും കേരളത്തിൽ നിൽക്കുന്നു. നമ്മുടെ സമൂഹത്തെ നയിക്കുന്ന ഭരണകൂടം അതിനെക്കുറിച്ച് അകംനൊന്ത് ആലോചിക്കണം. ഇപ്പോൾ കേരളത്തിൽ ഭൂസമരങ്ങൾ നടക്കുന്നുണ്ട്. നമ്മൾ ഒരുപാട് ഭൂമി കൊടുത്തപ്പോഴും യഥാർത്ഥത്തിൽ ഭൂമിയുടെ അവകാശി ആദികാലംമുതൽ ആധുനിക കാലംവരെ ഈ വിഭാഗമാണ്. ഭൂമിയെ അമ്മയെപ്പോലെ സ്നേഹിക്കുന്നത്, ഭൂമിക്ക് നോവാതെ ജീവിക്കുന്നത്, ഭൂമിയെ കൊള്ളയടിക്കാത്തത്, ഭൂമിക്ക് നോവാതെ വീടുവയ്ക്കുന്നത് ഇവർ മാത്രമാണ്. ഭൂമിയെ കൊല്ലുന്ന ഒരു വിഭാഗം ഭൂമിയുടെ മുഴുവൻ അവകാശിയാവുകയും, ഭൂമിക്ക് നോവാതെ ഭൂമിയെ മാതാവായി കരുതി കൃഷി തന്നെയൊരു പ്രാർത്ഥനയായിട്ടാണ് അവർ കരുതുന്നത്. അവർക്ക് കൃഷി ചെയ്യാൻ ഭൂമിയുണ്ടോ? കേരളത്തിൽ എത്രയോ ഭൂമി തരിശ്ശായി കിടക്കുന്നു. എന്നാൽ കൃഷി ചെയ്യാൻ ആഗ്രഹിക്കുന്ന ഇവർക്ക് ഭൂമിയില്ല. എന്റെ മണ്ഡലത്തിലും പുനലൂർ മണ്ഡലത്തിലുമായി അതിരിൽ കിടക്കുന്ന ഒരു സ്ഥലമാണ് അരിപ്പ. അവിടെ ആയിരക്കണക്കിന് ആളുകൾ സമരം നടത്തുകയാണ്. എല്ലാം ആദിവാസികളോ അല്ലെങ്കിൽ എസ്.സി./എസ്.ടി. വിഭാഗത്തിലോ ഉള്ളവരല്ല. അല്ലാത്തവരുമുണ്ട്. പക്ഷെ മഹാഭൂരിപക്ഷവും അവരാണ്. അവർ കൃഷി സമരമായി സ്വീകരിച്ചിട്ടുള്ളവരാണ്. സെക്രട്ടേറിയറ്റിന്റെ മുന്നിലല്ല അവർ സമരത്തിനുവന്നത്,

അവിടത്തെ റബ്ബർ തോട്ടത്തിലാണ്. പക്ഷെ മറ്റാരോ നട്ട ഒരു റബ്ബറും അവർ വെട്ടിയിട്ടില്ല. അതിന്റെ ചുവട്ടിൽ അവർ കൃഷി ചെയ്യുന്നു. കൃഷി ചെയ്യുന്നവർ അത് വില്പനയ്ക്ക് വയ്ക്കുന്നു. ആ കോളനിയിൽ താമസിക്കുന്ന, ആ പ്രദേശത്ത് സമരം ചെയ്യുന്ന അവർ അവിടെ മദ്യം പാടില്ലായെന്ന് പ്രഖ്യാപിക്കുന്നു. മദ്യംകൊണ്ടുവരാൻ അനുവദിക്കാതിരിക്കുന്നു. മാതൃകാപരമായി നടത്തുന്ന ആ സമരത്തിൽ അവർ മൂന്നുസെന്റ് വീടല്ല, കൃഷിചെയ്യാനുള്ള ഭൂമികൂടിയാണ് ആവശ്യപ്പെടുന്നത്. 40 വർഷം തരിശ്ശായി കിടക്കുന്ന വയലാണ് അവർ കൃഷി ചെയ്തത്. അവിടെ കൃഷി നടാനും വിളവെടുപ്പ് നടത്താനും ജനപ്രതിനിധികളെയും ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉൾപ്പെടെയുള്ളവരെയും ഭരണകക്ഷി/പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാപേരെയും അവർ വിളിച്ചു. എനിക്ക് അങ്ങയോട് പറയാനുള്ളത് ആ പ്രശ്നത്തിൽ അങ്ങ് ഇടപെടണമെന്നാണ്. കൃഷി ഒരു സമരമായി എടുത്തിട്ടുള്ള, മറ്റൊരാളുടെയും ഒരു വസ്തുവും കൈയ്യേറിയിട്ടില്ലാത്ത, കൃഷി ചെയ്യാൻ ഭൂമി വേണമെന്ന് പറയുന്ന, മറ്റെങ്ങും ഭൂമിയും വീടുമില്ലാത്ത ആയിരക്കണക്കിന് മനുഷ്യർ, ആയിരം ദിവസം പിന്നിട്ട ആ സമരത്തിൽ ഇടപെടാൻ അങ്ങ് തയ്യാറാകണം. അവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ചിട്ട് മൂന്നു സെന്റ് നൽകാമെന്ന തീരുമാനത്തിൽ ഉറച്ചുനിന്നു. അങ്ങനെ മൂന്നുസെന്റ് ഭൂമി കൊടുക്കാമെന്നു പറഞ്ഞാൽ തീരില്ല. കേരളത്തിൽ

തരിശ്ശായി കിടക്കുന്ന ഭൂമി അവർക്ക് കൊടുക്കണ്ട. പക്ഷെ അവർക്ക് കൃഷി ചെയ്യാനുള്ള അവകാശം കൊടുക്കണം. അപ്പോൾ കേരളത്തിലെ ഉൽപ്പാദന മേഖല കൂടും. യൂറോപ്പിലെ ചില രാജ്യങ്ങളിൽ ഒരു വർഷം ഭൂമി തരിശ്ശായിട്ടാൽ ആ ഭൂമി ഗവൺമെന്റിന് ഏറ്റെടുക്കാമെന്നൊരു നിയമമുണ്ട്. ഗവൺമെന്റ് ഏറ്റെടുത്തിട്ട് അവർ ആവശ്യപ്പെടുന്ന സമയത്ത് തിരിച്ചുകൊടുക്കാം. ഇവിടെയും എന്തുകൊണ്ട് അതുപോലൊരു നിയമം കൊണ്ടുവന്ന് ഈ പ്രശ്നം പരിഹരിച്ചുകൂടാ? എന്റെ മണ്ഡലത്തിലെ ഒരു സമരമായതുകൊണ്ടാണ് ഈ സമരത്തെക്കുറിച്ച് ഇവിടെ പറഞ്ഞത്. അങ്ങ് ഇടപെട്ട് അതിനെക്കുറിച്ച് പഠിക്കാൻ ഒരു ഉന്നതതല കമ്മിറ്റിയെ നിയമിക്കണം. അതിൽ കേരളത്തിലെ കൃഷി ചെയ്യാൻ താൽപര്യമുള്ള എസ്.സി./എസ്.ടി. വിഭാഗത്തിലെ പ്രതിനിധികളെയും കേരളത്തിലെ കാർഷിക കോളേജിലെ പ്രതിനിധികളെയും ഉൾപ്പെടുത്തണം. അടുത്തിരിക്കുന്ന പഞ്ചായത്ത് മന്ത്രിയെക്കൂടി അതിൽ ഉൾപ്പെടുത്താം. കാരണം, പഞ്ചായത്ത് വകുപ്പുകൂടി ശ്രദ്ധിച്ചാൽ കേരളത്തിലെ കാർഷിക മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളുണ്ടാക്കാം. തരിശ്ശ ഭൂമിയില്ലാത്ത ഒരു കേരളം സൃഷ്ടിക്കാം. കൃഷി ചെയ്യാൻ താല്പര്യമുള്ള, കൃഷിയെ പാവനമായി, പുണ്യമായി, കർമ്മമായി കരുതുന്ന ഇത്തരം വിഭാഗത്തിലെ മനുഷ്യരെക്കൂടി ബന്ധപ്പെടുത്തണം. കേരളത്തിൽ

അവർക്കോരോരുത്തർക്കും മൂന്നുസെന്റ് എന്നുപറയുന്നത് അപ്രായോഗികമാകും. നൂറുപേർ ഒരുമിച്ച് താമസിക്കുകയാണെങ്കിൽ അവിടെ ഒരു ഫ്ളാറ്റ് ഉണ്ടാക്കികൊടുക്കണം. അപ്പോൾ അവർക്ക് ഒരുമിച്ച് ജീവിക്കാനുള്ള സൗകര്യമുണ്ടാക്കാം. അത്രയും ഭൂമി അവർക്കുതന്നെ കൃഷിക്കായി ഉപയോഗിക്കാം. അതിനുവേണ്ടി ഒരു പഠനം നടത്താൻ ഒരു ഉന്നതതല കമ്മിറ്റി അങ്ങയുടെ നേതൃത്വത്തിൽതന്നെ രൂപീകരിച്ച് ബന്ധപ്പെട്ട മന്ത്രിമാരെയെല്ലാം അതിൽ ഉൾപ്പെടുത്തി, എഫക്റ്റീവായൊരു പഠനം നടത്തി ശാസ്ത്രീയമായി നടപ്പാക്കാനാകുന്ന ഒരു കർമ്മ പദ്ധതിക്ക് രൂപം കൊടുക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ സമൂഹത്തിൽ വിദ്യാഭ്യാസ മേഖലയിൽ എയ്ഡഡ് മേഖല വളർന്നുകൊണ്ടിരിക്കുകയാണ്. അതായത് ഗവൺമെന്റ് ശമ്പളം കൊടുക്കുന്നു, നിയമനത്തിന് ഗവൺമെന്റിന് അവകാശമില്ല. എയ്ഡഡ് ഗവൺമെന്റും എയ്ഡഡ് പ്രൈവറ്റുമുണ്ട്. കേരളത്തിലെ നാലിലൊന്ന് ജീവനക്കാർ പ്രവർത്തിക്കുന്നത് എയ്ഡഡ് പ്രൈവറ്റ് മേഖലയിലാണ്. അവിടെ ഈ വിഭാഗത്തിലുള്ള ആരാണുള്ളത്, കേരളത്തിലെ എസ്.സി./എസ്.ടി വിഭാഗത്തിൽ എത്രപേർ അവിടെ ജോലി ചെയ്യുന്നുണ്ട്? പൊതു സമൂഹത്തിന്റെ പണം ചെലവഴിക്കുന്ന, പൊതുസമൂഹത്തിൽ നിന്ന് ശമ്പളം വാങ്ങുന്ന മറ്റുള്ളവർ നിയമനം നടത്തുന്നിടത്തൊക്കെ കേരളത്തിലെ

എസ്.സി./എസ്.ടി വിഭാഗത്തിൽ നിന്ന് അർഹതപ്പെട്ട എത്രജീവനക്കാരുണ്ടെന്ന് അങ്ങൊരു പഠനം നടത്തണം. ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഈ നിയമസഭയിൽ ഒരു നിയമം കൊണ്ടുവന്ന് അവർക്ക് അർഹതപ്പെട്ട അവകാശം ആ മേഖലയിൽ ഉണ്ടാക്കിയെടുക്കാനുള്ള ധീരത കാണിക്കണം. കാരണം ആ മേഖല കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഒരു ജോലി മേഖലയാണ്. വിനോദ സഞ്ചാരത്തെക്കുറിച്ച് പറയുകയാണെങ്കിൽ, എന്റെ മണ്ഡലത്തിൽ ഒരു തീർത്ഥാടന വിനോദസഞ്ചാര പ്രോജക്ടുള്ളത് അങ്ങേയ്ക്കറിയാം. ഒപ്പം കുമ്മിൾ പഞ്ചായത്തിൽ മീൻമുട്ടി എന്നുപറയുന്ന വളരെ മനോഹരമായൊരു സ്ഥലമുണ്ട്. അവിടെ കൊല്ലം ജില്ലയിലെ ടൂറിസം പ്രൊമോഷൻ കൗൺസിൽ അങ്ങയുടെ അംഗീകാരത്തിനുവേണ്ടി ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ഈ രണ്ട് പദ്ധതിയുടെയും നടപ്പ് പരിശോധിക്കാനും അതിനുവേണ്ട നിർദ്ദേശങ്ങൾ നൽകാനും ആ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും അങ്ങ് മുൻകൈയെടുത്ത് ഒരു യോഗം വിളിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. വിനോദസഞ്ചാരം വളരണമെങ്കിൽ ഒരുരാജ്യത്ത് വേണ്ടത് ആ രാജ്യത്തെ പ്രകൃതിയെയും ജനജീവിതത്തെയും പ്രകൃതി നൽകിയ എല്ലാത്തരം സംവിധാനങ്ങളെയും വിശുദ്ധമായി നിലനിറുത്തുകയെന്നതാണ്. അങ്ങനെ വിശുദ്ധമായി നിലനിർത്താതെ, എല്ലാം മാലിന്യമയമാക്കിയാൽ നമ്മൾ എത്ര

ശ്രമിച്ചാലും കേരളത്തിൽ വിനോദസഞ്ചാരം വളരുകയില്ല. വളരണമെങ്കിൽ സമൂഹത്തിലെ പ്രകൃതിയുടെ വിശുദ്ധി നിലനിർത്താനുള്ള ഒരു ബോധം കേരളീയ സമൂഹത്തിൽ പൊതുവെ ഉണ്ടാകണം. മലിനമാക്കുന്നത് എസ്.എസി./എസ്.ടി വിഭാഗത്തിലുള്ളവരാണോ, വലുതാണെന്ന് പറയുന്നവരും അധികാരമുണ്ട് എന്നു പറയുന്നവരുമാണ് 99 ശതമാനം മാനില്യവൽക്കരണത്തിന്റെയും ഉടമ. ഒരു പൊതു ബോധം, പൊതു പാഠം കേരളത്തിലുണ്ടാക്കിയാൽ വിനോദ സഞ്ചാരത്തിന് കേരളത്തിൽ അപാരമായ സാധ്യതയുണ്ട്. എന്റെ മണ്ഡലത്തിലെ കാര്യംകൂടി അങ്ങ് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഇന്ത്യയിലും നമ്മുടെ സംസ്ഥാനത്തുമൊക്കെ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ മറ്റ് ഇതര ജനവിഭാഗങ്ങളോടൊപ്പം എത്തിക്കുന്നതിനുവേണ്ടിയുള്ള ഭഗീരഥമായ പരിശ്രമമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. പ്രധാനമായും ദ്വിമുഖ തന്ത്രം ഈ രംഗത്ത് വളരെയേറെ ഇന്ന് ശ്രദ്ധിക്കുന്നുണ്ട്. ഒന്ന് ചൂഷണത്തിനെതിരെയുള്ള സംരക്ഷണം. അത് ഭരണഘടനാപരമായ നിയമ പരിരക്ഷ നൽകിക്കൊണ്ട് നടപ്പാക്കിയിട്ടുള്ള രാജ്യമാണ് നമ്മുടേത്. മറ്റൊന്ന് വികസന പദ്ധതികളിൽ പഞ്ചവത്സര

പദ്ധതികളിലൂടെ പ്രത്യേക ഘടക പദ്ധതികൾ ധാരാളം പണം ഈ രംഗത്ത് ചെലവഴിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ കാര്യങ്ങളിലെല്ലാം ഫലപ്രദമായ ഇടപെടലുകൾ നടത്തി വികസനരംഗത്ത് വലിയ മാറ്റം ഉണ്ടാക്കിയത് സാമൂഹ്യപരമായും വികസനപരമായും കേരളത്തിലാണെന്ന് കാണാൻ സാധിക്കും. 2011-ലെ സെൻസസ് അനുസരിച്ച് പട്ടികജാതി വിഭാഗത്തിൽ 30,39,573 പേരും പട്ടികവർഗ്ഗ വിഭാഗത്തിൽ 4,56,833 പേരും മൊത്തം ജനസംഖ്യയുടെ 9.1 ഉം 1.45 ഉം വരുന്നതിനനുസരിച്ച് ഘടക പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നു. കോടിക്കണക്കിന് രൂപയാണ് ഈ നിലയിൽ നമ്മുടെ സംസ്ഥാനത്തും ഇന്ത്യയിലും ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ പൂർണ്ണമായി ഈ വിഭാഗത്തിന്റെ പരിരക്ഷയുക്തകുന്നവിധം, സാമൂഹ്യവും വിദ്യാഭ്യാസവും സാംസ്കാരികവുമായ വളർച്ചയ്ക്ക് ഉതകുന്ന വിധം ചെലവഴിക്കാൻ സാധിക്കുന്നില്ല എന്ന യാഥാർത്ഥ്യമാണ് ഇവിടെ വരച്ചു കാണിച്ചിട്ടുള്ളത്. അവർ പ്രത്യേകിച്ച് ഇന്നും ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ കേരളത്തിന്റെ പരിതസ്ഥിതിയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറേയേറെ മാറ്റങ്ങൾ ഉണ്ടാക്കാനും അതുവഴി പുരോഗതി കൈവരിക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. പാലക്കാട് പുതിയ മെഡിക്കൽ കോളേജ് നൽകിയത് നമ്മുടെ

ഗവൺമെന്റാണ്. ആ രംഗത്ത് ശുഭോദർക്കമായ മാറ്റം നമ്മുടെ സംസ്ഥാനത്തുണ്ടായിക്കൊണ്ടിരിക്കുന്നു. ഒൻപതാം ക്ലാസിലും പത്താം ക്ലാസിലും പഠിക്കുന്ന പട്ടിക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ് കൊടുക്കുന്നതും പുസ്തകങ്ങൾക്ക് ഗ്രാന്റ് നൽകുന്നതും ലാപ്ടോപ്പ് നൽകുന്നതും തുടങ്ങിയ കാര്യങ്ങൾ ഈ മേഖലയിലുണ്ടാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ വളരെ വലുതാണ്. ഈ വർഷത്തെ മെഡിക്കൽ എൻട്രൻസ് പരീക്ഷയുടെ റിസൽട്ട് വന്നപ്പോൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടിക്ക് ഒന്നാം റാങ്ക് കിട്ടിയത് വളരെ ആവേശത്തോടും അഭിമാനത്തോടുംകൂടിയാണ് നമ്മൾ നോക്കിക്കണ്ടിട്ടുള്ളത്. 126 വിജ്ഞാനവാടികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. വായനശാലകളും കംപ്യൂട്ടറും മറ്റു സൗകര്യങ്ങളും ചെയ്തുകൊടുത്തുകൊണ്ട് 67 പഞ്ചായത്തുകളിൽ അത് നടപ്പിലാക്കിയിട്ടുണ്ട്. കോളനികളിൽ താമസിക്കുന്ന ആളുകൾക്ക് ഈ വിജ്ഞാനവാടികളിലൂടെ കൂടുതൽ വിദ്യ അഭ്യസിക്കാനും ലോകകാര്യങ്ങളെക്കുറിച്ച് പരിജ്ഞാനം സിദ്ധിക്കാനും കഴിയും. അതോടൊപ്പം ഇതര സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതുമൂലം ഹയർസ്റ്റഡീസ് നടത്തുന്നതിനുമുള്ള സാധ്യതകൾ ഈ വിഭാഗത്തിന് വർദ്ധിച്ചു വരികയാണ്. 216 കോളനികളിൽ ഏതാണ്ട് 222 കോടി രൂപയാണ് സ്വയംപര്യാപ്ത ഗ്രാമമെന്ന

നിലയിൽ നമ്മുടെ സംസ്ഥാന പട്ടികജാതിവകുപ്പും അതിന് നേതൃത്വം നൽകുന്ന മന്ത്രിയും അനുവദിച്ചിട്ടുള്ളത്. 222 കോടി രൂപ 216 കോളനികളിൽ ചെലവഴിച്ചപ്പോൾ അത്രയും മാറ്റം അവിടെ ഉണ്ടായി. ടോയ്‌ലറ്റ് നിർമ്മാണത്തിന് വേണ്ടി 158.10 കോടി രൂപയും ഭവന നവീകരണത്തിനുവേണ്ടി 47.59 കോടി രൂപയും ഹോമിയോ ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 5.96 കോടി രൂപയും ഈ ഇനങ്ങളിൽ ഈ വർഷം ചെലവഴിച്ചു. ഗാന്ധി ഗ്രാമം പദ്ധതി പ്രകാരം 12 കോളനികളിൽ ഏതാണ്ട് 12 കോടി രൂപയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ചെലവഴിക്കപ്പെട്ടിട്ടുള്ളത്. കോളനികൾ സമ്പൂർണ്ണ വികസനവുമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. കാവും ക്ഷേത്രവും സംരക്ഷിക്കുന്നതിനുവേണ്ടി 55.10 ലക്ഷം രൂപ ഈ രംഗത്ത് ചെലവഴിച്ചുവെന്നത് വളരെ ശുഭോദർക്കമായ കാര്യമാണ്. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് 75,000 രൂപയായിരുന്നു ഉണ്ടായിരുന്നതെങ്കിൽ ഇന്ന് അത് 3.75 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഒരു ലക്ഷം രൂപയിൽ നിന്ന് മൂന്ന് ലക്ഷം രൂപയായി പാർപ്പിടത്തിനുവേണ്ടിയുള്ള ധനസഹായം വർദ്ധിപ്പിച്ചു. ചികിത്സാ സഹായം 25,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപവരെയായി. 57.19 കോടിരൂപയാണ് പട്ടികവിഭാഗത്തിന് ചികിത്സയ്ക്കു മാത്രമായി ചെലവഴിച്ചത്. വിവാഹധനസഹായം

20,000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചു. 143 കോടി രൂപ ഈ ഇനത്തിൽ ചെലവഴിക്കുകയുണ്ടായി. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിലും വായ്പ എഴുതിത്തള്ളുന്നതുൾപ്പെടെ 15.78 കോടി രൂപ ചെലവഴിക്കുകയുണ്ടായി. പട്ടികജാതി വിഭാഗത്തിലും പട്ടിക വർഗ്ഗ വിഭാഗത്തിലും ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പട്ടിക വർഗ്ഗ വിഭാഗത്തിനായി ഏറ്റവും ഒടുവിൽ രൂപീകരിച്ച പദ്ധതിയാണ് ഹാംലെറ്റ് പദ്ധതി. ഓരോ നിയോജക മണ്ഡലത്തിലെയും പട്ടികവർഗ്ഗ കോളനികളെ ദത്തെടുത്തുകൊണ്ട് സമ്പൂർണ്ണമായി പരിപോഷിപ്പിക്കുന്നതിനും വികസനപരമായി മുന്നോട്ട് കൊണ്ടുവരുന്നതിനുമുള്ള പദ്ധതികൾ. പക്ഷെ ഇങ്ങനെ ഏറ്റെടുത്ത കോളനികളിലെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള ശക്തമായ ഇടപെടലുകളും നടപടികളും ഉണ്ടാകേണ്ടതായിട്ടുണ്ട്. പലപ്പോഴും ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകുന്നില്ലെന്നത് സാമ്പത്തിക നഷ്ടം നമുക്കുണ്ടാക്കുന്നു. ഇത്തരത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്ന വിഭാഗങ്ങളിൽ തന്നെ ഫലപ്രദമായി നടപ്പാക്കാൻ കഴിയാതെ പോകുന്നതോടൊപ്പം തന്നെ ചൂഷണം നടക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ഇത്തരം ചൂഷണങ്ങൾ തടയാനും അനുവദിക്കുന്ന തുക കൃത്യമായും

സമയബന്ധിതമായും ആവശ്യത്തിനുവേണ്ടി ചെലവഴിക്കാനും കഴിയുന്നവിധം നടപടികളും ഇടപെടലുകളുമുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ന്യൂനപക്ഷക്ഷേമത്തെ സംബന്ധിച്ചും ഇന്ന് ധനകാര്യ അവലോകനം ഇവിടെ നടക്കുകയാണ്. ന്യൂനപക്ഷക്ഷേമത്തിനായി കേന്ദ്ര ഗവൺമെന്റും മറ്റും നടപ്പാക്കിയിരുന്ന പദ്ധതികൾ വിനിയോഗിക്കുന്ന കാര്യത്തിൽ നമ്മുടെ സംസ്ഥാനം 17-ാം സ്ഥാനത്തായിരുന്നു മുൻപുണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 1/1/2011-ൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് രൂപീകരിക്കുകയും ഈ വകുപ്പിന് പ്രത്യേകം മന്ത്രിയുടെ ചുമതല ഉണ്ടാവുകയും ചെയ്തശേഷം കേന്ദ്ര പദ്ധതിയും സംസ്ഥാന പദ്ധതിയും ചെലവഴിക്കുന്ന കണക്കുകൾ പരിശോധിക്കുമ്പോൾ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തെത്താൻ കേരള സംസ്ഥാനത്തിന് സാധിച്ചുവെന്നത് വളരെ അഭിമാനകരമായ കാര്യമാണ്. ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിയും അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റും ഇക്കാര്യത്തിൽ കാണിക്കുന്ന താത്പര്യമാണ് യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ നമുക്ക് സാധിക്കുന്നത്. ശ്രീ. മൻമോഹൻസിംഗ്-ന്റെ നേതൃത്വത്തിലുള്ള യു.പി.എ.

ഗവൺമെന്റ് ന്യൂനപക്ഷക്ഷേമത്തിനുവേണ്ടി ധാരാളം പദ്ധതികൾ നടപ്പിലാക്കിയിരുന്നു. പതിനഞ്ചിന പരിപാടികൾ വരെ പ്രഖ്യാപിച്ചുകൊണ്ട് ഒട്ടേറെ പരിഷ്ക്കരണങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ താത്പര്യപ്പെട്ടിരുന്നു. അതുപ്രകാരം കോടിക്കണക്കിന് രൂപ ഓരോ സംസ്ഥാനത്തിനും നൽകുകയും ചെയ്തിരുന്നു. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലഘട്ടങ്ങളിൽ പാലോളി കമ്മിറ്റിയുണ്ടാക്കി അതിന്റെ പ്രവർത്തനങ്ങൾ നടത്താൻ ശ്രദ്ധിച്ചിരുന്നുവെങ്കിലും പൊയ്മുഖം എന്നതിനപ്പുറം ഫലപ്രദമായി നടപ്പാക്കാനോ ന്യൂനപക്ഷത്തിന് അതിന്റെ ഗുണം ലഭ്യമാക്കാനോ സാധിക്കാതെപോയി എന്നതാണ് യാഥാർത്ഥ്യം. യു.ഡി.എഫ്. സർക്കാർ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ ഭരണം ആരംഭിച്ച നാൾ മുതൽ വലിയ മാറ്റം ഈ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇവിടെ പദ്ധതിച്ചെലവായി ഒരു കോടി രൂപ ഉണ്ടായിരുന്നത് ഇന്ന് 80 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തി ചെലവഴിക്കാൻ സാധിക്കുന്നുണ്ട്. കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ന്യൂനപക്ഷക്ഷേമത്തിനുവേണ്ടി യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള പല

പദ്ധതികളും ബി.ജെ.പി. ഗവൺമെന്റ് ഇന്ന് ഓരോരോന്നോരോന്നായി എടുത്തുമാറ്റിക്കൊണ്ടിരിക്കുന്നുവെന്ന ഞെട്ടിക്കുന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഇത്തരം പ്രവണതയ്ക്കെതിരായ കൂട്ടായ പ്രവർത്തനം നമ്മുടെ സംസ്ഥാനത്തുണ്ടാകണം. നമ്മുടെ സംസ്ഥാനം ഈ ഫണ്ടുപയോഗിച്ച് ധാരാളം പദ്ധതികൾ നടപ്പാക്കുകയും അത് മറ്റ് സംസ്ഥാനങ്ങൾക്കുപോലും മാതൃകയാക്കാവുന്ന തരത്തിൽ നമ്മുടെ സംസ്ഥാനത്തിന് ഉയർന്നു നിൽക്കാനും സാധിച്ചിട്ടുണ്ട്. ന്യൂനപക്ഷ സമുദായങ്ങളും പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്ക സമുദായങ്ങളുമെല്ലാം വലിയ പുരോഗതി കൈവരിച്ച സ്റ്റേറ്റാണ് നമ്മുടേത്. ഇവിടെ ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം കോച്ചിംഗ് സെന്റർ ധാരാളമുണ്ട്. മുൻപ് മൂന്ന് കോച്ചിംഗ് സെന്ററുകളാണുണ്ടായിരുന്നതെങ്കിൽ ഇന്നത് 16 എണ്ണമായി വർദ്ധിക്കുകയും 21 സബ്സെന്ററുകൾ അതിനോടനുബന്ധമായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 195 ബാച്ചുകളിലായി ഏതാണ്ട് 12,350 ഉദ്യോഗാർത്ഥികൾ കോച്ചിംഗ് നേടിയിട്ടുണ്ട്. അവർക്ക് വിവിധ തലങ്ങളിൽ ജോലിയും ലഭിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കോച്ചിംഗ് സെന്ററുകളിൽ പരിശീലനം സിദ്ധിച്ച ആയിരത്തോളം ഉദ്യോഗാർത്ഥികൾ ജോലി പ്രതീക്ഷിച്ച് നിൽക്കുന്നു. ഇത്തരം കോച്ചിംഗ് സെന്റർ ആരംഭിക്കാനും അതുവഴി ഉദ്യോഗാർത്ഥികൾക്ക് പരിശീലനം

ലഭിക്കാനും സാധിച്ചിട്ടുള്ളത് നമ്മുടെ സംസ്ഥാനത്ത് മാത്രമാണ്. വിധവകൾക്ക് വീട് നിർമ്മിച്ചു നൽകുന്ന കാര്യം, ഏതാണ്ട് രണ്ടു ലക്ഷത്തോളം ആളുകൾക്ക് അത് ലഭ്യമാക്കാൻ സാധിച്ചു. 2 ലക്ഷം രൂപയിൽനിന്നും 2.5 ലക്ഷം രൂപയായി തുക വർദ്ധിപ്പിച്ചു. 2013-14 ൽ 950 വീടുകൾക്കുവേണ്ടി 19 കോടി രൂപയാണ് ചെലവഴിച്ചതെങ്കിൽ നടപ്പുവർഷം 25 കോടി രൂപ ഇതിനുവേണ്ടി നീക്കി വച്ചിരിക്കുകയാണ്. ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ടിട്ടുള്ള സച്ചാർ കമ്മിഷൻ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഓരോ സംസ്ഥാനത്തിനും വിവിധ മേഖലകളിലേയ്ക്കായി ധാരാളം ഫണ്ടുകൾ അനുവദിക്കുകയുണ്ടായി. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിക്ക് 12.8 കോടി രൂപ ചെലവിൽ കഴിഞ്ഞ വർഷം 42 പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചു. നടപ്പുവർഷം ഈ മേഖലയിൽ 10.4 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുവേണ്ടി സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുകയും വിദ്യാഭ്യാസ രംഗത്ത് പുരോഗതി കൈവരിക്കാൻ വേണ്ടി ന്യൂനപക്ഷക്ഷേമ വകുപ്പിലൂടെ ധാരാളം പരിപാടികൾ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയുമാണ്. 1957-ലെ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്ത് പ്രതിപക്ഷത്തിരുന്ന മഹാനായ സി.എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ

കന്നി പ്രസംഗത്തിൽ പ്രത്യേകിച്ചും മലബാർ മേഖലയിലെ വിദ്യാഭ്യാസ രംഗത്തുണ്ടാകേണ്ട പുരോഗതി സംബന്ധിച്ച് അദ്ദേഹം സൂചിപ്പിച്ചത് രേഖയിലുണ്ട്. വിദ്യാഭ്യാസ മേഖലയിലുണ്ടാകുന്ന പരിഷ്കരണങ്ങളെക്കുറിച്ച് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. മാറിമാറി വന്ന ഗവൺമെന്റുകൾ ഈ രംഗത്ത് കാര്യമായി പ്രവർത്തിക്കുകയും സൂക്ഷ്മതയോടുകൂടി അതിന് നേതൃത്വം നൽകുകയും വിദ്യാഭ്യാസ മേഖലയിൽ സ്കോളർഷിപ്പ് പോലെയുള്ള പദ്ധതികൾ ഏർപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായി വിദ്യാഭ്യാസ, സാംസ്കാരിക രംഗത്ത് വലിയ പുരോഗതി ന്യൂനപക്ഷങ്ങൾക്കുണ്ടായിട്ടുണ്ട്. സ്കോളർഷിപ്പ് ഇനത്തിൽ 7 കോടി രൂപയാണ് ഈ വർഷം ചെലവഴിച്ചിട്ടുള്ളത്. 7 കോടി രൂപ കഴിഞ്ഞ വർഷം ചെലവഴിച്ചു. ഈ വർഷം 8 കോടി രൂപ ചെലവഴിക്കുന്നതിനുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന ക്ലാസ് നൽകുന്നതിനും I.C.W.A., C.A. കോഴ്സുകൾ പഠിക്കുന്നവർക്ക് അതിനാവശ്യമായ സംവിധാനമൊരുക്കിയും ധാരാളം പണം ഈ മേഖലയിൽ ചെലവഴിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 50 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ധാരാളം വിദ്യാർത്ഥികൾക്ക് ഇതിന്റെ ഫലം എത്തിച്ചു കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ധാരാളം കാര്യങ്ങൾ ഈ മേഖലയിൽ ചെയ്തിട്ടുണ്ട്.

ഇനിയും ധാരാളം ചെയ്യാനുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തെയും മറ്റു പിന്നോക്ക വിഭാഗങ്ങളെയും ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവരെയും വിദ്യാഭ്യാസ, സാംസ്കാരിക രംഗത്ത് വലിയ മാറ്റങ്ങൾക്ക് വിധേയമാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജോസ് തെറ്റയിൽ:- സർ, വളരെയേറെ കൗതുകകരമായ ചർച്ചകൾ നടക്കേണ്ടുന്ന സബ്ജക്ടാണ്. കാരണം ആദിലോകത്തിന്റെ സാംസ്കാരിക പ്രശ്നങ്ങളും ആധുനിക ലോകത്തിന്റെ സാംസ്കാരിക പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെടേണ്ട സമയമാണിത്. ഒന്ന്, പട്ടികജാതി പട്ടികവർഗ്ഗത്തിന്റെയും രണ്ട്, ആധുനിക ലോകത്തെ കാര്യമായ വിനോദസഞ്ചാരവും. അത് ചർച്ച ചെയ്യുമ്പോൾ ബി.സി. ഒന്നാമാണ്ടിലെ കാര്യവും എ.ഡി. 2000 ത്തിലേതും ചർച്ച ചെയ്യേണ്ടി വരികയാണ്. ഇരുട്ടിൽ ഇല്ലാത്ത പൂച്ചയെ തപ്പുന്ന അന്ധന്റെ അന്വേഷണത്തിന്റെ കഥയാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഇവിടെ സത്യത്തിൽ നിന്നകന്ന് യഥാർത്ഥത്തിൽ അവതരിപ്പിക്കപ്പെടാത്തതും എന്നാൽ സാങ്കേതികതയിൽ മാത്രം ഊന്നിയതുമായ ഒരു ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ചയാണ് നടക്കുന്നത്. ഈ ചർച്ച നടക്കുമ്പോൾ കേരളത്തിലെ സാധാരണ മനുഷ്യന്റെ മന:സാക്ഷിക്കുമുമ്പിൽ എന്നും ഒരു

ചോദ്യചിഹ്നമായി നിൽക്കുന്ന വിഷയമാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പൊതുസ്ഥിതി - പ്രത്യേകിച്ച് അവരുടെ ആരോഗ്യരംഗം. നമ്മളെല്ലാവരും സാക്ഷരകേരളം, ആരോഗ്യകേരളം എന്നുതുടങ്ങി മധുരമനോജ്ഞമാം മോഹനമായ വാക്കുകൾ പറഞ്ഞ് അഭിമാനം കൊള്ളാറുണ്ട്. പക്ഷേ ആദിവാസികൾക്ക് എന്തു സംഭവിക്കുന്നുവെന്നുള്ളതിനെക്കുറിച്ച് വൃഥാ വാഗ്‌വിലാസം കൊണ്ട് പറഞ്ഞു നിറുത്തുകയാണ്. ഇവിടെ UNICEF-ന്റെ പഠനം, നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ന്യൂട്രീഷന്റെ പഠനം തുടങ്ങിയ വിദഗ്ദ്ധ സംഘടനകളുടെ എത്രയെത്ര പഠനങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ഇവിടെ ശിശുമരണങ്ങൾക്ക് വല്ല കുറവുമുണ്ടോ? എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിയതായും പറയുന്നുണ്ട്. എന്നാൽ പ്രസവത്തോടുള്ള എത്ര മാതൃമരണങ്ങൾ നടന്നു; ഇതൊക്കെ നമ്മുടെ ആദിവാസി കോളനികളിൽ നടക്കുമ്പോൾ അതിനെന്താണ് പരിഹാരമെന്ന് വർത്തമാനം പറയുന്നതല്ലാതെ ഒന്നും നടക്കുന്നില്ല. കേരളത്തിലെ പത്രമാധ്യമങ്ങളും മറ്റു വിഷ്വൽ മീഡിയകളും ആദിവാസികളുടെ പ്രശ്നങ്ങൾക്കായി കൂടുതൽ സ്ഥലവും സമയവും നീക്കിവയ്ക്കുകയാണ്. പക്ഷേ ഇതിനെക്കുറിച്ച് ഒരു പരിഹാരവും നിർദ്ദേശിക്കപ്പെടുന്നില്ല. അഥവാ നിർദ്ദേശിക്കപ്പെടുകയാണെങ്കിൽ അത് പ്രായോഗികമായി വരുന്നുമില്ല. ഇതൊക്കെ കാണുമ്പോൾ വലിയൊരു ചോദ്യചിഹ്നം

നമ്മുടെ മുമ്പിലുണ്ട്. മുൻകാലങ്ങളിൽ കണ്ടുവന്നിരുന്ന നക്സലൈറ്റുകൾ അടുത്ത കാലത്ത് ഏറ്റവും കൂടുതൽ വർക്ക് ചെയ്തിരുന്ന സ്ഥലം വയനാട് പോലുള്ള പ്രദേശങ്ങളിലെ ആദിവാസി പട്ടികജാതി കോളനികളിലാണ്. ആദിവാസി കോളനികൾ മാവോയിസ്റ്റുകളുടെ വിളനിലമായി മാറിയിരിക്കുകയാണ്. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ കണ്ണുതുറപ്പിക്കേണ്ട ഒരു സംഭവമാണ്. ആദിവാസികളുടെ നിഷ്കളങ്കമായ മനസ്സുകൊണ്ടു മാത്രമല്ല, അവരുടെ ഇന്നുള്ള അവസ്ഥയും അവരെ മാവോയിസ്റ്റ് പാതയിലേയ്ക്ക് തള്ളിനയിക്കുകയാണ്. ഭൗതിക സാഹചര്യങ്ങളെക്കുറിച്ച് വിസ്മരിച്ചുകൊണ്ടാണ് നമ്മൾ ഇതിനെക്കുറിച്ച് പറയുന്നത്. ഇത് കേവലം തീവ്രമായ വാദത്തിന്റെ ഭാഗം മാത്രമല്ല, ഇത് ഒരു രാഷ്ട്രീയ പ്രശ്നം കൂടിയാണ്. ആ രാഷ്ട്രീയ പ്രശ്നം അഡ്രസ്സ് ചെയ്യുമ്പോൾ നാളിതുവരെയുള്ള രാഷ്ട്രീയ പ്രവർത്തനങ്ങളെ നിഷ്പ്രഭമാക്കുന്ന വെല്ലുവിളികളാണ് അതുണ്ടാക്കുന്നത്. മാവോയിസ്റ്റ് പ്രവർത്തനങ്ങൾ ഉരുക്കുമുഷ്ടി ഉപയോഗിച്ച് അടിച്ചമർത്തുകയല്ല വേണ്ടത്, കേവലം ഗാന്ധിയൻ മാർഗ്ഗത്തിന്റെ സാവധാനതയും ഇന്ന് ആദിവാസികൾക്ക് അന്യമാണ്. ഇതിനെല്ലാം ഉത്തരവാദികൾ നമ്മൾ പൊതുധാരാ രാഷ്ട്രീയക്കാരെല്ലാം തന്നെയാണ്. അന്യോന്യം പഴി പറഞ്ഞ്, നിങ്ങളുടെ കാലത്ത് എന്തുചെയ്തു; ഞങ്ങളുടെ കാലത്ത് എന്തു ചെയ്തുവെന്നതിനുപകരം കൂട്ടായ പരിശ്രമമാണ് ഇതിന് വേണ്ടത്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നമുക്കെതിരെ ഉന്നയിക്കുന്ന ഒരു ചോദ്യത്തിന് ഒരു പരിഹാരം കാണണ്ടേ. മാവോയിസ്റ്റുകൾ ഉയർത്തുന്ന പ്രശ്നങ്ങൾക്ക് രാഷ്ട്രീയമായി തന്നെ ഉത്തരം കണ്ടെത്തണം. ഇത് ക്രമസമാധാന വിഷയം മാത്രമല്ല, അല്ലാതെയുള്ള അടിസ്ഥാന പരിഹാരത്തിന് എന്താണ് ചെയ്യേണ്ടത്. പ്രസംഗം മാത്രമല്ല ആവശ്യം. പട്ടികജാതിക്കാരുടെ സ്വയംസഹായ സംരംഭത്തിനായി 2011-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 3 കോടിയോളം വരുന്ന തുക കെപ്കോയ്ക്ക് അനുവദിച്ചിട്ട് ഇന്ന് അതിന്റെ സ്ഥിതിയെന്താണ്? അത് ഉപയോഗിക്കപ്പെടുന്നില്ല എന്നുള്ളതാണ് കഴിഞ്ഞ ദിവസം പത്രത്തിൽ വന്ന വാർത്ത. മറ്റൊരു കാര്യം, വയനാട് കോളനിയിൽ കുരങ്ങുപനി. ഇതിന് പരിഹാരം കാണണ്ടേ; പ്രസംഗിച്ചതുകൊണ്ട് കാര്യമുണ്ടോ. ഇത്തരത്തിലുള്ള ഓരോ പരിപാടികളെക്കുറിച്ചുള്ള പത്രവാർത്തകൾ വരുന്നു. ആദിവാസികളുടെ ചികിത്സയ്ക്കായി സർക്കാർ പണം മുടക്കുന്നതിനെക്കുറിച്ച് 'സർക്കാരിന്റെ വാഗ്ദാനം ജലരേഖ' എന്നു തുടങ്ങി നിരവധി...... ഇതൊക്ക ഗവൺമെന്റിന്റെ കണ്ണ് തുറപ്പിക്കേണ്ടതാണ്. അതുപോലെ അട്ടപ്പാടിയിൽ കാറ്റാടി ഉടമകൾക്ക് കാശ് കിട്ടിയതിനെക്കുറിച്ച് പറയുന്നുണ്ട്. ഇതൊക്കെ പറയുമ്പോൾ വളരെ ഗുരുതരമായ പ്രശ്നങ്ങൾ ഇതിനുണ്ട്. അങ്ങനെ അഡ്രസ്സ് ചെയ്തിട്ടുള്ളതിനെ കണ്ടെത്താനും

നേരിടാനുമുള്ള മാർഗ്ഗങ്ങൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

ടൂറിസം, കേരളത്തിന്റെ ഏറ്റവും ഉയർന്ന വരുമാനമാർഗ്ഗമുള്ള ഒരു മേഖലയാണ്. കേരളത്തിൽ ഓരോ സമയത്ത് വരുന്ന ഓരോ തരത്തിലുള്ള പനി - പക്ഷിപ്പനി, കുരങ്ങുപ്പനി ഇതൊക്കെ വരുമ്പോഴും മദ്യനയം മാറുമ്പോഴും കേരളത്തിൽ ടൂറിസ്റ്റുകളുടെ എണ്ണം കുറയുകയാണ്. മൺസൂൺ ടൂറിസം ഇത്തവണ നമുക്ക് ലഭിച്ചില്ല, മൺസൂൺ ഇല്ലാത്തതുകൊണ്ടാകാം. വിനോദസഞ്ചാരമേഖലയ്ക്ക് പനി ബാധിച്ചുവോ എന്ന് തോന്നത്തക്കവിധത്തിലാണ് കാര്യങ്ങൾ പോകുന്നത്. എന്തൊക്കെ പരിപാടികളാണ് നമ്മളിവിടെ തുടങ്ങിയത്. എക്കോ ടൂറിസം, ഫോറസ്റ്റും ഡി.റ്റി.പി.സി.-യും ചേർന്ന് നടത്താൻ ഉദ്ദേശിച്ചിട്ടുള്ള പരിപാടികൾ, കേരള അഡ്വഞ്ചർ ടൂറിസം, 14 ജില്ലയിലും പ്രൊമോഷൻ സൊസൈറ്റിയുടെ ഇത്തരത്തിലുള്ള പരിപാടികൾ നടത്താൻ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ലേ; അതുപോലെ റെസ്പോൺസിബിൾ ടൂറിസം. എന്തൊക്കെ വാക്കുകൾ ഉപയോഗിച്ചുള്ള ഗുസ്തിയാണ് നടക്കുന്നത്. ഈ പരിപാടികളൊക്കെ എന്തായി? KITTS-ന്റെ ആഭിമുഖ്യത്തിലുള്ള പല പരിപാടികളെക്കുറിച്ച് പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലെ മലയാറ്റൂരിൽ തുടങ്ങാനുള്ള KITTS-ന്റെ കോഴ്സ് ഒന്നുമായിട്ടില്ല. അതുപോലെ 'Gods own country, Peoples on tourism' - എന്ന

ജനകീയ ടൂറിസം പരിപാടി നടക്കുന്നുണ്ടോ? കേന്ദ്ര സഹായത്തോടെ വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയ പദ്ധതികളിൽ ക്രമക്കേട് ആരോപിച്ച് ടൂറിസം സെക്രട്ടറി, ഡയറക്ടർ എന്നിവരോട് വിശദീകരണം ആവശ്യപ്പെട്ടുവെന്ന പത്രറിപ്പോർട്ടിന്മേൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. അതിന്റെ യാഥാർത്ഥ്യം എന്താണെന്ന് അറിയണം. കേന്ദ്ര സഹായം നഷ്ടപ്പെടാൻ ഇടയാക്കിയിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ മറുപടി നൽകിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച കില നല്ല നിലയിൽ പോകുന്നുണ്ടെങ്കിലും പട്ടികജാതി കോളനികളിലെ ഒരു കോടി രൂപയുടെ സ്വയംപര്യാപ്തത പദ്ധതികൾ ഒരിടത്തും ഫലപ്രദമായി നടക്കുന്നില്ല. കിലയുടെ നേതൃത്വത്തിൽ നടന്ന ചില നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് അത് വന്നിട്ടുള്ളത്. കിലയും ശാസ്ത്രീയമായ പഠനം നടത്തിയിട്ടല്ല, അതിന്റെ കമ്പോണന്റ്സ് മാറ്റണം. അതൊന്നും നടപ്പിലാക്കാൻ കഴിയുന്നില്ല. ഒരു കാര്യം എനിക്ക് നിർദ്ദേശിക്കാനുള്ളത്, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ഒരു പ്രശ്നം സാമൂഹിക പിന്നോക്കവാസ്ഥയാണ്. ഈ കോളനി സംസ്കാരം മാറണം, അത് പ്രധാനമുള്ള ഒരു കാര്യമാണ്. കോളനി സംവിധാനം പട്ടികജാതിക്കാരെ വീണ്ടും വീണ്ടും പിന്നോക്കക്കാരായി നിറുത്തുകയും അവരെ അതിൽനിന്നും ഒരിക്കലും

മോചിപ്പിക്കാത്ത അവസ്ഥയുമാണുള്ളത്. അതിനാൽ കോളനികൾക്കു പുറത്ത് പട്ടികജാതിക്കാർ വളരണം. അതുപോലെ അവരുടെ ജീവിതത്തിലുള്ള മറ്റു കാര്യങ്ങളെക്കുറിച്ച് പറയണം.

അങ്കമാലി കേന്ദ്രീകരിച്ച് ചില പ്രധാന പ്രശ്നങ്ങളുണ്ട്. കാലടി, മലയാറ്റൂർ തീർത്ഥാടന ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്. അവിടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്ന് പറഞ്ഞു. രണ്ടുവർഷമായിട്ടും തയ്യാറാക്കിയിട്ടില്ല. തയ്യാറാക്കി വന്നതിനെക്കുറിച്ച് ഫലപ്രദമായി ഒന്നും ചെയ്യുന്നില്ല. അടുത്ത കാലത്ത് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് അതിരപ്പിള്ളി, ഞങ്ങളുടെ സ്ഥലത്തുള്ള ഏഴാറ്റുമുഖം, പുതിയ സസ്പെൻഷൻ ബ്രിഡ്ജ്...... ആ ബ്രിഡ്ജ് നന്നാക്കി ഇപ്പോൾ കൂടുതൽ ആളുകൾ വരുന്നുണ്ട്. പക്ഷേ ഏഴാറ്റുമുഖത്തിനെ ഡെസ്റ്റിനേഷൻ സെന്ററാക്കി മാറ്റിയിട്ടില്ല. കാലടിയും മലയാറ്റൂരും ഡെസ്റ്റിനേഷൻ സെന്ററുകളാണെങ്കിലും അവിടെയൊന്നും ലഭിക്കുന്നില്ല. എന്റെ ആസ്തി വികസന ഫണ്ടിൽ നിന്ന് 2.5 കോടി രൂപ മുടക്കി മറ്റു തരത്തിലുള്ള പ്രവർത്തനങ്ങൾ അവിടെ ചെയ്തിട്ടുണ്ട്. പക്ഷേ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു രൂപയും മുടക്കിയിട്ടില്ല. ആകെ നടത്തിയത് അതിന്റെ പഠനത്തിനു വേണ്ടിയുള്ളതു മാത്രമാണ്. ഇത്തരത്തിലുള്ള പ്രാധാന്യമർഹിക്കുന്ന കാര്യങ്ങൾക്കു വേണ്ടി....മലയാറ്റൂർ മഹാഗണിതോട്ടം, മണപ്പാട്ടുകര.....ഫൗണ്ടൻ

ഉൾപ്പെടെയുള്ള നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് നൽകിയിട്ടുണ്ട്. രാജ്യാന്തര ടൂറിസ്റ്റുകൾക്ക് പകരം നമ്മുടെ നാട്ടിലെ ആഭ്യന്തര ടൂറിസ്റ്റുകൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഈ വകുപ്പ് കൊണ്ട് കാര്യമില്ല. കേരളം പിന്നോട്ടുപോകും. അതുകൊണ്ട് ഇത്തരത്തിലുള്ള കാര്യങ്ങൾ പരിഗണിക്കണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വിനോദ സഞ്ചാര മേഖലയിൽ കേരളം ലോക ഭൂപടത്തിലേയ്ക്ക് ഉയർന്ന നാലുവർഷങ്ങൾ, മികച്ച വിനോദ സഞ്ചാര ആസൂത്രണത്തിനും നിർവ്വഹണത്തിനുമുള്ള ഐക്യരാഷ്ട്ര സഭയുടെ ടൂറിസം ബഹുമതിയായ ഉലിസസ് പുരസ്കാരം രാജ്യത്ത് ആദ്യമായി നമ്മുടെ ടൂറിസം ഡിപ്പാർട്ടുമെന്റിന് ലഭിച്ചു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും ഡിപ്പാർട്ടുമെന്റിനെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഞാൻ ഇവിടെ നടന്ന പ്രസംഗം ശ്രദ്ധിക്കുകയായിരുന്നു. ടൂറിസം ഡിപ്പാർട്ടുമെന്റ് എന്ത് ചെയ്തുവെന്നാണ് ശ്രീ. ജോസ് തെറ്റയിൽ ചോദിച്ചു നിർത്തിയത്. എന്തുകൊണ്ട് ഇത് കാണുന്നില്ലായെന്നുള്ളതാണ് ഏറ്റവും ദു:ഖകരമായ സംഭവം. കേരളം പ്രകൃതി രമണീയമാണ്. അനുഗ്രഹീതമായ മലകളും പുഴകളും തടാകങ്ങളും തണ്ണീർത്തടങ്ങളുമുള്ള നമ്മുടെ സംസ്ഥാനം ആ നിലയിൽ ഏറെ സമ്പന്നമാണ്. ഈ സാധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള

വികസന നയമാണ് ഈ രംഗത്ത് നമുക്ക് സ്വീകരിക്കേണ്ടതായിട്ടുള്ളത്. സംസ്ഥാനത്തെ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ 9 ശതമാനം വിനോദസഞ്ചാര മേഖലയിലാണ്. അതായത്, രണ്ടാം സ്ഥാനം ഇന്ന് നമുക്കുണ്ട്. വൈവിദ്ധ്യമുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ കൊണ്ട് ടൂറിസത്തിന്റെ വ്യത്യസ്ത തലങ്ങളെ സ്പർശിച്ചുകൊണ്ടുള്ള സർവ്വതല സ്പർശിയായ വികസന തന്ത്രമാണ് ഇവിടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. ഉദാഹരണത്തിന്, ചരിത്രാതീതകാലത്തിന്റെ പൈതൃകവും സംസ്കാരവും പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുന്ന മുസിരീസ് പൈതൃക പദ്ധതി. രാജ്യത്ത് ആദ്യമായി നടപ്പിലാക്കിയ വാട്ടർ ടാക്സി പദ്ധതി, ഇലവീഴാപൂഞ്ചിറ ഉൾപ്പെടെയുള്ള മേഖലയിലെ ടൂറിസം സാധ്യതകളെ പരിചയപ്പെടുത്തുന്ന ഗ്രീൻ ടൂറിസം സർക്യൂട്ട്, പ്രകൃതി അനുഗ്രഹിച്ച ഒട്ടേറെ സ്ഥലങ്ങളെയും ആരാധനാലയങ്ങളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ടൂറിസം വികസനം ഇതെല്ലാം സമൂഹത്തിൽ നടക്കുന്നത് കാണുന്നില്ലായെന്ന് പറയുന്നത് ഏറെ വിചിത്രമല്ലേ. ടൂറിസം നയം നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ടൂറിസം മേഖലയ്ക്ക് ദിശാബോധവും പിന്തുണയും ഉറപ്പാക്കി നമ്മുടെ സംസ്ഥാനത്തിന്റെ മുഖ്യ മേഖലയിലേയ്ക്ക് വളർത്തിയെടുക്കാൻ കഴിഞ്ഞിരിക്കുന്നുവെന്നുള്ളത് ഏറെ ശ്രദ്ധേയമാണ്. ലക്ഷ്യബോധത്തോടുകൂടിയുള്ള ടൂറിസ നയപ്രഖ്യാപനം കേരള

ജനതയും അതോടൊപ്പം എല്ലാവരും പ്രതീക്ഷിച്ചതാണ്. ഈ കാര്യത്തിൽ യാഥാർത്ഥ്യബോധത്തോടുള്ള വകുപ്പ് സംരംഭകരെയും ഏകോപിപ്പിക്കാനുള്ള ശ്രമങ്ങൾ ഇതിന്റെ ഭാഗമായി നടന്നിട്ടുണ്ട്. ഉത്തരവാദിത്വ ടൂറിസം പദ്ധതി എടുത്തുപറയേണ്ടതാണ്. ടൂറിസത്തിന്റെ ഗുണഫലങ്ങൾ തദ്ദേശവാസികൾക്ക് ലഭിക്കുക തന്നെയാണ് ഉത്തരവാദിത്വ ടൂറിസം പദ്ധതി. ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം കേരള ടൂറിസത്തിന് അംഗീകാരം നേടികൊടുക്കാൻ കഴിഞ്ഞുവെന്നുള്ളതും ഏറെ ശ്രദ്ധേയമായ കാര്യം തന്നെയാണ്. ടൂറിസം രംഗത്തുള്ള ഇത്തരം കാര്യങ്ങളെ കണ്ടില്ലായെന്നുള്ള നിലയിൽ ഇവിടെ പ്രതിപക്ഷം നടത്തുന്ന പരാമർശങ്ങൾ ഏറെ അപമാനകരമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചയുടെ മുഖ്യ വരുമാന മാർഗ്ഗവും ദേശീയ, വിദേശീയ അതോടൊപ്പം തന്നെ ആഭ്യന്തര ടൂറിസ്റ്റുകൾക്ക് കൂടുതലായി വരാനുള്ള അവസരങ്ങളും ഒരുക്കിക്കൊടുക്കുകയാണ് പൊതുവേ ചെയ്യേണ്ടത്. ഇടുക്കി ടൂറിസത്തിന് വളരെയേറെ പ്രാധാന്യം അർഹിക്കുന്ന പ്രദേശമാണ്. പ്രകൃതി ഭംഗി കൊണ്ടും കാലാവസ്ഥ കൊണ്ടും ഇടുക്കി ജില്ലയ്ക്ക് ഒട്ടേറെ ടൂറിസം സാധ്യതയുണ്ട്. ഇടുക്കി ജില്ലയിലേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിപ്പിക്കുന്നതിന് വിവിധ പോയിന്റുകളെ തമ്മിൽ ബന്ധിപ്പിച്ച് ഗ്രാമീണ ടൂറിസം പദ്ധതി നടപ്പിലാക്കാൻ 2013-14 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇടുക്കി ആർച്ച് ഡാമിനോട്

ചേർന്നുള്ള ഹിൽ വ്യൂ പാർക്ക്, കല്യാണത്തണ്ട്, അഞ്ചുരുളി, പാണ്ടിപ്പാറ, കാറ്റാടിപ്പാറ, ഉമികുപ്പമല, പാൽകുളംമേട്, മീനുളിയാൻ പാറ, കരിമ്പൻ കുത്ത്, കീഴാർകുത്ത്, വ്യൂ പോയിന്റ്, കുളമാവ് എന്നീ പോയിന്റുകൾ എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്. ഇവയിൽ റവന്യൂ, വനം, വൈദ്യുതി വകുപ്പുകളോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളായതുകൊണ്ട് അവയെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു ഗ്രാമീണ ടൂറിസം നടപ്പിലാക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളണം. ഇടുക്കി ആർച്ച് ഡാം ഏറ്റവും ശ്രദ്ധേയമായ ഒന്നാണ്. ശനി, ഞായർ ഉൾപ്പെടെയുള്ള അവധി ദിവസങ്ങളിലും ഇന്ന് സന്ദർശകർക്ക് അനുമതി ലഭിച്ചതോടുകൂടി ജില്ലയിലേയ്ക്ക് നിരവധിയായ ടൂറിസ്റ്റുകൾ വന്നുചേരുന്നു. അതിനോടനുബന്ധമായ ഹിൽവ്യൂ പാർക്കിൽ ആർട്ട് ഗ്യാലറിയും മ്യൂസിയവും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇത് സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി കൈക്കൊള്ളണം. ജില്ലയിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്കാവശ്യമായ താമസവും മറ്റ് സൗകര്യങ്ങളും നൽകാനാകുന്നില്ല. അതിനായി അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയ യാത്രി നിവാസ് പോലുള്ള ഹോട്ടൽ സമുച്ചയം 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇത് നടപ്പിലാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ

മീറ്റിംഗ് ചേർന്നിരുന്നു. അത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഡി.ടി.പി.സി.-യുടെ കൈവശമുള്ള അഞ്ചേക്കർ സ്ഥലം ഇതിനുവേണ്ടി കണ്ടെത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രോജക്ട് എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനുള്ള അനുമതിയുണ്ടാകണം. ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായി മൂന്നാർ-തേക്കടി-ഇടുക്കി എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള ടൂറിസം പാക്കേജ് നടപ്പിലാക്കുന്നതിനും അനുബന്ധമായ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സാധിക്കണം. അതോടൊപ്പം തന്നെ പട്ടികജാതി വികസന വകുപ്പ്, ഇന്ന് ഏറ്റവും ശ്രദ്ധേയമായ മാറ്റങ്ങൾക്ക് വഴിയൊരുക്കിയിരിക്കുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മെഡിക്കൽ കോളേജ്. നമ്മുടെ രാജ്യത്ത് തന്നെ ആദ്യമായി പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രത്യേകിച്ച് പിന്നോക്ക വിഭാഗങ്ങളിലുള്ള കുട്ടികൾക്ക് പഠിക്കാൻ അവസരമൊരുക്കുന്ന സാഹചര്യം കേരളത്തിൽ സംജാതമായിരിക്കുന്നു. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ വിജയിച്ച് വരുന്നവരിൽ 25 ശതമാനത്തോളം വിദ്യാർത്ഥികൾക്കുപോലും ഇന്ന് അഡ്മിഷൻ കിട്ടാൻ സാധ്യമല്ലാതിരുന്ന കാലഘട്ടത്തിലാണ് പാലക്കാട്ടെ ഈ സംരംഭത്തിന്റെ പ്രസക്തി നാം തിരിച്ചറിയേണ്ടത്. നൂറ് കുട്ടികൾക്ക് 2014-15 വർഷത്തിൽ അവിടെ

അഡ്മിഷൻ നൽകാൻ കഴിഞ്ഞുവെന്നുള്ളത് ഈ ഗവൺമെന്റിനെ മുക്തകണ്ഠം പ്രശംസിക്കേണ്ടതാണ്. വിദ്യായാത്രാ പദ്ധതി, കുട്ടികളെ കൂടുതലായി സ്കൂളുകളിലേയ്ക്ക് ആകർഷിക്കാൻ കഴിയത്തക്ക വിധത്തിൽ എട്ടാംതരം മുതലുള്ള കുട്ടികൾക്ക് സൈക്കിൾ കൊടുക്കുന്ന പദ്ധതി ഏറെ ശ്രദ്ധേയമായാണ് കാണുന്നത്. വാത്സല്യനിധി, വിജ്ഞാൻവാടി - ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയുള്ള കമ്പ്യൂട്ടർ വായനാശാല സജ്ജീകരിച്ചുകൊണ്ട് കോളനികളോട് ചേർന്ന് വിജ്ഞാൻവാടികൾ പ്രവൃത്തി പഥത്തിൽ വന്നതോടുകൂടി ഏറെ വലിയ മാറ്റങ്ങളാണ് നമുക്ക് ഈ രംഗത്ത് കാണാൻ കഴിഞ്ഞിട്ടുള്ളത്. തൊഴിൽ പരിശീലനത്തിനുള്ള നടപടികൾ- ഇന്ന് അഭ്യസ്തവിദ്യരായ ആളുകളെ കണ്ടെത്തുന്നതിനും അവരെ തൊഴിൽ പരിശീലിപ്പിക്കുന്നതിനും പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടി ഒരു തൊഴിൽ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 3771 യുവാക്കൾക്ക് തുടക്കത്തിൽ ഈ പദ്ധതിയിൽ നിന്ന് പ്രയോജനം ലഭിക്കുകയുണ്ടായി. കെ.ടി.ഡി.സി. മുഖാന്തരം 400 വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് പഠിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയതിലൂടെ അവിടെ നിന്ന് പഠിച്ചിറങ്ങിയ 15 വിദ്യാർത്ഥികൾക്ക് വിദേശത്ത് ജോലി ലഭിച്ചുപോയിരിക്കുന്നുവെന്നുള്ളത് നമുക്ക് കാണാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതോടൊപ്പം തന്നെ ഇത്

താരതമ്യ പഠനത്തിന് വിധേയമാക്കണം. ഇവിടെ ഇന്ന് ചർച്ചയ്ക്ക് തുടക്കം കുറിച്ച ശ്രീ. കെ. വി. വിജയദാസ്, പണം ചെലവഴിച്ചില്ലായെന്ന ആക്ഷേപമാണ് ഉന്നയിച്ചത്. ഇക്കാര്യം ഞാൻ ശ്രദ്ധിക്കുകയായിരുന്നു. പണം ചെലവഴിക്കുന്ന കാര്യത്തിൽ എവിടെയാണ് പിശുക്ക് കാണിച്ചത്. എൽ.ഡി.എഫ്., യു.ഡി.എഫ്. കാലഘട്ടത്തിന്റെ താരതമ്യ പഠനത്തിന് നമ്മൾ തയ്യാറാകണം. അതിന് യാതൊരു തരത്തിലുള്ള പിശുക്കുണ്ടാകാൻ പാടില്ല. ഭൂമി വാങ്ങുന്ന കാര്യത്തിൽ 131.59 കോടി രൂപ കഴിഞ്ഞ 2006 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് വിനിയോഗിച്ചുവെങ്കിൽ ഈ കാലയളവുകൊണ്ട് 575.26 കോടി രൂപ വിനിയോഗിച്ചുകഴിഞ്ഞു. വീടിനുവേണ്ടി 274 കോടി രൂപ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിനിയോഗിച്ചുവെങ്കിൽ ഇപ്പോൾ 398 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. ചികിത്സാധനസഹായം അമ്പരപ്പിക്കുന്നതല്ലേ, 20 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് 57.91 കൂടി രൂപ ഈ കാലഘട്ടത്തിൽ ചെലവഴിച്ചുകഴിഞ്ഞു. വിവാഹ ധനസഹായം 16.63 കോടി രൂപയാണ് കഴിഞ്ഞ കാലഘട്ടത്തിൽ നിങ്ങൾ ചെലവഴിച്ചതെങ്കിൽ 143 കോടി രൂപ ചെലവഴിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. മിശ്ര വിവാഹ ധനസഹായം 13 കോടി 38 ലക്ഷമായിരുന്നെങ്കിൽ 42 കോടി 17 ലക്ഷമായി ഉയർന്നിരിക്കുന്നു.  സ്വയം തൊഴിൽ സബ്സിഡി 10.42 കോടി രൂപ

ആയിരുന്നുവെങ്കിൽ 15 കോടി രൂപ കഴിഞ്ഞിരിക്കുന്നു. അതീവ ദുർബല വിഭാഗത്തിനുള്ള പദ്ധതികൾ 6.97 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് 47.92 കോടി രൂപ ചെലവഴിച്ചു. ഇതല്ലേ താരതമ്യ പഠനത്തിന് എടുക്കേണ്ടത്. ഇത്തരം കാര്യങ്ങളെ അംഗീകരിക്കുകയല്ലേ വേണ്ടത്. ഈ വിഭാഗത്തോട് താൽപ്പര്യവും സ്നേഹവും പുലർത്തുകയാണ് നിങ്ങളുടെ ഉദ്ദേശമെങ്കിൽ ഇത്തരം കാര്യങ്ങളെ പ്രോത്സാഹിപ്പിക്കാനും കൂടുതലായി അവർക്ക് ആനുകൂല്യങ്ങൾ ചെയ്തു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റിനെ ഉത്തേജിപ്പിക്കുകയുമാണ് ചെയ്യേണ്ടിയിരുന്നത്. പട്ടികവർഗ്ഗ ക്ഷേമവകുപ്പ് സമസ്ത മേഖലയിലെയും മാറ്റങ്ങൾക്ക് സമഗ്രമായ വഴി ഒരുക്കിയിരിക്കുന്നുവെന്നുള്ളത് ഏറെ സന്തോഷകരമാണ്. ഏറ്റവും ശ്രദ്ധേയമായത് ഭവനനിർമ്മാണ പദ്ധതി തന്നെയാണ്. സ്വന്തമായി ഭൂമിയുള്ളതും ഭവനരഹിതരുമായ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് വീട് വയ്ക്കാൻ സഹായം നൽകുന്ന പദ്ധതി ഏറെ ശ്രദ്ധേയമായിരിക്കുന്നു. 2015-16 വർഷത്തിൽ 30308 ഭവനരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. 2.5 ലക്ഷം രൂപയാണ് ഒരു വീട് നിർമ്മിക്കാൻ നൽകുന്നത്. ആ നിലയിൽ നാലുവർഷം കൊണ്ട് 8374 പേർക്ക് ധനസഹായം കൊടുത്തു കഴിഞ്ഞിരിക്കുന്നുവെന്നുള്ളത് തീർച്ചയായും ഏറെ സന്തോഷകരമാണ്.

ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള പദ്ധതി- ഇന്ന് ഭൂരഹിതരായ പട്ടികവർഗ്ഗകാർക്ക് 25 സെന്റിൽ കുറയാതെ ഒരേക്കർ വരെയുള്ള ഭൂമി നൽകുന്ന പദ്ധതിയിലൂടെ പത്ത് ലക്ഷം രൂപ ചെലവഴിക്കാൻ കഴിയുന്നു. വിവിധ ജില്ലകളിലായി 144 കോടി രൂപ ചെലവഴിച്ചിരിക്കുന്നു. കോളനികളെ കുറിച്ച് സൂചിപ്പിച്ചു. ഹാംലെറ്റ് പദ്ധതി കോളനികളുടെ നവീകരണമാണ് ഉദ്ദേശിക്കുന്നത്. ആ പദ്ധതി ഏറെ നല്ലതാണ്. നടക്കുന്നില്ലായെന്ന് പറയുന്നത്, പദ്ധതി അനുവദിച്ച് കിട്ടിയ മേഖലയിലുള്ള എം.എൽ.എ.-മാർ അത് പറയുമെന്ന് ഞാൻ വിചാരിക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ കിട്ടിയിട്ടുള്ള പദ്ധതികൾ നടക്കുന്നുണ്ട്. അത് മോണിറ്റർ ചെയ്യാനുള്ള അവകാശം എം.എൽ.എ.-യ്ക്കുണ്ട്. സമയബന്ധിതമായി വിളിച്ചുകൂട്ടി ആ ജോലി ചെയ്യിക്കുന്ന കാര്യത്തിൽ ജാഗ്രത പുലർത്തിവേണം ചെയ്യേണ്ടത്. ആ കോളനികൾക്കാവശ്യമായ സൗകര്യം ചെയ്തുകൊടുക്കാൻ നമ്മൾ കുറേക്കൂടി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം തന്നെ ഗോത്രസാരഥി പദ്ധതി- വിദ്യാർത്ഥികൾക്ക് സ്കൂളുകളിലേയ്ക്ക് പോകുന്നതിനുള്ള സൗകര്യം ഉറപ്പുവരുത്താനും വിദ്യാഭ്യാസ മേഖലയിൽ കുട്ടികൾക്ക് കൊഴിഞ്ഞുപോക്കുണ്ടെങ്കിൽ അതൊഴിവാക്കാൻ കഴിയത്തക്ക വിധത്തിൽ ഗോത്രസാരഥി പദ്ധതിയിലൂടെ ഏറെ ആകർഷകമായ മാറ്റങ്ങൾ വരുത്താൻ

കഴിഞ്ഞിട്ടുണ്ട്. സമഗ്രമായ ആരോഗ്യ സംരക്ഷണം ഏറ്റവും ശ്രദ്ധേയമായ ഒന്നായി ചൂണ്ടിക്കാണിച്ചിരിക്കുന്നു. ചികിത്സ ലഭിക്കുന്നതിന് പട്ടികവർഗ്ഗ ആശ്വാസ നിധി പദ്ധതി ആരംഭിച്ചു. മെച്ചപ്പെട്ട വൈദ്യസഹായം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. വൈദ്യസഹായം, ആംബുലൻസ് സൗകര്യം, പോക്കറ്റ് മണിയും രോഗികൾക്ക് ആഹാര ചെലവും  ലഭിക്കുന്നു. അതാണ് കരുതലോടുകൂടിയുള്ള പദ്ധതി. എല്ലാ വകുപ്പുകളിലും ഈ ഗവൺമെന്റിന്റെ മുഖം കരുതൽ നടപടികൾക്കുവേണ്ടി മാറ്റിവയ്ക്കുന്നു എന്നുള്ളതാണ്. ചികിത്സാ ധനസഹായം കൊടുക്കുന്ന കാര്യത്തിൽ 25000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി ഉയർത്തിയിരിക്കുന്നു. പാവപ്പെട്ടവരെ സഹായിക്കാൻ കഴിയത്തക്കവിധത്തിലുള്ള ഈ കർമ്മ പദ്ധതികൾ രൂപീകരിച്ചുവരുന്ന പട്ടികവർഗ്ഗ ക്ഷേമവകുപ്പിനെ പ്രത്യേകമായി ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, മുന്നോക്ക സമുദായ വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സ്കോളർഷിപ്പ്, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് തുടങ്ങിയവ ദളിത് ക്രൈസ്തവരായിട്ടുള്ള ന്യൂനപക്ഷ പരിഗണന നൽകുന്ന വിദ്യർത്ഥികൾക്ക് വളരെ ചെറിയ തുകയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. സ്കൂൾ തലത്തിൽ എൽ.പി. വിഭാഗക്കാർക്ക് 250 രൂപ, യു.പി. വിഭാഗക്കാർക്ക് 500 രൂപ, ഹൈസ്കൂൾ 750 രൂപ

ഇങ്ങനെ വളരെ കുറഞ്ഞ തുകയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. സത്യത്തിൽ നീതിപൂർവ്വമായി പരിഗണന അങ്ങനെയുള്ള കുട്ടികൾക്കുംകൂടി ലഭിക്കേണ്ടതല്ലേ. ആ തുക വർദ്ധിപ്പിക്കുന്നതിനും അത്തരം കുട്ടികൾക്കുകൂടി കൂടുതൽ പരിഗണന കിട്ടുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, തീർച്ചയായും ലംപ്സം ഗ്രാന്റ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിന്റെ കാര്യം കുറേക്കൂടി കരുതൽ കൊടുത്ത് ചിന്തിക്കുകയും അവരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്. ആവശ്യമായ കാര്യം തന്നെയാണ് സൂചിപ്പിച്ചത്. മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് ഇവിടെ വിശ്വകർമ്മ സമുദായങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യാൻ ശ്രീ. പി.എൻ. ശങ്കരൻ കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മീഷന്റെ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനും അവരുടെ വിഷയങ്ങൾ പഠിച്ച് അത് പരിഹരിക്കുന്നതിനും സമയബന്ധിതമായി നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം തന്നെ ഒരുകാര്യം കൂടി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ മുമ്പിൽ ഇടുക്കിയെ സംബന്ധിച്ചിടത്തോളം കോളനികൾ മാത്രമല്ല ആദിവാസി രാജാവ് നമ്മുടെ

സമൂഹത്തിൽ തന്നെ ഒറ്റപ്പെട്ട സംഭവമാണ് കോവിൽമല രാജാവ്. ആ കോവിൽമല രാജാവിന് ഒരു രാജധാനി പണിതു കൊടുക്കാൻ 2012-13 ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിരുന്നു. എന്നാൽ അവിടെ ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ട്. ആ നിലയിൽ തീർച്ചയായും ആദിവാസി രാജാവിന്റെ ആസ്ഥാനത്ത് രാജധാനി പണിയുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുന്നു. സമസ്ത മേഖലയിലും മാറ്റങ്ങളും നേട്ടങ്ങളും കൈക്കൊള്ളുന്ന ഈ ഗവൺമെന്റിന്റെ മുഖം തീർച്ചയായും കേരളത്തിലെ ജനങ്ങൾ ദർശിക്കും. പിന്നോക്ക വിഭാഗങ്ങൾക്കും അശരണർക്കും വലിയ ആശ്വാസം നൽകുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ടൂറിസം രംഗത്ത് സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിച്ചു വരുന്ന, ഒട്ടേറെ പദ്ധതികളിലൂടെ മുന്നോട്ടുപോകുന്ന ഗവൺമെന്റിന്റെ നയങ്ങളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. എനിക്കുമുമ്പ് പ്രസംഗിച്ച പ്രതിപക്ഷത്തുള്ള അംഗങ്ങളൊക്കെ ഭൂമിയുമായി ബന്ധപ്പെട്ട വിഷയത്തിലാണ് തുടങ്ങിയത്.

ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി കൊടുക്കുന്ന നടപടി തുടങ്ങിയത് ശ്രീ. എ. കെ. ആന്റണിയുടെ കാലത്താണ്. അതൊരിക്കലും അവസാനിക്കുന്ന പദ്ധതിയല്ല. മാറി മാറി വരുന്ന ഗവൺമെന്റുകൾ അത്തരം കാര്യങ്ങളിൽ മുൻഗണന കൊടുത്ത് മുന്നോട്ടുപോകുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് നാല് വർഷം പൂർത്തീകരിച്ചപ്പോൾതന്നെ ഏതാണ്ട് 12000 കുടുംബങ്ങൾക്ക് ഭൂമി നൽകിയെന്നുള്ളത് നമുക്കൊക്കെ അറിയാവുന്ന കാര്യമാണ്. ഒരു കുടുംബത്തിന്റെ ജീവിതം മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ അവർ ആഗ്രഹിക്കുന്നത്, കുറച്ച് ഭൂമി, ഒരു നല്ല വീട്, നടക്കാനാവശ്യമായ വഴി, വെളിച്ചം എന്നിവയാണ്. പട്ടികവർഗ്ഗ മേഖലയിൽ ശ്രീമതി പി. കെ. ജയലക്ഷ്മി മന്ത്രിയുടെ നേതൃത്വത്തിൽ ഈ നാല് വർഷംകൊണ്ട് സമഗ്രമായ മാറ്റങ്ങളുണ്ടായിട്ടുണ്ടെന്നുള്ളതിൽ തർക്കമില്ല. മാത്രമല്ല, പട്ടികവർഗ്ഗ മേഖലയിൽ അവർ ആഗ്രഹിക്കുന്ന ഭൂമി വാങ്ങിക്കൊടുക്കാനുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ആശിക്കും ഭൂമിപദ്ധതി തന്നെ ഈ ഗവൺമെന്റിന്റെ ഒരു സ്വപ്നപദ്ധതിയായി മാറിയിരിക്കുകയാണ്. മാത്രമല്ല,

ടി.ആർ.ഡി.എം. മുഖേനയുള്ളതും ഭൂരഹിത കേരളവുമായി ബന്ധപ്പെട്ടും അന്യാധീനപ്പെട്ട ഭൂമിയടക്കം തിരിച്ചുകൊടുക്കുന്നതുമായ നിലപാടുകൾ സ്വീകരിച്ചത് ഈ ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റ് വനാവകാശ നിയമം കൊണ്ടുവന്നില്ലായിരുന്നുവെങ്കിൽ ഒരു ഗവൺമെന്റിനും പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ലായിരുന്നു. വനാവകാശ നിയമമനുസരിച്ച് 8222 കുടുംബങ്ങൾക്ക് 12652 ഏക്കർ ഭൂമി ഈ ഗവൺമെന്റിന് കൊടുക്കാൻ കഴിഞ്ഞു. അത്തരത്തിൽ അവർക്ക് ഭൂമി പതിച്ചുകൊടുക്കുന്ന സാഹചര്യമുണ്ടായതുകൊണ്ടാണ് അവരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞത് അതായത് മാതൃകാ കോളനിയാക്കാൻ കഴിഞ്ഞത്. അശാസ്ത്രീയമായി വീടുകൾ നിർമ്മിച്ചവരെ കണ്ടെത്തി അവർക്ക് മാതൃകാപരമായി ഒരു കോളനിയിൽ 25 വീട് വീതം നിർമ്മിച്ചുകൊടുക്കുന്ന സാഹചര്യവും അവിടത്തെ കുട്ടികളുടെ വിദ്യാഭ്യാസവും കുടിവെള്ളവും റോഡ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരവും കണ്ടുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച് അവർ കാലാകാലങ്ങളായി ആഗ്രഹിച്ച

ഒരു പദ്ധതിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

അതുപോലെയാണ് ഹാംലെറ്റ് പദ്ധതി. പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ നോക്കാതെ ഏറ്റവും മോശപ്പെട്ട കോളനികൾ ഏത് മണ്ഡലത്തിലാണെന്ന് അല്ലെങ്കിൽ ഏത് പഞ്ചായത്തിലാണെന്ന് കണ്ടുപിടിച്ച് ഒരു കോടി രൂപ മുടക്കിക്കൊണ്ട് പദ്ധതികൾ നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ അവരുടെ ഭവനങ്ങളുടെ റിപ്പയർ, നടപ്പാതകളുടെ പണി, കുടിവെള്ള സൗകര്യങ്ങൾ, വൈദ്യുതി കണക്ഷനുകൾ എന്നിവ ചെയ്തുകൊടുക്കുന്നു. ഇങ്ങനെയുള്ള നിരവധി പദ്ധതികളാണ് ഈ ഗവൺമെന്റ് വിഭാവനം ചെയ്യുന്നത്. മാത്രമല്ല, മുത്തങ്ങ സമരവുമായി ബന്ധപ്പെട്ട സമരത്തിൽ പങ്കെടുത്ത 617 കുടുംബങ്ങളിൽ 447 കുടുംബങ്ങൾക്ക് ഒരു സെന്റ് ഭൂമിപോലുമില്ലായെന്ന് ഈ ഗവൺമെന്റ് കണ്ടെത്തി അവർക്ക് ഒരു ഏക്കർ ഭൂമി വീതം കൊടുക്കാനുള്ള നിലപാട് പട്ടികവർഗ്ഗ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, രണ്ടര ലക്ഷം രൂപയാണ് ഒരു വീട് നിർമ്മിക്കുന്നതിന് അവർക്ക് കൊടുക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു ലക്ഷം രൂപയെന്നുള്ളത് ഒന്നര

ലക്ഷം രൂപയായും പിന്നീട് രണ്ടര ലക്ഷം രൂപയായും ഇപ്പോൾ മൂന്നര ലക്ഷം രൂപയായും വർദ്ധിപ്പിച്ചാണ് വീട് നിർമ്മാണത്തിനായി കൊടുക്കുന്നത്. സാധാരണ ഒരു മനുഷ്യന് ജീവിക്കണമെങ്കിൽ, സ്വസ്ഥമായി കിടന്നുറങ്ങണമെങ്കിൽ, എട്ടടി വീതിയും എട്ടടി ഉയരവുമുള്ള വീടാണ് വേണ്ടത്. ഈ മൂന്ന് ലക്ഷം രൂപയെന്നുള്ളത് വളരെ കുറവാണ്. അത് വർദ്ധിപ്പിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ശുചിത്വ ഭാരതമെന്ന് പറയുമ്പോൾ പട്ടികജാതി വകുപ്പ് 25,000 രൂപ മുടക്കി ഏതാണ്ട് 65000 ടോയ്‌ലെറ്റുകൾ വളരെ മനോഹരമായി നിർമ്മിച്ച് കൊടുത്തിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിലും ഇത്തരം പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഭവന നിർമ്മാണം കൊടുക്കുമ്പോൾ അതിനോടൊപ്പം ടോയ്‌ലെറ്റും അനുവദിക്കുന്നുണ്ട്. പക്ഷേ ഇപ്പോഴത്തെ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് അത് പണിയാൻ കഴിയാത്ത സാഹചര്യങ്ങളുണ്ട്. അത് പട്ടികവർഗ്ഗ മേഖലയിൽ നടപ്പാക്കണമെന്നാണ് എനിക്ക്

സൂചിപ്പിക്കാനുള്ളത്. ആരോഗ്യമേഖലയിൽ നിരവധി മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം ആദിവാസികൾക്ക് ഒരു ഏക്കർ ഭൂമി വച്ച് എത്ര ഏക്കർ ഭൂമി കൊടുത്തെന്നാണ് ഇപ്പോൾ പറഞ്ഞത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഇതൊരു തുടർപദ്ധതിയാണെന്ന് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം 9989 കുടുംബങ്ങൾക്ക് 13662.377 ഏക്കർ ഭൂമി കൊടുത്തുകഴിഞ്ഞു. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് കൂടുതൽ ഭൂമി കൊടുത്തു. പക്ഷേ ഇതിൽ ഒരു പ്രശ്നം കൂടി നിൽക്കുകയാണ്. മാത്രമല്ല, ശ്രീ. എ. കെ. ആന്റണി ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതാണ്.

അതോടൊപ്പം അരിവാൾ രോഗികളെ കേരളത്തിൽ എല്ലാ ജില്ലകളിലും കണ്ടുവരുന്നുണ്ട്. അരിവാൾ രോഗികൾ പട്ടികവർഗ്ഗക്കാരുടെ ഇടയിൽ കൂടിവരുകയാണ്. അവർ ചിരിച്ചാലോ പത്രം തുറന്ന് വായിച്ചാലോ അവർക്ക് അസുഖം മൂർച്ഛിക്കും. ഒരു പ്രത്യേകതരം രോഗമാണത്. ഈ

ഗവൺമെന്റ് വന്നതിനുശേഷം അവർക്ക് 1000 രൂപ വച്ച് പെൻഷനും സൗജന്യ ചികിത്സയും പോഷകാഹാര സംവിധാനങ്ങളും ചെയ്തുകൊടുത്തു. ഇപ്പോൾ ആ കുടുംബങ്ങൾ വളരെ സംതൃപ്തിയോടുകൂടി മുന്നോട്ടുപോകുകയാണ്. ചികിത്സാ ധനസഹായം 25,000 രൂപയിൽ നിന്നും 1,00,000 രൂപയായി വർദ്ധിപ്പിച്ചു. അതോടൊപ്പം ജനനീ ജനന സുരക്ഷാ പദ്ധതി നടപ്പിലാക്കി. അങ്ങനെ നിരവധി പദ്ധതികൾക്ക് രൂപം കൊടുത്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. പട്ടികവർഗ്ഗ മേഖലയിൽ വിദ്യാഭ്യാസമുണ്ടാക്കുന്നതിനുള്ള സംവിധാനങ്ങൾ ചെയ്യണമെന്ന് പറയുമ്പോൾത്തന്നെ നമുക്കൊരു ദീർഘവീക്ഷണ മുണ്ടാകണം. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഗോത്രസാരഥി പദ്ധതി നടപ്പിലാക്കി. വനാന്തരങ്ങളിൽ കിടക്കുന്ന കുട്ടികൾക്ക് സ്വൈര്യമായി സ്കൂളുകളിൽ എത്തുന്നതിനും തിരിച്ച് വീട്ടിലെത്തുതിനും സാഹചര്യങ്ങളുണ്ടാക്കി. ഗോത്രസാരഥി പദ്ധതി വളരെ ദീർഘവീക്ഷണമുള്ള പദ്ധതിയാണ്. കുറച്ചുകൂടി അടിസ്ഥാനപരമായുള്ള ചർച്ചകൾ നടത്തി ആ പദ്ധതി മുന്നോട്ട് കൊണ്ടുപോകണമെന്നാണ്

എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുവഴി ധാരാളം വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയാൻ കഴിയുമെന്നുള്ളതിന് തർക്കമില്ല. അതോടൊപ്പം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിജയ ശതമാനം വർദ്ധിക്കുകയാണ്. കുട്ടികളുടെ കഴിവുകൾ വർദ്ധിച്ചുവരുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ രാജീവ് ഗാന്ധി റസിഡൻഷ്യൽ സ്കൂളിൽ 100% വിജയം കൈവരിക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് ഇവിടത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അതിയായ താല്പര്യം എടുത്തുകൊണ്ട് ഏതാണ്ട് 4 കോടി രൂപ മുടക്കി അവിടെ ആവശ്യമായ ബിൽഡിംഗ് സൗകര്യങ്ങൾ, ഹോസ്റ്റൽ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പണിതുകഴിഞ്ഞു. മാത്രമല്ല, സാമൂഹിക-സാംസ്കാരിക മേഖലകളിൽ വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ വളർത്തിക്കൊണ്ടുവരുന്നതിനുള്ള സാഹചര്യങ്ങൾകൂടി അവിടെ ഉണ്ടാക്കിക്കഴിഞ്ഞു. അങ്ങനെ ഈ ഗവൺമെന്റിന് നിരവധി പദ്ധതികൾ, ഹോസ്റ്റൽ കെട്ടിടങ്ങൾ, വിദ്യാലയത്തിന്റെ കെട്ടിടങ്ങൾ ഇവയൊക്കെ ഒരു

ഹൈടെക് മോഡലിലേയ്ക്ക് കൊണ്ടുപോകാൻ കഴിഞ്ഞു. അതോടൊപ്പം എഞ്ചിനീയറിംഗ്, മെഡിക്കൽ ബിരുദം, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾ എന്നിവയ്ക്കുവേണ്ടി; അവരുടെ മാതാപിതാക്കൾക്ക് കമ്പ്യൂട്ടർ വാങ്ങിച്ചുകൊടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്; ബഹുമാനപ്പെട്ട മന്ത്രി ദീർഘവീക്ഷണത്തോടുകൂടി ആ കുട്ടികൾക്ക് ലാപ് ടോപ്പ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ അനുവദിച്ചു കൊടുത്തു. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി യുവതികൾക്ക് 500 ഓട്ടോറിക്ഷകളാണ് അനുവദിച്ചു കൊടുത്തിട്ടുള്ളത്. ഇപ്പോൾ ഏത് ഠൗണിൽ പോയാലും വനിതാ ഓട്ടോറിക്ഷാ ട്രൈബൽ ഡിപ്പാർട്ടുമെന്റ് എന്ന് എഴുതിക്കാണിക്കുന്നു. അവരൊക്കെ അത് വളരെ നന്നായി വിനിയോഗിക്കുന്നു എന്നുള്ളതാണ്. അത് കുറച്ച് കൂടി വർദ്ധിപ്പിയ്ക്കാൻ കഴിയണം. പൈതൃകോത്സവം, സാധാരണ പട്ടികവർഗ്ഗ കോളനികളിൽ അവരുടെ പൈതൃകമായ, കലാപരമായ സംവിധാനങ്ങൾക്ക് തകർച്ച ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അന്യംനിന്നു പോകുന്ന അത്തരത്തിലുള്ള കലാപരമായ കഴിവുകളും അവരുടെ പൈതൃകവും ചരിത്രവും സംരക്ഷിക്കുന്നതിനുവേണ്ടി

പൈതൃകോത്സവം എന്നു പറയുന്ന പദ്ധതികൾക്ക് ഈ ഗവൺമെന്റ് രൂപം കൊടുത്ത് നടപ്പാക്കിക്കൊണ്ടരിക്കുകയാണ്. ഹോസ്റ്റലുകളിലും റസിഡൻസ് സ്കൂളുകളിലും പഠിക്കുന്ന കുട്ടികളുടെ കഴിവ് പ്രകടിപ്പിക്കുന്നതിനും അവർക്ക് ഗ്രേസ് മാർക്ക് കൊടുക്കുന്നതിനുവേണ്ടിയും കൊണ്ടുവന്ന ഒരു പദ്ധതിയാണ് സർഗ്ഗോത്സവം. അത് ഇപ്പോഴും സത്യസന്ധമായി നടന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം ചരിത്രത്തിൽ ആദ്യമായി നബാർഡിൽ നിന്നും 100 കോടി രൂപ ലോൺ എടുത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്കുള്ള റോഡുകൾ, പാലങ്ങൾ ഉൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയാണ് ഫണ്ട് അനുവദിച്ചത് എന്നാണ്. എനിക്ക് ഒരു നിർദ്ദേശമുള്ളത്, ഇത് ഗവൺമെന്റ് ഏജൻസികളാണ് ഏറ്റെടുത്ത് നടത്തുന്നത്. ഇങ്ങനെ നടത്തുമ്പോൾ സ്വാഭാവികമായും ആ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കണമെങ്കിൽ അതിനൊരു മോണിറ്ററിംഗ് സംവിധാനം വേണം; അതിനൊരു ജനകീയ മുഖം വേണം. പക്ഷെ, ഗവൺമെന്റ് ഏജൻസികളൊന്നും അത് കൈക്കൊള്ളാൻ തയ്യാറാകുന്നില്ല.

ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുത്തുകൊണ്ട് എം.എൽ.എ.മാരുൾപ്പെടെയുള്ള ജനപ്രതിനിധികളടക്കം ഒരു മോണിറ്ററിംഗ് സിസ്റ്റത്തിന് രൂപം കൊടുക്കാൻ കഴിയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മാത്രമല്ല, ഇവിടെ കോളനികളിലൊക്കെ മാവോയിസ്റ്റ് പ്രശ്നങ്ങളുണ്ടായി. കേരളത്തിന്റെ പ്രിയങ്കനായ ആഭ്യന്തര വകുപ്പുമന്ത്രിയും പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമവകുപ്പുമന്ത്രിയും വയനാട്, പാലക്കാട് ജില്ലകളിൽ അത്തരം കോളനികൾ സന്ദർശിച്ച് അവിടത്തെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തി മാവോയിസ്റ്റുകളെ അടിച്ചമർത്തുന്ന നയങ്ങൾ കൊണ്ടുവന്ന ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് ജനങ്ങളോട് പ്രതിബദ്ധതയുള്ള ഗവൺമെന്റാണ്. അരുവിക്കര പരിശോധിച്ചുകഴിഞ്ഞാൽ, ഏറ്റവും കൂടുതൽ സെറ്റിൽമെന്റ് ഏരിയയുള്ള പട്ടികവർഗ്ഗ മേഖലയിലെ ബൂത്തുകളിലാണ് ശ്രീ. കെ. എസ്. ശബരിനാഥന് ലീഡ് ലഭിച്ചത്. കേരളത്തിലെ പട്ടികവർഗ്ഗക്കാർ ഈ നാലുവർഷം ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പാക്കിയ പദ്ധതികളെ സ്വാഗതം ചെയ്യുകയും വിലയിരുത്തുകയും ചെയ്തതിന്റെ

ഫലമായിട്ടാണ് സെറ്റിൽമെന്റ് ഏരിയകളിൽ ഐക്യജനാധിപത്യമുന്നണിക്ക് നിർണ്ണായക ലീഡ് ലഭിച്ചതെന്ന കാര്യത്തിൽ തർക്കമില്ല. അതുകൊണ്ടാണ് ശ്രീ. കെ. എസ്. ശബരീനാഥൻ ഈ സഭയിൽ ഇപ്പോഴുള്ളത് എന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

திரு எஸ் ராஜேந்திரன்: சர்,

"என்று தணியும் இந்த சுதந்திர தாகம்

என்று மடியும் இந்த சுதந்திர மோகம்"

நாட்டில் சுதந்திரம் கிடைத்தாலும் அதை அனுபவிக்க முடியவில்லை என்று பாரதியார் அன்று சொன்னார். அது இன்றும் தொடர்ந்து கொண்டிருக்கின்றது. தாழ்த்தபப்ட்ட பிரிவை சார்ந்த யாருக்கும் எந்த வித உரிமைகளும் உணரபடவில்லை. இனியும் உரிமைகளை உணர்ந்தாலும் அவர்கள் ஏற்று கொள்ள இயலாத சூழ்நிலைகள் இருக்கிறது என்பதில் எந்த சந்தேகவுமில்லை. சுவாமி விவேகானந்தர், நாராயண குரு சுவாமிகள், ஈ.வெ.ரா., திரு ஜயங்காளி, சட்டம்பி

சுவாமிகள், ஐயா வைகுண்ட சுவாமிகள், சகோ. ஐயப்பன், சாவித்திரி ஜோதி பாபு, ராம் மோகன் ராய் எல்லாவற்றிற்க்கும் மேலாக டாக்டர் அம்பேத்கார். இப்படி சுதந்திரம் கிடைப்பதற்க்கும் முன்பாக அடிமைபட்ட பழங்குடியினர்க்கும் தலித் விபாகத்தில்பட்ட தாழ்த்தப்பட்டவர்களுடைய உரிமைகளுக்கு போராடியவர்களின் போராட்டம், அவர்களின் நோக்கம் இனியும் நிறைவேறவில்லை. சுதந்திரத்திற்கு முன்பு போராடிய பலரும் இவர்களுக்கு மேலாக அம்பேத்கார் முன்பு போராடி இந்திய நாட்டில் அடிமைகளாக இருந்தவர்களுக்காக வாதாடி சட்டங்களை இயற்ற துணிந்தபோது வட்ட மேசை மாநாட்டிற்க்கு மகாத்மா காந்தி செல்லாத சரித்திரங்களும் இந்திய சரித்திரத்தில் உண்டு. சுதந்திரத்திற்க்கு பின்பு 1951- --ல் பாராளுமன்ற தேர்தலில் டாக்டர் அம்பேத்கார் அவர்கள் போட்டியிட்டபோது சரித்திரத்தை புரட்டிப்பார்த்தால் டாக்டர் அம்பேத்கார் அவருடைய சொந்த கட்சியில் போட்டிப்போட்டபோது நேரு அவருக்கு எதிராக பிரச்சாரம் செய்து தோற்கடிக்கப்பட்ட சரித்திரம் இந்தியாவில் உண்டு. இதை நான் சுட்டிக்காட்ட

ஆசைபடுவது அன் மட்டுமல்ல இன்றும் பி.ஜெ.பி. ஆட்சிக்கு வ்நதாலும் சாி காங்கிரஸ் ஆட்சிக்கு வந்தாலும் சாி இந்த தாழ்த்தப்பட்டவர்களுக்கு கொடுமையை தான் அளிக்கிறது என்பதில் எந்த விதமான சந்தேகவுமில்லை. மறைந்துபோன பீகார் முதல் மந்திாி ஜிகிதன்ராம் மஞ்சு கோயுலுக்குபோய் சாமி கும்பிட்ட ஒரே காரணத்திற்க்காக பி.ஜெ.பி. மாநில முதல் அமைச்சர் அவர் கோவிலைவிட்டு வெளியே வந்த உடனே அந்த கோவிலைசுத்தப்படுத்திய சாித்திரமும் உண்டு. இது இந்தியாவில் இப்போதும் நடைபெறுகிறது. காங்கிரஸ் ஆட்சி சுமார் 70 ஆண்டுகள் கடந்தபோதும் பி.ஜெ.பி. வந்தபோதும் அடிமைத்தனமும் தீண்டாமையும் மாறவில்லை இனியும் தொடருகின்றது. அது கேரளத்தில் சமீபத்தில் குருவாயூாில் நடந்த சம்பவம் கல்லுர் பாபு....... சமீபத்தில் சுமட்டு தொழிலாளி சிபி கொலைசெய்யபட்டார் என்பதின் சாித்திரம் நமது உள்துறை அமைச்சர் திரு சென்னிதல அவர்கள் என்ன சொன்னாலும் சாி, குற்றம் சாட்டப்பட்டது. பழங்குடியினத்தைசேர்ந்த பாலகன் என்பதை நாம் காணவேண்டும்.

ஆகவே கொண்டாலும் சாி பழிசுமத்தபட்டாலும் சாி இந்த வம்சத்தை சேர்ந்தவர்களுக்கு என்றும் கொடுங்கோல் தாண்டவமாடுகிறது என்பதில் எந்த விதமான சந்தேகவுமில்லை. திருமதி ஜெயலட்சுமி அவர்கள் அமைச்சராக இருக்கிறார்கள். கடந்த இடதுசாாியினுடைய ஆட்சிகாலத்தில் இடமலகுடிக்கு ஒரு பஞ்சாயத்து உண்டாக்கப்பட்டது. அதற்கு 10 கோடி ருபாய் ஒதுக்கப்பட்ட நிலையில் திரு பி.டி. தோமஸ் எம்.பி. செயர்மானாக இருந்தார், அதற்கு பிறகு திரு ஜோயிஸ் ஜோர்ஜ் எம்.பி. செயர்மான் ஆகவில்லை, அந்த பொறுப்பு மாவட்ட ஆட்சியருக்கு கொடுக்கப்பட்டது. இடமலக்குடியில் ஆதிவாசிபெண்மணி பிரசிடன்றாக இருந்தார். அங்குள்ள வளர்ச்சி திட்டங்களுக்கு அவரையே நியமித்தால் போதுமானதாக இருந்தது. ஆனால் காங்கிரசீன் நோக்கம் இந்த ஆதிவாசி மக்களோடும் எப்படிபட்டட சமீபனம் என்பதை நான் இந்த சந்தர்ப்பத்தில் சுட்டிக்காட்டுகிறேன். 12 ஆம் தியதி மாலை அடிமாலியில் ஒரு ஆதிவாசி நபர் கால் ஒடிந்து

ஆஸ்பத்திாிக்குபோனபோது 13 தியதி வரை சிகிட்சை கொடுக்கப்படவில்லை. இப்போது Health Insurance Card ல் பணம் இருந்தால் தான் சிகிட்சை, BPL லில் வராமல் Health Insurance Card இல்லாத ஆதிவாசிக்கும் தாழ்த்தபட்ட மக்களுக்கும் இந்திய நாட்டில் சுகாதாரதுறையில் சிகிட்சை இல்லை என்பதுதான். Health Insurance Card என்றால் இந்த ஆட்சியில் இருக்ககூடிய பிாிவினை தீண்டாமை கொடுமை இப்போதும் இந்த சமுகத்திற்க்கு இழைக்கப்படுகிற என்பதை அமைச்சர்கள் மறந்து விடகூடாது. ஆகவே Health Insurance Card என்பது பலருக்கும் உதவியாக இருக்கும் என்று நினைத்தாலும் அதிலே பலருக்கும் சிகிட்சை கிடைக்காமல் இருக்கவேண்டும் என்பதற்க்காக தீட்டப்பட்ட திட்டம் என்பதுதான் இனியும் உணர முடியாத நிலை இருக்கின்றது. மறையூர் பஞ்சாயத்தில் தாயனம்குடி இரண்டு ஆதிவாசிகள் வேட்டையாடுவதற்க்கும் கஞ்சாவிவசாயம் செய்வதற்காக போனார்கள் என்று போலீஸ் விரட்டியதினால் அந்த கிராமத்திலுள்ள

எல்லா ஆண்களும் ஒரு மாத காலம் அந்த குடியில் இல்லை. அந்த கிராமத்திற்க்கு நான் நேரடியாக சென்று பார்த்து வந்து மந்திாிக்கு புகார் அளித்தேன். அதே சந்தர்ப்பத்தில் DDC யிலும் இந்த காாியத்தை கொண்டுவந்தபோது போலீஸ் தந்த பதில் அந்த ஊரைவிட்டுபோன ஆண்களைப்பற்றி எந்த தகவலுமில்லை என்பதுதான். கைது செய்ய வேண்டிய இரண்டு நபர்களுக்காக ஓடினார்கள் என்பதுதான் அங்கே கருத்தாக கொண்டு வரப்பட்டது. கருத்துக்களை ஆழமாக பாராமல் நீதிகிடைக்கவேண்டிய நடவடிக்கை எடுக்காமல் இரண்டுபேருக்காக அந்த ஊரையே ஒரு மாதகாலத்திற்க்கு விரட்டியடித்த ஒரு சூழ்நலை இப்போதும் இந்த ஆட்சியில் இருக்கிறது என்பதை நாம் மறந்துவிடக்கூடாது பலவித திட்டங்கள் இங்கு அறிவிக்கபட்டு நடைமுறைபடுத்தப்படுகிறது, ஆனால் அது மட்டும் போதாது. நீதிஎன்பது எந்தஅளவிற்க்கு இந்தசமுதாயத்திற்க்கு கிடைக்கிறது எனபதுதான் முக்கியம். செய்த செயல்களுக்கு பாராட்டுகிடைக்கவேண்டும் என்று மந்திாியாக

இருக்ககூடியவர்களுக்கு எண்ணம் இருக்கலாம். அது இருக்கேவேண்டும். இப்போது நமது அருமை நண்பர் திரு பாலகிருஷ்ண்ன அவர்கள் திரு எ. கெ. பாலன் அவர்களுடைய ஆட்சிகாலத்தில் தாழ்த்தப்பட்ட மக்களுக்கு அகிமாக இடம் கொடுக்கப்பட்டது என்பதை ஒத்துகொண்டார்கள். அது நல்லது. அவர்களுடைய ஆட்சிகாலத்தில்தான் 9000 பேருக்கு forest right act ன்படி பட்டா கொடுக்ககூடிய எல்லா நடவடிக்கையும் எடுக்கப்பட்டு அதின்அடிப்படையில் மாவட்ட கலக்டர் ஒப்புதல் அளித்தார். ஆனால் தேர்தல் நேரத்தில் மாற்றி வைக்கப்பட்டது. அந்த 9000 பேருக்கு பட்டயம் கொடுத்த எண்ணிக்கைதான் இதில் வந்திருக்கிறது என்பதுமட்டுமல்ல ஒரு ஸென்ட் பூமிக்குகூட இந்த அரசினுடைய இறுதிகட்டத்திலும் சர்வே நடைபெறவில்லை என்பதை இந்த அரசு கவனத்தில் எடுத்துகொள்ள வேண்டும் என்பதுதான் மிக முக்கியமான காாியம். திருமதி ஜெயலட்சுமி அவர்களை ஒருபோதும் குறைகூறவிரும்பவில்லை. காரணம், அவர்களுடைய

மனநிலையின் அடிப்படையில் அல்ல இது நடைபெறுகிறது என்பது எனக்கு தொியும். காரணம், தனிப்பட்ட அரசியலுக்காகவேண்டி இப்படிபட்ட முடிவுஎடுக்ககூடிய அளவில் திருமதி ஜெயலட்சுமி அவர் கள் இருப்பார்கள் என்ற எண்ணம் எனக்கில்லை, அவர்களை பொறுத்தஅளவில் இந்த அளவிற்குமனம் மாறகூடியவர்களும் இல்லை. ஆனால் back seat driving அதாவது இதற்குபின்னால் இருந்து சில நபர்கள் நடத்துகிற நடவடிக்கைகள் இவையனைத்தும் குறுகிய மனப்பான்மையோடு நடத்தப்படுவதுதான் என்பதை நான்கூட்டிகாட்டுகிறேன். 2001 -ல் திரு எ.கெ. ஆன்றனி அவர்கள் காலகட்ட முதல் கொடுக்கஆரம்பிக்கபட்ட இதுபோன்ற பூமியில் வசிக்கிறவர்க்ள ஊஊ TRDM திட்டத்தில் இருக்ககூடியவர்களுக்கு ஏதாவது இருக்கிறதா என்றால் எத்தனையோ கூறலாம். 30 லட்சம் ருபாய் குடிநீருக்கு வேண்டி மாற்றப்பட்டதும் அந்தகுடிநீர் 5 ஆண்டுகாலமானபோதும் அந்த இடத்திற்கு வந்துசேரவில்லை என்ற நிலை இப்போதும் இருக்கிறது. ஆகவே இந்த அமைச்சரைமட்டும்

குறைகூறவேண்டி நான் கூறவில்லை. அமைச்சாின் காலகட்டத்தில் அவருக்கு தொியாமல் இருக்ககூடிய நிலையைதான் கூறுகிறேன். MRS பள்ளிகளின் நிலை என்ன? ஆசிாியர்கள் பலரும் இல்லை. MRS ஆக ஏற்றெடுக்ககூடிய இடங்கள எத்தனையோ இருக்கிறது? இடதுசாாியினுடைய ஆட்சிகாலத்தில் இடமலக்குடியைபோன்று நம் அருமை நண்பர் திரு சபாிநாதனுடைய தொகுதியில் குற்றிச்சல் என்ற இடத்தில் ஆதிவாசிகளுக்கு கொடுக்ககூடிய தனி பஞ்சாயத்தும் இருக்கிறது. மேலும் எனது தொகுதியில் அடிமாலி என்ற இடம் ஆதிவாசிகளுக்கு கொடுக்கவேண்டிய இடமாக இருக்கிறது. இதுமாதிாி இன்னும் எத்தனையோ இடம் இருக்கிறது. இவையனைத்தும் கவனிக்கமுடியாமல் இருக்கிறது என்பது வேதனை அளிக்ககூடிய காாியமாக இருக்கிறது. இந்த அரசிற்கு வேறு என்ன சாதனை இருக்கிறது? இதில் ஒரு மாற்றம் வரவேண்டும். மட்டுமல்ல அடிமாலியில் கொரங்காட்டியில் ஆதிவாசி குழந்தைகள் படிக்ககூடிய

பள்ளியிருக்கிறது. அந்த பள்ளியை Tribal Department ஏற்றெடுத்து MRS பள்ளியாக மாற்றவேண்டும். நம்முடைய மந்திாி அனில்குமார் அவர்களை பாராட்ட வேண்டும் என்ற எண்ணம் இருக்கின்றது. ஆனால் முணார் சுற்றுலா மையமாக மாறவேண்டும். பலத்திட்டங்களை அறிவிக்கவேண்டும். தாழ்த்தப்பட்ட மக்களுக்கு பலசலுகைகைள் அறிவிக்கபடுகிறது. இன்னும் கூடுதலாக தரவேண்டும். அப்படி தருவதாக இருந்தால் பாராட்டுவதில் எந்தவிதமான விவாதங்களும் இல்லை என்பதை நான் தொிவித்துகொள்ள ஆசைபடுகிறேன். 1986-ல் கர்நாடகாவிலிருந்தும் தமிழ்நாட்டிலிருந்தும் கேரளாவிற்க்கு வந்த தொழிலாளிகளின் பிள்ளைகளுக்கு SC certificate வேண்டுமானால் 1950 க்கு முன்பு இங்குவந்தவர்கள் என்ற certificate கொடுக்கவேண்டிய கட்டாய சூழ்நிலை இன்றும் இருக்கிறது. இது தவிர்க்கப்படவேண்டிய விஷயம். ஆண்டுகள் எத்தனையோ கடந்து விட்டது. 1950-ல் அரசும் இல்லை,

கேரள மாநிலவுமில்லை. ஏதோஒரு பிாிட்டிஷ்காரர் கம்பனியில் வேலைபார்த்தவர்களுக்கு அடிப்படை சான்றிதழ் வேண்டுமென்றால் ஸ்பீக்கர் நீங்கள்தான் கூறவேண்டும்.

மி. ஸ்பீக்கர்: ராஜேந்திரன் மலையாளம் தொியுமா?

திரு. எஸ் ராஜேந்திரன்: சர் கொஞ்சம் கொஞ்சம் தொியும். நான் இரண்டு மினிட்டில் முடிக்கிறேன். மலையாளம் தொியும், ஆனால் இது என்னுடைய உாிமைபட்ட விஷயம், அதினால் பேசி முடித்துவிடுகிறேன். ஆகவே 1986 முதல் ஜாதி சான்றிதழில் இருக்ககூடிய பிரச்சினைக்கு ஒரு முடிவு வரவேண்டும் அதற்கு தங்களுடைய ஒத்துழைப்பது வேண்டும். அது மட்டுமல்ல போஸ்ட்மெட்றிக் பள்ளிகளில் இருக்ககூடிய பிரச்சினைகளுக்கும் தீர்வு காணப்படவேண்டும். ஹாம்லெட் கோளனிகளில் 10 சதமானமாவது ஒரு கம்யுனிட்டி ஹால் அல்லது ஒரு கிரவுன்ட் அல்லது ஒரு ஸ்மஸானம் வைப்பதற்கான இடம் வாங்க அனுமதி இந்த சபையில் தாங்கள் அறிவிக்கவேண்டும் என்ற ஒரு

வேண்டுகோளும் இருக்கின்றது. 5 ஆண்டுகள் நிறைவுசெய்யபோகின்ற இந்த அரசு கேரளத்தில் பஞ்சாயத்தில் ஒரு வீடு கூட டி.எஸ்.பி. எஸ்.ஸி.பி. பணடில் கொடுக்கபடவில்லை. பஞ்சாயத்துகள் முலமாக அதற்கான துகையும் கொடுக்கூடிய நடவடிக்கை எடுக்கவேண்டும் என்று குறிப்பிட்டு என் உரையை நிறைவு செய்கின்றேன்.

ശ്രീ. കെ. എസ്. ശബരിനാഥൻ: സർ, ഈ ധനാഭ്യർത്ഥന ചർച്ചയെ ഞാൻ പിന്തുണയ്ക്കുകയാണ്. ഞാൻ ഈ ചർച്ചയിലേയ്ക്ക് വരുന്നതിനുമുമ്പ് മഹാത്മാഗാന്ധി പറഞ്ഞ ഒരു കാര്യം ഇംഗ്ലീഷിൽ പറയുകയാണ്. ഒരു തീരുമാനമെടുക്കുന്ന കാര്യത്തെക്കുറിച്ച് ഗാന്ധിജി പറഞ്ഞത് " I will give you a talisman. Whenever you are in doubt, or when the self becomes too much with you, apply the following test. Recall the face of the poorest and the weakest man (woman) whom you may have seen, and ask yourself, if the step you contemplate is going to be of any use to him (her). Will he (she) gain anything by it? Will

it restore him (her) to a control over his (her) own life and destiny? In other words, will it lead to swaraj (freedom) for the hungry and spiritually starving millions? Then you will find your doubts and your self melt away" ഒരു ജനകീയ സർക്കാരിന്റെ നിലനിൽപ്പും അതിന്റെ മുന്നോട്ടുപോക്കും അവിടത്തെ പാവപ്പെട്ട ജനങ്ങളിൽ അധിഷ്ഠിതമാണെന്നാണ് ഗാന്ധിജി പറഞ്ഞത്. ആ ഉപദേശം കൈനീട്ടി സ്വീകരിച്ച് മുന്നോട്ടുപോകുന്ന സർക്കാരാണ് നമ്മുടേത്. അതിന് ഏറ്റവും നല്ല ഉദാഹരണമാണ് പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കും മറ്റ് ന്യൂനപക്ഷങ്ങൾക്കുംവേണ്ടി ഈ സർക്കാർ ചെയ്യുന്ന പ്രവൃത്തികൾ. ഞാൻ ഓരോന്നായി പറയാം. പട്ടികവർഗ്ഗ ക്ഷേമത്തെക്കുറിച്ച് പറയുകയാണെങ്കിൽ ഈ വിഭാഗത്തിന്റെ ക്ഷേമത്തിനും സമഗ്ര വികസനത്തിനുംവേണ്ടി പല കാര്യങ്ങളും സർക്കാർ ചെയ്യുന്നുണ്ട്. അതിൽ ഏറ്റവും നല്ലൊരു ഇൻഡിക്കേറ്ററായി ഞാൻ പറയുന്നത് നമ്മുടെ ടോട്ടൽ പ്ലാനിൽ ട്രൈബൽ സബ് പ്ലാനിലുള്ള അലോക്കേഷനാണ്. കഴിഞ്ഞ 3 വർഷമായി അത് മൂന്ന് ശതമാനത്തിൽ നിൽക്കുകയാണ്. ഇന്ത്യയിലെ

മറ്റൊരു സംസ്ഥാനത്തിലോ ഇന്ത്യയിലെ ടോട്ടൽ നോക്കുകയാണെങ്കിലോ ഈ 3 ശതമാനത്തേക്കാൾ വലിയൊരു നമ്പർ ഒരിടത്തും കിട്ടിയിട്ടില്ല. 3 ശതമാനം പ്ലാൻ അലോക്കേഷനിൽ ട്രൈബൽ സബ് പ്ലാനിൽ കൊടുക്കുക എന്നുള്ളത് അവിടത്തെ പാർശ്വവത്ക്കരിക്കപ്പെട്ട ജനങ്ങൾക്കുള്ള ഏറ്റവും വലിയ ഒരു സപ്പോർട്ടായി കാണുന്നത് ഈ ഒരു നമ്പറാണ്. സർക്കാർ ചെയ്ത പുതിയ പ്രോജക്ടുകളെക്കുറിച്ച് പല മെമ്പർമാരും സംസാരിച്ചു. ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി, ഭവന നിർമ്മാണ പദ്ധതി, ഹാംലെറ്റ് പദ്ധതി ശ്രീ. എസ്. രാജേന്ദ്രൻ സൂചിപ്പിച്ച എം.ആർ.എസ്. പദ്ധതി, ഗോത്രസാരഥി പദ്ധതി തുടങ്ങിയ പല പദ്ധതികളും എന്റെ മണ്ഡലമായ അരുവിക്കരയിൽ ചെയ്തുകൊണ്ടാണ് ഞാനിവിടെ എം.എൽ.എ. ആയി നിൽക്കുന്നത്. വലിയൊരു ഡിസ്ബേഴ്സ്മെന്റ് ട്രൈബൽ മേഖലയിൽ നടക്കുന്നുണ്ട്. പക്ഷേ ചില കാര്യങ്ങൾ നമ്മൾ മനസ്സിലാക്കാനുണ്ട്. ഇതൊക്കെ താഴെ തട്ടിൽ എത്തുന്നുണ്ടെങ്കിലും അത് പൂർണ്ണമായി എത്താതിരിക്കുന്നതിന്റെ പ്രധാന കാരണമായി ഞാൻ മനസ്സിലാക്കുന്നത് ഇതെല്ലാം പല വകുപ്പുകളിൽ നെസ്റ്റഡാണെന്നാണ്. അച്ചനുള്ള സമയത്ത്

അരുവിക്കര മണ്ഡലത്തിലെ കല്ലുപാറ സെറ്റിൽമെന്റിലേയ്ക്ക് 4 കിലോമീറ്ററോളം ഞാനും നടന്നുപോയിട്ടുള്ളതാണ്. അപ്പോൾ അവിടെ ഇലക്ട്രിഫിക്കേഷൻ വർക്കും ഭവനനിർമ്മാണവും നടക്കുന്നുണ്ടായിരുന്നു. പക്ഷേ അവിടേയ്ക്ക് റോഡ് എത്തുന്നില്ല. കാരണം, ഫോറസ്റ്റിനകത്തുകൂടി വന്നാലേ റോഡ് വരുകയുള്ളൂ. അങ്ങനെയുള്ള പല കാര്യങ്ങൾ ഉള്ളതുകൊണ്ടാണ് ഹോളിസ്റ്റിക്കായ ഒരു ഡെവലപ്മെന്റ് വരാത്തത്. എന്റെ അഭിപ്രായത്തിൽ അത് ഉദ്യോഗസ്ഥന്മാരുടെ കുറ്റമല്ല. മധ്യവർഗ്ഗസമൂഹത്തിന്റെ ഒരു പോയിന്റ് ഓഫ് വ്യൂ ആണ്. എന്റെ മണ്ഡലത്തിൽ ഇത്രയും പാവപ്പെട്ട ആദിവാസികളുണ്ടെന്ന് എന്റെ പല കൂട്ടുകാരോടും ഞാൻ പറയുമ്പോൾ അവർക്ക് അത് ഉൾക്കൊള്ളാൻ പറ്റുന്നില്ല. കാരണം ഇത് ഇന്നത്തെ സമൂഹത്തിന്റേയും ചിലപ്പോൾ എന്റെ ഏജ് ഗ്രൂപ്പിന്റെ താഴെയുള്ള ആൾക്കാർക്ക് ഇത് മനസ്സിലാക്കാൻ പറ്റാത്തതും അങ്ങനെയുള്ള ആളുകളാണ് ഉദ്യോഗസ്ഥരായിട്ടും മാനേജർമാരായിട്ടും വരുന്നത്. ഞാൻ ഉൾപ്പെടെയുള്ളവർക്ക് സമൂഹത്തിലെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും പഠിക്കുവാനും കഴിയുന്നില്ല എന്നതാണ് ഒരു വലിയ പ്രശ്നം. ആ ഒരു ചട്ടക്കൂടിൽ നിന്നും പല കാര്യങ്ങളും നമുക്ക് ചെയ്യാനുണ്ട്.

ആദിവാസി സമൂഹത്തിന്റെ കാര്യം പറയുകയാണെങ്കിൽ, ഒരു ഹൈ ലെവൽ കമ്മിറ്റിയുടെ മീറ്റിംഗ് ഉണ്ട്. ആദിവാസി ട്രൈബൽ അഫയേഴ്സിനുവേണ്ടി മുൻപ് സച്ചാർ കമ്മിറ്റി ചെയ്തതുപോലെ ടാറ്റാ ഇൻസ്റ്റിട്യൂട്ടിലെ ഡോ. റൊജീനോ സാക്സൺ ചെയർമാനായിട്ടുള്ള മേയ് 2014 ന് ഒരു റിപ്പോർട്ട് സബ്മിറ്റ് ചെയ്തിട്ടുണ്ട്. പക്ഷേ എൻ.ഡി.എ. സർക്കാർ അത് അംഗീകരിച്ചിട്ടില്ല. അതിൽ മൂന്നുനാല് കാര്യങ്ങൾ പറയുന്നുണ്ട്. അതിൽ എങ്ങനെ ഈ സമൂഹത്തെ മുന്നോട്ട് കൊണ്ടുപോകാമെന്നാണ് പറയുന്നത്. അതിൽ പ്രധാനമായും പറയുന്നത് ഇറിഗേഷന്റെ സഹായമാണ്. നമുക്കെല്ലാവർക്കും അറിയാം പലർക്കും സ്ഥലമുണ്ട് പട്ടയമുണ്ട്. പക്ഷേ അവിടെ വെള്ളം എത്തുന്നില്ല. പ്രോപ്പറായിട്ടുള്ള വാട്ടർ ഷെഡ് മാനേജ്മെന്റ് ടെക്നിനിക്സോ മറ്റോ ഉണ്ടെങ്കിലേ അവർക്ക് പ്രോപ്പറായി അഗ്രിക്കൾച്ചറും ഫാമിംഗും നടത്താൻ സാധിക്കുകയുള്ളൂ.

രണ്ടാമതായി വിദ്യാഭ്യാസത്തിന്റെ കാര്യം പറയുമ്പോൾ, നമ്മൾ നമ്മളെ മനസ്സിലാക്കുക, നമ്മൾ നമ്മുടെ പൂർണ്ണതയിൽ എത്തുക എന്നുള്ളതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തികമായ ലക്ഷ്യം. ആദിവാസി സമൂഹത്തിനുവേണ്ടി വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുമ്പോൾ, കേവലം ഒരു വിദ്യാഭ്യാസത്തിനുപരി നമ്മൾ നമ്മളെ തിരിച്ചറിയുന്നുവെന്ന രീതിയിലേയ്ക്ക് അത് പോകണം. അപ്പോൾ

നമ്മുടെ കരിക്കുലത്തിലും മറ്റും മാറ്റംവരണം. എങ്കിൽ മാത്രമേ മനുഷ്യനെന്ന രീതിയിൽ നമ്മളെല്ലാവരും പൂർണ്ണതയിലെത്തുകയുള്ളൂ എന്നാണ് എന്റെയൊരു വിശ്വാസം.

മൂന്നാമതായി ഏറ്റവും പ്രാധാന്യം കൽപ്പിക്കുന്നത് ഹെൽത്തിലാണ്. ഞാൻ ആ റിപ്പോർട്ടിൽ വായിച്ചതാണ്, 3 (a) പ്രകാരം ആശാവർക്കർമാർ, അംഗനവാടി വർക്കർമാർ, എ.എൻ.എം. അല്ലെങ്കിൽ നഴ്സുമാരാകട്ടെ ഈ മൂന്ന് കാറ്റഗറിയിൽപ്പെട്ട ആൾക്കാരാണ് അവരുടെ first touch point എന്നുപറയുന്നത്. അവർക്ക് നൂതനമായ ട്രെയിനിംഗ് കൊടുത്ത് അവരെ ഏകീകരിച്ചുകൊണ്ടുപോകുന്നൊരു വർക്ക് ഉണ്ടെങ്കിലേ..... കാരണം സർക്കാരിന്റെ എല്ലാ സ്ഥാപനങ്ങൾക്കും അവിടെ എത്താൻ സാധിക്കുകയില്ല. ഒരു സെറ്റിൽമെന്റിൽ ഉറപ്പായിട്ടും ഒരു അംഗനവാടി ഉണ്ടായിരിക്കും. അതുവഴി ഗവൺമെന്റിന്റെ എല്ലാ സ്കീമുകളും അവരിലേയ്ക്ക് എത്തിക്കാനുള്ള ശ്രമമുണ്ടാകണം.

പട്ടികജാതിക്കാരുടെ വികസനത്തിനുവേണ്ടി പാലക്കാട് ഒരു മെഡിക്കൽ കോളേജ് തുടങ്ങുമെന്നുള്ളത് വലിയൊരു thought ആണ്. സാധാരണ മെഡിക്കൽ കോളേജ് തുടങ്ങുന്നതുപോലെയുള്ള കാര്യമല്ല അത്. അതാണ് എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത്. ആ ഒരു സമൂഹത്തിൽ നിന്നും 25 ശതമാനം ആളുകൾക്ക്

മെഡിക്കൽ എൻട്രൻസ് കിട്ടുമ്പോൾ അത് അൻപതുവർഷത്തോളം മുന്നോട്ട് കണ്ടുകൊണ്ട് എടുത്തിരിക്കുന്ന ഒരു thought ആണ്.

ന്യൂനപക്ഷ ക്ഷേമവകുപ്പിൽ ഈ സർക്കാർ നല്ല മുന്നേറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. 2013-ൽ ഈ വകുപ്പ് രൂപീകരിച്ചപ്പോൾ ഒരു കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതെങ്കിൽ ഇന്ന് അത് 87 കോടി രൂപ പ്ലാൻ ഫണ്ട് ഇനത്തിൽ തന്നെ വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ ന്യൂനപക്ഷ സമൂഹങ്ങളുടെ പ്രത്യേകമായ പരിതസ്ഥിതികൾ കണ്ടെത്തി പുതിയ രീതിയിൽ സിവിൽ സർവ്വീസിനും മറ്റും ട്രെയിനിംഗ് കൊടുക്കാൻ നമുക്ക് കഴിയുന്നുണ്ട്. ഇതൊക്കെ വലിയ thought ആണ്. ഇന്ത്യയിൽ വേറെ ഒരിടത്തും ഞാൻ അങ്ങനെ കണ്ടിട്ടില്ല. ഇതൊക്കെ പറയുമ്പോഴും ആദിവാസി ക്ഷേമത്തിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിന്റെയും ഏറ്റവും വലിയ പ്രശ്നം നേരിടാൻ പോകുന്നത് സെൻട്രൽ ഗവൺമെന്റിന്റെ പ്രോജക്ടുകളിലാണ്. ബഡ്ജറ്ററി അലോക്കേഷൻ നോക്കുക യാണെങ്കിൽ, Scheduled caste sub plan-ന് 43,000 കോടി രൂപയാണ് കഴിഞ്ഞ വർഷം കൊടുത്തിരുന്നതെങ്കിൽ ഈ വർഷം അത് 30,000 കോടി രൂപയാണ് കൊടുത്തത്. സെൻട്രൽ ഗവൺമെന്റിന്റെ ടി.എസ്.പി. ആകട്ടെ 26,000 കോടി രൂപയിൽ നിന്നും 19, 000 കോടി രൂപയായി. ഏകദേശം 23,000 കോടി രൂപയുടെ

ഇടിവ് ഇതിന് സംഭവിച്ചിട്ടുണ്ട്. നമ്മുടെ പല പദ്ധതികളും depend ചെയ്തിരിക്കുന്നത് സെൻട്രൽ ഫണ്ടിംഗിലാണ്. സെൻട്രൽ ഫണ്ടിംഗ് കിട്ടിയില്ലായെങ്കിൽ അത് വലിയൊരു പ്രശ്നമാകും. ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്രമോദി നയിക്കുന്ന എൻ.ഡി.എ. സർക്കാർ നമ്മുടെ പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളോട് മുഖംതിരിഞ്ഞു നിൽക്കുന്ന അവസ്ഥയാണ് ഇതിനുകാരണം. നാലുലക്ഷം പട്ടികവർഗ്ഗക്കാരുള്ള ഒരു സ്ഥലത്ത് സെൻട്രൽ ഗവൺമെന്റിന്റെ ഫണ്ട് ലഭിച്ചില്ലായെങ്കിൽ അത് വലിയൊരു പ്രശ്നമാകും.

അവസാനമായി ഒരു കാര്യം പറയാനുള്ളത്, ഇതര സംസ്ഥാന തൊഴിലാളികളെ കുറിച്ച് ഇവിടെയെല്ലാവരും സംസാരിച്ചു. ഇവരെല്ലാം ഇന്ത്യയുടെ ഒരു പ്രത്യേക ഭാഗത്തുനിന്നും വന്നവരാണ് എന്ന രീതിയൽ ഒരു കംപാർട്ടുമെന്റായിട്ടാണ് നമ്മൾ അവരെ ബ്രാക്കറ്റൈസ് ചെയ്യുന്നത്. പക്ഷേ നമ്മൾ മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട കാര്യം ഇവർ എന്തുകൊണ്ടുവന്നു? അതിൽ പ്രധാനമായും ബംഗാൾ, ഛത്തീസ്ഗഡ്, ഝാർഖണ്ഡ് എന്നീ ഇതര സംസ്ഥാനങ്ങളിൽ നിന്നും distress migration വന്നിരിക്കുന്നത് ഒരു displacement കാരണമാണ്. നമ്മൾ പദ്ധതികൾ തയ്യാറാക്കുന്നതുപോലെ മറ്റൊരു സർക്കാരും ചെയ്യുന്നില്ല. പദ്ധതികൾ തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്. പക്ഷെ പദ്ധതികൾ തയ്യാറാക്കുമ്പോഴും

അതിൽ എല്ലാവരെയും ഒരുപോലെ കാണരുത്. അതിൽ പല തരത്തിലുള്ളവർ ഉണ്ടെന്ന കാര്യം മനസ്സിലാക്കണം.

ടൂറിസത്തെക്കുറിച്ച് ഇവിടെ എല്ലാവരും സംസാരിച്ചു. ജി.ഡി.പി. യുടെ 9 ശതമാനം, ഏകദേശം 24,000 കോടി രൂപ ടൂറിസം രംഗത്തുനിന്നാണ് വരുന്നത്. ഇരുപതു വർഷത്തിനുമുൻപ് കേരളത്തിലെ ഏറ്റവും വലിയ ഹൈലൈറ്റായി പറഞ്ഞിരുന്നത് ആരോഗ്യമാണ്. അതൊരു സോഷ്യൽ ഇൻഡിക്കേറ്റർ ആണ്. അതോടൊപ്പം തല ഉയർത്തി നിൽക്കുന്നത് ടൂറിസമാണ്. ടൂറിസം ഇത്രപെട്ടെന്ന് വളരാൻ കാരണം ആദ്യം ഗവൺമെന്റിന്റെ സപ്പോർട്ടും രണ്ടാമതായി ജനങ്ങളുടെ മനോഭാവവും മൂന്നാമതായി പ്രൈവറ്റ് ഇൻഡസ്ട്രി പ്ലേ ചെയ്ത റോളുമാണ്. അതിന് പ്രധാനമായും നമുക്ക് കിട്ടിയത് ലീഡ് ടൈമാണ്. ടൂറിസത്തെ പ്രൊമോട്ട് ചെയ്തത് പത്തു പതിനഞ്ചു വർഷം കൊണ്ടായിരുന്നു. മഹാരാഷ്ട്ര, മദ്ധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ കഴിഞ്ഞ പത്തു വർഷത്തിനിടയിലാണ് ഇത്രയും വലിയ കാമ്പയിൻസ് വന്നു തുടങ്ങിയത്. ആ ഒരു ലീഡ് ടൈം നമുക്കുണ്ട്. ആ ലീഡ് ടൈമിന്റെ ബെനഫിറ്റാണ് നമ്മൾ ഇപ്പോൾ ഏറ്റവും കൂടുതൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. പക്ഷെ ടൂറിസത്തിനുള്ള അഭിരുചികൾ മാറിക്കൊണ്ടിരിക്കുക യാണെന്നുള്ള കാര്യം നാം മനസ്സിലാക്കണം. ട്രിപ്പ് പ്ലാൻ ചെയ്യുമ്പോൾ

പഴയതുപോലെ ഒരു ട്രാവൽ ഓപ്പറേറ്റർമാർ വഴിയോ ഒരു  സെറ്റ് പ്ലാനായിട്ടോ അല്ല ഇപ്പോൾ പോകുന്നത്.  ഇന്ന് ട്രിപ്പ് പ്ലാൻ ചെയ്യുന്നതിന്റെ രൂപവും ഭാവവും മാറുന്നുണ്ട്. ടൂറിസത്തിന്റെ പ്രധാനപ്പെട്ട  കണ്ണി  ടൂർ ഓപ്പറേറ്റേഴ്സാണ്.  പക്ഷേ ഇന്ന് പല ആളുകളും ഇന്റർനെറ്റുവഴി ട്രിപ്പ് അഡ്വൈസറിയിലൂടെ റിവ്യൂ വായിച്ചിട്ടാണ് ബുക്കിംഗ് നടത്തുന്നത്. ടൂറിസത്തിനുള്ള മാർക്കറ്റിംഗ് ആ രീതിയിൽ മാറണം. ടൂർ ഓപ്പറേറ്റേഴ്സിനെ ഡിപ്പെന്റ് ചെയ്യണം. അതേസമയം പുതിയ രീതികളും അവലംബിക്കണം. കാരണം ഒരാൾ ഒരു ട്രിപ്പ് അഡ്വൈസറിയിൽ മോശപ്പെട്ട റിവ്യൂ എഴുതിയാൽ അത് മാറ്റാൻ വലിയ ബുദ്ധിമുട്ടാണ്.  പല ഹോട്ടലുകളെക്കുറിച്ചും ഡെസ്റ്റിനേഷനെക്കുറിച്ചും വന്നിട്ടുണ്ട്. അതിൽ മോശമായി പറഞ്ഞാൽ ആളുകൾ അതു പറഞ്ഞു തുടങ്ങും.  സോഷ്യൽ മീഡിയയുടെ നെഗറ്റീവ്  പോയിന്റ് എന്നു പറയുന്നത് ഒരു കാര്യം പറഞ്ഞ് അതിനെ kill ചെയ്യുകയാണ്. പൈറസിയെക്കുറിച്ച് പറഞ്ഞതുപോലെ, നവ മാധ്യമങ്ങളിൽ വരുന്ന ഇക്കാര്യങ്ങളെ ചെറുക്കാനും അതിന് ഒരുമുഴം മുൻപോട്ട് എറിഞ്ഞ് അതിനെ കൺട്രോൾ ചെയ്യാനുമുള്ള വിശ്വാസവും കഴിവും ബോധവും നമുക്കുണ്ടാകണം.

മെഡിക്കൽ ടൂറിസമാണ് കേരളത്തിൽ ഏറ്റവും കൂടുതൽ കാണുന്നത്.  ഞാൻ ബോംബെയിൽ ആയിരുന്നപ്പോൾ  എന്നെ  interest ചെയ്യിപ്പിച്ച ഒരു കാര്യം,

മഴക്കാലത്ത് സൗത്ത് ബോംബെയിലെ ഹോട്ടലുകളെല്ലാം ബുക്ക്ഡ് ആണ്. അതിനുള്ള പ്രധാന കാരണം, അറബിക്കടലിൽ മഴവരുന്നത് കാണാൻ മിഡിൽ ഈസ്റ്റിലുള്ള ഷെയ്ക്ക്മാരും പണമുള്ള ആളുകളും ആ രണ്ടുമൂന്നുമാസക്കാലം ബോംബെയിൽ താമസിക്കും. അവിടെ മഴയില്ല. വൈകിട്ട് അഞ്ചരയ്ക്ക് മറൈൻ ഡ്രൈവിൽ പോയാൽ നിരനിരയായി അറബ് ഷെയ്ക്ക്മാരെ കാണാം. അവിടുത്തെ ഹോട്ടലുകളുടെ മൂന്നുമാസത്തെ ഏറ്റവും വലിയ റവന്യൂ വെളിയിൽ നിന്നും വരുന്ന ഷെയ്ക്ക്മാരാണ്. അതുപോലുള്ള സെഗ്മെന്റ് ആയി മാർക്കറ്റ് ചെയ്യുകയാണെങ്കിൽ പലരീതിയിൽ ടൂറിസത്തിന്റെ റവന്യൂ മൾട്ടി ഫോൾഡായി വർദ്ധിപ്പിക്കാം.

അതുപോലെ ടൂറിസത്തിൽ സ്കിൽ ഡെവലപ്പ്മെന്റിന്റെ ആവശ്യകതയെക്കുറിച്ചാണ് ഞാൻ മനസ്സിലാക്കുന്നത്. സ്റ്റാർട്ട് അപ്പുകളെക്കുറിച്ച് പറയുന്നു. തമാശയ്ക്കാണെങ്കിലും ഐഡിയായുടെ ഒരു പരസ്യം ഉണ്ട് . രണ്ടുകുട്ടികൾ ചേർന്ന് ഹോട്ടൽ സ്റ്റാർട്ട് ചെയ്യുന്നു. അതുപോലുള്ള കാര്യങ്ങൾ നമ്മുടെ യുവജനങ്ങൾക്കുവേണ്ടി നൈപുണ്യം പദ്ധതിയിലൂടെ ചെയ്യുകയാണെങ്കിൽ പലർക്കും അതുവഴി ജോലി കിട്ടാം. ഏറ്റവും കൂടുതൽ റവന്യൂ വരുന്നത് ടൂറിസത്തിൽ നിന്നാണ്. അതുപോലെതന്നെ new trend-നെക്കുറിച്ച് പറഞ്ഞു. ഓൺ ലൈൻ ബുക്കിംഗായാലും ആ രീതിയിലുള്ള കാര്യങ്ങൾ ചെയ്യണം. ടൂറിസത്തെക്കുറിച്ച്

പറയുമ്പോൾ ഏറ്റവും കൂടുതൽ ഡെവലപ്പ്മെന്റ് കൊണ്ടു വരാൻ നല്ല സാധ്യതയുമുണ്ട്. പക്ഷേ അതിൽ അറിഞ്ഞിരിക്കേണ്ട ചെറിയൊരു threat ഉണ്ട്. അത് ഞാൻ മനസ്സിലാക്കുന്നത് എന്റെ ഫ്രണ്ട്സ് പറഞ്ഞിട്ടാണ്. അഗർബത്തിയുടെ പരസ്യത്തിൽ പറയുന്നതുപോലെ പ്രാർത്ഥിക്കാൻ എല്ലാവർക്കും ഓരോ കാരണമുണ്ട് എന്നുപറഞ്ഞതുപോലെ കേരളത്തിലേയ്ക്ക് വരാൻ എല്ലാ ടൂറിസ്റ്റുകൾക്കും ഓരോ കാരണമുണ്ട്. ചിലർക്ക് മൂന്നാറിലും ചിലർക്ക് ബാക്ക് വാട്ടേഴ്സിലും ചിലർക്ക് കടലിലും പോകണം. അതുകൊണ്ടാണ് 8-12 മണിക്കൂർ ഗ്യാപ്പിനകത്ത് എല്ലാതരത്തിലുള്ള സീസൺസും ടൂറിസവും enjoy ചെയ്യാൻ പറ്റുമെന്നുള്ളതാണ് കേരളാ ടൂറിസത്തിന്റെ ഏറ്റവും വലിയ advantage. പക്ഷെ ഒരു middle class Indian tourist-ന് ഒരു value for money കേരളം ടൂറിസം ആകുമോയെന്ന ഒരു doubt എനിക്കുണ്ട്. ശ്രീലങ്കയുടെ കാര്യം നോക്കുകയാണെങ്കിൽ നമുക്കുള്ളതുപോലെ പച്ചപ്പും, ഫുഡും, കടലും, ബാക്ക് വാട്ടേഴ്സും മലയും പൈതൃകവും എല്ലാം ഉണ്ട്. ഒരാൾ ബോംബെയിൽ നിന്നും ശ്രീലങ്കയിലേയ്ക്ക് പോകുന്നതാണ് സത്യം പറഞ്ഞാൽ cheaper than ബോംബെയിൽ നിന്നും തിരുവനന്തപുരത്ത് വന്ന് തിരിച്ചു പോകാൻ. അതിന് വേറെ advantage എന്താണെന്നുവെച്ചാൽ ഒരു tick mark ആണ് ഞാൻ ഒരു വിദേശ രാജ്യത്ത് പോയി എന്നുള്ളത്. എന്റെ പല കൂട്ടുകാരോടും ഞാൻ കേരളത്തിൽ വരാൻ

പറയുമ്പോഴും അവർ മടിച്ച് ശ്രീലങ്കയിലേയ്ക്ക് പോകുന്നതിന് കാരണവും അതാണ്. അതുപോലെ കഴിഞ്ഞ ഒന്നുരണ്ടു വർഷമായി ശ്രീലങ്കയുടെ ആഭ്യന്തര സ്ഥിതിയും better ആകുകയാണ്. ഹെഡ് സ്റ്റാർട്ട് കിട്ടിയിട്ടുണ്ട്. വളരെ തൊട്ടടുത്തുതന്നെ threat കൾ നമുക്കുണ്ട്. പക്ഷെ പത്ത് ഇരുപത് അടി മുൻപിലാണെങ്കിൽ നമുക്ക് പല കാര്യങ്ങളും ചെയ്യാൻ കഴിയും. International tourism രംഗവുമായിട്ടാണ് നമ്മൾ compare ചെയ്യുന്നത്. ഒത്തുപിടിച്ചാൽ സുഖമായി മുന്നോട്ട് പോകാൻ കഴിയും. എന്തായാലും ഇതൊക്കെ ചെയ്യാൻ കഴിവുള്ള സർക്കാരാണ് യു.ഡി.എഫ്. സർക്കാരെന്ന് കാണിച്ചിട്ടുള്ളതാണ്. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ രംഗത്തായാലും ടൂറിസം രംഗത്തായാലും എല്ലാ തലത്തിലും എല്ലാ രീതിയിലും മുന്നോട്ട് പോകുന്ന ഈ സർക്കാരിനെ ഞാൻ പിന്തുണയ്ക്കുന്നു. എന്റെ എല്ലാവിധ ആശംസകളും നേർന്നുകൊണ്ട് ഞാൻ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: വിഷയം നല്ലവണ്ണം പഠിച്ച് ഭംഗിയായി അവതരിപ്പിച്ച ശ്രീ. കെ.എസ്. ശബരീനാഥനെ ചെയർ പ്രത്യേകം അഭിനന്ദിക്കുന്നു.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ശ്രീ. ശബരീനാഥൻ പ്രസംഗം ആരംഭിച്ചത് മഹാനായ രാഷ്ട്രപിതാവ് മഹാത്മജിയെ ക്വാട്ട് ചെയ്തുകൊണ്ടാണ്. നമ്മുടെ ഗ്രാമങ്ങളുടെ മുന്നേറ്റവും ദരിദ്രനാരായണന്മാരുടെ ജീവിതത്തിൽ പുരോഗതി

യുണ്ടാകണമെന്നും ഗാന്ധിജി സ്വപ്നം കണ്ടിരുന്നു. ആ സ്വപ്നങ്ങൾ നമുക്ക് എത്രത്തോളം സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞുവെന്ന് നമ്മൾ പരിശോധിക്കേണ്ട സന്ദർഭമാണ്. നിങ്ങൾക്കറിയാം അടുത്തിടെയാണ് ഇന്ത്യയുടെ സാമൂഹിക-സാമ്പത്തിക-ജാതി തിരിച്ചുള്ള സെൻസസ് പുറത്തുവരികയുണ്ടായി. അതിൽ ജാതി സെൻസസിനെ സംബന്ധിച്ച വിവരങ്ങൾ പുറത്തു വന്നിട്ടില്ല. മറ്റ് സാമ്പത്തികമായ കാര്യങ്ങളെക്കുറിച്ചുള്ള കണക്കുകൾ പുറത്തുവന്നിട്ടുണ്ട്. ഇപ്പോൾ നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയെടുത്ത് പരിശോധിക്കുമ്പോൾ തൊണ്ണൂറ് ശതമാനത്തോളം ആളുകളും ദരിദ്രനാരായണന്മാരായി കഴിയുന്നുവെന്നുള്ള പ്രത്യേകത കൂടി നാം കാണേണ്ടതുണ്ട്. ഈ സർവ്വേ നടത്തിയത് കഴിഞ്ഞ യു.പി.എ ഗവൺമെന്റിന്റെ കാലത്താണ്. എൻ.ഡി.എ സർക്കാരിന്റെ കാലത്താണ് അതിന്റെ സർവ്വേ പുറത്തുവന്നത്. അതിൽ ജാതി തിരിച്ചുള്ള സർവ്വേ പുറത്തുവന്നിട്ടില്ല. മറ്റ് സർവ്വേയിലൂടെ നമുക്ക് മനസിലാക്കാൻ കഴിയുന്നത് നമ്മുടെ രാജ്യത്ത് തൊണ്ണൂറ് ശതമാനത്തോളം ആളുകളും വ്യത്യസ്തരീതിയിലുള്ള ദുരിതങ്ങൾപേറി ജീവിക്കുന്നുവെന്നുള്ളതാണ്. ആ വ്യത്യസ്ത ദുരിതങ്ങൾ പേറാനുള്ള കാരണങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യപ്പെടേണ്ട കാലഘട്ടമാണിത്. കാരണം പാവപ്പെട്ട ആളുകൾ കൂടുതൽ പാവപ്പെട്ടവരായി മാറിക്കൊണ്ടിരിക്കുന്നുവെന്നുള്ളത് ഒരു പ്രത്യേകതയായി

മാറിയിരിക്കുന്നു. നമ്മുടെ രാജ്യത്ത് സമ്പത്ത് കുന്നുകൂടുന്നുവെന്ന് പറയുമ്പോഴും ഒരു ഭാഗത്ത് കൊടിയ ദാരിദ്രവും കടക്കെണിയും പട്ടിണിമരണങ്ങളുമെല്ലാം നടക്കുന്നുവെന്നു കൂടി കാണേണ്ടതുണ്ട്. ദാരിദ്രവും പട്ടിണിയും നിരക്ഷരത യുമെല്ലാം നമ്മുടെ രാജ്യത്ത് കുറയുകയല്ല, കൂടുകയാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നമ്മുടെ രാജ്യത്ത് 68 വർഷക്കാലം നടപ്പിലാക്കിയ പദ്ധതികൾകൊണ്ട് നമ്മുടെ ഗ്രാമീണജനതയ്ക്ക് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് നാം മനസ്സിലാക്കണം. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, ജാതി തിരിച്ചിട്ടുള്ള സെൻസസ് വന്നിട്ടില്ലെങ്കിൽപോലും ദാരിദ്ര്യവും പട്ടിണിയും നിരക്ഷരതയും അനുഭവിക്കുന്ന ജനവിഭാഗങ്ങളിലേറെയും ഇന്ത്യയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളാണെന്നാണ് മറ്റൊരു കണക്കിൽ പറയുന്നത്. ഇന്ത്യയിൽ ഏകദേശം 16.8 ശതമാനം പട്ടികജാതിക്കാരുണ്ടെന്നാണ് കണക്കാക്കുന്നത്. 8.6 ശതമാനം പട്ടികവർഗ്ഗക്കാരുമുണ്ട്. ആകെ 25.2 ശതമാനം, അതായത് ഇന്ത്യൻ ജനസംഖ്യയുടെ നാലിലൊന്ന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ ക്കാരാണ്. ഏത് മാനദണ്ഡമെടുത്ത് പരിശോധിച്ചാലും ഇന്ത്യയിൽ ഏറ്റവും പിന്നോക്കാവസ്ഥയിൽ കഴിയുന്ന ജനവിഭാഗങ്ങൾ ഇവരാണെന്ന് കാണാൻ കഴിയും. അവരുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ധാരാളം പദ്ധതികളും കോടിക്കണക്കിന് രൂപയും

ചെലവഴിച്ചെങ്കിലും അത് വേണ്ടത്ര ഫലപ്രദമായില്ലെന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ, എൻ.ഡി.എ ഗവൺമെന്റ് ആ വിഭാഗക്കാരുടെ താൽപ്പര്യം സംരക്ഷിക്കാനാവശ്യമായ ഫണ്ടുകളെല്ലാം വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചു. നടപ്പിലാക്കിയ പദ്ധതികളുടെ പ്രയോജനം അവർക്ക് ലഭിച്ചതുമില്ല. ഇപ്പോൾ ഭരിക്കുന്ന ഗവൺമെന്റ് അതിന്റെ തുക വെട്ടിക്കുറച്ചു കൊണ്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യം കൂടി നമ്മുടെ മുന്നിലുണ്ട്. അങ്ങനെ പരിശോധിക്കുമ്പോഴാണ് നമ്മുടെ കേരളത്തിന്റെ പ്രത്യേകതകൾ നാം കാണേണ്ടത്. കേരളത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ജീവിതത്തിൽ വലിയ മാറ്റ മുണ്ടായിട്ടുണ്ട്, ഒരു സംശയവുമില്ല. പട്ടികജാതിയാകട്ടെ പട്ടികവർഗ്ഗമാകട്ടെ പിന്നോക്ക ജനവിഭാഗമാകട്ടെ, ന്യൂനപക്ഷജനവിഭാഗമാകട്ടെ ആ വിഭാഗ ങ്ങളിൽപ്പെടുന്ന ആളുകളെല്ലാം ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി വലിയ സാമൂഹിക മാറ്റത്തിന് വിധേയമായിട്ടുണ്ട്. ആ സാമൂഹിക മാറ്റത്തിന് ഒരുപാട് സംഭാവനകൾ എല്ലാ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. നവോത്ഥാന കാലഘട്ടത്തിൽ നവോത്ഥാന നായകന്മാർ നടത്തിയ ഉജ്ജ്വല പോരാട്ടങ്ങൾ, അതിനുശേഷം പുരോഗമന പ്രസ്ഥാനങ്ങൾ നടത്തിയ പ്രക്ഷോഭങ്ങൾ, ഇടതുപക്ഷ ഗവൺമെന്റുകൾ

അധികാരത്തിൽ വന്ന സമയത്ത് കൊണ്ടുവന്ന സാമൂഹിക പരിഷ്കരണ നിയമങ്ങൾ...... 1937-ൽ മഹാനായ രാഷ്ട്രപിതാവ് മഹാത്മജി മഹാനായ അയ്യങ്കാളിയെ കണ്ടുമുട്ടിയപ്പോൾ പറഞ്ഞകാര്യം മാത്രമെടുത്ത് പരിശോധിച്ചാൽ മതി അതിലെ മാറ്റമെന്താണെന്ന് മനസ്സിലാക്കാം. 1937-ൽ അയ്യങ്കാളി മഹാത്മജിയെ കണ്ടുമുട്ടിയ സന്ദർഭത്തിൽ മഹാത്മജി എന്താണ് വേണ്ടതെന്ന് അയ്യങ്കാളിയോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് 'എന്റെ സമുദായത്തിൽപ്പെട്ട പത്ത് ആളുകളെയെങ്കിലും ബി.എ ക്കാരായി കണ്ട് കണ്ണടക്കണം' എന്നാണ് എന്റെ ആഗ്രഹമെന്നാണ്. പക്ഷേ അദ്ദേഹം ജീവിച്ച കാലത്ത് അതിനുകഴിഞ്ഞില്ല. 1941-ൽ അദ്ദേഹം അന്തരിച്ചു. അതിനുശേഷം ധാരാളം മാറ്റങ്ങളുണ്ടായി. എങ്ങനെ മാറ്റമുണ്ടായി, 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കൊണ്ടുവന്ന വിദ്യാഭ്യാസ പരിഷ്ക്കരണ നിയമത്തിലൂടെയാണ് കേരളത്തിന്റെ മണ്ണിൽ മഹാനായ അയ്യങ്കാളി കണ്ട സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞതെന്ന് നിസംശയം നമുക്ക് പറയാൻ സാധിക്കും. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. പാവപ്പെട്ടവന് വിദ്യാഭ്യാസം കൊടുക്കാനുള്ള സംവിധാനമുണ്ടായി. ഈ സെൻസസിൽ നിരക്ഷരരുടെ കണക്ക് വന്നിട്ടുണ്ട്. ഇരുപത്തിയഞ്ച് ശതമാനത്തിലധികം വരുന്ന യുവാക്കൾ വിദ്യാഭ്യാസമില്ലാത്തവരാണ്,

അറിവില്ലാത്തവരാണ് അക്ഷരം പഠിക്കാത്തവരാണെന്നാണ് പറയുന്നത്. അവിടെയാണ് നമ്മുടെ കേരളം വിദ്യാഭ്യാസരംഗത്ത് വമ്പിച്ച മുന്നേറ്റമുണ്ടായത്. എല്ലാ പാവപ്പെട്ടവരുടേയും മക്കൾക്ക് പഠിക്കാനുള്ള അവസരമുണ്ടായിരുന്നു. മത ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ മക്കൾക്ക് പഠിക്കാനുള്ള അവസരമുണ്ടായി. പട്ടികജാതിക്കാരുടേയും/ പട്ടികവർഗ്ഗക്കാരുടേയും മക്കൾക്ക് പഠിക്കാനും സമൂഹത്തിൽ വളർന്നുവരാനുമുള്ള സാഹചര്യം അവർക്കൊരുക്കിക്കൊടുത്തു. അങ്ങനെയാണ് നമ്മുടെ കേരളത്തിൽ വലിയ സാമൂഹികമാറ്റമുണ്ടായത്. ആ സാമൂഹിക മാറ്റത്തെ പുറകോട്ടെടുപ്പിക്കുന്നുണ്ടോ യെന്നുള്ളത് ചിന്തിക്കേണ്ട ഒരു സന്ദർഭമാണിതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ കുറേ കാലമായി നമ്മുടെ കേരളത്തിലെ പാവപ്പെട്ടവരുടെ ജീവിതം മെച്ചപ്പെടുത്താനുള്ള പദ്ധതികളെല്ലാം തന്നെ തകർന്നടിയുന്ന കാഴ്ചയാണ് കാണുന്നത്. അതിനുള്ള ഉദാഹരണങ്ങൾ ഏറെ എടുത്തുപറയാൻ കഴിയും. സർക്കാരിന്റെ ധനവിനിയോഗത്തിലുണ്ടായ വീഴ്ചകളെ സംബന്ധിച്ച് എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതായത് ബഡ്ജറ്റിൽ മാറ്റിവയ്ക്കുന്ന സംഖ്യ അവരുടെ താൽപ്പര്യത്തിനുവേണ്ടി ചെലവഴിക്കാൻ കഴിയുന്നില്ലെന്ന് എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി ചൂണ്ടിക്കാണിച്ച കാര്യം എടുത്തുപറയാൻ കഴിയും. എല്ലാ വകുപ്പിലുമുണ്ട്,

ഞാൻ അതിന്റെ വിശദാംശത്തിലേയ്ക്ക് കടക്കുന്നില്ല. പ്രധാനപ്പെട്ട വകുപ്പുകളെക്കുറിച്ചെല്ലാം അതിൽ പറയുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മാറ്റിവച്ച സംഖ്യയും അതിന്റെ എക്സ്പെന്റിച്ചറും. അതിൽ എക്സ്പെന്റിച്ചർ റിവ്യൂ കമ്മിറ്റി ചൂണ്ടിക്കാണിച്ചിരിക്കുന്നത് നമ്മുടെ പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ മാറ്റിവച്ച സംഖ്യയിൽ 52 ശതമാനം മാത്രമേ യഥാർത്ഥത്തിൽ ചെലവഴിക്കപ്പെടുന്നുള്ളൂവെന്നാണ്. ബാക്കിയെല്ലാം ചെലവഴിച്ചുവെന്നുള്ള രേഖയുണ്ടാക്കുകയാണ്. അതിന്റെ ഫിസിക്കൽ അച്ചീവ്മെന്റ് അവർക്ക് ലഭിക്കുന്നില്ല എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണത്. ഇപ്പോൾ മിക്കവാറും എല്ലാ നേതാക്കളും  അരുവിക്കരയിലെ ഗ്രാമങ്ങളിലും കോളനികളിലും പോയിരുന്നു. അവിടുത്തെ സ്ഥിതിയെന്താണ് മരിച്ചാൽ കുഴിച്ചിടാൻ ആറടി മണ്ണിന് പോലും അവകാശമില്ലാതായി മാറുകയാണ് ആ പാവപ്പെട്ട ആളുകൾ. അത് നാം കണ്ടാതിരുന്നുകൂടാ. അവർക്കുവേണ്ടി മാറ്റിവച്ചിരിക്കുന്ന സംഖ്യ ഫലപ്രദമായി ചെലവഴിക്കുന്നതിൽ കുറവ് വന്നിരിക്കുകയാണ്. ഉദാഹരണത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം 1251.7 കോടി രൂപയാണ് പട്ടികജാതിക്കാരുടെ ക്ഷേമത്തിനുവേണ്ടി ചെലവഴിക്കാൻ മാറ്റിവച്ചത്. 686.97 കോടി രൂപ അതായത്

അൻപത്തിരണ്ട് ശതമാനം സംഖ്യയാണ് 12.3.2015 വരെ ഇതിനായി ചെലവഴിച്ചത്. ഒരു പക്ഷേ അവശേഷിച്ച ദിവസങ്ങളിൽ പത്തോ എഴുപതോ ശതമാനം ചെലവഴിച്ചുകാണാൻ സാദ്ധ്യതയുണ്ട്. പക്ഷേ അവർക്ക് വേണ്ടി മാറ്റിവച്ച സംഖ്യയിൽ മഹാഭൂരിപക്ഷവും ചെലവഴിച്ചിട്ടില്ലെന്നാണ് കാണാൻ കഴിയുന്നത്. ഓരോ വകുപ്പും ചെയ്ത കാര്യങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല. പൊതുവെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി മാറ്റിവച്ച സംഖ്യ ഫലപ്രദമായി ചെലവഴിക്കുന്ന കാര്യത്തിൽ വലിയ വീഴ്ചയാണ് ഉണ്ടായിട്ടുള്ളതെന്ന് കണക്കുകൾ സഹിതം ചൂണ്ടികാണിക്കാൻ കഴിയും. ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതത്തിൽ അടിസ്ഥാനപരമായ മാറ്റമുണ്ടാക്കണമെങ്കിൽ ഏറ്റവും പ്രധാനപ്പെട്ടത് വാസയോഗ്യമായ പാർപ്പിടങ്ങളാണ്. വാസയോഗ്യമായ പാർപ്പിടങ്ങൾ അവർക്ക് നൽകാൻ ധാരാളം പദ്ധതികൾ നമ്മൾ ആവിഷ്കരിച്ചിട്ടുണ്ട്. പക്ഷേ അത് ശരിയായ രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞോയെന്നുള്ളത് പരിശോധന നടത്തേണ്ടതാണ്. പട്ടികജാതിക്കാരുടെ ഏകദേശം 64000 വീടുകൾ പണിപൂർത്തിയാക്കാതെ വിവിധ ഘട്ടങ്ങളിലായി കിടക്കുന്നുവെന്ന് ബഹുമാന്യരായ ചില അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. ആ വീടുകളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കാൻ നമുക്ക്

കഴിയേണ്ടതല്ലേ? അവർക്ക് വാസയോഗ്യമായ പാർപ്പിടം നൽകാനുള്ള സ്ഥിതി കേരളത്തിലുണ്ടെന്നുള്ളത് മനസിലാക്കേണ്ടതുണ്ട്. അതുപോലെ തന്നെയാണ് വിദ്യാഭ്യാസത്തിന്റെ കാര്യവും. ഏതൊരു സമൂഹത്തിന്റെയും അല്ലെങ്കിൽ വ്യക്തിയുടെയും വളർച്ചയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വിദ്യാഭ്യാസം. അതുകൊണ്ട് വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കണമെന്നുള്ള കാഴ്ചപ്പാടോടുകൂടിയാണ് കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉയർച്ചക്കുവേണ്ടി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കാൻ തീരുമാനിച്ചത്. കേരളത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സ്ഥിതിയെന്താണെന്ന് ബഹുമാനപ്പെട്ട രണ്ടുമന്ത്രിമാരും പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമുക്കറിയാം വെള്ളായണിയിലാണ് ഇന്ത്യയിലാദ്യമായി പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളാരംഭിച്ചത്. ആ സ്കൂളിന്റെ അവസ്ഥയെന്താണ് എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിമാർ പരിശോധിക്കേണ്ടതാണ്. ഓരോ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെയും സ്ഥിതിയെന്താണെന്ന് പരിശോധിക്കണം. ഏറ്റവും മെച്ചപ്പെട്ട കുട്ടികളെ ഉൽപ്പാദിപ്പിച്ചെടുക്കാൻ കഴിയുന്ന പ്രധാനപ്പെട്ട കേന്ദ്രങ്ങളായി നമ്മുടെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ മാറ്റേണ്ടതാണ്. പക്ഷേ അവിടെ സാമൂഹ്യവിരുദ്ധരെ

സൃഷ്ടിക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന തെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. അതുപോലെ തന്നെയാണ് ഹോസ്റ്റലുകളുടെ സ്ഥിതി. ഹോസ്റ്റലുകളൊക്കെ വലിയ കൺസ്പെറ്റോടുകൂടിയാണ് കൊണ്ടുവന്നത്. കാരണം പാവപ്പെട്ടവരുടെ മക്കളെ പഠിപ്പിക്കണമെന്നുണ്ടെങ്കിൽ വീടുകളിൽ നിന്നുമാത്രം കൊണ്ടുവന്ന് പഠിപ്പിക്കാൻ കഴിയില്ല. അവരെ ഹോസ്റ്റലിൽ നിർത്തി പഠിപ്പിച്ചാൽ മാത്രമേ പഠിക്കാൻ കഴിയുകയുള്ളൂ. അതിനാണ് ഹോസ്റ്റലുകൾ ഉണ്ടാക്കിയത്. പക്ഷേ ആ ഹോസ്റ്റലുകളുടെ സ്ഥിതിയെന്താണ് എന്നുള്ളത് നാം പരിശോധിക്കണം. അതുപോലെ തന്നെ കാലാനുസൃതമായി അവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിയണം. അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഓരോ മൂന്നുവർഷം കൂടുമ്പോഴും അവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിച്ചുകൊടുക്കാനും അത് സമയബന്ധിതമായി കൊടുത്തുതീർക്കാനുമുള്ള നിലപാടുകൾ സ്വീകരിക്കണം. ഇവിടെ സമയബന്ധിതമായികൊടുക്കുന്നില്ലെന്ന് മാത്രമല്ല ഉന്നതവിദ്യാഭ്യാസരംഗത്ത് പാവപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാത്തതുകാരണം വലിയ പ്രയാസമനുഭവിക്കുകയാണ്. പ്രത്യേകിച്ചും സ്കോളർഷിപ്പ് ലഭിച്ച് പഠിക്കേണ്ട ഒരുപാട് കേന്ദ്രങ്ങളുണ്ട്. ആ കേന്ദ്രങ്ങളൊന്നും കുട്ടികൾക്ക് സമയബന്ധിതമായി

പണം വാങ്ങിക്കൊടുക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുന്നില്ല. പി.എച്ച്.ഡി.-യ്ക്കും എം.ഫിൽ-നും പഠിക്കുന്ന ഉന്നത വിദ്യാഭ്യാസരംഗത്ത് കടന്നുവരേണ്ട കുട്ടികൾക്ക് സമയബന്ധിതമായി പൈസ ലഭിക്കാത്തതുകൊണ്ട് അവരുടെ പഠനം മുറിഞ്ഞുപോകുന്ന സ്ഥിതിയാണ്. അല്ലെങ്കിൽ പഠനം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയാണുള്ളത് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കാര്യം പറഞ്ഞ സന്ദർഭത്തിൽ ഞാൻ ഒരു കാര്യം വിട്ടുപോയി. അതായത് സി.ആന്റ്.എ.ജി. ചൂണ്ടിക്കാണിച്ച ഒരു അപാകതയുണ്ട്. അതായത് കോഴിക്കോട് ജില്ലാ പഞ്ചായത്ത് എം.ആർ.എസ്. കെട്ടിടം നിർമ്മിക്കാൻ വേണ്ടി 2010-ൽ പട്ടികജാതി വികസനവകുപ്പിന് ഒരുകോടി എൺപത്തി രണ്ടുലക്ഷം രൂപ ചെലവഴിച്ച് പത്തേക്കർ സ്ഥലം വാങ്ങിക്കൊടുത്തു. 2012-ൽ ആ സ്ഥലം എസ്.സി. വകുപ്പിന് കൈമാറിയെങ്കിലും ഇതുവരെ കെട്ടിട നിർമ്മാണം നടത്തിയിട്ടില്ല എന്നുപറഞ്ഞ് സി.ആന്റ്.എ.ജി. തന്നെ അതുസംബന്ധിച്ച് ആക്ഷേപമുന്നയിച്ചിരിക്കുകയാണ്. ഞാൻ പലസ്ഥലത്തെയും കാര്യങ്ങൾ ഇതുസംബന്ധിച്ച് പറയുന്നില്ല. അതുമാത്രമല്ല, എന്റെ മണ്ഡലത്തിൽ ഒരു എം.ആർ.എസ്. സ്കൂളിന്റെ കാര്യത്തെ സംബന്ധിച്ച് തീരുമാനമെടുത്തിട്ട് നാലുവർഷമായി. ആറ് ഏക്കർ എൺപത്തിമൂന്ന് സെന്റ് സ്ഥലം പട്ടികജാതി

വികസനവകുപ്പിന് കൊടുത്തിട്ട് രണ്ടുവർഷമായി. ഏകദേശം അഞ്ചുകോടി തൊണ്ണൂറുലക്ഷം രൂപ കെട്ടിടം നിർമ്മിക്കാൻ എ.എസ്. കൊടുത്തിട്ട് ഒരു വർഷമായി. പക്ഷേ അത് പ്രവർത്തിക്കാൻ വേണ്ട യാതൊരു നടപടിയും സ്വീകരിക്കാത്ത സ്ഥിതിയാണുള്ളത്. അങ്ങനെ ഓരോ രംഗവും എടുത്ത് പരിശോധിച്ചാലും നമുക്ക് കാണാൻ കഴിയുന്നത് അവർക്കുവേണ്ടി നടപ്പിലാക്കേണ്ട പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്ന കാര്യത്തിൽ വലിയ വീഴ്ചകളാണുണ്ടായത്. അത് മന്ത്രിമാരുടെ കുറ്റം കൊണ്ടാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഇവിടത്തെ സംവിധാനം അങ്ങനെയാണ്. ആ സംവിധാനത്തിൽ മാറ്റം വരുത്താത്തത്ര കാലം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മോചനമുണ്ടാകില്ലെന്ന് അസന്നിഗ്ദ്ധമായി പറയാൻ ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. ബന്ധപ്പെട്ട ആളുകൾ, ഉദ്യോഗസ്ഥർ അവർക്ക് ചെയ്തുതീർക്കേണ്ട കാര്യങ്ങൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ജീവിതം മെച്ചപ്പെടണമെന്ന താൽപ്പര്യമില്ലാത്തവരല്ല എന്ന് മുഴവൻപേരെയും പറയുന്നില്ല. കുറേ ആളുകൾ ആത്മാർത്ഥമായി പ്രവർത്തിക്കുന്നുണ്ട്. പക്ഷേ പലരീതിയിലുള്ള കടമ്പകളുണ്ട്. കാരണം അവർക്ക് സമയബന്ധിതമായി കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്നില്ല എന്നുള്ളത് നാം തിരിച്ചറിയേണ്ടതുണ്ട്. അതുപോലെ

പണം കൃത്യമായി കിട്ടാതിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ ഒരു ഐ.റ്റി.സി.യുടെ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ട് നാലുവർഷമായിട്ടും അതിന്റെ പണി പൂർത്തീകരിക്കാൻ കഴിയാതിരിക്കുക യാണ്. പട്ടികജാതിയിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്ഥാപനമാണ്. അവിടത്തെ ജനങ്ങൾ കളിയാക്കുകയാണ്. അത് പൂർത്തീകരിക്കണമെന്ന് പലപ്രാവശ്യം ആവശ്യപ്പെട്ടതാണ്. പക്ഷേ നടപ്പിലായിട്ടില്ല. ഐ.ടി.സി.കളുടെ സ്ഥിതിയും വ്യത്യസ്തമല്ല. എല്ലാ ഐ.ടി.സി.കളിലും എൻ.സി.വി.ടി.യുടെ അംഗീകാരം പോലും നഷ്ടപ്പെടുന്ന സ്ഥിതിയിലേക്ക് വരികയാണ്. 41 ഐ.ടി.സി.കളിൽ ആയിരക്കണക്കിന് കുട്ടികൾ പഠിക്കുന്നുണ്ട്. ആ കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലേക്ക് പോകുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് ഐ.ടി.സി.കളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും എൻ.സി.വി.ടി.യുടെ അംഗീകാരം നേടിയെടുക്കാനുള്ള നടപടി എത്രയും പെട്ടെന്ന് സ്വീകരിക്കണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു കാര്യം കൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ നേരത്തെ ചില മെമ്പർമാരെല്ലാം ചൂണ്ടിക്കാണിച്ച കാര്യം തന്നെയാണ്. അതായത് നമ്മുടെ സർവ്വീസുകളിൽ ആവശ്യാനുസരണം നിയമനം നടക്കുന്നില്ല, മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിയമനങ്ങൾ നടക്കുന്നില്ല എന്നുള്ള ആക്ഷേപങ്ങൾ എല്ലാ സന്ദർഭങ്ങളിലും

ഉയർന്നുവരാറുണ്ട്. കേരളത്തിന്റെ ഒരു പ്രത്യേക സ്ഥിതി കണക്കിലെടുക്കുമ്പോൾ ഇവിടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പൊതുസ്ഥാപനങ്ങളിൽ മാത്രമാണ് സംവരണം ലഭിച്ചുകൊണ്ടിരിക്കുന്നത്. സർക്കാർ സംവിധാനത്തിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമാണ് ഇപ്പോൾ റിസ്ർവ്വേഷൻ ലഭിക്കുന്നത്. ആ റിസർവ്വേഷൻ തന്നെ ശരിയായ രീതിയിൽ അതിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടക്കുന്നില്ല എന്നുള്ള ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. അതോടൊപ്പം തന്നെ ഈ അടുത്ത ദിവസം ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു വിധി പറയുകയുണ്ടായി. അത് എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേസ്സിലാണ് ഹൈക്കോടതി വിധിയുണ്ടായത്. ആ വിധിയിൽ പറഞ്ഞതെന്താണ്; എല്ലാ എയ്ഡഡ് കോളേജുകളിലും പട്ടികജാതി/ പട്ടികവർഗ്ഗ സംവരണം പാലിച്ചുവെന്ന് ഉറപ്പുവരുത്താൻ ഗവൺമെന്റ് സന്നദ്ധമാകണം എന്നാണ്. ആറുമാസംകൊണ്ടുതന്നെ അതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പറഞ്ഞു. എന്ത് നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചതെന്ന് ഞാൻ ഈ സന്ദർഭത്തിൽ ചോദിക്കുകയാണ്. ഗവൺമെന്റ് തന്ന കണക്കുകളുണ്ട്. ഒരു സാമൂഹ്യമായ വിവേചനം എങ്ങനെയാണ് നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നതെന്ന് പൊതുസമൂഹം തിരിച്ചറിയേണ്ടതാണ്.

എയ്ഡഡ് കോളേജുകളിലെ ആകെ അദ്ധ്യാപകരുടെ എണ്ണം ചോദിച്ചിട്ടുണ്ട്. അതിൽ ഗവൺമെന്റ് തന്ന മറുപടിയിൽ പറയുന്നതാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ എണ്ണം വെറും 49 മാത്രമാണ്. അതായത് 6802 കോളേജ് അദ്ധ്യാപകരുള്ളതിൽ കേവലം 49 പേർ മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവർ. പട്ടികവർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ എണ്ണം കേവലം അഞ്ചുപേർ മാത്രമാണ്. ഇത് നാണക്കേടല്ലേ; 6802 അദ്ധ്യാപകർ കോളേജുകളിൽ പഠിപ്പിക്കുകയാണ്. ഖജനാവിൽ നിന്ന് പൈസ കൊടുക്കുകയാണ്. ഞാൻ ആരെയും കുറ്റം പറയുന്നതല്ല. അനദ്ധ്യാപകരുടെ എണ്ണം 3774 ആണ്. അതിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം എന്നുപറയുന്നത് കേവലം 39 മാത്രമാണ്. പട്ടികവർഗ്ഗത്തിൽപ്പെട്ട അനദ്ധ്യാപകരുടെ എണ്ണം കേവലം 6 ശതമാനമാണ്. എയ്ഡഡ് സ്കൂളുകളിൽ...

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയിൽ റിസർവ്വേഷൻ കംപ്ലെയിന്റ് വന്നകാര്യം പറഞ്ഞോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. അതുപോലെ എയ്ഡഡ് സ്കൂളുകളിൽ ഒരു ലക്ഷത്തിലധികം അദ്ധ്യാപകരുണ്ട്. ആ ഒരുലക്ഷത്തിലധികം വരുന്ന അദ്ധ്യാപകരിൽ കേവലം 380 പേർ മാത്രമാണ്

പട്ടികജാതി വിഭാഗത്തിൽ നിന്നുമുള്ളത്. എയ്ഡഡ് സ്കൂളുകളിലെ അനദ്ധ്യാപകരുടെ എണ്ണം 165 ആണ്. കേരളത്തിൽ ഏകദേശം ഈ ജനവിഭാഗങ്ങൾക്ക് ലഭിക്കേണ്ട റിസർവ്വേഷൻ ലഭിക്കുന്നില്ല എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. നിങ്ങൾ റിസർവ്വേഷൻ പാലിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ പറഞ്ഞു. അതിനുവേണ്ടി ഒരു മീറ്റിംഗ് വിളിച്ചുകൂട്ടി.

മി. സ്പീക്കർ: യെസ്...മൂന്ന് മിനിട്ട് അധികമായി.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. ഹൈക്കോടതി പറഞ്ഞതിന്റെയടിസ്ഥാനത്തിൽ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി ഹയർ എഡ്യൂക്കേഷന്റെ നേതൃത്വത്തിൽ ഒരു മീറ്റിംഗ് 13-11-2014-ൽ വിളിച്ചുകൂട്ടുകയുണ്ടായി. അതിൽ മാനേജ്മെന്റ് അസോസിയേഷന്റെ നേതൃത്വത്തിലുള്ള ആളുകളും പങ്കെടുത്തിരുന്നു. ആ മാനേജ്മെന്റ് അസോസിയേഷന്റെ ആളുകൾ പറയുന്നത് ഞങ്ങൾ റിസ്സർവേഷൻ നടപ്പിലാക്കാൻ തയ്യാറല്ല, ബാദ്ധ്യസ്ഥരല്ല എന്നുള്ള നിലപാടാണ് സ്വീകരിച്ചത്. ആ യോഗത്തിലാണ് സെക്രട്ടറി പറഞ്ഞത് 8000 കോടിരൂപയാണ് ഒരുവർഷം ഖജനാവിൽ നിന്ന് എയ്ഡഡ് മേഖലയിലെ സ്ഥാപനങ്ങളിലേക്ക് ശമ്പളമായി കൊടുക്കുന്നത്. അഡീഷണൽ ചീഫ് സെക്രട്ടറി പറഞ്ഞതാണ്. ആ 8000

കോടിരൂപയുടെ 10 ശതമാനത്തിന് തീർച്ചയായും കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ അർഹരാണ്. അത് കൊടുക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഇച്ഛാശക്തി കാണിക്കണം എന്നാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. മറ്റുകാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഇവിടെ ഒരുപാട് ചർച്ചകൾ നടന്നു. അതിൽ പ്രധാനമായും പറഞ്ഞത് ഇവിടെ ആപത്തായി വളർന്നുവരുന്ന ഹിന്ദുവർഗ്ഗീയവാദം ശക്തിപ്പെട്ട് വരികയാണ്. ബി.ജെ.പി.യും ആർ.എസ്.എസ്.-ഉം ശക്തിപ്പെട്ട് വരികയാണ്. ആർ.എസ്.എസ്.-നെയും ബി.ജെ.പി.യെയും എതിർക്കാൻ കോൺഗ്രസ്സിനെ കഴിയൂ എന്ന് പലയാളുകളും പറയുന്നത് കേട്ടു. കോൺഗ്രസ്സിന് അങ്ങനെ പറയാൻ കഴിയുമോ; ഞങ്ങളുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. ശത്രുക്കൾ ആക്രമിക്കാൻ വരുമ്പോൾ ഏറ്റവും വലിയൊരു പേടിത്തൊണ്ടൻ അവരോട് പറഞ്ഞു, നിങ്ങളിൽ പേടിയുള്ളവരൊക്കെ എന്റെ ചുറ്റും നിന്നോളാൻ. എന്റെ ചുറ്റും നിന്നോളാൻ പേടിത്തൊണ്ടനാണ് പറയുന്നത്. അതുപോലെയാണ് കോൺഗ്രസ്സ് ഇപ്പോൾ ബി.ജെ.പി.യെ തടുക്കാൻ ഞങ്ങളേയുള്ളൂവെന്ന് പറയുന്നത്. ഒരുകാരണവശാലും ബി.ജെ.പി./ ആർ.എസ്.എസ്.-ൽ നിന്നും ഉയർന്നുവരുന്ന വെല്ലുവിളികളെ ചെറുത്തുതോൽപ്പിക്കാൻ കോൺഗ്രസ്സിനോ യു.ഡി.എഫ്.നോ കഴിയില്ല എന്നുള്ള

അനുഭവം നമ്മുടെ മുമ്പിലുണ്ട്. ബി.ജെ.പി./ആർ.എസ്.എസ്-നെയും ഹിന്ദുവർഗ്ഗീയവാദിയെയും എല്ലാ തരത്തിലുള്ള വർഗ്ഗീയവാദങ്ങളെയും ചെറുത്തുതോൽപ്പിക്കാൻ കഴിയണമെങ്കിൽ ഇടതുപക്ഷ മതനിരപേക്ഷ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് മാത്രമേ കഴിയുകയുള്ളൂവെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ഗവൺമെന്റിനോടുള്ള പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുകയാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗവിഭാഗങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും അഭിവൃദ്ധി ലക്ഷ്യം വച്ചുകൊണ്ടുള്ള ഒട്ടേറെ പദ്ധതികളാണ് ഈ ഗവൺമെന്റ് ആവിഷ്കരിച്ചത്. ഒരു രാജ്യത്തെ ജനാധിപത്യത്തിന്റെ ഭാവി അവിടത്തെ ന്യൂനപക്ഷങ്ങളുടെ വിജയവുമായി ബന്ധപ്പെട്ടതാണ്. ആ ന്യൂനപക്ഷ ജനവിഭാഗങ്ങൾ എത്രമാത്രം സംതൃപ്തരാണോ അതാണ് ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ആണിക്കല്ല്. പ്രവാചകൻ പോലും പറഞ്ഞ ഒരു വചനമുണ്ട്. 'തന്റെ രാഷ്ട്രത്തിലെ ഇതര മതസ്ഥരായ ന്യൂനപക്ഷങ്ങളോട് അപമര്യാദയായി പെരുമാറുന്ന ഭരണാധികാരിയാണ് നാളെ ദൈവത്തിന്റെ മുമ്പിൽ ചോദ്യം ചെയ്യപ്പെടുക.' ഇവിടെ ഐക്യജനാധിപത്യ മുന്നണി

ഗവൺമെന്റ് വളരെ ബുദ്ധിപൂർവ്വമായാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. രജീന്ദർ സച്ചാർ കമ്മിറ്റി റിപ്പോർട്ട് ഇവിടെ വന്നത് കഴിഞ്ഞ യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിലാണ്. യു.പി.എ. സർക്കാർ അത് കൊണ്ടുവന്ന് ന്യൂനപക്ഷ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചപ്പോൾ ആ പദ്ധതിയുടെ പേര് മാറ്റി പാലൊളി കമ്മിറ്റി എന്നാക്കുക എന്നുള്ള ഒരു ഡ്യൂട്ടി മാത്രമാണ് കേരളത്തിലെ ഇടതുപക്ഷമുന്നണി ഗവൺമെന്റ് ചെയ്തത്. ആ വർഷം ഒരു കോടിരൂപയാണ് അന്ന് വിനിയോഗിച്ചത്. എന്നാൽ ഇപ്പോൾ ഈ ഗവൺമെന്റ് ന്യൂനപക്ഷക്ഷേമത്തിനായി വിനിയോഗിച്ചത് 87 കോടിരൂപയാണ്. എത്രവലിയ മാറ്റമാണ് ഈ നാലുവർഷം കൊണ്ടുണ്ടായത് എന്ന് ഇത് വ്യക്തമാക്കുകയാണ്. അതോടൊപ്പം നിരാലംബരും ആലംബഹീനരുമായ വനിതകൾക്കും വിധവകളായവർക്കും രണ്ടരലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ട് 950 വീടുകളാണ് കഴിഞ്ഞ കാലങ്ങളിൽ ഉണ്ടാക്കിയത്. ഇപ്പോഴാകട്ടെ അതിനുവേണ്ടി വീണ്ടും 25 കോടിരൂപ നീക്കിവച്ചിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ദുർബല വിഭാഗങ്ങളായി ന്യൂനപക്ഷങ്ങളിൽ കാണുന്ന മദ്രസ്സ അദ്ധ്യാപകർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയെന്നത് കഴിഞ്ഞ സർക്കാർ വലിയ നേട്ടമായാണ് പ്രഖ്യാപിച്ചത്. ആ ക്ഷേമനിധിയിൽ അംഗമായിരുന്നത് കേവലം

700 പേർ മാത്രമാണ്. ക്ഷേമനിധിയിൽ അന്ന് പലിശയിൽ അധിഷ്ഠിതമായാണ് അതിന് കോർപ്പസ് ഫണ്ട് വന്നത്. എന്നാൽ ഈ ഗവൺമെന്റ് 10 കോടിരൂപയുടെ കോർപ്പസ് ഫണ്ട് പലിശരഹിതമാക്കി എന്നുമാത്രമല്ല ഇപ്പോൾ അതിലുള്ളത് പതിമൂവായിരത്തോളം അദ്ധ്യാപകന്മാരാണ് എന്നറിയുമ്പോഴാണ് ന്യൂനപക്ഷ ക്ഷേമത്തോട് എത്ര വലിയ താൽപ്പര്യമാണ് ഈ ഗവൺമെന്റ് കാണിച്ചത് എന്ന് വ്യക്തമാകുന്നത്. അതോടൊപ്പം ജനവിഭാഗത്തെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പദ്ധതികളായ മൈനോറിറ്റി കോച്ചിംഗ് സെന്ററുകൾ വന്നു. സി.എ. പരീക്ഷയ്ക്കിരിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തി, എം.എസ്.ഡി.പി. പദ്ധതിക്ക് ഏകദേശം 36 കോടിരൂപയാണ് ഇത്തവണ വിനിയോഗിച്ചത്. ഇത് കേരളത്തിന്റെ ചരിത്രത്തിൽത്തന്നെ വളരെ പ്രധാനപ്പെട്ടതാണ്. ഒരു ജനവിഭാഗത്തെ പൂർണ്ണമായും വിശ്വാസ്യതയിൽ എടുക്കാൻ കഴിയുന്നവിധം ഒരു ഗവൺമെന്റ് ഉയർന്ന് പ്രവർത്തിക്കുന്നു. അതുപോലെതന്നെയാണ് പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളോടും ഈ ഗവൺമെന്റിന്റെ സമീപനം. പട്ടികജാതിക്കാർക്ക് സ്വന്തമായി മെഡിക്കൽ കോളേജ് ഉണ്ടായി എന്നതുമാത്രമല്ല, ആ മെഡിക്കൽ കോളേജുകളിൽ നിന്ന് ഓരോ വർഷവും പട്ടികജാതിക്കാരായ 70 ഡോക്ടർമാരാണ് പുറത്തിറങ്ങുന്നത്. അത് എത്ര

വലിയ മാറ്റമായിരിക്കും ഒരു സമൂഹത്തിലുണ്ടാക്കുകയെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. അതുപോലെ മൂന്ന് എയ്ഡഡ് കോളേജുകളും. എന്നുമാത്രമല്ല, 300 ആദിവാസികളെ യോഗ്യത നോക്കാതെതന്നെ പോലീസ് സേനയിലെടുക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചത് ഈ അടുത്ത ദിവസമാണ്. 300 ആദിവാസികളെ യോഗ്യത നോക്കാതെ പോലീസ് സേനയിലെടുക്കുമെന്ന് ഒരു സർക്കാർ പ്രഖ്യാപിക്കണമെങ്കിൽ ആ ജനവിഭാഗത്തിലുള്ള വിശ്വാസ്യത ഒരു സർക്കാർ ഊട്ടിയുറപ്പിക്കുകയാണ്. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നീക്കങ്ങൾ, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിന് എപ്പോൾ പണം അനുവദിച്ചാലും അത് നടക്കാതെ പോകുന്ന അവസ്ഥയാണ്. ഈ സർക്കാർ വന്നതിനുശേഷം മൂന്ന് ലക്ഷം രൂപ വീതം അനുവദിച്ചുവെന്നുമാത്രമല്ല പട്ടികവിഭാഗക്കാർക്ക് സ്വന്തമായി വീടുണ്ടാക്കുന്നതിന് ആവശ്യമായ മരം വെട്ടുന്നതിനുള്ള അനുമതികൂടി നൽകിക്കൊണ്ട് ഒരു വലിയ മുന്നേറ്റമാണ് ഗവൺമെന്റ് നടത്തിയത്. ആ വീടുകളിൽത്തന്നെ കുട്ടികൾക്ക് പഠിക്കാനുതകുന്ന രീതിയിലുള്ള പഠനമുറികൾ ഒരുക്കാനും സൗകര്യം ചെയ്തുകൊടുക്കുന്നു. എല്ലാ അത്യന്താധുനിക സൗകര്യങ്ങളും ആ വിഭാഗങ്ങൾക്ക് ഇന്ന് എത്തുകയാണ്. ബി.ടെക്.-കാർക്ക് ലാപ്ടോപ്പ് നൽകുന്ന,

എം.ബി.ബി.എസ്.-കാർക്ക് സ്റ്റെതസ്കോപ്പ് നൽകുന്നു. ഏകദേശം 22.85 കോടി രൂപയാണ് വിദ്യാഭ്യാസ രംഗത്തെ പ്രോത്സാഹനത്തിനുവേണ്ടി ചെലവഴിച്ചത്. കഴിഞ്ഞ ദിവസം ഒരു പരിപാടിക്കായി വയനാട്ടിൽ പോയപ്പോൾ ആദിവാസി പെൺകുട്ടികളുടെ കൈകളിലൊക്കെ ഓട്ടോറിക്ഷകളാണ്. ഞാൻ മന്ത്രിയോടുതന്നെ ചോദിച്ചു. 500 ഓട്ടോറിക്ഷകളാണ് ആദിവാസി പെൺകുട്ടികൾക്കുവേണ്ടി നൽകിയത്. എത്ര വലിയ മാറ്റങ്ങളാണ് ഈ കാലയളവിലുണ്ടായത്.

ടൂറിസം രംഗത്ത് ചെറിയൊരു വളർച്ചയല്ല കേരളത്തിലുണ്ടായത്. ഇവിടെ നേരത്തെ ശ്രീ. കെ. എസ്. ശബരീനാഥൻ സൂചിപ്പിച്ചതുപോലെ, നീണ്ട ആഭ്യന്തര യുദ്ധത്തിനുശേഷം അഞ്ച് വർഷംകൊണ്ട് ശ്രീലങ്ക കൈവരിച്ച നേട്ടം ചെറുതല്ല. അത് നമുക്കൊരു പാഠമാകണം. കാരണം നമ്മുടെ പ്രവാസി വരുമാനത്തിന് തൊട്ടുപിന്നിൽ നിൽക്കുന്നത് ടൂറിസമാണ്. 2010-ൽ 17,348 കോടി രൂപയാണ് നമുക്ക് ടൂറിസം ഇനത്തിൽ കിട്ടിയതെങ്കിൽ ഇപ്പോഴത് 24855.44 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. അതിന്റെ അർത്ഥം, ടൂറിസം രംഗത്ത് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തെക്കാൾ ഈ സർക്കാരിന് ഉണ്ടാക്കാൻ കഴിഞ്ഞ വളർച്ചയാണ് തെളിയിക്കുന്നത്. 40,000 ഹോട്ടൽ മുറികൾ ഉണ്ടായിരുന്നത് ഇന്ന് 75,000 ആയി വർദ്ധിച്ചു. അതുപോലെതന്നെ എല്ലാ മേഖലയിലും വളർച്ചയുണ്ടായിരിക്കുന്നു. പക്ഷെ

ടൂറിസം പ്രചരണത്തിന് ഇന്ന് നമ്മുടെ സ്റ്റേറ്റ് വേണ്ടത്ര തുക വകയിരുത്തുന്നില്ല എന്ന അഭിപ്രായക്കാരനാണ് ഞാൻ. ടൂറിസം പ്രചരണത്തിന് ഗുജറാത്ത് ഒരു വർഷം വിനിയോഗിക്കുന്നത് 550 കോടി രൂപയാണ്. മഹാരാഷ്ട്ര 450 കോടി രൂപയുമാണ്. എന്നാൽ കേരളം വിനിയോഗിക്കുന്നത് കേവലം 250 കോടി രൂപമാത്രമാണ്. മറ്റ് സംസ്ഥാനങ്ങൾ വിനിയോഗിക്കുന്നതിന്റെ പകുതിപോലും ടൂറിസത്തിന്റെ പ്രചരണത്തിനുവേണ്ടി കേരളം വിനിയോഗിക്കുന്നില്ല എന്നത് ഒരു സത്യമാണ്. കേരളത്തിലെ ടൂറിസം വളർത്താൻ ഏറ്റവും നല്ല മാർഗ്ഗം നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ മനോഹരമായ ഈ പ്രകൃതിയെ തന്റെ കൈക്രിയകൊണ്ട് മലീമസമാക്കില്ലെന്ന് കേരളത്തിലെ ജനങ്ങൾ തീരുമാനിച്ചാൽ മതി. എന്നാൽ നമ്മുടെ ടൂറിസം വളരും. ആ രീതിയിലുള്ള ഒരു അന്തരീക്ഷം, ഒരു പൊതുബോധം സമൂഹത്തിനുണ്ടാകണം. എത്രയെത്ര അവാർഡുകളാണ് ഈ കൊച്ചു കേരളത്തെ തേടിയെത്തിയതെന്ന് ഇവിടെ പറഞ്ഞു. യു.എൻ. അവാർഡ്, ബെസ്റ്റ് ഫാമിലി ഡെസ്റ്റിനേഷൻ അവാർഡ് തുടങ്ങി നിരവധി അവാർഡുകൾ ഈ കൊച്ചു കേരളത്തിലെ ടൂറിസത്തെ തേടി വന്നുവെന്ന് പറഞ്ഞാൽ ഈ രംഗത്ത് നമ്മുടെ സർക്കാർ എത്ര മുന്നോട്ടുപോയെന്ന് തെളിയിക്കുന്ന കാര്യമാണത്. പക്ഷെ ഒരു കാര്യമുണ്ട്, കേരളത്തിന്റെ ഈ പ്രകൃതി ഭംഗിയൊക്കെ കാത്തുസൂക്ഷിക്കാൻ കഴിയുന്ന

വിധം നമ്മുടെ ജനങ്ങളും ഉയരണം. കേരളത്തിന് ഒരുപാട് സാധ്യതകളുണ്ട്. കണ്ണൂരിൽ അന്താരാഷ്ട്ര വിമാനത്താവളം വരാൻ പോകുകയാണ്. നെടുമ്പാശ്ശേരി വിമാനത്താവളം, വിമാനത്താവളങ്ങൾ വരുന്നുവെന്ന് മാത്രമല്ല, ഓരോ വിമാനത്താവളങ്ങളും സഞ്ചാരികളുടെ പറുദീസയാക്കി മാറ്റാനുള്ള നടപടികൾ ഉണ്ടാകണം. 43 രാഷ്ട്രങ്ങളിലെ വിസ-ഓൺ-അറൈവൽ സംവിധാനം ഇന്ന് നമുക്കുണ്ട്. പല വിദേശ രാഷ്ട്രങ്ങളിൽ നിന്നും ആളുകൾക്ക് വരാൻ കഴിയുന്ന അവസ്ഥയുണ്ട്. അവരെ അതിനനുസരിച്ച് അതിഥികളായി കാണാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. നമ്മുടെ തീരദേശം മനോഹരമാണ്. ആ തീരദേശത്തിന്റെ അനന്ത സാധ്യത വിനിയോഗിക്കണം. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, മലപ്പുറം ജില്ലയിലെ തീരദേശത്തെ ഏറ്റവും മനോഹമായ ഒന്നാണ് കനോലി കനാൽ. ജനസാന്ദ്രത കൂടിയ പ്രദേശത്തുകൂടി കടന്നുപോകുന്ന കനോലി കനാൽ ബീയം കായലുമായി ബന്ധപ്പെട്ട് കുട്ടായിയിലെ ടൂറിസ്റ്റ് കേന്ദ്രം, ഒട്ടുംപുറം ടൂറിസ്റ്റ് കേന്ദ്രം, കീഴാനെല്ലൂർ ടൂറിസ്റ്റ് കേന്ദ്രം, കടലുണ്ടി പക്ഷിസങ്കേതം എന്നിവയെ ബന്ധിപ്പിക്കുന്ന നല്ല ഒരു ജലപാതയായി മാറ്റാൻ കഴിയുന്നതാണ്. ഇപ്പോൾതന്നെ ഇറിഗേഷൻ വകുപ്പിന്റെ പ്രവൃത്തി പൂർത്തിയായപ്പോൾ ആ ജലപാതയ്ക്കുണ്ടായ സൗന്ദര്യം വളരെയേറെയാണ്. ഈ അടുത്തകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

മലപ്പുറത്ത് വന്നപ്പോൾ ആ ടൂറിസം പദ്ധതി ജില്ലയുടെ ഒരു പ്രെസ്റ്റീജ് പ്രോജക്ടായി 12 ഇനങ്ങളിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ അതിന്റെ നടപടികളുമായി മുന്നോട്ടുപോകാനുള്ള സാഹചര്യമുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്.

ഇവിടെ പറഞ്ഞ ഒരുപാട് കാര്യങ്ങളുണ്ട്, കേരളത്തിന്റെ ഏറ്റവും വലിയ സവിശേഷത കേരളത്തിൽ ഇന്ന് ന്യൂനപക്ഷ ക്ഷേമവും പിന്നോക്ക ക്ഷേമവും അതിനുവേണ്ടിയുള്ള പദ്ധതികളും പരിപാടികളുമല്ല ആരും നോക്കുന്നത്. ഇവിടത്തെ പ്രതിപക്ഷങ്ങൾ ഏറ്റെടുത്തിരിക്കുന്ന ജോലി പലതാണ്. നേരത്തെ ശ്രീ. റോഷി അഗസ്റ്റിൻ ഇവിടെ പറയുകയുണ്ടായി, രാജധാനിയും അധികാരവുമില്ലാത്ത കോവിൽമല രാജമന്നാഡിയാർ എന്ന ആദിവാസി രാജാവിനെക്കുറിച്ച്. എനിക്കപ്പോൾ ഓർമ്മവന്നത് കേരളത്തിലെ പ്രതിപക്ഷ നേതാവിനെയാണ്. പാർട്ടി കമ്മറ്റിയിൽപ്പോലും അംഗത്വമില്ലാത്ത നമ്മുടെ പ്രതിപക്ഷ നേതാവ് രാജധാനിയും അധികാരവുമില്ലാത്ത കോവിൽമല രാജമന്നാഡിയാരെപ്പോലെയാണ് ഇതിനകത്ത് ഇരിക്കുന്നതെന്ന് യാദൃശ്ചികമായി തോന്നിപ്പോയി. ഒരു ഉത്തരവാദിത്വം പോലും ആർക്കും ആരോടുമില്ലാത്ത ഒരവസ്ഥ. ഇന്നലെ ഈ സഭയിൽ കണ്ടതെന്താണ്; രാവിലെ മുതൽ പിന്നോക്ക ന്യൂനപക്ഷ

ജനവിഭാഗങ്ങളുടെ പേരിൽ അവരുടെ അവകാശങ്ങൾക്കുവേണ്ടി പൊരുതാനല്ലേ.... എങ്ങനെയാണ് വൈകാരികമായി, വർഗ്ഗീയമായി ഒരു ജനതയെ വിനിയോഗിക്കാൻ കഴിയുകയെന്ന് ആലോചിക്കുകയാണ്. ഒരു അടിയന്തര പ്രമേയം ഇവിടെ വന്നു. അടിയന്തര പ്രമേയത്തിൽ വരുന്ന വിഷയം രണ്ട് ദിവസം മുമ്പ് ഇപ്പുറത്തിരിക്കുന്ന അംഗങ്ങൾ അതിനുവേണ്ടി സബ്മിഷൻ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് ഈ സഭയിൽ പറഞ്ഞാൽ, ആ സബ്മിഷൻ നോട്ടീസ് നൽകിയത് സമുദായം നോക്കിയാണെന്നുള്ള രീതിയിൽ മറുഭാഗത്ത് പ്രസംഗിച്ചാൽ അതിന്റെ അർത്ഥമെന്താണ്; കേരള നിയമസഭ ഇത്രയും തരംതാണ നിലപാടിലാണോ നിൽക്കുന്നത്; എന്നുമാത്രമല്ല, അതേ വിഷയത്തെ മറ്റൊരു രീതിയിലും വ്യാഖ്യാനിച്ചു. ഒരു ഭാഗത്തുനിന്ന് ആദിവാസികൾക്കുവേണ്ടി, ഇന്നലെ ഒരു പട്ടികവർഗ്ഗക്കാരുടെ വിഷയം വന്നപ്പോൾ, ഒരു പട്ടികവർഗ്ഗക്കാരന്റെ മരണവുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ പറയാൻ അനുവദിച്ചില്ലെന്ന് പറഞ്ഞുകൊണ്ട് അതിന് മറ്റൊരു മാനം നൽകി. ഞാൻ ആരെയും കുറ്റപ്പെടുത്തുകയല്ല. കേരള നിയമസഭയെ ഇതുപോലുള്ള ചെറിയ കാര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ച് എന്ത് നേട്ടങ്ങൾക്കുവേണ്ടിയാണ് നിങ്ങൾ ഉപയോഗിക്കാൻ പോകുന്നത്. ഇവിടെ ബി.ജെ.പി.-യെക്കുറിച്ച് പറഞ്ഞു. ബി.ജെ.പി.-യെ വളർത്തിയത് ആരാണ്; ബി.ജെ.പി.-യെ വളർത്തിയതിന്റെ കുറ്റം

ഇപ്പുറത്തേയ്ക്ക് കെട്ടിവയ്ക്കുന്നത് ഇന്നലെ കണ്ടു. മൊറാർജി ദേശായി പ്രധാനമന്ത്രിയായിരുന്നല്ലോ; മൊറാർജി ദേശായി പ്രധാനമന്ത്രിയായിരുന്നപ്പോൾ ശ്രീ. അടൽ ബിഹാരി വാജ്പേയ് ഇന്ത്യാ രാജ്യത്തിന്റെ വിദേശകാര്യ വകുപ്പുമന്ത്രിയായിരുന്നു. അന്ന് ശ്രീ. അടൽ ബിഹാരി വാജ്പേയ് ഭരിക്കുമ്പോഴും ശ്രീ. എൽ. കെ. അദ്ധ്വാനി ഭരിക്കുമ്പോഴുമൊക്കെ ബുധനാഴ്ച ക്യാബിനറ്റ് ചേർന്ന്, രാത്രി പാർട്ടി നടത്തി അവിടെ വച്ച് നയം രൂപീകരിച്ചത് നമ്മളാരും മറന്നിട്ടില്ല. അന്ധമായ കോൺഗ്രസ്സ് വിരോധംവച്ച് ബി.ജെ.പി.-യെ അധികാരത്തിലെത്തിച്ചതിനുള്ള പങ്കിൽ നിന്ന് ആർക്കും മാറാൻ കഴിയില്ല. അടിയന്തരാവസ്ഥക്കാലത്ത് മുസ്ലീംലീഗ് എവിടെയായിരുന്നുവെന്ന് ഇവിടെ പറഞ്ഞു. മുസ്ലീംലീഗ് രണ്ട് ചേരിയായിരുന്നു. ഒരു ചേരി അടിയന്തരാവസ്ഥയെ പിന്തുണച്ചു. ഒരു ചേരി അതിനെ പ്രതികൂലിച്ചു. പക്ഷെ ഒരു കാര്യം കൂടിയുണ്ട്, ഈ പറയുന്നവരുടെ ഇടതും വലതും ഭാഗത്ത് ഇരിക്കുന്ന സി.പി.ഐ. അന്ന് എവിടെയായിരുന്നു. അന്ന് സി.പി.ഐ. അടിയന്തരാവസ്ഥയെ പിന്തുണയ്ക്കുകയല്ലേ; ഇപ്പുറത്ത് മാത്രമല്ല അപ്പുറത്തും അന്ന് അടിയന്തരാവസ്ഥയെ പിന്തുണച്ച് അതിന്റെ സുഖം അനുഭവിച്ചവർ ഉണ്ടായിരുന്നു. പക്ഷെ ഞങ്ങളുടെ കൂട്ടത്തിലും അത്തരക്കാരുണ്ടെന്ന് അത് പറയുന്നവർ ഓർത്തില്ല. ഈ കാര്യമാണ്

മനസ്സിലാക്കേണ്ടത്. കേരള നിയമസഭപോലുള്ള ഒരു സഭയിൽ ഇതുപോലെ നൈമിഷികമായ വികാരങ്ങൾ ഉയർത്തി എല്ലാം വർഗ്ഗീയമാക്കി മാറ്റാൻ കഴിയുമെന്ന് ആലോചിക്കുന്ന നിലപാട് ശരിയല്ല. സി.പി.ഐ.(എം) ഇന്ന് വല്ലാത്തൊരു കഷ്ടത്തിലാണ്. നിങ്ങൾ ആലോചിക്കേണ്ടൊരു കാര്യം, ഈ രാജ്യത്ത് ഞങ്ങൾക്ക് പട്ടികജാതിയെയും പട്ടികവർഗ്ഗത്തെയുംകുറിച്ച് ആരും പഠിപ്പിക്കേണ്ടതില്ല. ഒന്നു നിങ്ങളറിയുക, രാജ്യം വിഭജിക്കുന്ന സമയത്ത് ഇടക്കാല ഗവൺമെന്റ് ഉണ്ടാക്കിയപ്പോൾ, ആ ഇടക്കാല ഗവൺമെന്റിലേയ്ക്ക് ആരെയാണ് മന്ത്രിയായി നൽകേണ്ടതെന്നു ചോദിച്ചപ്പോൾ ആദ്യത്തെ മന്ത്രിയായി യോഗേന്ദ്രനാഥ് മണ്ഡലിനെ നൽകിയ പാർട്ടിയാണ് മുസ്ലീം ലീഗ്. അതാരും മറക്കരുത്. ചരിത്രം വായിക്കണം. എന്നുമാത്രമല്ല ഇവിടത്തെ ഒരു കാലഘട്ടത്തിൽ പട്ടികജാതിക്കാരന് പുതച്ചുമൂടി പോകാൻ അനുവാദമില്ലാത്ത കാലം. അവരെകണ്ടാൽ മറ്റുള്ളവർ മുഖം മറച്ചിരുന്ന കാലം. അന്ന് പട്ടികജാതിക്കാരനായ ചടയനെ മദ്രാസ് അസംബ്ലിയിലേയ്ക്ക് നിർത്തി, ആനപ്പുറത്തു കയറ്റി അദ്ദേഹത്തെ ആനയിച്ച പാർട്ടിയാണ് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ്. നിങ്ങൾക്കറിയാം ശ്രീ. കെ. പി. രാമൻ, ശ്രീ. യു. സി. രാമൻ എന്നിവരെല്ലാം ഈ സഭയിലുണ്ടായിരുന്നു. ഈ നാട്ടിലെ പിന്നോക്ക ജനവിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഞങ്ങളുടെ പോരാട്ടത്തിന്

ഏറെ കാലത്തെ പഴക്കമുണ്ട്. ആ പഴക്കം വച്ചാണ് പറയുന്നത്. അതുകൊണ്ട് ഈ സഭയെ താൽക്കാലിക നേട്ടത്തിന് വർഗ്ഗീയവൽക്കരിക്കരുത്.

കമ്മ്യൂണിസ്റ്റ് പാർട്ടി അടിസ്ഥാനപരമായി അവരുടെ തത്വങ്ങളിൽ നിന്ന് പുറകോട്ട് പോകുകയാണ്. ഇന്ന് നിങ്ങളെ നിയന്ത്രിക്കുന്നത് പാർട്ടിയെ പഠിച്ച, പാർട്ടിയിലൂടെ വളർന്നവരല്ല. കാക്കയുടെ കൂട്ടിൽ കുയിൽ മുട്ടയിടാറുള്ളതുപോലെ മറ്റ് തീവ്രവാദ സംഘടനകളിൽനിന്ന് പരിശീലനം നേടി മാർക്സിസ്റ്റ് പാർട്ടിയിൽ നുഴഞ്ഞു കയറിയവരാണ് ഇന്ന് നിങ്ങളെ നിയന്ത്രിക്കുന്നത്. ആ ഒരു ദുരന്തം ഇന്ന് പാർട്ടി ഏറ്റുവാങ്ങുകയാണ്. വക്കുപൊട്ടിയ പ്ലേറ്റും കടമുറിഞ്ഞ കയിലും ഉള്ള അക്രാണി കച്ചവടക്കാരന്റെ ചാക്കുപോലെ ഇടതുപക്ഷ മുന്നണിയാകുന്ന ഒരു ഗതികേടിലേയ്ക്ക് ഇന്ന് പാർട്ടി മാറിക്കൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യത്തെ നിങ്ങൾ തിരിച്ചറിയണം. അതുകൊണ്ട് ഈ നാടിനുവേണ്ടി ഏറെക്കാര്യങ്ങൾ ചെയ്ത ഈ ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. ശശി</u>: സർ, കഴിഞ്ഞ നാല് വർഷക്കാലം പട്ടികവിഭാഗങ്ങൾക്കുവേണ്ടി നടത്തി എന്നവകാശപ്പെടുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് ഒന്ന് തിരിഞ്ഞുനോക്കുന്നത് നന്നായിരിക്കും. സർക്കാരിന് അവകാശപ്പെടാവുന്ന ഒരു നേട്ടങ്ങളും കഴിഞ്ഞ

നാലുവർഷക്കാലം നടപ്പാക്കാൻ സാധിച്ചില്ല എന്നതാണ് വസ്തുത. ഏതാണ്ട് 7,500 കോടിയോളം രൂപ കഴിഞ്ഞ നാല് വർഷത്തേയ്ക്കുവേണ്ടി ബഡ്ജറ്റിൽ നീക്കി വച്ചിരുന്നതിൽ ചെലവഴിച്ചു എന്നുപറയുന്നത് ഏതാണ് 60-65 ശതമാനം മാത്രമേ വരികയുള്ളൂ. ഭീമമായ തുക ബഡ്ജറ്റിൽ നീക്കി വയ്ക്കുമ്പോൾ എന്തായിരുന്നു സർക്കാരിന്റെ ലക്ഷ്യം; അങ്ങനെ എന്തെങ്കിലും വ്യക്തമായ ലക്ഷ്യം പ്രഖ്യാപിച്ചുകൊണ്ടല്ല ഈ വികസന പ്രവർത്തനം നടപ്പാക്കാൻ സർക്കാർ നേതൃത്വം നൽകിയത് എന്നുള്ളതാണ് വളരെ വിചിത്രമായൊരു കാര്യം. അങ്ങനെയായിരുന്നുവെങ്കിൽ ഇന്നതെല്ലാം നേടിയെന്ന് വ്യക്തമായി പറയുവാൻ സർക്കാരിന് കഴിയുമായിരുന്നു. അങ്ങനെയൊരു അവകാശം സർക്കാരിന് ഉന്നയിക്കാൻ കഴിയില്ല എന്നുള്ളതാണ് സ്കീമുകളും അതിനുവേണ്ടി നടപ്പാക്കിയ പദ്ധതികളും പദ്ധതികളുടെ അച്ചീവ്മെന്റുമെല്ലാം പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത്.

വിദ്യാഭ്യാസ മേഖല, തൊഴിൽ മേഖല, ഭൂമി. ഈ മൂന്ന് വിഷയങ്ങൾ പരിശോധിച്ച് വിലയിരുത്തിയാൽ എന്തെല്ലാം കാര്യങ്ങളിലാണ് സർക്കാരിന് നേട്ടമുണ്ടായതെന്ന് പരിശോധിക്കാവുന്നതാണ്. ഭൂവിഷയത്തിൽ ആദിവാസി മേഖലയിലെ ഭൂപ്രശ്നം മാത്രം പരിശോധിച്ചാൽ വ്യക്തമാകും. 1975-ൽ

തുടങ്ങിയതാണ് അവരുടെ ഭൂപ്രശ്നം. അത് പരിഹരിക്കുവാനുള്ള നടപടികളും... ഇപ്പോൾ 40 വർഷം പിന്നിട്ടിരിക്കുന്നു. നമുക്ക് എന്ത് ചെയ്യാൻ കഴിഞ്ഞു; 1975-ലെ കേരള ട്രൈബൽ ലാന്റ് ആക്റ്റ് നടപ്പാക്കാനുള്ള റൂൾസ് നമ്മൾ തയ്യാറാക്കുന്നത് 1986-ൽ ആയിരുന്നു. 1986 ജനുവരി 1 മുതൽ ആ നിയമം നടപ്പാക്കാനാണ് നമ്മൾ തീരുമാനിച്ചത്. എന്നാൽ ഈ നിയമപ്രകാരം ഒരു തുണ്ട് ഭൂമിപോലും ആദിവാസികൾക്ക് ഏറ്റെടുത്ത് നൽകുവാനായില്ല. ഒൻപതാം ഷെഡ്യൂളിൽ 1975-ലെ ആദിവാസി ഭൂനിയമം ഉൾപ്പെടുത്തി. എന്നാൽ അത് നടപ്പാക്കുന്നതിന് പകരം നമ്മൾ നടത്തിയ ചർച്ചകൾ കൊണ്ടവസാനിപ്പിച്ചത് 1999-ൽ കൊണ്ടുവന്ന ഭേദഗതി നിയമത്തിലായിരുന്നു. ആ ഭേദഗതി നിയമം സുപ്രീം കോടതി അംഗീകരിച്ചുവെങ്കിലും 5 ഏക്കറിൽ കൂടുതലുള്ള ഭൂമി തിരിച്ചു പിടിക്കണമെന്നും 5 ഏക്കറിൽ കുറവാണെങ്കിൽ പകരം ഭൂമി ആദിവാസികൾക്ക് നൽകണമെന്നുമായിരുന്നു ആ ഭേദഗതി. ഒരു സെന്റ് ഭൂമിയും ആദിവാസികൾക്ക് ഈ നിയമപ്രകാരം നൽകുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നുള്ളതല്ലേ സത്യം; 5 ഏക്കറിന് താഴെ കൈമാറിയവർ, എന്നാൽ 5 ഏക്കറിന് താഴെ കൈയ്യേറിയവർക്കെല്ലാം ഭൂമിയിൻമേലുള്ള ഉടമസ്ഥത നൽകുകയും ചെയ്തു.

ഭൂമി പ്രശ്നത്തിൽ സുപ്രീം കോടതി വിധി പ്രകാരം ലഭ്യമായ 19,002 ഏക്കർ വനഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യാനുള്ള ഒരു നടപടിയും സർക്കാർ

ഇതുവരെ സ്വീകരിച്ചിട്ടില്ല എന്ന് നമുക്ക് കാണാൻ സാധിക്കും. ഈ ഭൂമിയിൽനിന്നും മറ്റ് ആവശ്യങ്ങൾക്കുവേണ്ടി റവന്യൂ വകുപ്പ് ധാരാളം ഭൂമി പതിച്ചുകൊടുക്കുന്ന കാര്യം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അറിവോടുകൂടിയാണോ എന്ന് വ്യക്തമാക്കേണ്ടതുണ്ട്. 19,002 ഏക്കർ ഭൂമി ആദിവാസികൾക്ക് നൽകുന്നതിനുവേണ്ടി സുപ്രീം കോടതിയുടെ ഉത്തരവുണ്ടായിട്ടും അതിന്മേൽ ഇതുവരെ കാര്യമായ ഒരു നടപടിയും ഉണ്ടായിട്ടില്ല. അതിന്റെ സർവ്വേകളൊക്കെ നടക്കുന്നു എന്നാണ് എനിക്ക് നിയമസഭയിൽനിന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിയ മറുപടി. എന്നാൽ ഈ ഭൂമിയിൽനിന്നും റവന്യൂ വകുപ്പിലേയ്ക്ക് ആവശ്യമായ ഭൂമി ആവർ ഏറ്റെടുത്ത് വിതരണം ചെയ്യുന്നു, അവരുടെ ആവശ്യത്തിന് ഉപയോഗിക്കുന്നു എന്നുള്ള കാര്യവും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ വിഷയവുമായി വിലയിരുത്തുമ്പോൾ ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റി ഫോറസ്റ്റ് റൈറ്റ് അവകാശം ആദിവാസികൾക്ക് നൽകിക്കൊണ്ടുന്ന നിയമം നടപ്പാക്കുന്ന കാര്യത്തിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന് വളരെ മുന്നോട്ടുപോകാൻ സാധിച്ചു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇതിനെ സംബന്ധിച്ച് ഒരു സർവ്വേ നടത്താനുള്ള നടപടിപോലും സ്വീകരിക്കുകയോ അതിന്റെ ഭാഗമായി ഒരുതുണ്ട് ഭൂമിപോലും ആദിവാസികൾക്ക് നൽകാൻ സാധിച്ചില്ല എന്നുമുള്ളതാണ് ശരി.

ചുരുക്കിപറഞ്ഞാൽ ഭൂമിപ്രശ്നം ഇപ്പോഴും ഗുരുതരമായി തുടരുന്നു എന്നതാണ് സത്യം. ആദിവാസികൾക്കിടയിലെ സാമൂഹ്യ പ്രശ്നങ്ങൾക്കും സാമ്പത്തിക, ആരോഗ്യ പ്രശ്നങ്ങൾക്കുമെല്ലാം അടിസ്ഥാന കാരണം ഈ ഭൂപ്രശ്നമാണ്. ഭൂരഹിതരായ പാവപ്പെട്ട പട്ടികവർഗ്ഗ ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി നൽകണമെന്ന കാര്യത്തിൽ കാര്യമായ ഒരു പുരോഗതിയും ഉണ്ടാക്കുവാൻ സാധിച്ചിട്ടില്ല.

മറ്റൊരു പ്രധാനപ്പെട്ട കാര്യം ചൂണ്ടിക്കാണിക്കുവാനുള്ളത്, ഭൂവിതരണവുമായി ബന്ധപ്പെട്ട് ആദിവാസികളുടെ കാര്യത്തിൽ ഇവിടെ സൂചിപ്പിച്ചു. ഒരു മെമ്പർ സംസാരിക്കുമ്പോൾ 'ആശിക്കും ഭൂമി ആദിവാസികൾക്ക്' എന്ന പദ്ധതി വളരെ വിജയപ്രദമായി ഇവിടെ നടപ്പാക്കുന്നുവെന്നും അതുവഴി ധാരാളം ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുകയും ചെയ്തുവെന്നും പറഞ്ഞു. എനിക്ക് 29.06.2015-ൽ നൽകിയ മറുപടിയിൽ 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' പദ്ധതി പുതുതായി ആരംഭിച്ചു. അപ്രകാരം 420 പേർക്ക് 146.137 ഏക്കർ ഭൂമി വിതരണം ചെയ്തു എന്നാണ് നൽകിയ മറുപടി. ഇതിൽനിന്നും അറിയാം, 416 ഏക്കർ ഭൂമി 420 പേർക്ക് വിതരണം ചെയ്തുവെന്നുള്ളതാണ് നൽകിയ മറുപടി. അത് കൂടാതെ DRMDA വഴി 770 പേർക്ക് 730.52 ഏക്കർ ഭൂമി നൽകിയെന്നുമാണ് മറുപടി. ചുരുക്കിപറഞ്ഞാൽ ആദിവാസികൾക്ക് ഭൂവിതരണം ചെയ്യുന്ന കാര്യത്തിൽ ഈ

ഗവൺമെന്റിന് കാര്യമായ ഒരു പുരോഗതിയും കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ഭൂമിയുമായി ബന്ധപ്പെട്ട ഈ പ്രശ്നം പരിഹരിക്കാത്തതുകൊണ്ടാണ് ആദിവാസികൾക്കിടയിൽ ഇന്ന് ധാരാളം പ്രശ്നങ്ങൾ നമുക്ക് കാണാൻ സാധിക്കുന്നത്. ആ അടിസ്ഥാന പ്രശ്നം പരിഹരിക്കാതെ അവരുടെ ജീവിത നിലവാരത്തിൽ ഒരു പുരോഗതിയും ഉണ്ടാക്കുവാൻ സാധിക്കില്ല എന്നുള്ളതാണ് സത്യം.

പട്ടികവിഭാഗങ്ങൾക്കിടയിലെ തൊഴിലില്ലായ്മ, പ്രത്യേകിച്ചും അഭ്യസ്തവിദ്യരായവർക്കിടയിലെ തൊഴിലില്ലായ്മ ഒരു ഗുരുതരമായ പ്രശ്നമാണ്. ഈ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കാര്യമായ ഒരു നടപടിയും സർക്കാർ സ്വീകരിച്ചു കണ്ടില്ല. സ്വകാര്യ മേഖലയിൽ സംവരണം കൊണ്ടുവരുന്നതിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. സംഘടിത മേഖലയിൽ സംവരണം ഏർപ്പെടുത്തണം എന്ന വിഷയത്തിൽ ഈ സർക്കാരിന് യാതൊരു നടപടിയും സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. എയ്ഡഡ് മേഖലയിൽ സംവരണം നടപ്പാക്കാൻ ഒരവസരം സർക്കാരിന്റെ മുൻപിൽ ഇപ്പോൾ തുറന്നിരിക്കുകയാണ്. അത് ഇവിടെ സൂചിപ്പിച്ചു. ഹൈക്കോടതിയുടെ വിധി. ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധി ഇപ്പോൾ സർക്കാരിന്റെ മുൻപിലുണ്ട്. എയ്ഡഡ് കോളേജുകളിൽ സംവരണം

നടപ്പാക്കണമെന്നാണ് ആ വിധി. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് എനിക്ക് നൽകിയ ഒരു മറുപടിയിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി സൂചിപ്പിച്ചത് എയ്ഡഡ് കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു എന്നാണ്. ആ വിഷയത്തിലും തീരുമാനവും സർക്കാർ സ്വീകരിച്ചിട്ടില്ല. ഈ മറുപടി അതാണ് സൂചിപ്പിക്കുന്നത്. ഈ വിഷയത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് കാര്യമായി ഇടപെടണം. കോടതി വിധി നടപ്പാക്കണം. എല്ലാ എയ്ഡഡ് മേഖലകളിലും സംവരണം ഏർപ്പെടുത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് അതിൽ കാര്യമായ പങ്കുവഹിക്കാൻ സാധിക്കും എന്നാണ് ഞാൻ കരുതുന്നത്. ഇവിടെ അവതരിപ്പിച്ച ഈ ബഡ്ജറ്റും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലുമൊക്കെ ഇടതുപക്ഷ-പ്രതിപക്ഷ പാർട്ടികൾ സ്വീകരിച്ച ഒരു നിലപാടുണ്ട്. ഞങ്ങൾ ഈ ബഡ്ജറ്റിനെ അംഗീകരിക്കുന്നില്ല. ഈ ബഡ്ജറ്റിനെ അംഗീകരിക്കാതെ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അഭിമാനത്തോടുകൂടി പിൻതുണയ്ക്കുകയാണ്. ഒരുപാട് ഒന്നും പ്രസംഗിക്കേണ്ട

കാര്യമില്ല, ഒരു കാര്യം മാത്രം പറഞ്ഞാൽ മതി. ശ്രീ. കെ. രാധാകൃഷ്ണൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞു, മഹാത്മജി-അയ്യൻകാളിഗുരുദേവന്റെ സംവാദവും മഹാത്മജി-നാരായണഗുരുദേവന്റെ സംവാദവും കേരള ചരിത്രത്തിലെ എന്നും ഓർമ്മിക്കപ്പെടുന്ന രണ്ട് സംവാദങ്ങളാണെന്ന്. അതിൽ അദ്ദേഹം പറഞ്ഞതായിട്ട് പറഞ്ഞു 'എന്റെ സമുദായത്തിൽ നിന്നും 10 ബി.എ.-ക്കാരുണ്ടായി കാണണം, അതെന്റെ സ്വപ്നമാണ് എന്ന്. ' മഹാനായ അയ്യൻകാളിഗുരുദേവൻ സ്വപ്നം കണ്ട ആ സമുദായത്തിൽ നിന്നും, 75 എം.ബി.ബി.എസ്.-കാരെ സൃഷ്ടിക്കുവാൻ ഒരു മെഡിക്കൽ കോളേജ് പാലക്കാട്ട് തുടങ്ങി എന്ന മാത്രം പറഞ്ഞ് ഈ ധനാഭ്യർത്ഥനകളെ പിൻതുണച്ച് സംസാരിച്ചാൽ പോലും മതിയാകും, ഒരുപാട് പ്രസംഗിക്കേണ്ട കാര്യമില്ല. അതിനെപ്പോലും ഇവിടെ എതിർത്തു. ഞാൻ കരുതിയില്ല അതിനെ എതിർക്കുമെന്ന്, നിങ്ങൾ അതിനെയെന്തിനാണ് എതിർത്തത്? പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് വേണ്ടി ഒരു മെഡിക്കൽ കോളേജ്.... ഇവിടെ എൻ.എസ്.എസ്.-നും, എസ്.എൻ.ഡി.പി.-ക്കും, എം.ഇ.എസ്.-നും, മറ്റു സഭകൾക്കെല്ലാം എല്ലാ കാലത്തും എയ്ഡഡ് കോളേജുകൾ കിട്ടി. ഇവിടത്തെ പട്ടികജാതിക്കാരന്/ ദളിതന് ഒരു കോളേജ് ഉണ്ടായിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനു ശേഷമാണ്

പട്ടികജാതിക്കാരുടെ പേരിൽ വണ്ടൂരിലും, പത്തനാപുരത്തും, കൊല്ലം ജില്ലയിലുമെല്ലാം എയിഡഡ് കോളേജുകൾ വന്നത്. ഇവിടെ കണക്ക് വായിച്ചല്ലോ, കണക്കു വായിച്ചപ്പോൾ എയിഡഡ് കോളേജുകളിൽ.......

ശ്രീ. ജി. സുധാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട എം.എൽ.എ. പി. സി. വിഷ്ണുനാഥ് പറഞ്ഞു, എൻ.എസ്.എസ്., എസ്.എൻ.ഡി.പി. ഇവർക്കെല്ലാം കോളേജുകൾ ഉണ്ടായിരുന്നു, ദളിതന് കോളേജ് ഉണ്ടായിരുന്നില്ല എന്ന്. അത് എയ്ഡഡ് കോളേജ് ആണ്. ഇപ്പോൾ തുടങ്ങിയത് സർക്കാർ കോളേജുകളാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സർക്കാർ കോളേജും സമുദായ സംഘടനയുടെ കോളേജ് ആണ് എന്ന് പറയുന്നത് ഓർഡറിൽ ആണോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കെ.പി.എം.എസ്.-ന് അനുവദിക്കുന്നത് എയ്ഡഡ് കോളേജാണ്. ഞാൻ കൃത്യമായി മനസ്സിലാക്കിയിട്ടാണ് പറയുന്നത്. അങ്ങേയ്ക്ക് അങ്ങനെ തെറ്റു പറ്റുന്നതല്ല.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത് നൂറ് ശതമാനവും ശരിയാണ്. ഐക്യ കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ്, ഇവിടെ സൂചിപ്പിച്ചതുപോലെ പല സമുദായ വിഭാഗങ്ങൾക്കും ഇന്ന് ആർട്ട്സ് ആന്റ് സയൻസ്

കോളേജുകൾ ഉണ്ട്. പക്ഷേ ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്ന് ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പൂർണ്ണമായും എയ്ഡഡ് മേഖലയിൽ നൽകിയിട്ടുള്ളത് ആദ്യമായിട്ടാണ് എന്ന കാര്യം നൂറ് ശതമാനം ശരിയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, അങ്ങേയ്ക്ക് അറിയാമല്ലോ. അങ്ങ് ഒരു എഴുത്തുകാരനും, കവിയും, ചിന്തകനുമൊക്കെയാണല്ലോ; പൊയ്കയിൽ ശ്രീകുമാര ഗുരുദേവന്റെ, പി.ആർ.ഡി.എസ്.-ന് കോളേജ് കൊടുത്തു, അവർ വലിയ വോട്ട് ബാങ്ക് ഒന്നും അല്ല, ഒരു മൈക്രോസ്കോപ്പിക് മൈനോറിറ്റി വിഭാഗത്തിൽപ്പെട്ടവരാണ്, മൈക്രോസ്കോപ്പിക് ആയിട്ടുള്ള സാമൂഹിക വിഭാഗമാണ്. ആ പ്രത്യക്ഷ രക്ഷാ ദൈവസഭയ്ക്ക്, ശ്രീ. മാത്യു ടി. തോമസ് ഇവിടെയുണ്ടല്ലോ. പൊയ്കയിൽ ശ്രീകുമാര ഗുരുദേവനെ വിശ്വസിക്കുന്നവർക്ക് പോലും, ആ സമുദായത്തിന് അവരുടെ ദീർഘകാലത്തെ ആവശ്യത്തെ അംഗീകരിച്ചുകൊണ്ട് കോളേജ് കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായി. കെ.പി.എം.എസ്.-നെക്കുറിച്ച് ഞാൻ ആദ്യം തന്നെ പറഞ്ഞു. സാംബവ മഹാസഭയുടെ നേതാവ്- കാവാരികുളം കണ്ടൻ കുമാരൻ, അദ്ദേഹത്തിന് സ്മാരകം. ശ്രീ. കാവാരികുളം കണ്ടൻ കുമാരന് സ്മാരകമുണ്ടായത് ഈ ഗവൺമെന്റ് വന്നതിനു ശേഷമാണ്. അടിസ്ഥാന

വർഗ്ഗത്തിന്റെ പ്രത്യയശാസ്ത്രത്തിനെ പിൻതുടർന്ന ഒരു പാർട്ടിക്ക് പട്ടികജാതിക്കാരന് ഒരു കോളേജ് കൊടുക്കുവാൻ കഴിഞ്ഞില്ല എന്ന് ഓർത്ത് നിങ്ങൾ ഇപ്പോൾ ദു:ഖിക്കുന്നുണ്ടാകും. പക്ഷേ അടുത്ത തവണയും ഇത് കൊടുക്കാൻ കഴിയുകയില്ല എന്ന ദു:ഖം അവിടെ നിൽക്കുകയാണ്. കാരണം ഭരണത്തുടർച്ച ഉണ്ടാകാൻ പോകുകയാണല്ലോ; ഞാൻ ചിരിക്കാൻ വേണ്ടി പറഞ്ഞതല്ല, സീരിയസ്സായി പറഞ്ഞതാണ്. കേരളത്തിന്റെ ചരിത്രം പരിശോധിക്കു. ഇവിടെ പറഞ്ഞല്ലോ, പയ്യന്നൂർ നടന്ന എ.ഐ.സി.സി. സമ്മേളനത്തിന്റെ പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് ഗുരുവായൂർ സത്യാഗ്രഹവും, വൈക്കം സത്യാഗ്രഹവും, അയിത്തതിന് എതിരായിട്ടുള്ള പോരാട്ടവും നടന്നത്. അപ്പോൾ കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി ഉണ്ടായിട്ടില്ല എന്നു മാത്രമല്ല, നേതാക്കൻമാർ ഉണ്ടായിരുന്നു, അവർ കെ.പി.സി.സി. ജനറൽ സെക്രട്ടറിമാരോ, കെ.പി.സി.സി.-യുടെ എണ്ണം പറഞ്ഞ നേതാക്കൻമാരോ ആയിരുന്നു, പിൽക്കാലത്ത് കോൺഗ്രസ്സ് സോഷ്യലിസ്റ്റുകളും കമ്യൂണിസ്റ്റുകളുമായി മാറിയ ചരിത്രം ഞാൻ നിങ്ങളെ വിനീതമായി ഓർമ്മപ്പെടുത്തുകയാണ്. അതുപോലെ ഇവിടെ ഏറ്റവും പിന്നോക്കം നിൽക്കുന്ന 30 സമുദായങ്ങൾക്ക് ഒ.ഇ.സി. വിദ്യാഭ്യാസാനുകൂല്യം ഈ ഗവൺമെന്റ് ആണ് കൊടുത്തത്. ഉദാഹരണത്തിന് വീര ശൈവ സഭ വലിയ സ്വാധീനം

ഉണ്ടാകേണ്ട സഭയാണ്. കാരണം ലോകത്ത് ആദ്യത്തെ പാർലമെന്റ് സ്ഥാപിച്ചത് ബസവേശ്വരനാണ്. അനുഭവ മണ്ഡപമെന്ന പറഞ്ഞ ബസവകല്യാണയിലുള്ള Work is Worship എന്നു പറഞ്ഞുകൊണ്ട് ബസവേശ്വരൻ ആദ്യമായി സ്ഥാപിച്ച.... അന്ന് 12-ാം നൂറ്റാണ്ടിൽ ബസവേശ്വരന്റെ പാർലമെന്റിൽ വനിതകൾക്ക് സംവരണം ഉണ്ടായിരുന്നു. ആ വീരശൈവർക്ക് അടക്കം വിദ്യാഭ്യാസാനുകൂല്യം, 30 സമുദായങ്ങൾക്ക് ഒ.ഇ.സി. ആനുകൂല്യം കൊടുത്തത് ഈ ഗവൺമെന്റ് ആണ്. Most backward community-യുടെ പ്രശ്നങ്ങൾ പഠിക്കാൻ പി. പി. ഗോപി കമ്മീഷൻ, വിശ്വകർമ്മ സമുദായത്തിന്റെ പ്രശ്നങ്ങൾ പഠിക്കാൻ പി.എൻ. ശങ്കരൻ കമ്മീഷൻ, നാടാർ സമുദായത്തിന്റെ പ്രശ്നം പരിഹരിക്കാൻ ഡോ. ഹരിഹരൻ കമ്മീഷൻ ഇത്തരത്തിലെല്ലാം തന്നെ സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവരെ പിൻതുണയ്ക്കുവാൻ വേണ്ടിയുള്ള നിലപാട് സ്വീകരിച്ചു. ഇവിടെ പട്ടികവർഗ്ഗത്തിന്റെ കാര്യം പറഞ്ഞു. ബഹുമാന്യയായ മന്ത്രി വളരെ നിശബ്ദമായ വിപ്ലവമാണ് ആ മേഖലയിൽ നടത്തുന്നത്. ഒരു വിവാദത്തിനും ഇടകൊടുക്കാതെ വളരെ ശാന്തമായി ആ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയാണ്. 400 കോടി രൂപയിൽ നിന്നും 600 കോടി രൂപയായി ഉയർത്തി. അതേ സമയം ശ്രീ. മോദിയുടെ കേന്ദ്ര സർക്കാർ 80,000 കോടിയിൽ നിന്നും 50,000 കോടിയായി താഴ്ത്തിക്കൊണ്ടാണ്

'അച്ചാ ദിൻ' നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പട്ടികജാതിക്കാരന്റെ ഫണ്ട് വെട്ടിക്കുറയ്ക്കുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിക്കുമ്പോൾ, അത് ഉയർത്തുന്ന സമീപനമാണ് ഇവിടെ സ്വീകരിക്കുന്നത്. നമുക്കൊക്കെ അറിയാം, കേരളത്തിലെ മറ്റു വിഭാഗങ്ങൾക്കെല്ലാപേർക്കും ഒരു ഭാഷയാണ് ഉള്ളത്. പട്ടികജാതിക്കാർക്ക് നമ്മുടെ അറിവിൽ 44 ഭാഷകളുണ്ട്. ഈ ഭാഷകളെ സംരക്ഷിക്കേണ്ടതല്ലേ? ഈ സംസ്കാരത്തെയും, അവരുടെ ആചാരങ്ങളെയും, അനുഷ്ഠാനങ്ങളെയും, വംശീയ വൈദ്യത്തെയും, വംശീയ ഭക്ഷണത്തെയും, കലാരൂപങ്ങളെയും എല്ലാം സംരക്ഷിക്കണം. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിക്ക് യുവജനകാര്യവകുപ്പിന്റെ കൂടി ചുമതലയുണ്ടായിരുന്നതുകൊണ്ട്, ആ രണ്ടു വകുപ്പുകളേയും ചേർത്തുകൊണ്ട് എന്റെ നിയോജകമണ്ഡലത്തിൽ പൈതൃകോത്സവം സംഘടിപ്പിച്ചു. വംശീയ വൈദ്യത്തിനുവേണ്ടിയും വംശീയ ഭക്ഷണം രുചിക്കാൻ വേണ്ടിയുമൊക്കെ പതിനായിരക്കണക്കിന് ആളുകളാണ് അവിടെ വന്നത്. അവരുടെ കലാരൂപങ്ങൾ നമുക്ക് ഒരിക്കലും മറ്റൊരു സ്ഥലത്തും കാണാൻ കഴിയുകയില്ല. പണിയ നൃത്തം, തമ്പാച്ചിക്കളി, മലപ്പുലയാട്ടം, മംഗലം കളി, പുറംപാട്ട് തുടങ്ങിയ ഇപ്പോൾ നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്ന അടിസ്ഥാന അനുഷ്ഠാന കലാരൂപങ്ങളെ നമുക്ക് വേറെ ഒരിടത്തും കാണാൻ കഴിയുകയില്ല. ആര്യാടൻ സാറൊക്കെ ഇവിടെയിരിക്കുന്നു, നിലമ്പൂരിലെ

ഗോത്രനൃത്തമടക്കമുള്ള കാര്യങ്ങൾ നമുക്ക് സംരക്ഷിക്കാനുള്ള നിലപാട് സ്വീകരിച്ചുകൊണ്ടാണ് പൈതൃകോത്സവം പോലെ, ഗോത്രയാനം പോലെ, ഗോത്രതാളം പോലെ, കാപ്പുളിപോലെയുള്ള പരിപാടികളും, പദ്ധതികളും നമ്മുടെ പട്ടികവർഗ്ഗ വകുപ്പും യുവജനകാര്യവകുപ്പും ചേർന്ന് നടത്തുന്നത്. ശ്രീ. കെ. രാധാകൃഷ്ണൻ പറഞ്ഞ ഒരു കാര്യത്തോട് ഞാൻ യോജിക്കുകയാണ്. നമ്മളെല്ലാം പരസ്പരം രാഷ്ട്രീയപരമായി അഭിപ്രായ വ്യത്യാസം പറയുന്നവരാണ്. ആ സത്യം നമ്മൾ മനസ്സിലാക്കണം. അദ്ദേഹം ഇവിടെ കണക്ക് പറഞ്ഞല്ലോ? ഞാൻ യോജിക്കുകയാണ്. എയിഡഡ് കോളേജുകളിൽ ആകെ 49 പേരു മാത്രമാണുള്ളത്. പട്ടികവർഗ്ഗക്കാർ വെറും 5 പേരാണ് ഉള്ളത്. ഇവിടെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനെക്കുറിച്ച് ഒരുപാട് പ്രസംഗം നടത്തിയതാണ്. പട്ടികജാതിക്കാരിൽ നിന്നും നമുക്ക് അവരെയൊന്ന് ഉയർത്തി, അവരെ സമ്പന്നൻമാരാക്കാൻ.... കേരളത്തിൽ പട്ടികജാതിയിൽ നിന്നും എത്ര സമ്പന്നൻമാർ ഉണ്ട്? കേരളത്തിൽ ഒരുപാട് സമ്പന്നൻമാർ ഉണ്ട്, അതിൽ എത്ര പട്ടികജാതിക്കാരുണ്ട്? 10 ഏക്കറിൽ കൂടുതൽ ഭൂമിയുള്ള എത്ര പട്ടികജാതിക്കാരുണ്ട്? കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ ഇവരിൽ എത്ര അദ്ധ്യാപകരുണ്ട്? കേരളത്തിൽ നിന്ന് ഗൾഫിലേയ്ക്ക് പോയവരിൽ ഇവർ എത്രേപേരുണ്ട്? സമീപകാലത്ത് കേരളത്തിൽ

ഡെവലപ്പ് ചെയ്ത 3 മേഖലകളാണ് ഐ.ടി, ടൂറിസം, ഗൾഫ്. ഇവിടെ പട്ടികജാതിക്കാരന്റെ സാന്നിദ്ധ്യം എത്രയാണ്. എത്ര പട്ടികജാതിക്കാരൻ ഗൾഫിൽ പോയിട്ടുണ്ട്, ആകെ ഉള്ളതിന്റെ ഒരു ശതമാനം ഉണ്ടോ? ആകെയുള്ളതിന്റെ ഒരു ശതമാനം പട്ടികജാതിക്കാരും, പട്ടികവർഗ്ഗക്കാരും ഗൾഫിൽ പോയിട്ടില്ല. ടൂറിസത്തിൽ വന്നിട്ടില്ല, അവർ ഐ.ടി.-യിൽ വന്നിട്ടില്ല. അതുകൊണ്ട് ഈ ഗവൺമെന്റ് ഇപ്പോൾ ഇൻഡ്യയിൽ ആദ്യമായി തുടങ്ങിയതാണ് സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾ. ആ സ്റ്റാർട്ട്അപ്പ് വില്ലേജുകൾ അടക്കം പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് അവരെ സാമ്പത്തികമായി ഉയർത്തിക്കൊണ്ടു വരാനുള്ള സമീപനം നമ്മൾ സ്വീകരിച്ചില്ലെങ്കിൽ..... പട്ടികജാതിക്കാരുടെ കാര്യത്തിൽ വെറുതെ പ്രസംഗം മാത്രം നടത്തിയിട്ടു കാര്യമില്ല. അവരുടെ മൂന്ന് സെന്റ് ഭൂമിക്ക് അപ്പുറത്ത് കടന്നു ചിന്തിച്ചുകൊണ്ട്, അവരെ മണ്ണിൽ പണിയെടുക്കുന്ന കൃഷിക്കാരായിട്ടും അവരെ സാമൂഹികമായി വളരെ ഉയർന്ന നിലയിലേയ്ക്ക് ഉയർത്തുവാനുള്ള ആസൂത്രിതമായ നടപടികളും എടുക്കണം. മഹാരാഷ്ട്രയ്ക്ക് അക്കാര്യത്തിൽ വളരെ മുന്നോട്ട് പോകുവാൻ കഴിഞ്ഞിട്ടുണ്ട്. അവിടെ ദലിത് ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഡിക്ക്) ഉണ്ട്. ആ മോഡലിൽ ഫിക്കി പോലെ, ഡിക്ക് പോലെ ആ രൂപത്തിൽ

അവരെ സംരംഭകർ കൂടി ആകാൻ പാകത്തിൽ മാറ്റണം. യൂത്ത് എന്റർപ്രണർ മീറ്റ് നടത്തി, 400 പേർക്ക് യുവജനകാര്യവകുപ്പ് സംരംഭകത്വ പരിശീലനം കൊടുത്തു. അതിൽ 300 പേർ സംരംഭകരായി, അതിൽ പട്ടികജാതിക്കാർക്കും, പട്ടികവർഗ്ഗക്കാർക്കും പ്രത്യേകമായ പ്രാധാന്യവും പരിഗണനയും കൊടുക്കണമെന്നുള്ളതാണ് ഈ അവസരത്തിൽ എനിക്ക് പറയുവാനുള്ളത്.

ടൂറിസത്തിന്റെ കാര്യത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായി. 2014-15-ൽ 1,26,18,777 സഞ്ചാരികൾ വന്നു. വലിയ പുരസ്കാരങ്ങൾ കിട്ടി, താജ് മഹളിനെ പോലും പിൻതള്ളി ഗൂഗിൾ സെർച്ചിൽ കേരളം ഒന്നാമതായി എത്തി. എല്ലാ പുരസ്കാരങ്ങളുടേയും പേരുപറയാൻ സമയമില്ല. അങ്ങനെ നിരവധി പുരസ്കാരങ്ങൾ കേരളത്തിനു ലഭിച്ചു. എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, ഞാൻ ഹിന്ദു പത്രത്തിൽ വായിച്ചതാണ്, Master plan for five pilgrim centres, അതിൽ 5 കേന്ദ്രങ്ങളിൽ പൈതൃക ടൂറിസം, തീർത്ഥാടന ടൂറിസം നടപ്പിലാക്കാൻ ശ്രമിക്കുന്നുവെന്ന്. എന്റെ ഒരു നിർദ്ദേശം, എന്റെ നിയോജകമണ്ഡലമായ ചെങ്ങന്നൂരിലാണ് ശബരിമലയിലേയ്ക്കുള്ള തീർത്ഥാടകർ മുഴുവൻ വന്നിറങ്ങുന്നത്. അവിടെനിന്നാണ് അവർ ശബരിമലയിലേയ്ക്ക് പോകുന്നത്. എന്റെ മണ്ഡലമായ ചെങ്ങന്നൂരിൽ വന്നിറങ്ങിയാണ് ശബരിമലയിലേയ്ക്കുള്ള തീർത്ഥാടകർ മുഴുവൻ പോകുന്നത്.

ശബരിമല തീർത്ഥാടനത്തിന്റെ പ്രധാന ഇടത്താവളമാണ് ചെങ്ങന്നൂർ. മഹാബലിപുരം കഴിഞ്ഞാൽ ഇൻഡ്യയിൽ ഏറ്റവും കൂടുതൽ കല്ലിൽ കൊത്തുന്ന ശിൽപികളുള്ള ഒരു സ്ഥലമാണിത്. ശബരിമലയിൽ ദർശനം നടത്തുമ്പോൾ കാണുന്ന ശ്രീ. അയ്യപ്പന്റെ ഇപ്പോഴുള്ള വിഗ്രഹം, അതായത് ശബരിമല തീപിടുത്തമുണ്ടായതിനുശേഷം, നിർമ്മിച്ചത് എന്റെ മണ്ഡലത്തിലെ ശിൽപികളാണ്. ശബരിമല അയ്യപ്പന്റെ ക്ഷേത്രമിരിക്കുന്ന നിയോജകമണ്ഡലത്തിലെ അംഗമായ ബഹുമാനപ്പെട്ട ചെയറിനും ഇക്കാര്യം അറിയാം. അങ്ങ് ഇരിക്കുന്നതിന് തൊട്ടുമുകളിലുള്ള രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ചിത്രത്തിന് മുകളിലായി സ്ഥാപിച്ചിട്ടുള്ള കേരളത്തിന്റെ മുദ്രയുള്ള വെങ്കല ശിൽപ്പം, എന്റെ നിയോജകമണ്ഡലത്തിലെ, മാന്നാറിലെ ശിൽപ്പികൾ നിർമ്മിച്ചുകൊണ്ടുവന്നതാണ്. അത്തരം ശിൽപ്പികളുടെ പാരമ്പര്യമുള്ള സ്ഥലമാണ് ചെങ്ങന്നൂർ. പള്ളിയോടങ്ങളുടേയും, പടയണിയുടേയും, കുത്തിയോട്ടങ്ങളുടേയും നാടാണ്. അതുപോലെതന്നെ അവിടെ പുരാണങ്ങളിലെ പാണ്ഡവന്മാർ വന്ന് താമസിച്ച പാണ്ഡവൻ പാറയുണ്ട്. കേരളത്തിലെ അഞ്ച് വിഷ്ണു ക്ഷേത്രങ്ങളിൽ മൂന്നെണ്ണം എന്റെ നിയോജകമണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. പഴയ സുറിയാനി പള്ളി, പഴയകാല പാരമ്പര്യത്തിന്റെ, വാസ്തുശിൽപത്തിന്റെ മകുടോദാഹരണം,

പമ്പാനദിയുടെ തീരത്താണ്. അതുകൊണ്ട് ഈ പൈതൃക ടൂറിസം കേന്ദ്രത്തിന് കേരളത്തിലെ ഏതെങ്കിലും പ്രദേശം തീരുമാനിക്കുകയാണെങ്കിൽ അത് മെറിറ്റിലാണ് പരിശോധിക്കപ്പെടുന്നതെങ്കിൽ ഞാൻ ഉറച്ച് വിശ്വസിക്കുന്നു അതിനായി ചെങ്ങന്നൂർ പരിഗണിക്കപ്പെടേണ്ട ഒരു സ്ഥലമാണ്. തീർച്ചയായും പരിഗണിക്കണം എന്നുകൂടി ഞാൻ ഈ അവസരത്തിൽ വിനീതമായി അഭ്യർത്ഥിക്കുകയാണ്. ന്യൂനപക്ഷക്ഷേമ വകുപ്പിനെപ്പറ്റി നേരത്തെ സൂചിപ്പിച്ചു, ഒരു കോടിരൂപയായിരുന്ന പ്ലാൻ ഫണ്ട് എൺപത്തിയേഴ് കോടി രൂപയായി ഉയർന്നു. ഒരു സെല്ലിൽ നിന്നും അതൊരു വകുപ്പാക്കിമാറ്റി, നിരവധി പരിശീലന പരിപാടികൾ നടപ്പിലാക്കാൻ കഴിഞ്ഞു. അതുപോലെ തന്നെ 12 കോടി രൂപ ചെലവിട്ട് 42 കുടിവെള്ള പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞു. സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലനമടക്കം നിരവധി പരിശീലന പരിപാടികൾ ആ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കാൻ കഴിഞ്ഞു. ഇത്തരത്തിലുള്ള വളരെ ഫലപ്രദമായ പദ്ധതികളാണ് വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്നത്. ഈ വകുപ്പുകളുടെ നേതൃത്വത്തിൽ വളരെ ആത്മാർത്ഥമായ ക്ഷേമപ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്. കഴിഞ്ഞ ദിവസം മാധ്യമപ്രവർത്തകരെ ആക്രമിക്കുന്നത് സംബന്ധിച്ച് ഒരു അടിയന്തരപ്രമേയം കൊണ്ടുവന്നു. മാധ്യമപ്രവർത്തകരെ ആര്

ആക്രമിച്ചാലും നമ്മൾ എതിർക്കണം. മാധ്യമപ്രവർത്തകരെ ആക്രമിക്കുന്ന സമീപനം ശരിയല്ല. കാരണം ജനാതിപത്യത്തിൽ ഭരണകൂടത്തിന്റേതല്ലാത്ത ഏറ്റവും പ്രധാനപ്പെട്ട ഉപകരണമാണ് മാധ്യമങ്ങൾ. ഏഷ്യാനെറ്റിന്റെ 'പോർക്കളം' എന്ന പരിപാടിയിൽ ശ്രീ. പി. ജയരാജൻ, കണ്ണൂർ, ഷാജഹാനെന്ന മാധ്യമ പ്രവർത്തകന്റെ കവിളത്ത് അടിച്ചുകൊണ്ട് 'പോർക്കളം' പരിപാടി യഥാർത്ഥ പോർക്കളമാക്കിമാറ്റി. അതുപോലെ ഇന്നലെ നടന്ന ഒരു സംഭവത്തെപ്പറ്റി ഇന്നത്തെ പത്രങ്ങളിൽ വാർത്തയുണ്ട് - Moral policing - police arrested two CPI(M) workers. നിങ്ങളുടെ ഒരു ബ്രാഞ്ച് സെക്രട്ടറി, മാധ്യമം പത്രത്തിലെ ജിഷാ എലിസബത്തിനേയും ഭർത്താവ് ജോണിനേയും സദാചാര പോലീസ് ചമഞ്ഞ് ആക്രമിച്ചതിന്റെ പേരിൽ അയാളെ അറസ്റ്റ് ചെയ്ത് കേസ്സെടുത്തിരിക്കുകയാണ്. ഒരു സി.പി.ഐ.(എം.)ന്റെ ബ്രാഞ്ച് സെക്രട്ടറിയ്ക്ക് ഇത്രയും രാഷ്ട്രീയ ബോധവും പ്രത്യയശാസ്ത്ര ബോധവും സാമൂഹ്യബോധവുമേയുള്ളോ? ഇങ്ങനെയുള്ള ആളുകളാണ് ഈ പാർട്ടിയിലുള്ളതെങ്കിൽ ഈ പാർട്ടി എങ്ങനെ മുന്നോട്ട് പോകും; നിങ്ങൾ അതിനെതിരെ എന്തെങ്കിലും നടപടിയെടുത്തോ; നിങ്ങൾ ഒരു കാരണം കാണിക്കൽ നോട്ടീസെങ്കിലും കൊടുത്തോ? ഇതു കൂടാതെ തിരുവനന്തപുരത്തെ പ്രധാനപ്പെട്ട ഒരു മാധ്യമപ്രവർത്തകയെ മോറൽ പോലീസിംഗ് നടത്തിയതും

നിങ്ങളുടെ ബ്രാഞ്ച് സെക്രട്ടറിയാണ്. നിങ്ങളുടെ പാർട്ടി അണികൾക്ക് യാതൊരു പ്രത്യയശാസ്ത്രവുമില്ല. കാരണം അരുവിക്കരയിലെ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടാൽ കേരളത്തിലെ സി.പി.(ഐ)എം. ഇല്ലാതാകുമെന്ന് വിശ്വസിക്കുന്ന മൂഢസ്വർഗ്ഗത്തിലല്ല ഞാൻ ജീവിക്കുന്നത്. പക്ഷേ നിങ്ങളുടെ പ്രത്യയശാസ്ത്രം പരാജയപ്പെട്ടാൽ നിങ്ങൾക്ക് നിൽക്കാൻ കഴിയില്ല. കാരണം നിങ്ങളുടേത് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിന്റെ പ്രത്യയശാസ്ത്രവും വർഗ്ഗരഹിത സമൂഹം സ്വപ്നം കാണുന്ന പ്രത്യയശാസ്ത്രവുമാണ്. എനിക്ക് മുമ്പ് പ്രസംഗിച്ച ശ്രീ. കെ. രാധാകൃഷ്ണൻ നിങ്ങളുടെ പട്ടികജാതി സംഘടനയുടെ നേതാവാണ്. എങ്ങനെയാണ് വർഗ്ഗരഹിത സമൂഹത്തിൽ പ്രത്യേകമായി ഒരു പട്ടികജാതി സംഘടനയുണ്ടാകുന്നത്. മുതലാളിത്ത ചൂഷണത്തിനെതിരെ നിലകൊള്ളുന്ന പ്രത്യയശാസ്ത്രത്തിൽ എങ്ങനെയാണ് മുതലാളിമാരുടെ സംഘടനയുണ്ടാക്കാൻ കഴിയുക? അതുകൊണ്ട് നിങ്ങളുടെ പ്രത്യയശാസ്ത്രം പരാജയപ്പെട്ടു. ഞാൻ ചോദിക്കട്ടെ ഇന്നലെ ശ്രീ.കെ.എം. ഷാജി വളരെ ആർജ്ജവത്തോടും കൃത്യമായ ക്ലാരിറ്റിയോടുംകൂടിയും ഒരു നിലപാട് പറഞ്ഞപ്പോൾ അതിനെ പിന്തുണയ്ക്കുന്നതിനു പകരം നിങ്ങൾ ഡോ. കെ. ടി. ജലീലിനെക്കൊണ്ട് നല്ല ഒന്നാം തരം വർഗ്ഗീയ പ്രസംഗമല്ലേ നടത്തിച്ചത്. ആ വർഗ്ഗീയ പ്രസംഗംകൊണ്ട് നിങ്ങൾ രക്ഷപ്പെട്ടുമോ? ഇപ്പോൾ ഇവിടത്തെ ഏറ്റവും

വലിയ പ്രശ്നം ഓണപ്പരീക്ഷ ഓണത്തിന് നടത്തിയില്ലായെന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞല്ലോ ഓണപ്പരീക്ഷ ഓണത്തിന് നടത്തിയില്ലായെന്ന്, എന്റെ ഒരു സംശയം ചോദിക്കുകയാണ് - ഓണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആചാരമാണോ ഓണപ്പരീക്ഷ. ഓണത്തോടനുബന്ധിച്ച് നടത്തുന്ന ഉതൃട്ടാതി വള്ളംകളിപോലെ എന്തെങ്കിലും ആചാരമോണോ ഓണപരീക്ഷ. ഇത് ഫസ്റ്റ് ടെർമിനൽ എക്സാമിനേഷനാണ്. ഫസ്റ്റ് ടെർമിനൽ എക്സാമിനേഷൻ നടത്തണമെങ്കിൽ 90 വർക്കിംഗ് ഡേയ്സ് വേണം. സെപ്റ്റംബർ 12-ന് ആണ് കഴിഞ്ഞ വർഷത്തെ ഓണപ്പരീക്ഷ നടന്നത്. ആഗസ്റ്റിൽ ഓണം വന്നുകഴിഞ്ഞാൽ ഉത്രാടത്തിന് മുമ്പുതന്നെ ഓണപ്പരീക്ഷ നടത്തുവാൻ സാധിക്കുമോ? ഓണവുമായി ബന്ധപ്പെട്ട് ഒരാചാരമാണോ ഓണപ്പരീക്ഷ? ഇങ്ങനെയുള്ള ആചാരങ്ങൾ.. പച്ച ബ്ലൗസ്, പച്ച ബോർഡ്, ഓണപ്പരീക്ഷ ഇതാണ് നിങ്ങളുടെ രാഷ്ട്രീയം. ഒരിക്കലും നിങ്ങൾ ഗുണംപിടിക്കാൻ പോകുന്നില്ല കാരണം നിങ്ങൾ ബി.ജെ.പി.യുടെ ടീമാകാൻ ശ്രമിക്കുകയാണ്. ഇതൊക്കെയാണ് സോഷ്യൽമീഡിയയിൽ ആർ.എസ്.എസ്.കാർ എഴുതി പിടിപ്പിക്കുന്നത്. മലപ്പുറത്തെ സ്കൂളുകളിൽ റംസാൻ കാലത്ത് ഉച്ച ഭക്ഷണം വിതരണം ചെയ്യുന്നില്ലായെന്ന ആർ.എസ്.എസ്.കാരന്റെ സോഷ്യൽ മീഡിയയിലെ പോസ്റ്റ് ലൈക്ക് ചെയ്യുക, കമന്റടിക്കുക, ഷെയർ ചെയ്യുക

തുടങ്ങിയ കാര്യങ്ങൾ നിങ്ങൾ ചെയ്യരുത്. നിങ്ങളിൽ ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്. ഇൻഡ്യൻ രാഷ്ട്രീയത്തിൽ കമ്മ്യൂണിസ്റ്റുകാരെ എഴുതിത്തള്ളാൻ കഴിയുമോ? എഴുതിത്തള്ളാൻ കഴിയില്ല എന്നാണ് ഞാൻ വിശ്വസിക്കുന്നത്. പക്ഷേ നിങ്ങൾ നിങ്ങളുടെ രാഷ്ട്രീയത്തെ പുനർനിർമ്മിക്കണം. പിന്നെ എതിർക്കുന്നവരെ..... എന്നെ രണ്ട് തവണ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പേരെടുത്ത് പറഞ്ഞ് പുലഭ്യം പറഞ്ഞു. ഞാൻ അദ്ദേഹത്തിന്റെ മുന്നിലാരാണ്? രണ്ടാം തവണ എം.എൽ.എ. ആയ, വെറും സാധാരണക്കാരനായ എന്നെ പേരെടുത്ത് പറഞ്ഞ് രണ്ട് തവണ പുലഭ്യം പറഞ്ഞു. ഞാൻ കള്ളം പറയുന്ന സെല്ലിന്റെ കൺവീനറാണെന്ന് പറഞ്ഞു. ഞാൻ നിയമസഭയിൽ ഒൻപതു കൊല്ലമായി പ്രസംഗിക്കുന്നുണ്ട്. ഇവിടത്തെ മാധ്യമ പ്രവർത്തകർക്ക് ഞാൻ ഇതുവരെ പ്രസംഗിച്ചതിൽ വസ്തുതാപരമായി പിശകുള്ള ഒരക്ഷരം ചൂണ്ടിക്കാണിക്കാൻ കഴിയുമോ? ഞാൻ അതിൽ വളരെ ശ്രദ്ധിക്കുന്ന ഒരാളാണ്. ഞാൻ വലിയ ഒരാളൊന്നുമല്ല. പ്രതിപക്ഷ നേതാവ് മഹാനൊന്നുമല്ല. ഞാൻ കള്ളം പറഞ്ഞിട്ടില്ല. എതിർക്കുന്നവരെയെല്ലാം പുലഭ്യം പറയുകയും ബ്ലാക്ക്മെയിൽ ചെയ്ത് അവസാനിപ്പിക്കുകയും ചെയ്യുന്ന ഒരു ശൈലി അദ്ദേഹത്തിനുണ്ട്. അത് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ പറ്റും. പി. സി. വിഷ്ണുനാഥിനെ നിശ്ശബ്ദനാക്കാൻ കഴിയില്ല. ഞാൻ നിശ്ശബ്ദനാകില്ല. എന്നെ പുലഭ്യം പറഞ്ഞ്

പേടിപ്പിച്ച് വിരട്ടി നിശ്ശബ്ദനാക്കാമെന്ന് അദ്ദേഹം വിചാരിച്ചാൽ നടക്കില്ല. ഞാൻ അദ്ദേഹത്തിന്റെ മകനെതിരെ പറഞ്ഞ ആരോപണങ്ങൾ അന്വേഷിക്കാൻ പറഞ്ഞു. ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി അന്വേഷിച്ചപ്പോൾ ഞാൻ വെറുതെയിരുന്നില്ല. ആയിരം കടലാസുകൾ തെളിവായി സമർപ്പിച്ചു. ആ സമിതിയുടെ അന്വേഷണത്തിൽ കാര്യങ്ങൾ ശരിയാണെന്ന് കണ്ടെത്തി. ഞാൻ അദ്ദേഹത്തിന്റെ മകനെതിരെ പറഞ്ഞ ആരോപണങ്ങൾ ശരിയാണെന്ന് കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ (C&AG)-ഉം കണ്ടെത്തി. അദ്ദേഹത്തിന്റെ മകനെതിരെ ഞാൻ ആരോപണം ഉന്നയിച്ചിട്ടുണ്ടെങ്കിൽ അത് ശ്രീ. വി. എസ്. അച്ചുതാനന്ദനോടുള്ള വിരോധം കൊണ്ടല്ല. അദ്ദേഹത്തിന് അഴിമതിക്കെതിരെ പോരാടാനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിൽ അത് എനിക്കുമുണ്ട്. അത് എനിക്കുണ്ടായിക്കൂടേ; ഞാൻ അതിനെപ്പറ്റി പറയാൻ പാടില്ലേ? അതുകൊണ്ട് അങ്ങനെ പറയുന്ന ആളുകളെയെല്ലാം പുലഭ്യം പറഞ്ഞ് വിരട്ടി പേടിപ്പിച്ച് നിശ്ശബ്ദനാക്കാമെന്ന് പറഞ്ഞാൽ നടക്കില്ല. ഞാൻ ഒരു ഒറ്റമുറി ഓലഷെഡിൽ ജനിച്ചയാളാണ്. എം.എൽ.എ.ആകുമെന്ന് സ്വപ്നം കണ്ട ആളൊന്നുമല്ല. രണ്ട് തവണ എം.എൽ.എ.ആയി. പക്ഷേ പേടിപ്പിച്ച് ഭീരുവാക്കി നിശബ്ദനാക്കാമെന്ന് പറഞ്ഞാൽ അതിന് നിങ്ങൾക്ക് കഴിയില്ല. ഞാൻ എന്റെ നിലപാടുമായി തന്നെ

മുന്നോട്ടുപോകുമെന്ന് പറയുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മുമ്പിൽ ഞാൻ ആരുമല്ല. പിന്നെ മറ്റ് കാര്യങ്ങൾ ഞാൻ പറയാത്തത് ഞാൻ അദ്ദേഹത്തെപ്പോലെ പിറകെ നടന്ന് ഒരാളെ വക വരുത്തണമെന്ന ഉദ്ദേശമൊന്നുമെനിക്കില്ല. രാഷ്ട്രീയകാലം മുഴുവനും ആരെയെങ്കിലും തീർക്കാനും ജയിലിൽ കയറ്റാനും നടക്കണമെന്ന നിലപാടുമെനിക്കില്ല. പക്ഷേ അദ്ദേഹത്തിനെതിരെ കേസ് വന്നപ്പോൾ അദ്ദേഹം കോടതിയിൽ പോയി സ്റ്റേ വാങ്ങിച്ചു. ബാക്കിയുള്ളവരുടെയെല്ലാം കേസ് അദ്ദേഹത്തിന് അന്വേഷിക്കാം. അദ്ദേഹത്തിനെതിരെ ആരെങ്കിലും പരാതി കൊടുത്താൽ ബഹുമാനപ്പെട്ട ഹൈക്കോടതി വരെ പോയി എഫ്.ഐ.ആർ. റദ്ദാക്കും അല്ലെങ്കിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പോകും. അദ്ദേഹത്തിന്റെ ആ ഇരട്ടത്താപ്പിനെയും കാപട്യത്തെയും ചോദ്യം ചെയ്യും, അതിനെന്താ കുഴപ്പം. അത് നാളെയും ചോദ്യം ചെയ്യും. ഞാൻ രണ്ടുതവണയും വളരെ വേദനയോടുകൂടിയാണ് ഇവിടെ ഇരുന്നത്. കാരണം എന്നെപ്പോലെ ഒരാൾ, അദ്ദേഹത്തിന് പേരെടുത്ത് പുലഭ്യം പറയാൻ ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ ആരുമല്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ ആ സമീപനം ശരിയല്ല. ഇത്രയും പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക സമുദായ

ക്ഷേമത്തെ സംബന്ധിച്ചാണ് ഇവിടെ ചർച്ച നടക്കുന്നത്. അനുവദിക്കുന്ന ഫണ്ടുകൾ സംബന്ധിച്ചും അതിന്റെ വർദ്ധനവിനെക്കുറിച്ചും, ചെലവിലുണ്ടാകുന്ന വർദ്ധനവ് സംബന്ധിച്ചുമാണ് അപ്പുറത്തിരുന്ന ആളുകൾ വാചാലമായി സംസാരിച്ചുകൊണ്ടിരുന്നത്. ഇങ്ങനെയൊക്കെയായിട്ടുപോലും എന്തുകൊണ്ടാണ് അട്ടപ്പാടി ആവർത്തിക്കുന്നത് എന്നാണ് നമ്മൾ വിലയിരുത്തേണ്ടത്. ധാരാളം പണം ചെലവഴിച്ചിട്ടും, ഇത്രയുമധികം അദ്ധ്വാനം നടത്തിയിട്ടും എന്തുകൊണ്ട് അട്ടപ്പാടിയിലെ സ്ഥിതി ഇപ്പോഴും രൂക്ഷമായിത്തന്നെ തുടരുന്നു എന്നുള്ളതിനെക്കുറിച്ചാണ് നാം ഗൗരവമായി ചിന്തിക്കേണ്ടത്. ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ മനോഭാവത്തിനാണ് വ്യത്യാസം വരേണ്ടത്. ബഹുമാനപ്പെട്ട ജഗ്ജീവൻ റാം ഇന്ത്യയുടെ ഡെപ്യൂട്ടി പ്രധാനമന്ത്രി ആയിരുന്നു. അദ്ദേഹം പ്രഗത്ഭനായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ ശവശരീരം അടക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ അതേ ഗ്രേഡിലുള്ള ആളുകൾ മരിച്ചപ്പോൾ കൊടുത്തിട്ടുള്ള സ്ഥലം കൊടുത്തിട്ടില്ല എന്നുള്ളത് വസ്തുതയാണ്. അത് നമ്മുടെ മനോഭാവത്തിന്റെ വിഷയമാണ്. പിന്നോക്ക, കീഴ്ജാതിക്കാരോടുള്ള മനോഭാവത്തിലാണ് മാറ്റം വരേണ്ടത്. ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളവും ഇതേ മനോഭാവം തന്നെയാണ് വച്ചുപുലർത്തുന്നത്. ന്യൂനപക്ഷ ക്ഷേമവകുപ്പിൽ

ചക്രവർത്തി എന്നൊരാൾ ഡയറക്ടറായി ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ 10,42,90,000 (പത്ത് കോടി നാൽപ്പത്തിരണ്ട്ലക്ഷത്തി തൊണ്ണൂറായിരം) രൂപ അനുവദിച്ചപ്പോൾ 9,55,95,000 (ഒൻപത് കോടി അൻപത്തിയഞ്ചുലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം) രൂപയാണ് ചെലവഴിച്ചത്. 90 ശതമാനമാണ് ചെലവഴിച്ചത്. പക്ഷേ അദ്ദേഹത്തെ ആ സ്ഥാനത്തുനിന്നും മാറ്റി. അതിനുശേഷം ഉണ്ടായ ചെലവിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുമെന്നാണ് ഞാൻ കരുതുന്നത്. പുതിയൊരാളെ ഡയറക്ടറായി നിയമിച്ചപ്പോൾ 2012-13 വർഷത്തിൽ 73,70,00,000 (എഴുപത്തിമൂന്ന് കോടി എഴുപത് ലക്ഷം) രൂപയാണ് സർക്കാർ അനുവദിച്ചത്. അതിൽ 1,60,00,000 (ഒരുകോടി അറുപത് ലക്ഷം ) രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. ബാക്കിത്തുക വിനിയോഗിക്കാൻ സാധിച്ചിട്ടില്ല എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഇത് മനോഭാവത്തിന്റെ വിഷയമാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റം പറയുകയല്ല. 2013-14 വർഷം ..........

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, കുറച്ചു കഴിഞ്ഞാൽ അങ്ങ് ഇറങ്ങിപ്പോകും അതുകൊണ്ടാണ് ഞാൻ ഇതിൽ ഇടപെട്ട് സംസാരിക്കുന്നത്. തെറ്റായി സമർപ്പിച്ച ഉത്തരമായിരുന്നു അത്. തെറ്റ്

മനസ്സിലാക്കിയ ഉടൻതന്നെ അതിന് കറക്ഷൻ കൊടുത്തിട്ടുണ്ട്. 2011-12-ൽ 99.85 ശതമാനം, 2012-13-ൽ 100 ശതമാനം, 2013-14-ൽ 99.94 ശതമാനം- ഈ സംഖ്യ മുഴുവനും ചെലവഴിച്ചതുകൊണ്ടാണ് 16-ാം സ്ഥാനത്തായിരുന്ന കേരളം ഒന്നാം സ്ഥാനത്തേയ്ക്കുയർന്നത്. 10 കോടി രൂപ അഡീഷണലായി ലഭിക്കുകയും ചെയ്തു.

ശ്രീ. പി. ടി. എ. റഹീം: സർ, അങ്ങുതന്നെ നിയമസഭയിൽ നൽകിയ കണക്കിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറഞ്ഞത്. അങ്ങയുടെ കയ്യിൽ അതിനേക്കാൾ നല്ല കണക്കുണ്ടെങ്കിൽ അങ്ങേയ്ക്ക് അവതരിപ്പിക്കാം. ഞാൻ അങ്ങയെ കുറ്റം പറയുന്നില്ല. ഈ കണക്ക് തന്നവരായാലും അല്ലാത്തവരായാലും ശരി, ഇതിൽ മനോഭാവത്തിന്റേതായ വിഷയമുണ്ട് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ച് എന്റെ സുഹൃത്ത് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി സൂചിപ്പിക്കുകയുണ്ടായി. മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റാണ് സച്ചാർ കമ്മിറ്റിയെ നിശ്ചയിച്ചത്. ഇവിടെ ന്യൂനപക്ഷം എന്നുപറഞ്ഞാൽ മുസ്ലീങ്ങൾ മാത്രമല്ല. പക്ഷേ സച്ചാർ കമ്മിറ്റി രൂപീകരിക്കപ്പെട്ടത് മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതുസംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയാണ്. ആ

നിർദ്ദേശങ്ങൾ സമർപ്പിച്ചത് കേന്ദ്ര ഗവൺമെന്റിനാണ്. കേന്ദ്രഗവൺമെന്റാണ് നിർദ്ദേശങ്ങൾ നടപ്പാക്കേണ്ടത്. പക്ഷെ ആ റിപ്പോർട്ട് വന്നപ്പോൾ അന്ന് കേരളത്തിൽ ഭരണത്തിലുണ്ടായിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിൽ ഇതെങ്ങനെ നടപ്പിലാക്കാം എന്നതുസംബന്ധിച്ച് പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയമിച്ചു. കമ്മീഷനെ നിയമിക്കാതെ ചെയ്യാൻ പറ്റില്ല, കാരണം കേരള ഗവൺമെന്റ് നിശ്ചയിക്കുന്ന ഒരു വസ്തുതാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കേരള ഗവൺമെന്റിന് പ്രവർത്തിക്കാൻ സാധിക്കൂ എന്നുള്ളതുകൊണ്ടാണ് പാലൊളി അദ്ധ്യക്ഷനായുള്ള കമ്മിറ്റിയെ വച്ചത്. ശ്രീ. പി. സി. വിഷ്ണുനാഥ് ധാരാളം പിന്നോക്ക കമ്മീഷനുകളെക്കുറിച്ച് പറഞ്ഞല്ലോ. പക്ഷേ മുസ്ലീങ്ങളുടെ വിഷയം കൈകാര്യം ചെയ്യാൻവേണ്ടി കേരളത്തിൽ ആദ്യത്തേയും അവസാനത്തേതുമായ കമ്മിറ്റി വച്ചത് കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ പേര് മാറ്റിയെന്നാണ് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞത്. ആരാണ് പേരുമാറ്റിയത്; പാലൊളി കമ്മിറ്റി പതിനാല് ജില്ലകളിലും തെളിവെടുപ്പ് നടത്തിയപ്പോൾ ഉന്നതവിദ്യാഭ്യാസരംഗത്ത് മുസ്ലീം പെൺകുട്ടികളുടെ സ്ഥിതി വളരെ മോശമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് മുസ്ലീം

പെൺകുട്ടികളുടെ ഉയർന്ന വിദ്യാഭ്യാസത്തിന് ഹോസ്റ്റൽ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയത്. സ്കോളർഷിപ്പ് ഏർപ്പെടുത്തി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏർപ്പെടുത്തിയ സ്കോളർഷിപ്പ്,.... ഈ ഗവൺമെന്റ് വന്നപ്പോൾ ആ സ്കോളർഷിപ്പിന്റെ പേര് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് എന്നാക്കി. ആ സ്കോളർഷിപ്പ് കൊടുത്തതും നിങ്ങളല്ലല്ലോ. നിങ്ങളുടേതല്ലാത്തതൊന്നും മുസ്ലീങ്ങളെ സംബന്ധിച്ച് പറയേണ്ട എന്നുള്ളതാണ്. കഴിഞ്ഞദിവസം ഫഹദിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ശ്രീ. ഇ. പി. ജയരാജൻ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ മുസ്ലീങ്ങളുടെ കാര്യം പറയാൻ ഞങ്ങൾക്കേ അവകാശമുള്ളൂ എന്നാണ് അപ്പുറത്തിരിക്കുന്ന ഒരു മെമ്പർ പറഞ്ഞത്. അത് ശരിയായ ഒരു നടപടിയല്ല. മുസ്ലീങ്ങളുടെ പ്രശ്നം മുസ്ലീങ്ങൾക്കുമാത്രം പരിഹരിക്കാൻ കഴിയുമോ, പട്ടികജാതിക്കാരുടെ പ്രശ്നങ്ങൾ പട്ടികജാതിക്കാർക്കുമാത്രം പരിഹരിക്കാൻ സാധിക്കുമോ; സാധിക്കില്ല. ഞങ്ങൾ മാത്രം പറഞ്ഞാൽ മതി, ഞങ്ങളാണ് ഇത് പറയുന്നത് എന്നുള്ള മനോഭാവം നിങ്ങൾ മാറ്റണമെന്നുള്ളതാണ്. മദ്രസാ അദ്ധ്യാപകരുടെ ക്ഷേമനിധിയെ സംബന്ധിച്ചുപറഞ്ഞു. അത് പലിശയാണ് അതിൽ ചേരേണ്ട എന്നുപറഞ്ഞത് ആരാണ്; അതിൽ ചേരേണ്ട എന്നുപറഞ്ഞ ആളുകൾ ഗവൺമെന്റ് മാറിയപ്പോൾ

അതിൽ ചേരണമെന്ന് പറഞ്ഞു. മതസംഘടനകൾ ചേർന്ന് അതിൽ കൂടുതൽ ആളുകളെ ചേർത്തു. പക്ഷേ ആ ഒരു കൺസെപ്റ്റ് കൊണ്ടുവന്നതാരാണ്; മദ്രസാ അദ്ധ്യാപകർ പ്രയാസം അനുഭവിക്കുന്നവരാണ്, 500- ഉം 1000-വും ഉറുപ്പിക ശമ്പളം വാങ്ങുന്നവരാണ്. അവർക്ക് ഒരു താങ്ങുവേണമെന്ന് തീരുമാനിച്ചു. അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ പാർട്ടിയായതുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അത്തരമൊരു ക്ഷേമനിധി രൂപീകരിക്കാൻ തോന്നി. നിങ്ങളത് ബഹിഷ്കരിക്കാനാവശ്യപ്പെട്ടു. ഇപ്പോൾ നിങ്ങളതിൽ ആളെ ചേർക്കാൻ നിൽക്കുന്നു. നിങ്ങൾക്ക് ഇഷ്ടമുള്ള രൂപത്തിൽ പലിശയെ മാറ്റിമറിക്കുന്നു. നിങ്ങൾ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ മത്സരിക്കാറില്ലേ; ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസ് ഫയൽ ചെയ്ത് നിങ്ങൾ മൽസരിച്ച് ഡയറക്ടർമാരാകുന്നില്ലേ; അവിടെ പലിശയില്ലേ; ഇതുപോലെ നിങ്ങളുടെ ആവശ്യത്തിനനുസരിച്ച് മതത്തെ ദുർവ്യാഖ്യാനം ചെയ്യുകയാണ്. വിളക്ക് കത്തിക്കുന്നത് സംബന്ധിച്ച് ഇന്നലെ ഇവിടെ വലിയ പ്രക്ഷോഭമുണ്ടായല്ലോ. എന്താണ് അഭിപ്രായം. അത് സംബന്ധിച്ച് നിങ്ങൾ പറയണം. നിങ്ങൾക്ക് ഇഷ്ടമുള്ളത്, നിങ്ങൾക്ക് വോട്ട് കിട്ടുമെന്ന് തോന്നിയാൽ ഏത് കാര്യവും ചെയ്യും. അതൊക്കെ നിങ്ങൾ നിയമവിധേയമാക്കും. അല്ലെങ്കിൽ എല്ലാം ഹറാമാക്കും.

ഇസ്ലാമിൽ അനുവദനീയവും അനുവദനീയമല്ലാത്തതുമായ കാര്യങ്ങൾ രാഷ്ട്രീയമായിട്ടാണ് നിങ്ങൾ ആളുകളുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ഇഷ്ടമുള്ളവർ വിളക്ക് കത്തിക്കും അല്ലാത്തവർ കത്തിക്കേണ്ട, അതൊന്നുമല്ല ഇവിടത്തെ വിഷയം. ഇവിടെ ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഉണ്ടല്ലോ. അദ്ദേഹമാണല്ലോ മുസ്ലീം ലീഗിന്റെ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ. അദ്ദേഹമാണല്ലോ ഇതിനെക്കുറിച്ച് പറയേണ്ടത്. അതിനെക്കുറിച്ച് പറഞ്ഞോ; ഇന്നലെ ഇവിടെ വലിയ ബഹളമുണ്ടാക്കിയ ആളുകളെ ഡോ. കെ. ടി. ജലീൽ വെല്ലുവിളിച്ചില്ലേ. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറയാതെ ഈ കാര്യങ്ങൾ പറയാൻ നിങ്ങൾക്ക് എന്താണ് അവകാശം. അത് പറയേണ്ടത് അവിടത്തെ പ്യൂൺ അല്ലല്ലോ, മാനേജിംഗ് ഡയറക്ടർ പറയട്ടെ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അനാവശ്യമായിട്ടുള്ള പരാമർശങ്ങൾ ഒഴിവാക്കണം. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി മുസ്ലീം ലീഗിന്റെ മാനേജിംഗ് ഡയറക്ടർ ആന്റ് ചെയർമാൻ എന്നുപറയുന്നത് രേഖയിൽ ഉണ്ടാകരുത്. അദ്ദേഹം മുസ്ലീം ലീഗിന്റെ പാർട്ടി ലീഡർ മാത്രമാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, പാർട്ടി ലീഡർ തന്നെയാണ്. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ എന്നുപറയുന്നത് പാർട്ടി ലീഡർ തന്നെയാണ്.

അക്കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് ഇങ്ങനെയുള്ള വർഗ്ഗീയമായ ചേരിതിരിവ് സൃഷ്ടിക്കാൻ ശ്രമിക്കരുത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒരുകാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. മലപ്പുറം ജില്ലയിൽ, മുസ്ലീം ലീഗിന്റെ ജനറൽ സെക്രട്ടറി ശ്രീ. കെ. പി. എ. മജീദ് താമസിക്കുന്ന കുറുവ പഞ്ചായത്തിൽ ഒരു ഉപതെരഞ്ഞെടുപ്പ് നടന്നു. അവിടെ മുസ്ലീം ലീഗിന്റെ സ്ഥാനാർത്ഥിക്ക് കിട്ടിയത് 94 വോട്ടാണ്. ഒഴിവുവന്നത് യു.ഡി.എഫ്- ന്റെ സ്ഥാനമാണ്. അവിടെ ഉപതിരഞ്ഞെടുപ്പ് വന്നപ്പോൾ 94 വോട്ട് കിട്ടി. അവിടെ വിജയിച്ചത് ബി.ജെ.പി. സ്ഥാനാർത്ഥിയാണ്. ആരാണ് വോട്ട് ചെയ്തത്; എല്ലാ ലീഗുകാരും ബി.ജെ.പി.-യിലേയ്ക്ക് പോയതാണോ; നിങ്ങൾ അരുവിക്കരയെക്കുറിച്ച് പറയുന്നുണ്ടല്ലോ. സി.പി.ഐ.(എം)-ൽ ഉള്ളവർ ബി.ജെ.പി.-യിലേയ്ക്ക പോയി എന്നു പ്രചരിപ്പിക്കലാണ് ലീഗുകാരുടെ പണി. അതായത് ബി.ജെ.പി.-ക്ക് ആളെ ഉണ്ടാക്കിക്കൊടുക്കുന്ന സ്ഥിതിയാണ്. അരുവിക്കരയിലെ ഈ ട്രെൻഡ് കേരളത്തിലാകെ ഉണ്ടാകും എന്ന് വിചാരിച്ച് മനപ്പായസം ഉണ്ണേണ്ട. 16 ലീഗ് അംഗങ്ങളുള്ള കുറുവ പഞ്ചായത്തിൽ നിങ്ങളുടെ കുതന്ത്രം കൊണ്ടാണ് ബി.ജെ.പി.-സ്ഥാനാർത്ഥി ജയിച്ചത്. നിങ്ങൾ ബി.ജെ.പി. ജയിക്കാൻ വേണ്ടി അവർക്ക് വോട്ട് ചെയ്തു. പാർലമെന്റ് തെരഞ്ഞെടുപ്പിൽ തിരുവനന്തപുരത്ത് ചെയ്തതുപോലെ,

അരുവിക്കരയിൽ ചെയ്തതുപോലെ, കുറവ-യിൽ ചെയ്തതുപോലെ നിങ്ങൾ ചെയ്യാൻ പോകുകയാണ്. ഇപ്പോൾ ബി.ജെ.പി.- എം.പി -മാരിൽ 50 പേരെങ്കിലും കോൺഗ്രസ്സിൽനിന്നും മാറിപ്പോയവരാണ്. അതിൽ ഒരു ഇടതുപക്ഷക്കാരനെ കാണിച്ചുതരാൻ നിങ്ങൾക്ക് സാധിക്കുമോ; നിങ്ങൾ ഇടതുപക്ഷത്തിനെ അത്ര മോശമായി കാണേണ്ട. ബംഗാളിൽ സി.പി.എം. ഭരിച്ചതുകൊണ്ട് അങ്ങനെയായി ഇങ്ങനെയായി എന്നൊക്കെ പറയുന്നുണ്ടല്ലോ? എന്താണ് ഇന്ത്യാരാജ്യത്തെ മുസ്ലീങ്ങൾ അധഃപതിക്കാനുണ്ടായ മുഖ്യവിഷയം? പാകിസ്ഥാൻ വാങ്ങിയതുകൊണ്ടാണ്. അതിന് ഉത്തരവാദി നിങ്ങളാണ്. നിങ്ങൾ ഇത് അന്നേരം ആലോചിക്കണമായിരുന്നു. നിങ്ങൾ എല്ലാവരുംകൂടി പാകിസ്ഥാനിലേയ്ക്ക് പോയി. കോൺഗ്രസ്സ് പാവപ്പെട്ടവരെ അടിച്ചമർത്തി വല്ലാത്തരൂപത്തിലാക്കിക്കളഞ്ഞു. ബംഗാളിലും ഉത്തർപ്രദേശിലും എല്ലായിടങ്ങളിലും ഈ വിഷയങ്ങളൊക്കെ നിലനിൽക്കുന്നുണ്ട്. മലപ്പുറത്തുനിന്ന് ഹജ്ജിന് പോകാൻ ഹജ്ജ് ക്വാട്ട കൊടുത്താൽ തികയ്ക്കാൻ പറ്റുന്നില്ല. കേരളത്തിൽ ഇങ്ങനെയൊക്കെയുള്ള സംഭവങ്ങൾ നടക്കുന്നുണ്ട്. നിങ്ങൾ അവിടേയ്ക്കൊന്നും പോകാതെ, അരുവിക്കരയിലെ കുഗ്രാമത്തിൽ പോയാൽ മതി. ഇക്കാര്യം മുൻ സ്പീക്കർ ജി. കാർത്തികേയൻ സൂചിപ്പിച്ചിട്ടുണ്ടായിരുന്നു - മലബാറിലുള്ള പള്ളിയിൽ പോയാൽ

നോമ്പുതുറക്കലിന് എല്ലാ പലഹാരങ്ങളും ഇഷ്ടത്തിനും അതിനപ്പുറത്തുമുണ്ടാകും, വേറൊരിടത്തെ പള്ളിയിൽ കയറി നോക്കിയാൽ ഒരു കാരയ്ക്കയും ലേശം പച്ചവെള്ളവും കിട്ടും. മലപ്പുറത്തും കോഴിക്കോടും മാത്രമല്ല അരുവിക്കരയിലും അതിനപ്പുറത്തും മുസ്ലീങ്ങളുണ്ട്, അവരിലും കഷ്ടപ്പെടുന്നവരുണ്ട് എന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ഒന്നും ആലോചിക്കാതെ, ഞങ്ങൾക്ക് എല്ലാം തികഞ്ഞ്, ഞങ്ങളാണ് ഇതിന്റെ ആളുകൾ എന്ന രൂപത്തിലുള്ള പെരുമാറ്റം ശരിയല്ലായെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ന്യൂനപക്ഷ പ്രൊമോട്ടർമാരായി ആയിരം ആളുകളെ നിങ്ങൾ നിയോഗിച്ചല്ലോ? എൽ.ഡി.എഫ്.നും തെറ്റ് പറ്റും. നിങ്ങൾ ആരെയാണ് നിയോഗിച്ചത്? യൂത്ത് ലീഗുകാരെയും പാർട്ടി ഓഫീസിലുള്ള ആളുകളെയും നിയോഗിച്ചതിനുശേഷം നിങ്ങൾ അവരെ പിരിച്ചുവിടുകയാണുണ്ടായത്. അങ്ങനെ പിരിച്ചുവിട്ടപ്പോൾ 48,000 രൂപയാണ് ഓരോരുത്തർക്കായി കൊടുത്തത്. എന്ത് വകയിലാണ് നിങ്ങൾ അവർക്ക് പൈസ കൊടുത്തത്? ന്യൂനപക്ഷം എന്ന് പറയുമ്പോൾ മുസ്ലീങ്ങൾ മാത്രമല്ല അതിൽ ക്രിസ്ത്യാനികൾ, ലാറ്റിൻ കാതലിക് എന്നിവരും ഉൾപ്പെടുമെന്നുള്ള കാര്യം നിങ്ങൾ ആലോചിക്കണം. നിങ്ങൾ ആ ആളുകളെ നിയോഗിച്ചോ? കടപ്പുറത്ത് യൂത്ത് ലീഗുകാരെ കൊണ്ടുവച്ചിട്ട് എന്താണ് കാര്യം? അതിൽ കാര്യമില്ല. നിങ്ങൾ അവരെ നിയോഗിച്ചു. അവസാനം അത്

പ്രശ്നമായപ്പോൾ 48,000 രൂപ കൊടുത്ത് പിരിച്ചുവിടുന്നൊരു സ്ഥിതിയുണ്ടായി. ആയിരം ആളുകളെ നിങ്ങൾ നിയോഗിച്ചില്ലേ? പൊതു സമൂഹത്തിന് മുന്നിലാണ് നിങ്ങൾ മന്ത്രിയായി നിൽക്കുന്നത് എന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കിയോ? ആയിരം ആളുകൾ നിൽക്കുന്ന അവസരത്തിൽ ലാറ്റിൻ കത്തോലിക്കകാരുടെ ഓഹരി കൊടുക്കണ്ടേ, അവർ പിന്നോക്കവിഭാഗക്കാരാണ് എന്നുള്ള ചിന്ത ശരിയല്ല. മുസ്ലീം വിഭാഗങ്ങളെ പോലെതന്നെ പിന്നോക്കം നിൽക്കുന്നവരാണ് ലാറ്റിൻ കാത്തലിക് വിഭാഗവും. അവർക്ക് അത് കൊടുക്കാൻ നിങ്ങൾ തയ്യാറായില്ല. ന്യൂനപക്ഷ വിഭാഗത്തിനുള്ളിൽതന്നെ വിഭാഗീയത സൃഷ്ടിച്ചുകൊണ്ടാണ് നിങ്ങൾ മുന്നോട്ടുപോകുന്നത്. വർഗ്ഗീയ അജണ്ട വച്ചുകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കില്ല. മുസ്ലീങ്ങളുടെയും പിന്നോക്കക്കാരുടെയും പട്ടികജാതിക്കാരുടെയും പ്രശ്നം പരിഹരിക്കണമെങ്കിൽ പൊതുസമൂഹത്തിന്റെ പിന്തുണ ആവശ്യമാണ്. അവരുടെ പിന്തുണയില്ലാതെ ഈ പ്രശ്നങ്ങൾക്കൊന്നും പരിഹാരം കാണാൻ സാധിക്കില്ല. നിങ്ങൾ വലിയ ആവേശം കൊള്ളുന്ന, മലപ്പുറം ജില്ല എവിടെനിന്നാണ് കിട്ടിയത് എന്നുള്ള കാര്യം നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? സഖാവ് ഇ.എം.എസ്. അത് കൊടുത്ത അവസരത്തിൽ അന്ന് സത്യാഗ്രഹമിരുന്ന ആളുകളൊക്കെ അപ്പുറത്തിരുപ്പുണ്ടല്ലോ? ഒരു പിന്നോക്ക പ്രദേശത്തിന്റെ പുരോഗതിക്കുവേണ്ടി

മലപ്പുറം ജില്ല ആവശ്യമാണെന്ന് ഇ.എം.എസ്. പറഞ്ഞപ്പോൾ, എൻ.എസ്.എസ്.നേയും എസ്.എൻ.ഡി.പി.യേയും വിളിച്ച് ഒരു സമവായം ഉണ്ടാക്കാനും ഇ.എം.എസ്. പോയിട്ടില്ല. അക്കാര്യം നിങ്ങൾ മനസ്സിലാക്കണം. അതിനുശേഷം മലപ്പുറം ജില്ലയിൽ ഇനി ആരും ഇങ്ങോട്ട് വരേണ്ട എന്ന് പറയുന്ന ധാർഷ്ട്യം ഉണ്ടല്ലോ, അത് ശരിയായ ധാർഷ്ട്യമല്ല, അത് ശരിയല്ല, അങ്ങനെയല്ല നിങ്ങൾ ചെയ്യേണ്ടത്. വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച് മലപ്പുറം ജില്ല വലിയ രീതിയിൽ മുന്നോട്ടുപോയി എന്നൊക്കെ നിങ്ങൾ പറയുന്നുണ്ടല്ലോ? നിങ്ങൾ കോഴിക്കോട് സർവ്വകലാശാല സ്ഥാപിച്ചപ്പോൾ ഇതുപോലെയുള്ള വലിയ വിഷയങ്ങളും പ്രക്ഷോഭങ്ങളുമുണ്ടായി. ആ സർവ്വകലാശാലയുടെ ചിഹ്നത്തിനുമുകളിൽ ചെറിയൊരു കോണിയുടെ ചിഹ്നമുണ്ട്. അത് ആരോ വരച്ചതാണ്. അത് മുസ്ലീം ലീഗിന്റെ കോണിയാണെന്ന് പറഞ്ഞ് പത്രങ്ങളും അതുപോലുള്ള ആളുകളൊക്കെ വലിയ പ്രക്ഷോഭങ്ങൾ നടത്തി.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: പാകിസ്ഥാൻ ഉണ്ടാക്കിയത് മുസ്ലീം ലീഗാണെന്നും കോഴിക്കോട് സർവ്വകലാശാലയുടെ ചിഹ്നത്തിനുമേൽ കോണിവച്ചത് മുസ്ലീം ലീഗാണെന്നുമൊക്കെയുള്ള പരാമർശമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുന്നത്. ഇതൊക്കെയാണ് താങ്കളുടെ കുഴപ്പങ്ങൾ. അതിന്റെ പേരിലാണോ

കഴിഞ്ഞ നാലഞ്ചു വർഷംമുമ്പ് മുസ്ലീം ലീഗിൽനിന്ന് പോയത്? 40-50 മുമ്പുണ്ടാക്കിയ പാകിസ്ഥാനം .........

ശ്രീ. പി. റ്റി. എ. റഹീം: ഞാൻ ജനിച്ചത് 1949-ലാണ്. പാകിസ്താൻ വാങ്ങിയതിന് ഞാൻ ഉത്തരവാദിയല്ല. അത് ആരാണെങ്കിലും ശരി കൊടുത്തവരും വാങ്ങിയവരും ഉത്തരവാദികളാണ്. അതുകൊണ്ട് നമ്മൾ ഒരു കാര്യം മനസ്സിലാക്കേണ്ടതായുണ്ട്. ന്യൂനപക്ഷത്തിന്റെ പുരോഗതി നമ്മൾ ആഗ്രഹിക്കുന്നുവെങ്കിൽ പൊതുസമൂഹത്തിന്റെ സപ്പോർട്ടോടുകൂടി മാത്രമേ അത് ചെയ്യാൻ സാധിക്കു എന്ന കാര്യം പ്രധാനമായും മനസ്സിലാക്കണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ പ്രസംഗം അവസാനിപ്പിക്കുകയാണ്.

(ധനാഭ്യർത്ഥന ചർച്ചയുടെ മറുപടി പ്രസംഗം ബഹിഷ്കരിച്ച പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭവിട്ട് പുറത്തുപോയി.)

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ, പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അനുകൂലിച്ചും പ്രതികൂലിച്ചും സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഞാൻ ആദ്യമായി നന്ദിരേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുകയും

ചെയ്യുന്നു.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര വികസനം മുൻനിർത്തി ഈ സർക്കാർ കഴിഞ്ഞ നാലുവർഷമായി നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ-സാമ്പത്തിക-സാംസ്കാരികം തുടങ്ങിയ എല്ലാ മേഖലകളിലും ഈ വിഭാഗക്കാരുടെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള പാദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത്. ഒരു സമൂഹത്തിന്റെ ഉയർച്ചയ്ക്ക് അടിസ്ഥാനമായി വേണ്ടത് വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ്. ഈ സർക്കാർ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കാണ് ഏറ്റവും ഊന്നൽ നൽകുന്നത്. ഈ വകുപ്പിന്റെ കീഴിൽ 17 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഒരു സി.ബി.എസ്.ഇ. സ്കൂളുമാണ് പ്രവർത്തിച്ചുവരുന്നത്. ഈ വർഷം തിരുവനന്തപുരത്ത് കുറ്റിച്ചൽ ആസ്ഥാനമായി ഒരു സി.ബി.എസ്.ഇ. സ്കൂൾ കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ കാസർഗോഡ് ആസ്ഥാനമായി കുറക് വിഭാഗത്തിലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടുകൂടി ഒരു എം.ആർ.എസ്. സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ഈ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 'വിദ്യോദയം' പദ്ധതി നടപ്പിലാക്കിവരുന്നു. മാത്രമല്ല, ഇവിടങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ പഠനവിഷയങ്ങൾക്കുപുറമെ

പാഠ്യാന്തരവിഷയങ്ങളിലും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഈ വിദ്യാലയങ്ങൾക്ക് 100 ശതമാനം വിജയം നേടാൻ കഴിഞ്ഞുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. പട്ടികവർഗ്ഗക്കാരുടെ ആവാസ കേന്ദ്രങ്ങൾ പലതും വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമല്ലാത്ത ദുർഘടപ്രദേശങ്ങളിലാണ്. ആയതിൽ പട്ടികവർഗ്ഗ വിദ്യാർത്ഥിനികളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിന് എം.ആർ.എസ്.കൾക്കുപുറമെ 107 പ്രീ-മെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത 7 ഹോസ്റ്റലുകൾക്ക് പുതിയ കെട്ടിടങ്ങൾ അനുവദിച്ചുനൽകി. ഈ ഗവൺമെന്റ് വന്നതിനുശേഷം പുതിയ 11 ഹോസ്റ്റലുകൾക്ക് പുതുതായി കെട്ടിടം നിർമ്മിച്ചുനൽകുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, അതീവ ദുർഘടപ്രദേശങ്ങളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി 'ഗോത്രസാരഥി' എന്ന പദ്ധതിക്ക് പട്ടികവർഗ്ഗവികസന വകുപ്പ് 2013 മുതൽ രൂപം കൊടുക്കുകയും ഈ പദ്ധതിപ്രകാരം സംസ്ഥാനത്ത് 395 സ്കൂളുകളിലായി 9360 വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന

വിദ്യാർത്ഥിനികളുടെ സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിന് 2013 മുതൽ 'സർഗ്ഗോത്സവം' എന്ന പേരിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി യുവജനോത്സവം നടത്തിവരുന്നു. കൂടാതെ, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിൽനിന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, സ്പെഷ്യലിസ്റ്റ് ഫീസ്, ലംപ്സം ഗ്രാന്റ് സ്റ്റൈപന്റ്, ഹോസ്റ്റൽ ചെലവുകൾ, പോക്കറ്റ് മണി എന്നിവ 'ഇ-ഗ്രാന്റ്' പദ്ധതി മുഖേന നൽകിവരുന്നു. വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് തുക ലഭ്യമാകുന്ന വിധത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ വർഷം 9, 10 എന്നീ ക്ലാസ്സുകളിലേയ്ക്കുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പുസ്തകങ്ങൾക്കും മറ്റുമുള്ള ചെലവുകൾ ലഭ്യമാകുക എന്ന ഉദ്ദേശത്തോടുകൂടി പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സാമ്പത്തിക വർഷം മുതൽ ഈ പദ്ധതിയും വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭ്യമാക്കുന്ന തരത്തിൽ ഇ-ഗ്രാന്റ് പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ പ്രയോജനം 13,115 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നൈപുണ്യ വികസനം ലക്ഷ്യമാക്കി നെട്ടൂർ ടെക്നിക്കൽ ആന്റ് ട്രെയിനിംഗ് ഫൗണ്ടേഷനുമായി ചേർന്ന് തൊഴിലധിഷ്ഠിത പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം

ലഭ്യമാക്കുന്നതിനുവേണ്ടി എൻട്രൻസ് കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നതിന് സാമ്പത്തിക സഹായം നൽകിവരുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്യുന്ന പദ്ധതി പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇന്ത്യയിലെ ചരിത്രപ്രധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്നതിനുവേണ്ടി 'ഭാരത് ദർശൻ' എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി 'ജനനി ജന്മരക്ഷ' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. ഗർഭിണിയായി മൂന്നാം മാസം മുതൽ കുട്ടിക്ക് ഒരു വയസ്സാകുന്നതുവരെ 18 മാസം പ്രതിമാസം 1000 രൂപ നിരക്കിൽ ഈ സാമ്പത്തിക സഹായം നൽകിവരുന്നു. ഈ തുക പോസ്റ്റ് ഓഫീസുകൾ മുഖേന മണിയോർഡറായി ഗുണഭോക്താവിന് നേരിട്ട് ലഭ്യമാക്കുന്ന തരത്തിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതുവരെ 9,836 പേർക്ക് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരായ രോഗികൾക്ക് താലൂക്ക്, ജില്ല, മെഡിക്കൽ കോളേജ് ആശുപത്രികളിൽ ആവശ്യമായ സഹായം ചെയ്യുന്നതിനുവേണ്ടി 138 ഹെൽത്ത്

പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കിവരുന്നു. പട്ടികവർഗ്ഗക്കാർക്കിടയിൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനും ഈ വിപത്തുകൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനുമായി സോഷ്യൽ വർക്കേഴ്സിന്റെ സേവനം ഉപയോഗിച്ച് പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 25 വയസ്സിനും 50 വയസ്സിനുമിടയിലുള്ള 100 വനിതകളെ സോഷ്യൽ വർക്കേഴ്സായി നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗവിഭാഗത്തിലുള്ളവർക്ക് താലൂക്ക്, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ആർ.സി.സി., ശ്രീചിത്ര മെഡിക്കൽ സെന്റർ എന്നിവിടങ്ങളിൽ ചികിത്സ ഉറപ്പാക്കുന്നതിനുവേണ്ടി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിപ്രകാരം പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വകുപ്പ് മന്ത്രിക്ക് 10000 രൂപ വരെ മാത്രമേ ചികിത്സാ സഹായം കൊടുക്കാൻ കഴിയുമായിരുന്നുള്ളൂ. അത് 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വയനാട്, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ആദിവാസി വിഭാഗങ്ങളിൽ സിക്കിൾസെൽ അനീമിയ ബാധിച്ച ഒട്ടനവധി രോഗികളുണ്ട്. അവർക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് പ്രതിമാസം 1000 രൂപ നിരക്കിൽ നൽകിവരുന്നത്. കൂടാതെ പോഷകാഹാരം ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകിവരുന്നുണ്ട്. 593 പേർക്കാണ് ഈ ആനുകൂല്യം നൽകിവരുന്നത്. പട്ടികവർഗ്ഗ

വിഭാഗങ്ങൾക്കിടയിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട അനാഥരായ കുട്ടികളെ സംരംക്ഷിക്കുന്നവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടെ 'കൈത്താങ്ങ്' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 18 വയസ് വരെ കുട്ടികളെ സംരക്ഷിക്കുന്നതിനാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പ്രതിമാസം 1000 രൂപ നിരക്കിൽ സാമ്പത്തിക സഹായം നൽകിവരുന്നു. 2014-15 സാമ്പത്തികവർഷം 428 കുട്ടികൾക്കാണ് ഇതിന്റെ ആനുകൂല്യം ലഭ്യമാക്കിയിരിക്കുന്നത്. പട്ടിക വർഗ്ഗ മേഖലയിൽ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി ഹാംലെറ്റ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കൃഷി, മൃഗസംരക്ഷണം, സ്വയംതൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളുടെ സമഗ്രവികസനത്തിനായി 2014-15 സാമ്പത്തികവർഷം 150 കോടി രൂപ വകയിരുത്തിയിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷമാണ് ജനസംഖ്യയ്ക്ക് ആനുപാതികമായി ഫണ്ട് ലഭിക്കുന്നത്. നേരത്തെ ലഭിച്ചുകൊണ്ടിരുന്ന 2 ശതമാനം ഫണ്ട് 3 ശതമാനമായി വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റാണ്.  ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. കെ. വി. വിജയദാസ്, ശ്രീ. വി. ശശി, ശ്രീ. ജോസ് തെറ്റയിൽ എന്നീ അംഗങ്ങൾ ഭൂമിയെ സംബന്ധിച്ച വിഷയമാണ് പ്രധാനമായി പറഞ്ഞത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശനിയമപ്രകാരം 8259 പേർക്ക്

വ്യക്തിഗത അവകാശം കൊടുത്തുകഴിഞ്ഞു. 1028 പേർക്ക് വ്യക്തിഗത അവകാശം ഡിസ്ട്രിക്റ്റ് ലെവൽ കമ്മിറ്റി അംഗീകരിച്ച് ആർ.ആർ. വിതരണത്തിന് തയ്യാറായിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിന് സാമൂഹ്യ അവകാശം നൽകുന്നതിനുള്ള കമ്മ്യൂണി റൈറ്റ് ഡി.എൽ.സി. അംഗീകരിക്കുകയും 121 പേർക്ക് കൊടുക്കുകയും ചെയ്തു. 211 എണ്ണം ആർ.ആർ. കൊടുക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. 443 അപേക്ഷയാണ് വികസന ആവശ്യത്തിനുവേണ്ടി കൊടുത്തിട്ടുള്ളത്. അംഗൻവാടി, സ്കൂൾ എന്നിവയുൾപ്പെടെയുള്ള നിരവധി പദ്ധതികൾക്കായി 191.487 ഏക്കർ ഭൂമി 443 പേർക്ക് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തയ്യാറായിട്ടുണ്ട്. 777 പേർക്ക് ടി.ആർ.ഡി.എം. മുഖേന ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ആദിവാസി വിഭാഗങ്ങൾക്ക് ഭൂമി ഏറ്റെടുത്ത് നൽകാൻ നിരവധി സാങ്കേതിക പ്രശ്നങ്ങളുൾപ്പെടെയുള്ളതിനാൽ ഗവൺമെന്റ് ദീർഘവീക്ഷണത്തോടെ "ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം" എന്ന പദ്ധതിക്ക് രൂപം നൽകി. അതിന്റെ ഭാഗമായി 469 പേർക്ക് അവർ ആഗ്രഹിക്കുന്ന ഭൂമി കണ്ടെത്തി വാങ്ങിക്കഴിഞ്ഞു. 469 പേർക്ക് 165.78 ഏക്കർ ഭൂമിയാണ് ഇങ്ങനെ വാങ്ങിയിട്ടുള്ളത്. 41,75,78,427 രൂപയാണ് ഇതിനുവേണ്ടി ചെലവഴിച്ചത്. കൂടാതെ റവന്യൂ വകുപ്പ് മുഖേന 450 പേർക്ക് ഭൂമി കൊടുത്തുകഴിഞ്ഞു.

സുപ്രീം കോടതിയുടെ വിധി അനുസരിച്ച് കേന്ദ്ര ഗവൺമെന്റ് നമുക്ക് വിട്ടുതന്ന വനഭൂമിയുടെ നടപടിക്രമങ്ങൾ ദ്രുതഗതിയിൽ നടക്കുന്നുണ്ട്. വിവിധ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ആദിവാസി സംഘടനയുടെ നേതാക്കളുമായി കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ ഭൂമി കണ്ടെത്തുകയും പാലക്കാട് അതിന്റെ ജോയിന്റ് വെരിഫിക്കേഷൻ ആരംഭിക്കുകയും ചെയ്തു. മൂന്ന് ഡിപ്പാർട്ടുമെന്റുകളുമായി യോജിച്ചുകൊണ്ട് വളരേ വേഗത്തിൽത്തന്നെ അതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, സിവിൽ സപ്ലൈസ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളുടെയും ഫലപ്രദമായ ഇടപെടലിന്റെ ഭാഗമായി അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് ഒരു പരിധിവരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. അവരുടെ പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് 3 കോടി രൂപയോളം ഇതിനകം അനുവദിച്ചുകഴിഞ്ഞു. കൃഷി സ്ഥലങ്ങൾ നേരിട്ട് സന്ദർശിച്ചിരുന്നു, അവർ നല്ല രീതിയിൽ കൃഷി ചെയ്യുന്നുണ്ട്. ഇത് കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക പദ്ധതി തയ്യാറാക്കുന്നതാണ്. കോവിൽമല രാജാവിന് രാജധാനി പണിയുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം റോഷി

അഗസ്റ്റിൻ സൂചിപ്പിച്ചത്. അതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്. ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിന് പരിമിതമായ ഫണ്ടാണ് കൊടുക്കുന്നതെന്നും 25000 രൂപവരെ വർദ്ധിപ്പിച്ചുകൊണ്ട് പ്രത്യേക പദ്ധതി നടപ്പിലാക്കണമെന്നും ശ്രീ. ഐ.സി. ബാലകൃഷ്ണൻ സൂചിപ്പിച്ചിരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. നബാർഡിന്റെ സഹായത്തോടെ റോഡ് നിർമ്മിക്കുമ്പോൾ നിയോജകമണ്ഡല തലത്തിലും ജില്ലാ തലത്തിലും മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കും. ഇടമലക്കുടി പഞ്ചായത്തുമായി ബന്ധപ്പെട്ട വിഷയമാണ് ശ്രീ. എസ്. രാജേന്ദ്രൻ ഉന്നയിച്ചത്. സംസ്ഥാനത്തെ ആദ്യത്തെ ട്രൈബൽ ഗ്രാമപഞ്ചായത്താണ് ഇടമലക്കുടി. ഏകദേശം 13 വാർഡുകളും 27 സെറ്റിൽമെന്റുകളുമുള്ള 732 കുടുംബങ്ങൾ താമസിക്കുന്ന പഞ്ചായത്താണ്. ഒരു മന്ത്രി എന്ന നിലയിൽ ആദ്യമായി ഞാൻ ഇടമലക്കുടി സന്ദർശിച്ചപ്പോൾ അവർ ഉന്നയിച്ച വിവിധ വികസന പദ്ധതികൾക്കായി 10 കോടി 35 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ആ പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ അവർക്ക് വൈദ്യുതി ലഭിക്കുന്നതിനായി അണ്ടർഗ്രൗണ്ട് കേബിൾ വലിക്കുന്നതിന് കെ.എസ്.ഇ.ബി. യിലേയ്ക്ക് 4 കോടി 77 ലക്ഷം രൂപ ഇതിനകംതന്നെ അനുവദിച്ചുകഴിഞ്ഞു. ഇടമലക്കുടിയിൽ ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്നു പറയുന്നത്

ശരിയല്ല. ആറളം റീസെറ്റിൽമെന്റ് ഏരിയയിൽ ഈ വർഷത്തെ നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് ഒരു സമഗ്ര വികസന പദ്ധതിക്ക് രൂപം കൊടുക്കാൻ ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതുപോലെ അട്ടപ്പാടിയിൽ പരമ്പരാഗത കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നബാർഡിന്റെ സഹായത്തോടെ പട്ടികവർഗ്ഗ സങ്കേതങ്ങളിലേയ്ക്ക് 97 കോടി രൂപയുടെ റോഡുകൾ നടപ്പാക്കും. ഇത്രയും കാര്യങ്ങളാണ് പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗമെന്ന നിലയിൽ, കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാവരുടെയും പിന്തുണയുണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ 4 വർഷമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടുകൾ 95 ശതമാനത്തോളം ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും ഒരിക്കൽക്കൂടി നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിന് മാത്രമായി ഒരു വകുപ്പ് രൂപീകരിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. വകുപ്പിന്റെ പ്രവർത്തനം തുടങ്ങുന്ന സമയം ഒരു

കോടി രൂപയായിരുന്ന പദ്ധതി വിഹിതം. കഴിഞ്ഞ 4 വർഷത്തെ പ്രവർത്തനങ്ങൾ കണക്കിലെടുത്തുകൊണ്ട് ഇപ്പോഴത് 87 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ന്യൂനപക്ഷ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ 16-ാം സ്ഥാനത്തായിരുന്ന നമ്മുടെ സംസ്ഥാനം 4 വർഷത്തെ പ്രവർത്തനം കൊണ്ട് ഇന്ത്യയിൽ ഒന്നാം സ്ഥാനത്തേയ്ക്ക് കുതിച്ചു. വകുപ്പിന് കീഴിൽ പ്രവർത്തനം തുടങ്ങിയ ന്യൂനപക്ഷ കമ്മീഷനും ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനും ശ്രദ്ധേയമായ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. കേന്ദ്ര ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിൽ രാജ്യത്തെ ഏറ്റവും മികച്ച സംസ്ഥാനമെന്ന ബഹുമതി കേരളത്തിനാണ്. 90 ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിൽ നടപ്പാക്കിയ മൾട്ടി സെക്ടർ ഡെവലപ്മെന്റ് സ്കീം വയനാട് ജില്ലയിൽ 11-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ 26 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. 11-ാം പഞ്ചവത്സര പദ്ധതി കാലത്ത് 16-ാം സ്ഥാനത്തായിരുന്ന കേരളം ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി, പദ്ധതി നിർവ്വഹണത്തിലും ഫണ്ട് വിനിയോഗത്തിലും ഒന്നാം സ്ഥാനം കൈവരിച്ച വാർത്ത ദേശീയ രംഗത്തും ശ്രദ്ധിക്കപ്പെട്ടു. ഇതിനെത്തുടർന്ന് വയനാട് ജില്ലയിൽ ആരോഗ്യമേഖലയിലെ സർക്കാർ ആശുപത്രിക്ക് 10 കോടി രൂപയുടെ പദ്ധതി അധികമായി അനുവദിക്കപ്പെട്ടു. ന്യൂനപക്ഷ ജനവിഭാഗത്തിൽ സാമ്പത്തികമായും

സാമൂഹികമായും പിന്നാക്കം നിൽക്കുന്ന ദുർബല വിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിന് ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വെറും 8 മാസത്തെ പ്രവർത്തനം കൊണ്ട് രാജ്യത്തെ മികച്ച ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനായി മാറാൻ നമുക്ക് കഴിഞ്ഞു. കഴിഞ്ഞ വർഷത്തെ പെർഫോർമൻസ് വിലയിരുത്തിയതിൽ മറ്റ് സംസ്ഥാനങ്ങളുടെ ധനകാര്യ കോർപ്പറേഷനുകളെക്കാളും നല്ല രീതിയിൽ പ്രവർത്തിച്ചതുകൊണ്ട് ബെസ്റ്റ് പെർഫോർമൻസിനുള്ള അവാർഡ് ലഭിച്ചു. 15 ലക്ഷം രൂപ സമ്മാനവും ലഭിച്ചു. വിദ്യാഭ്യാസം, തൊഴിൽ, വ്യവസായം എന്നീ മേഖലകളിൽ ആവശ്യമായ വായ്പ നൽകിയാണ് കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. വിവിധ സ്കീമുകളിലായി 30 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 10 കോടി രൂപ ഈയിനത്തിനായി വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുസ്ലീം യുവജനതയെ പരിശീലിപ്പിക്കാൻ കേവലം മൂന്ന് കോച്ചിംഗ് സെന്ററുകളാണുണ്ടായിരുന്നത്. നിലവിൽ ഓരോ ജില്ലയിലുമായി 16 കോച്ചിംഗ് സെന്ററുകളായി വർദ്ധിപ്പിച്ചു. കൂടാതെ വിവിധ ജില്ലകളിലായി 21 സബ്സെന്ററുകളും ആരംഭിച്ചു. 195 ബാച്ചുകളിലായി 12359 ഉദ്യോഗാർത്ഥികൾ പരിശീലനം നേടി, ഇവരിൽ 1361 പേർക്ക് സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള

വകുപ്പുകളിൽ വിവിധ തസ്തികകളിലായി ജോലി ലഭിച്ചു. 2015 ഏപ്രിൽ മാസം പി.എസ്.സി. പബ്ലിഷ് ചെയ്ത ലാസ്റ്റ് ഗ്രേഡ് സെർവന്റ് പട്ടികയിൽ 413 പേർ മെയിൻ ലിസ്റ്റിലും 301 പേർ സപ്ലിമെന്ററി ലിസ്റ്റിലും ഇടംനേടി. ന്യൂനപക്ഷ ജനവിഭാഗത്തിൽപ്പെട്ട അബലകളും വിവാഹമോചിതരും ഉപേക്ഷിക്കപ്പെട്ടവർക്കുമായി ബൃഹത്തായ പാർപ്പിട പദ്ധതി ന്യൂനപക്ഷ വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. തുടക്കത്തിൽ 2 ലക്ഷം രൂപ വീടൊന്നിന് ധനസഹായം നൽകി. ഈ വർഷം മുതൽ ധനസഹായം 2.5 ലക്ഷം രൂപയായി ഉയർത്തി. 2013-14 വർഷം 19 കോടി രൂപ ചെലവഴിച്ച് 950 വീടുകൾ പണിയാനുള്ള ധനസഹായം വിതരണം ചെയ്തു. 2014-15 വർഷത്തിൽ 15 കോടി രൂപ ചെലവഴിച്ച് 748 വീടുകൾക്ക് ധനസഹായം നൽകി. നടപ്പുവർഷം 25 കോടി രൂപ ഈയിനത്തിൽ മാറ്റി വച്ചിട്ടുണ്ട്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിൽ മുന്തിയ പരിഗണന നൽകിയ ശിപാർശയാണ് ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശത്തെ കുടിവെള്ള പ്രശ്നം. ഈ വിഷയം സർക്കാർ ഗൗരവമായി കണ്ട് ന്യൂനപക്ഷ കുടിവെള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവരെ 12.8 കോടി രൂപ ചെലവഴിച്ച് 42 ചെറുകിട കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം പുരോഗമിക്കുന്നു. നടപ്പുവർഷം 10.40 കോടി രൂപ ചെറുകിട കുടിവെള്ള പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസം കൊണ്ട് മാത്രമെ ന്യൂനപക്ഷ വിഭാഗങ്ങളുടെ

സർവ്വോന്മുഖമായ വികസനം യാഥാർത്ഥ്യമാക്കാൻ കഴിയുകയുള്ളുവെന്ന വസ്തുത മനസ്സിലാക്കി ഈ മേഖലയ്ക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. സാമ്പത്തിക പ്രയാസം പഠനത്തെ ബാധിക്കരുതെന്ന ലക്ഷ്യത്തോടെ മുസ്ലീം വിദ്യാർത്ഥികൾക്ക് സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് ഏർപ്പെടുത്തി. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന എം.സി.എം. സ്കോളർഷിപ്പും വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 3 സ്കോളർഷിപ്പ് പദ്ധതികളും നിലവിലുണ്ട്. പ്രീ-മെട്രിക് സ്കോളർഷിപ്പിന് 267 കോടി രൂപയും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് 81 കോടി രൂപയും മെരിറ്റ്-കം സ്കോളർഷിപ്പിന് 169 കോടി രൂപയും നൽകി. കഴിഞ്ഞ 3 വർഷം കൊണ്ടാണ് ഈ തുകകൾ കൊടുത്തിട്ടുള്ളത്. അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. മുസ്ലീം വിദ്യാർത്ഥികളുടെ സ്കൂളുകളിൽ നിന്നും ഡ്രോപ്-ഔട്ട് ഒഴിവാക്കാനും അവർക്ക് വിദ്യാഭ്യാസ സഹായം നൽകാനും സി.എച്ച്. മുഹമ്മദ്കോയ മുസ്ലീം സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കിവരുന്നു. 2014-15 വർഷത്തിൽ ഈയിനത്തിൽ 7 കോടി രൂപ ചെലവഴിച്ചു. കരിയർ ഗൈഡൻസ്, ഐ.സി.ഡബ്ല്യു., ഐ.സി.എ. കോഴ്സുകൾ, ഐ.ടി.സി. കോഴ്സുകൾ, സിവിൽ സർവ്വീസ് കോച്ചിംഗ് തുടങ്ങിയ കോഴ്സുകളുടെ ഫീസ് റീ-ഇംബേഴ്സ് ചെയ്യുന്ന പദ്ധതികളും നിലവിലുണ്ട്. മുസ്ലീം സമുദായത്തിൽ ഏറ്റവും കഷ്ടപ്പെടുന്ന വിഭാഗമാണ്

മദ്രസ അദ്ധ്യാപകർ. അവർക്ക് ക്ഷേമനിധി പെൻഷൻ പദ്ധതി പലിശ രഹിതമാക്കി. തുടക്കത്തിൽ 700 പേർ മാത്രമാണ് ക്ഷേമനിധി അംഗങ്ങൾ ആയിരുന്നതെങ്കിൽ ഇപ്പോൾ അത് 13000 പേരായി ഉയർത്തി. ക്ഷേമനിധി കൂടുതൽ ആകർഷകമാക്കുന്നതിന്റെ ഭാഗമായി അംഗങ്ങളായ മദ്രസ അദ്ധ്യാപകരുടെയോ അവരുടെ പെൺമക്കളുടെയോ വിവാഹത്തിന് ധനസഹായമായി 10000 രൂപ നൽകുന്നതാണ്. പലിശയിനത്തിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള 10 കോടി രൂപ കോർപ്പസ് ഫണ്ടിന് പലിശ രഹിതമാക്കി. ക്ഷേമനിധിയിൽ അംഗങ്ങളാകാനുള്ള പ്രായപരിധി 60 വയസ്സിൽ നിന്ന് 65 വയസ്സായി ഉയർത്തി. കേരളത്തിലെ ഏത് പോസ്റ്റ് ഓഫീസിൽ നിന്നും ഓൺലൈനായി ക്ഷേമനിധിയിൽ അംഗത്വം എടുക്കുന്നതിനുള്ള സംവിധാനമൊരുക്കി. 10-ാം ക്ലാസ്സിലും പ്ലസ് ടു വിലും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് വാങ്ങിയ ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് കാഷ് അവാർഡും ക്ഷേമനിധി അംഗങ്ങളുടെ എഞ്ചിനീയറിംഗിന് പഠിക്കുന്ന മക്കൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്ന പദ്ധതിയും ഏർപ്പെടുത്തി. 1996-ലെ ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ പൊതുയോഗം, എല്ലാ സംസ്ഥാനങ്ങളിലും ന്യൂനപക്ഷ കമ്മീഷനുകൾ രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

രൂപീകരിച്ചത്. കമ്മീഷന് ലഭിക്കുന്ന കേസ്സുകളുടെ എണ്ണം കമ്മീഷൻ രൂപീകരിക്കുന്നതിനെടുത്ത തീരുമാനത്തെ ശരിവയ്ക്കുന്നു. ശ്രീ. പി.റ്റി.എ. റഹീം സംസാരിച്ചപ്പോൾ, ന്യൂനപക്ഷ വകുപ്പിൽ നിയമിച്ച ആയിരത്തോളം ആളുകളും യൂത്ത് ലീഗുകാരാണെന്നും മറ്റുള്ളവരെ നിയമനത്തിന് പരിഗണിച്ചില്ലെന്നും പറയുകയുണ്ടായി. അത് ശരിയല്ല. 903 പ്രമോട്ടർമാരെ നിയമിച്ചതിൽ 20 ശതമാനം ക്രിസ്ത്യൻ വിഭാഗത്തിൽ നിന്നുള്ള ആളുകളാണെന്ന് അറിയിക്കുകയാണ്. ശ്രീ. പി.റ്റി.എ. റഹീം പറഞ്ഞ രാഷ്ട്രീയത്തിന് ഞാൻ മറുപടി പറയുന്നില്ല. ഞാനും ശ്രീ. പി.റ്റി.എ. റഹീമും, ഡോ. കെ. ടി. ജലീലും ശ്രീ. അൽഫോൺസ് കണ്ണന്താനവും കൂടി അവിടെ ഏറ്റവും ഒടുവിലാണ് ഇരുന്നിരുന്നത്. എത്ര മുദ്രാവാക്യം വിളിച്ചാലും സി.പി.എം. അവരെ കൂട്ടുമെന്ന് എനിക്ക് പ്രതീക്ഷയില്ല. അതവർ മനസ്സിലാക്കിയാൽ അവർക്ക് നല്ലതെന്ന് മാത്രമേ പറയുന്നുള്ളൂ. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, പട്ടികജാതി പിന്നോക്ക ക്ഷേമ-ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് ഇവിടെ ഉയർന്നുവന്ന നിർദ്ദേശങ്ങളെയും അഭിപ്രായങ്ങളെയും സ്വാഗതം ചെയ്യുന്നു. പറഞ്ഞ എല്ലാ കാര്യങ്ങൾക്കും മറുപടി

പറഞ്ഞാൽ വളരെയധികം സമയം ആകുമെന്നുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ചില കാര്യങ്ങൾ നിയമസഭാ രേഖകളിൽ ഉണ്ടാകണമെന്നുള്ളതുകൊണ്ട് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കുന്നു. അതിൽ ഏറ്റവും പ്രധാനമായി, കഴിഞ്ഞ വർഷം ഉൾപ്പെടെ മുൻ കാലങ്ങളിൽ സാമ്പത്തിക പദ്ധതി ചെലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റ് 2010-11 കാലയളവിൽ ഏതാണ്ട് 89 ശതമാനമാണ് പട്ടികജാതി വിഭാഗത്തിന്റെ ഫണ്ട് ചെലവഴിച്ചത്. 2011-12 കാലഘട്ടത്തിൽ അത് 93.28 ശതമാനവും 2012-13 കാലഘട്ടത്തിൽ 95.28 ശതമാനവും 2013-14 കാലഘട്ടത്തിൽ 88.53 ശതമാനവും കഴിഞ്ഞ വർഷം ഇ.എൽ.ഡി. ഉൾപ്പെടെ ഏതാണ്ട് 96 ശതമാനവും തുക ചെലവഴിച്ചിട്ടുണ്ടെന്ന് സൂചിപ്പിക്കുകയാണ്. മറ്റൊരു കാര്യം, ശ്രീ. കെ. രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചു. കേരളത്തിലെ വിദ്യാഭ്യാസ മുന്നേറ്റത്തിന് ഏറ്റവും വലിയ പങ്ക് വഹിച്ചത് സി.പി.ഐ.(എം) ആണെന്നാണ് അദ്ദേഹം പറഞ്ഞത്. കേരളത്തിലെ സാമൂഹിക മുന്നേറ്റത്തെക്കുറിച്ചും പറയുകയുണ്ടായി. ശ്രീനാരായണ ഗുരുദേവനും മഹാത്മാ അയ്യങ്കാളിയും ഉൾപ്പെടെയുള്ള സാമൂഹ്യ പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ കേരളത്തിന്റെ പൊതുവായ സാമൂഹ്യ മുന്നേറ്റത്തിന് വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ആ സാമൂഹ്യ മുന്നേറ്റത്തെ

അടിത്തറയാക്കിക്കൊണ്ടാണ് ഐക്യകേരള രൂപീകരണത്തിന് ശേഷമുള്ള എൽ.ഡി.എഫ്. യു.ഡി.എഫ്. ഗവൺമെന്റുകൾ പ്രവർത്തനം നടത്തിയത്. അങ്ങനെ ഇരു ഗവൺമെന്റുകളുടെയും പ്രവർത്തനം കൊണ്ടാണ് കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് കുറെയേറെ മുന്നേറ്റം ഉണ്ടാക്കാൻ നമുക്ക് സാധിച്ചിട്ടുള്ളത്. മറിച്ച് സി.പി.ഐ.(എം.) അവകാശപ്പെടുന്നതുപോലെയുള്ള ഒരു മുന്നേറ്റവും പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ സി.പി.ഐ.(എം.) നടത്തിയിട്ടില്ലായെന്നുള്ളത് കഴിഞ്ഞകാല ചരിത്രമെടുത്ത് പരിശോധിച്ചാൽ ബോധ്യമാകും. അത് തിരിച്ചറിഞ്ഞു വരുന്ന രണ്ട് വിഭാഗമാണ് കേരളത്തിലെ പട്ടികജാതിക്കാരും സി.പി.ഐ.(എം.)-ഉം. അതുകൊണ്ടാണ് ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചതുപോലെ വർഗ്ഗസമരത്തെക്കുറിച്ച് മാത്രം പറഞ്ഞിരുന്നവർ....... പട്ടികജാതി ക്ഷേമ സമിതി (പി. കെ. എസ്.) രൂപീകരിച്ചത് സി.പി.ഐ.(എം.)-ന് അകത്തുനിന്നുള്ള പട്ടികജാതി വിഭാഗക്കാരുടെ ക്രമാതീതമായ ഒഴിഞ്ഞുപോക്ക് തടയുന്നതിനാണ്. ഏതാണ്ട് 70 ശതമാനത്തോളം വരുന്ന ദളിത് സമൂഹമായിരുന്നു യഥാർത്ഥത്തിൽ സി.പി.ഐ.(എം.)-ന്റെ അടിത്തറ അല്ലെങ്കിൽ ശക്തി എന്ന് നമുക്കറിയാം. പക്ഷെ ആ 70 ശതമാനത്തോളമുണ്ടായിരുന്ന പട്ടികജാതി വിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഈ സി.പി.ഐ.(എം.) ഇന്നുവരെ ഒന്നും ചെയ്തിട്ടില്ല.

പൊതുയോഗത്തിന് ആളെ കൂട്ടുന്നതിനും ജാഥയുടെ നീളം കൂട്ടുന്നതിനുംവേണ്ടി മാത്രമാണ് പട്ടികജാതിക്കാരെ കേരളത്തിലെ സി.പി.ഐ.(എം.) ഉപയോഗിച്ചത് അതുകൊണ്ടാണ് ഇന്ന് വളരെ വലിയ കൊഴിഞ്ഞുപോക്ക് സി.പി.ഐ.(എം.)-ൽ ഇന്ന് ദളിത് വിഭാഗത്തിനുണ്ടാകുന്നത്. അത് തടഞ്ഞുനിറുത്താൻ ഒരു കാരണവശാലും സി.പി.ഐ.(എം.)-ന് കഴിയില്ല. കോൺഗ്രസ്സിലേയ്ക്ക് നല്ല വിഭാഗം കടന്നുവരുന്നു, നിർഭാഗ്യകരമായ ഒരു കാര്യം എന്നു പറയാവുന്നത് ബി.ജെ.പി. പോലുള്ള സംഘടനയിലേയ്ക്കും പോകുന്നുവെന്നുള്ളതാണ്. ഇത് പൊതുവായി തടഞ്ഞുനിറുത്തേണ്ട കാര്യമായി കാണുകയാണ്. മറ്റ് കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഇവിടെ സൂചിപ്പിച്ചു, എയ്ഡഡ് കോളേജുകളിൽ ഗവൺമെന്റിൽനിന്ന് നൽകുന്ന ഏതാണ്ട് 8000 കോടി രൂപ ലഭിക്കുന്ന ഒരു ലക്ഷത്തിലധികം അധ്യാപകരുണ്ട് എന്നുള്ളത് വാസ്തവമാണ്. മാർകിസിസ്റ്റ് പാർട്ടി ഭരിച്ചില്ലേ, ഹൈക്കോടതി വിധിക്കുവേണ്ടി കാത്തുനിൽക്കണമായിരുന്നോ? മാർക്സിസ്റ്റ് പാർട്ടി എത്ര പ്രാവശ്യം കേരളം ഭരിച്ചു? പട്ടികജാതിക്കാർക്കുവേണ്ടി സംസാരിക്കുന്നവർക്ക്...... എന്റെ വ്യക്തിപരമായ അഭിപ്രായം ഇന്ന് എയ്ഡഡ് കോളേജുകളിലെ നിയമനങ്ങൾ പൂർണ്ണമായും എയ്ഡഡ് കോളേജ് മാനേജ്മെന്റുകളിൽ നിലനിർത്തികൊണ്ടുതന്നെ അവിടെ നിലവിലുള്ള ആളുകളുടെ

സംവരണം പാലിക്കാൻ മാനേജ്മെന്റ് തയ്യാറാകണം എന്നതാണ്. അതായിരിക്കണം നമ്മുടെ ഒരു സമീപനം. ഹൈക്കോടതിയുടെ ഒരു വിധി വന്നിരിക്കുകയാണ്. ആ വിധി തീർത്തും സ്വാഗതാർഹമാണ്. പക്ഷെ ഇത് മാർക്സിസ്റ്റ് പാർട്ടി ചെയ്യേണ്ട കാര്യങ്ങളാണ്. മാർക്സിസ്റ്റ് പാർട്ടി അഞ്ചുവർഷം ഭരിച്ചു, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഈ കഴിഞ്ഞ ദിവസം സ്വകാര്യ മേഖലയിൽ പട്ടികജാതി സംവരണം വേണമെന്ന് പറഞ്ഞുകൊണ്ട് അനൗദ്യോഗിക ബിൽ അവതരിപ്പിച്ചു. അദ്ദേഹത്തിന് അനൗദ്യോഗികമല്ലാതെ തന്നെ ഈ സഭയിൽ ബിൽ കൊണ്ടുവരാമായിരുന്നു. അഞ്ചുവർഷം അദ്ദേഹം പ്രധാനപ്പെട്ട ഒരു പോസ്റ്റിൽ ഇരുന്ന പാർട്ടിയുടെ നേതാവായിരുന്നു. ഭരിക്കുന്ന സമയത്ത് ഒന്നും ചെയ്യാതെ പ്രതിപക്ഷത്തിരുന്നുകൊണ്ട് ഇന്ന് പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി പലതും ചെയ്യണമെന്ന് പറയുന്നതല്ല, ഭരിക്കുമ്പോൾ എന്തുചെയ്തു എന്നുള്ളത് ജനം തിരിച്ചറിഞ്ഞുകൊണ്ടിരി ക്കുന്നതുകൊണ്ടാണ് അവർക്ക് ഇന്ന് അടിത്തറ നഷ്ടപ്പെട്ടുകൊണ്ടിരി ക്കുന്നത്. ഞാൻ കൂടുതലായി മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ ഗവൺമെന്റ് ധാരാളം കാര്യങ്ങൾ ചെയ്തുവെന്ന് പറയുന്നില്ല, പട്ടികജാതി വിഭാഗങ്ങളുടെ വീടിന്റെ കാര്യം പറഞ്ഞു, 1 ലക്ഷം രൂപയാണ് അവർക്ക് നൽകിക്കൊണ്ടിരുന്നത് അത് 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. അതുപോലും അവർ

എതിർക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏതാണ്ട് 8000 പണിതീരാത്ത വീടുകളായിരുന്നു ഉണ്ടായിരുന്നത്. അത് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. എന്താണ് പണി തീരാത്തത്, ഒരു ലക്ഷം രൂപ കൊടുത്തുകഴിഞ്ഞാൽ ആർക്ക് പൂർത്തീകരിക്കാൻ സാധിക്കും? ഇന്ന് 3 ലക്ഷം രൂപ കൊടുത്തിട്ടുപോലും പണി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. കാരണം, സാധന സാമഗ്രികളുടെ വില അത്രയും കൂടുകയാണ്. അതുകൊണ്ട് ഗവൺമെന്റ് 3 ലക്ഷം രൂപ കൊടുക്കുന്നു. അതുപോലെ ഭൂമി വാങ്ങുന്നതിന് കഴിഞ്ഞ ഗവൺമെന്റ് ഒരു സെന്റിന് 25000 രൂപയാണ് നൽകിയിരുന്നത് ഇന്ന് ഈ ഗവൺമെന്റ് ഒരു സെന്റിന് 75,000 രൂപ നൽകുന്നു. മുമ്പ് 3 സെന്റ് ഭൂമിക്ക് 75,000 കൊടുത്തുവെങ്കിൽ ഇന്ന് 5 സെന്റ് ഭൂമിക്ക് 3,75,000 രൂപ നൽകുകയാണ്. ഭൂമിയുടെ പ്രശ്നമായാലും വീടിന്റെ പ്രശ്നമായാലുമൊക്കെ പരിഹരിക്കുന്നതിന് ഗവൺമെന്റ് വളരെ വലിയ ശ്രമങ്ങൾ നടത്തുന്നുവെന്ന് സൂചിപ്പിക്കാൻവേണ്ടി മാത്രമാണ് ഞാനത് സൂചിപ്പിച്ചത്. വിദ്യാഭ്യാസ രംഗത്ത് ഒട്ടനവധി കാര്യങ്ങൾ ചെയ്തു. ഇപ്പോൾ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് നൽകുന്ന ഫീസും സ്റ്റൈപന്റും ലംപ്സം ഗ്രാന്റും വർദ്ധിപ്പിക്കണമെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒന്നാം ക്ലാസിൽ പഠിക്കുന്ന കുട്ടിക്ക് 140 രൂപയും

പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടിക്ക് 350 രൂപയുമാണ് നൽകിക്കൊണ്ടിരുന്നത്. ഈ ഗവൺമെന്റ് വന്ന ഉടൻ പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടിക്ക് 750 രൂപയാക്കി വർദ്ധിപ്പിച്ചു. അതുപോലെതന്നെ ഒന്നാം ക്ലാസിൽ പഠിക്കുന്ന കുട്ടിക്ക് 250 രൂപയാക്കി. യു.പി. ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 500 രൂപയാക്കി. എനിക്ക് പ്രധാനമായും സൂചിപ്പിക്കാനുള്ളത് 2015-16-ൽ നിലവിൽ കൊടുത്തുകൊണ്ടിരിക്കുന്ന സ്റ്റൈപന്റ് പ്രി-മെട്രിക് വിദ്യാർത്ഥികൾക്ക് 2 സ്ലാബാക്കി മാറ്റുകയാണ്. മുമ്പ് എൽ.പി., യു.പി., ഹൈസ്കൂൾ എന്നിങ്ങനെ 3 സ്ലാബായിരുന്നു. ഇപ്പോൾ രണ്ട് സ്ലാബാക്കി യു.പി. വിഭാഗം വരെ ഒരു സ്ലാബും അതുപോലെതന്നെ ഹൈസ്കൂൾ വരെ പ്രത്യേക സ്ലാബാക്കി മാറ്റും. എൽ.പി. വിഭാഗം വരെ വിദ്യാർത്ഥികൾക്ക് 500 രൂപയും അതിന് മുകളിൽ ഹൈസ്കൂൾ വരെയുള്ളവർക്ക് 1000 രൂപയും ഗവൺമെന്റ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെന്നുള്ള വിവരം ഞാനറിയിക്കുകയാണ്. അതിലേറെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമെന്ന് പറയുന്നത്, കഴിഞ്ഞ കുറേ വർഷങ്ങളായി സൂചിപ്പിച്ചുകൊണ്ടിരുന്ന കാര്യം, എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് എഞ്ചിനീയറിംഗ്/എം.ബി.ബി.എസ്.-ന് മെറിറ്റ് ക്വാട്ടയിലൂടെ വരുന്നവർക്ക് മാത്രമാണ് ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ടിരുന്നത്. എല്ലാ വിഭാഗം ആളുകളും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് ക്വാട്ടയിൽ വരുന്ന

വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണ നൽകണമെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. വളരെ വലിയ ഒരു തീരുമാനമാണത്. ഒട്ടനവധി വിദ്യാർത്ഥികൾ ഇന്ന് മെറിറ്റിലൂടെയല്ലാതെയും മാനേജ്മെന്റ് ക്വാട്ടയിൽ പഠിക്കുന്നുണ്ട്. അതുകൊണ്ട് ഈ വർഷം മുതൽതന്നെ മാനേജ്മെന്റ് ക്വാട്ടയിലും പഠിക്കുന്ന എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്ക് എല്ലാവിധ ആനുകൂല്യങ്ങളും നൽകുമെന്ന് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്ന വിവരം സൂചിപ്പിക്കുവാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. അതിനകത്ത് ചില മാനദണ്ഡങ്ങൾ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. 2.5 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് പദ്ധതിയിലുൾപ്പെടുത്തി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കുന്നു. ഏറ്റവും കൂടുതലായി ഇതിന്റെ ഗുണം ലഭിക്കുന്നത് എം.ബി.ബി.എസ്., എൻജിനീയറിംഗ് വിദ്യാർത്ഥികൾക്കാണ്. അതോടൊപ്പംതന്നെ, 2.5 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ കോഴ്സുകൾക്ക് മാനേജ്മെന്റ് സീറ്റിൽ പ്രവേശനം ലഭിച്ചാൽ സർക്കാർ നിശ്ചയിച്ച് നൽകുന്ന ഫീസിന്റെ 50% അല്ലെങ്കിൽ 2 ലക്ഷം രൂപ വരെ ഇവയിലേതാണോ കുറവ് ആയത് അനുവദിക്കാനുള്ള

തീരുമാനമാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. സ്വാശ്രയ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പഠനത്തിന് മുകളിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഫീസിന്റെ 50% അല്ലെങ്കിൽ 50,000 രൂപ ഇവയിലേതാണോ കുറവ് അത് അനുവദിക്കും. അതുപോലെതന്നെ സ്വകാര്യ - സ്വാശ്രയ സ്ഥാപനങ്ങളുൾപ്പെട്ട എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇപ്പോൾ ചില നിയന്ത്രണങ്ങളുണ്ട്. 2009-ലെ ഇടതുപക്ഷ ഗവൺമെന്റ് ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള നിബന്ധനകൾ ഉണ്ടായിരുന്നു. ആ നിബന്ധനകളൊക്കെ മാറ്റികൊണ്ട് എസ്.സി. വിഭാഗം വിദ്യാർത്ഥി ഗവൺമെന്റ്, എയ്ഡഡ്, അൺ-എയ്ഡഡ്, സെൽഫ് ഫൈനാൻസിംഗ് എന്നിങ്ങനെ ഏത് സ്ഥാപനത്തിലാണോ പഠിക്കുന്നത്, പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് ഏത് രീതിയിൽ പ്രവേശനം ലഭിച്ചാലും അവർക്ക് വിദ്യഭ്യാസാനുകൂല്യങ്ങൾ ഗവൺമെന്റ് നൽകും എന്നുകൂടി സൂചിപ്പിക്കുകയാണ്. ഡീംഡ് യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ഏത് രീതിയിലാണോ അവർക്ക് അഡ്മിഷൻ ലഭിച്ചതെന്ന് നോക്കാതെ ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി ഫീസ് അനുവദിക്കുമെന്ന് സൂചിപ്പിക്കുകയാണ്. അതോടൊപ്പംതന്നെ നിലവിൽ വിദേശത്ത് പോയി പഠിക്കുന്നതിന് കുട്ടികൾക്ക് സൗകര്യമുണ്ട്. പക്ഷെ അതിന് പല

നിബന്ധനകളും ഇന്ന് നിലവിലുണ്ട്. ആ നിബന്ധനകളൊക്കെത്തന്നെ ലഘൂകരിച്ചുകൊണ്ട് ഏത് കോഴ്സായാലും വിദേശത്ത് പോയി പഠിക്കുന്നതിന് 20 ലക്ഷം രൂപ വരെ ഒരു വിദ്യാർത്ഥിക്ക് സഹായം നൽകുന്നതിന് ഗവൺമെന്റ് തീരുമാനമെടുക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് വിദേശത്ത് പോയി പഠിക്കുന്നതിനുള്ള ഒരു പ്രോത്സാഹനം നൽകുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിക്കുകയാണ്. അതോടൊപ്പംതന്നെ സിവിൽ സർവ്വീസ് അക്കാഡമിയിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് യഥാർത്ഥത്തിൽ അവിടെ ഏത്ര ഫീസാണോ വേണ്ടത് അത് അനുവദിക്കും, അതോടൊപ്പം പ്രിലിമിനറി എക്സാമിനേഷൻ പാസ്സാകുന്നവർക്ക് സംസ്ഥാനത്തിനകത്തോ പുറത്തോ പോയി പഠിക്കുവാനുള്ള ധനസഹായംകൂടി അനുവദിക്കുമെന്ന് സൂചിപ്പിക്കുകയാണ്. എൻട്രൻസ് എക്സാമിനേഷന് ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു സ്കീമുണ്ടാക്കി. 'വിഷൻ 2013 എന്നു പറയുന്ന സ്കീമിൽ ഏതാണ്ട് 20,000 രൂപ കുട്ടികൾക്ക് കോച്ചിംഗിന് കൊടുക്കുന്നുണ്ട്. പക്ഷെ അത് പ്ലസ് വൺ, പ്ലസ് ടു പഠിക്കുമ്പോഴാണ്. പ്ലസ് വൺ-പ്ലസ് ടു പഠിച്ച് ഒരു വർഷംകൊണ്ട് എൻട്രൻസ് എക്സാമിനേഷൻ എഴുതിക്കഴിഞ്ഞാൽ കുട്ടികൾക്ക് തീർച്ചയായും ഉയർന്ന റാങ്ക് ലഭിക്കില്ല. പലപ്പോഴും റിപ്പീറ്റ് ചെയ്തിട്ടാണ് ഉയർന്ന റാങ്ക് ലഭിക്കുന്നത്. ഇപ്രാവശ്യം എം.ബി.ബി.എസ്.-ന്

അഡ്മിഷൻ ലഭിച്ച ആയിരത്തോളം കുട്ടികളുടെ കണക്ക് പരിശോധിച്ചപ്പോൾ എസ്.സി. വിഭാഗത്തിൽനിന്ന് വളരെ കുറച്ച് പേര് മാത്രമെ വന്നിട്ടുള്ളൂ. അത് റിപ്പീറ്റ് ചെയ്യുന്നതിനുള്ള അവസരമില്ലാത്തതുകൊണ്ടാണ്. അതുകൊണ്ട് എൻട്രൻസ് പരീക്ഷ റിപ്പീറ്റ് ചെയ്യുന്ന കുട്ടികൾക്ക് 50,000 രൂപ അനുവദിക്കാൻ ഗവൺമെന്റ് തീരുമാനിക്കുന്നു. ഇനിയുള്ള വർഷങ്ങളിൽ 20,000 രൂപയും അതുകഴിഞ്ഞ് റിപ്പീറ്റ് ചെയ്യുന്നവർക്ക് 50,000 രൂപയും അനുവദിക്കുമെന്നുകൂടി സൂചിപ്പിക്കുകയാണ്. അതോടൊപ്പംതന്നെ ഇന്ന് വകുപ്പിന് കീഴിൽ ഏതാണ്ട് 91 നഴ്സറി സ്കൂകളുണ്ട്. ഈ 91 നഴ്സറി സ്കൂളുകളിൽ കുട്ടികൾക്ക് ഭക്ഷണത്തിനുള്ള തുക നൽകുന്നത് ഒരു കുട്ടിക്ക് 10 രൂപ നിരക്കിലാണ്. അത് വളരെ പരിമിതമാണ്. ഒരു കുട്ടിക്ക് 10 രൂപയെന്നതിന് പകരം 30 രൂപ നിരക്കിൽ കൊടുക്കുവാൻ ഗവൺമെന്റ് തീരുമാനിക്കുകയാണ്. ഇത്തരത്തിലുള്ള പരമാവധി കാര്യങ്ങൾ ഗവൺമെന്റ് പട്ടികജാതി വിഭാഗക്കാർക്കുവേണ്ടി ചെയ്തിട്ടുണ്ട്. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചതുപോലെ സമൂഹത്തിന്റെ മുന്നേറ്റമെന്ന് പറയുന്നത് എല്ലാ തലങ്ങളിലുമുള്ള മുന്നേറ്റമാണ്. വ്യാവസായ രംഗത്തും സാമ്പത്തിക രംഗത്തും തൊഴിൽ മേഖലയിലുമൊക്കെ ഇത് അനിവാര്യമാണ്. പക്ഷെ, നിർഭാഗ്യമെന്ന് പറയട്ടെ, ഇൻഡ്യയിലെ ഏറ്റവും സാമൂഹിക മുന്നേറ്റത്തിന് തുടക്കം കുറിച്ചിട്ടുള്ള

കേരളത്തിൽപ്പോലും ഇന്ന് വ്യവസായിക-സാമ്പത്തിക രംഗത്ത് എസ്.സി. വിഭാഗങ്ങളുടെ അവസ്ഥ വേണ്ട രീതിയിൽ ആശാവഹമല്ല. അതുകൊണ്ട് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഇന്ന് നിലവിലുള്ള സ്റ്റാർട്ട് അപ്പ് വില്ലേജുകൾ പോലെയുള്ള പദ്ധതികൾ എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ആരംഭിക്കുമെന്ന് സൂചിപ്പിക്കുവാനും ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. സമയക്കുറവുകൊണ്ടാണ് ഞാൻ മറ്റെല്ലാ കാര്യങ്ങൾക്കും മറുപടി പറയാത്തത്. പട്ടികജാതി ക്ഷേമ വകുപ്പിന് കഴിഞ്ഞ നാലുവർഷംകൊണ്ട് 40 വർഷത്തിന്റെ നേട്ടമുണ്ടാക്കാൻ കഴിഞ്ഞുവെന്നുള്ളത് ഏറെ അഭിമാനത്തോടുകൂടി പറയാൻ കഴിയും. എനിക്ക് ഒരു പ്രയാസം തോന്നിയ കാര്യം പിന്നോക്ക ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥ് മാത്രമാണ് അല്പംചില കാര്യങ്ങൾ പറഞ്ഞത്. ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെടുത്തുനോക്കിയാൽ എനിക്ക് ഏറെ സന്തോഷം തോന്നുന്ന കാര്യങ്ങളെന്നുപറയുന്നത്, എല്ലാ പ്രവർത്തനങ്ങളും വളരെ സാവധാനമാണെന്ന് പറയാറുണ്ട്. പക്ഷെ പിന്നോക്ക ക്ഷേമ വകുപ്പ് രൂപീകരിച്ച് അതിന്റെ പ്രവർത്തനം സ്വപ്നവേഗത്തിലെന്നു പറയുന്ന രീതിയിൽ നടപ്പാക്കിയ പദ്ധതികളെന്നു പറയുന്നത് സമൂഹത്തിൽ കഴിഞ്ഞ കുറേക്കാലംവരെ

എൽ.ഡി.എഫ്-ഉം യു.ഡി.എഫ്-ഉം മാറിമാറി ഭരിച്ചിട്ടും ഉണ്ടായിട്ടില്ലെന്നതാണ്. ഞാൻ മുൻപും പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രിയായിരുന്ന ആളാണ്. എന്നാൽ ഈ നാലുവർഷം എനിക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഇന്ന് പിന്നോക്കമെന്ന് പറയുമ്പോൾ അതിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള ആളുകളുടെ കാര്യങ്ങൾ മാത്രമെ പറയാറുള്ളൂ. പക്ഷെ അതല്ലാത്ത ഒട്ടനവധി വിഭാഗങ്ങൾ ഇന്ന് കേരളത്തിലുണ്ട്. 80-ഓളം വിഭാഗങ്ങൾ ഇന്ന് പിന്നോക്ക വിഭാഗങ്ങളുടെയിടയിലുണ്ട്. ആ പിന്നോക്ക വിഭാഗങ്ങളിൽ എണ്ണവും വണ്ണവും നോക്കിയിട്ടല്ല, അവരുടെ പ്രശ്നങ്ങൾ എന്താണെന്ന് ഒരോന്നുമെടുത്തുനോക്കിയിട്ട് അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തി പിന്നോക്ക ക്ഷേമ വകുപ്പ് രൂപീകരിച്ചു. ഡയറക്ടേറ്റ് രൂപീകരിച്ചു, സെക്രട്ടേറിയറ്റിൽ സംവിധാനമുണ്ടാക്കി, എറണാകുളത്തും കോഴിക്കോട്ടും മേഖലാ ഓഫീസ് ആരംഭിച്ചു. പ്രീ-മെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുടങ്ങിയ ഒട്ടനവധി പദ്ധതികൾ നാലുവർഷംകൊണ്ട് ആരംഭിക്കാൻ സാധിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുത്ത ഏറ്റവും പ്രധാനപ്പെട്ട ഒരു താല്പര്യമാണിത്. കൊച്ചുകൊച്ചു സമുദായങ്ങളുടെ കാര്യത്തിൽപ്പോലും അദ്ദേഹമെടുത്ത താല്പര്യം വളരെ വലുതാണ്. അതുകൊണ്ടുതന്നെ പിന്നോക്ക ക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ

ബുദ്ധിമുട്ടില്ലാതെ കഴിഞ്ഞുവെന്നുള്ളത് എടുത്തുപറയുവാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്, നിയമ ബിരുദം നേടിയവർക്ക് പ്രാക്ടീസ് തുടങ്ങുന്നതിനുള്ള ധനസഹായം, കളിമൺ പാത്രനിർമ്മാണം നടത്തുന്നവർക്ക് 25000 രൂപ വീതം ഗ്രാന്റ് എന്നിവ കൊടുക്കാൻ തീരുമാനിച്ചു. കേരളത്തിൽ കളിമൺ പാത്രനിർമ്മാണം നടത്തുന്നവർ ഏറ്റവും ചെറിയൊരു സമുദായമാണ്. കേരളത്തിൽ കളിമൺ പാത്രനിർമ്മാണം നടത്തുന്നവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഒരു കോർപ്പറേഷൻ ഉണ്ടാക്കുവാൻ തീരുമാനിച്ച ഗവൺമെന്റാണ് ഉമ്മൻ ചാണ്ടി ഗവൺമെന്റ്. ഈ ഗവൺമെന്റ് കരുതൽ എന്നുപറയുന്നത് പാവപ്പെട്ടവനോടും സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളോടുമെടുക്കുന്ന സമീപനത്തിന്റെ ഏറ്റവും വലിയ തെളിവാണ്. ഇത് വോട്ട് നേടുന്നതിനുവേണ്ടിയോ തെരഞ്ഞെടുപ്പ് രാഷ്ട്രീയം മുന്നിൽകണ്ടുകൊണ്ടോ അല്ല. ഒരു ജനവിഭാഗത്തിന്റെ താല്പര്യം, അവരുടെ പ്രയാസങ്ങൾ, അവരുടെ പ്രശ്നങ്ങൾ ഒക്കെ മുന്നിൽകണ്ടുകൊണ്ടാണ് ഈ ഗവൺമെന്റ് കാര്യങ്ങൾ ചെയ്യുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ ഒ.ബി.സി.യിൽ ഉൾപ്പെട്ട 30 വിഭാഗങ്ങളുണ്ട്. കഴിഞ്ഞ കാലങ്ങളിൽ അവരുടെ ശബ്ദം ആരും കേട്ടിരുന്നില്ല. ആ 30 വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒ.ഇ.സി.യിൽ ഉൾപ്പെടുത്തി കൊടുക്കുവാൻ ഈ

ഗവൺമെന്റ് തീരുമാനിച്ചു. അതോടൊപ്പം വിശ്വകർമ്മജർക്കും ധീവരർക്കും രണ്ട് ശതമാനം പ്രത്യേക സംവരണം നൽകി. ലത്തിൻ കത്തോലിക്കക്കാർക്ക് മൂന്ന് ശതമാനം സംവരണമായിരുന്നു. അത് ആംഗ്ലോ ഇന്ത്യനിലുൾപ്പെടുത്തി വിദ്യാഭ്യാസ പ്രവേശനത്തിന് നാലുശതമാനം സംവരണം കൊടുത്തു. അത്തരത്തിൽ ഓരോ സമുദായത്തിന്റെയും താൽപര്യങ്ങളും അവരുടെ ആവശ്യങ്ങളും പരിഗണിച്ചുകൊണ്ട് വൻപദ്ധതികൾ നടപ്പാക്കുന്നതോടൊപ്പംതന്നെ ഇത്തരം പദ്ധതികളുംകൂടി നടപ്പാക്കിക്കൊണ്ട് പിന്നോക്ക ക്ഷേമ വകുപ്പ് രൂപീകരണം വരുംകാലങ്ങളിലെന്നും കേരളത്തെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റിന്റെ അഭിമാനകരമായ നേട്ടങ്ങളിലൊന്നാക്കി മാറ്റുവാൻ കഴിഞ്ഞുവെന്ന് സൂചിപ്പിക്കുവാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ഒ.ഇ.സി. പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് ആയിരം രൂപ നിരക്കിൽ സ്റ്റൈപ്പന്റ് കൊടുക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഇന്ന് എസ്.സി./എസ്.ടി വിഭാഗങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും വീടുവയ്ക്കുന്നതിനുള്ള സ്കീമുണ്ട്. കുറഞ്ഞതോതിലാണെങ്കിലും ന്യൂനപക്ഷ വിഭാഗങ്ങൾക്കും ഇന്ന് വീടുവയ്ക്കാനുള്ള സ്കീമുണ്ട്. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ആളുകളിൽ പലരും ജനപ്രതിനിധികളായ നമ്മുടെയടുത്ത് വീടില്ലായെന്ന് പറഞ്ഞു വരാറുണ്ട്. ഒ.ബി.സി. വിഭാഗത്തിലെ പാവപ്പെട്ടവർക്കുമാത്രം വീട് വയ്ക്കാനുള്ള

സ്കീമില്ല. അതുകൊണ്ട് ഒ.ബി.സി. വിഭാഗത്തിലെ വിധവകൾ, അഗതികൾ, മാരകരോഗം ബാധിച്ച സ്ത്രീകൾ എന്നിവർക്ക് ഭവന നിർമ്മാണത്തിനാവശ്യമായ ധനസഹായം നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ട്. അതോടൊപ്പംതന്നെ പിന്നോക്ക സമുദായത്തിലെ തൊഴിൽ രഹിതർക്ക് സ്വയംതൊഴിൽ വായ്പയോടുകൂടിയ സബ്സിഡി, സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ തുടങ്ങാൻ നൂതനവും പ്രായോഗികവുമായ ആശയങ്ങളുള്ള എൻജിനീയറിംഗ് ബിരുദധാരികൾക്ക് 5 ലക്ഷം രൂപവരെ ഗ്രാന്റ്, പൊതു പരീക്ഷകളിൽ സംസ്ഥാന തലത്തിൽ മികച്ച വിജയം നേടുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം തുടങ്ങിയ കാര്യങ്ങൾ ഈ ഗവൺമെന്റ് നടപ്പാക്കുമെന്നുകൂടി സൂചിപ്പിക്കുവാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ഈ ഗവൺമെന്റിന് ഏറെ അഭിമാനിക്കാവുന്ന നേട്ടമാണ് പിന്നോക്ക ക്ഷേമ വകുപ്പ് രൂപീകരണം എന്ന് സൂചിപ്പിക്കുകയാണ്.

ടൂറിസവുമായി ബന്ധപ്പെട്ട കുറച്ചുകാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കഴിഞ്ഞ നാലുവർഷത്തിനിടയിൽ ടൂറിസം മേഖലയിൽ ആഗോളതലത്തിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടായപ്പോൾ അതിന്റെ ഏറ്റവും വലിയ പ്രതിഫലനം കേരളത്തിലുണ്ടാകും, കേരളത്തിൽ സഞ്ചാരികളുടെ

കുറവുണ്ടാകുമെന്നാണ് കരുതിയത്. പക്ഷെ ഈ ഗവൺമെന്റിന്റെ മാത്രം നേട്ടമായി ഞാൻ പറയുന്നില്ല, കഴിഞ്ഞ കുറേ വർഷങ്ങളായി Gods own Country എന്നുള്ള രീതിയിൽ കേരളത്തെ പ്രൊമോട്ടുചെയ്ത് മാറിമാറിവന്ന ഗവൺമെന്റുകൾ നടപ്പാക്കിയ പ്രവർത്തനങ്ങൾകൊണ്ട് ഇന്ന് ലോകം മുഴുവൻ അറിയപ്പെടുന്ന പ്രധാനപ്പെട്ട ഡെസ്റ്റിനേഷനായി കേരളം മാറിക്കഴിഞ്ഞു. അതുകൊണ്ടുതന്നെ ഇന്ന് എന്ത് പ്രതിസന്ധി ലോകത്തുണ്ടായാലും കേരളത്തിലേയ്ക്കുവരുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കും. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇന്ത്യയിൽനിന്ന് ഒരു കോടിയിലധികം ആഭ്യന്തര വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചുകൊണ്ടിരിക്കുന്നു. ടൂറിസം രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ടൂറിസം വ്യവസായത്തിന് അനുയോജ്യമായ മണ്ണല്ല കേരളമെന്ന് പറയാറുണ്ട്. പക്ഷെ എനിക്ക് അഭിമാനത്തോടെ പറയാൻ കഴിയും, കേരളം ടൂറിസം വ്യവസായത്തിന് അനുയോജ്യമായ മണ്ണാണെന്ന് ടൂറിസത്തിന്റെ പ്രവർത്തനങ്ങൾകൊണ്ട് തെളിയിക്കാൻ കഴിഞ്ഞു. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് സൂചിപ്പിച്ചതുപോലെ ഹോട്ടലുകളുടെ കണക്കെടുത്തപ്പോൾ 2010-ലെ കണക്കനുസരിച്ച് നിലവിലുള്ള ഹോട്ടൽ റൂമുകളിൽനിന്ന് ഏതാണ്ട് മുപ്പതിനായിരത്തിലധികം വർദ്ധനവ് ഇന്ന്

കേരളത്തിൽ ഉണ്ടായിട്ടുണ്ട്. മുപ്പതിനായിരത്തിലധികം ഹോട്ടൽ റൂമുകളുടെ വർദ്ധനവുണ്ടാകുമ്പോൾ വരുന്ന സഞ്ചാരികളുടെ എണ്ണം കൂടുന്നു, അവിടെയൊക്കെ തൊഴിൽ ലഭ്യമാകുന്നു. ഇന്ന് ഏറ്റവും വലിയ തൊഴിൽ ദാതാവായി കേരളത്തിലെ ടൂറിസം മാറിക്കൊണ്ടിരിക്കുകയാണ്. ടൂറിസം രംഗത്ത് വലിയ മുന്നേറ്റം ഈ നാലുവർഷക്കാലംകൊണ്ടുണ്ടായിയെന്ന് ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. അതോടൊപ്പംതന്നെ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 100 കോടി രൂപയായിരുന്നു ടൂറിസം വികസനത്തിനുണ്ടായിരുന്നത്. ഈ ഗവൺമെന്റ് പ്രത്യേക താല്പര്യമെടുത്ത് ഇന്ന് 225 കോടി രൂപ പദ്ധതി വിഹിതമായ പ്ലാൻ ഫണ്ടുണ്ട്. ഈ ഗവൺമെന്റ് അഞ്ച് വർഷം പൂർത്തീകരിക്കുമ്പോൾ ഇത് 250 കോടി രൂപയിൽ അധികമാകുമെന്ന കാര്യത്തിൽ സംശയമില്ല. ഒട്ടനവധി കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുണ്ടെങ്കിലും സമയപരിമിതികൊണ്ടും ഇന്നത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

നാല് പുതിയ യാത്രിനിവാസുകളുടെ പ്രവർത്തനം ഈ വർഷംതന്നെ തുടങ്ങും. ഗുരുവായൂർ, ആതിരപ്പിള്ളി, കന്യാകുമാരി, ഇടുക്കി എന്നീ നാല് സ്ഥലങ്ങളിൽ പുതിയ യാത്രിനിവാസുകൾ സ്ഥാപിക്കുമെന്ന് സൂചിപ്പിക്കുകയാണ്. ഇവിടെയൊക്കെ

മിതമായ നിരക്കിൽ കൂടുതൽ താമസ സൗകര്യമൊരുക്കണമെന്ന ആവശ്യം മുൻനിർത്തിയാണ് ഇവ സ്ഥാപിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. കോഴിക്കോട് ഗസ്റ്റ് ഹൗസിന്റെ അഡീഷണൽ ബ്ലോക്കിന്റെ പ്രവൃത്തി ഉടൻതന്നെ ആരംഭിക്കും. എല്ലാ മലയാളികളും യാത്ര ചെയ്യുന്നവരാണ്. എവിടെ ചെന്നാലും കേൾക്കുന്ന ഒരുകാര്യമാണ് യാത്രയ്ക്കിടയിൽ അല്പസമയം വിശ്രമിക്കാനോ ടോയ്ലറ്റിൽ പോകാനോ ഉള്ള സൗകര്യം കേരളത്തിൽ കുറവാണെന്നുള്ളത്. അതിനൊരു പരിഹാരം കാണുന്നതിനുവേണ്ടി ' take a break ' എന്ന ഒരു പുതിയ സ്കീം ഗവൺമെന്റ് കൊണ്ടുവന്നു. ആ സ്കീമിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് 20 സ്ഥലങ്ങളിൽ 'take a break' പദ്ധതി തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. ഏതാണ്ട് 9 സ്ഥലങ്ങളിൽ ഇതിനകം എ.എസ് കൊടുത്തുകഴിഞ്ഞു. ശംഖുംമുഖത്ത് ഇതിന്റെ പണി പൂർത്തീകരിച്ച് രണ്ട് മാസങ്ങൾക്കുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസ്ഥാനതല ഉദ്ഘാടനം നടത്തിക്കഴിഞ്ഞു. 8 സ്ഥലങ്ങളിൽ ഇപ്പോൾ എ.എസ് കൊടുത്ത് ഇതിന്റെ പ്രവൃത്തി നടക്കുന്നുണ്ട്. മലപ്പുറം യൂണിവേഴ്സിറ്റി, മലപ്പുറം കോട്ടക്കുന്ന്, പിറവം മുള്ളൂർപ്പടി, വൈക്കം തലയാഴം, കോന്നി, കൊട്ടാരക്കര, ഹരിപ്പാട് എന്നീ സ്ഥലങ്ങളിൽ 'take a break' പദ്ധതി അനുവദിച്ചുകഴിഞ്ഞു. ചാത്തന്നൂർ, ചവറ, ചേർത്തല, എറണാകുളം, ചാലക്കുടി, മൂന്നാർ, താമരശ്ശേരി ചുരം,

വടക്കൻപറവൂർ, അമ്പലവയൽ എന്നീ സ്ഥലങ്ങളിൽ കൂടി 20 ' take a break' പദ്ധതി തുടങ്ങും. ചവറയിലും ഹരിപ്പാടും ചേർത്തലയിലും എറണാകുളത്തുമൊക്കെ നാഷണൽ ഹൈവേയുടെ പാതയോരങ്ങളിൽ 'take a break' സംവിധാനമെന്നുപറയുന്നത് ദീർഘദൂര യാത്രക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും അനുകൂലമായ ഒന്നായിരിക്കും. ഏറെക്കാലത്തെ നമ്മുടെ ആവശ്യത്തിന്റെ പരിഹാരംകൂടിയായിരിക്കുമെന്ന് സൂചിപ്പിക്കുവാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഈ പറഞ്ഞ 9 സ്ഥലങ്ങളിൽ 'take a break' പദ്ധതി രണ്ട് മാസത്തിനകം പൂർത്തിയാകും. ബാക്കി 11 സ്ഥലങ്ങളിൽ ജനുവരിമാസത്തോടുകൂടി പൂർത്തീകരിക്കുമെന്ന് സൂചിപ്പിക്കുകയാണ്. പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളായ തേക്കടി, ഫോർട്ട് കൊച്ചി, കുമരകം, കോവളം, മൂന്നാർ എന്നീ അന്താരാഷ്ട്ര തലത്തിൽ അംഗീകൃതമായിട്ടുള്ള കേന്ദ്രങ്ങളിൽ 30 വർഷമായിട്ടുള്ള ആവശ്യകത പരിഗണിച്ചുകൊണ്ട് സമഗ്ര മാസ്റ്റർ പ്ലാനുകൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. മലബാർ മേഖലയിലെ ടൂറിസം വികസനം ലക്ഷ്യമാക്കിയുള്ള നിള ഹെറിറ്റേജ് ടൂറിസം പൊൻമുടിയേയും സമീപ ടൂറിസ്റ്റ് കേന്ദ്രങ്ങളേയും ബന്ധപ്പെടുത്തി രൂപം നൽകുന്ന ഗോൾഡൻവാലി ടൂറിസം സർക്യൂട്ട്, കാലടി മലയാറ്റൂർ ടൂറിസം സർക്യൂട്ട് , അഷ്ടമുടി

ടൂറിസം പദ്ധതി, നിലമ്പൂർ ടൂറിസ്റ്റ് കേന്ദ്രം എന്നിവയ്ക്കുള്ള പുതിയ മാസ്റ്റർപ്ലാനുകൾ ഉടൻ തയ്യാറാക്കുമെന്നുകൂടി സൂചിപ്പിക്കുകയാണ്. എന്റെ യുവ സുഹൃത്ത് ശ്രീ. കെ. എസ്. ശബരീനാഥൻ തിരുവനന്തപുരത്ത് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട കോട്ടൂർ ആനവളർത്തൽ കേന്ദ്രത്തെക്കുറിച്ച് പറഞ്ഞിരുന്നു. ഞാൻ ഇത്രയുംകാലത്തിനിടയിൽ പലസ്ഥലത്തും പോയിട്ടുണ്ടെങ്കിലും ഈയടുത്തകാലത്താണ് അവിടെ പോയത്. ആനവളർത്തൽ കേന്ദ്രമെന്നുള്ള നിലയ്ക്ക് ഏറ്റവും നന്നായി പ്രൊമോട്ട് ചെയ്യാവുന്ന കേന്ദ്രമാണത്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വളരെനല്ല രീതിയിൽ നടക്കുന്ന ഒരു സ്ഥാപനമാണ് കോട്ടൂർ ആനവളർത്തൽ കേന്ദ്രം. ഈ കേന്ദ്രം സന്ദർശിക്കുന്നവരുടെ സൗകര്യാർത്ഥം അവിടെയൊരു ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാനാവശ്യമായ പണം ഗവൺമെന്റ് അനുവദിക്കും. ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ കനോലി കനാലിനെക്കുറിച്ച് സൂചിപ്പിച്ചു. കനോലി കനാലിനെക്കുറിച്ച് ഞാൻ ആവർത്തിക്കാതിരുന്നത് മറ്റൊന്നുംകൊണ്ടല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മലപ്പുറത്തുവന്ന് പ്രഖ്യാപിച്ച പദ്ധതിയാണ് കനോലി കനാൽ. അതുകൊണ്ട് കനോലി കനാലിന്റെ പ്രവൃത്തി തുടങ്ങാനാവശ്യമായ ഫണ്ട് ടൂറിസം ഡിപ്പാർട്ടുമെന്റ് അനുവദിക്കുമെന്നുകൂടി സൂചിപ്പിച്ചുകൊണ്ടും ഇവിടെ അംഗങ്ങൾ പ്രകടിപ്പിച്ച എല്ലാ

വികാരത്തോടും ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്യാനുള്ള നടപടിയുണ്ടാകുമെന്ന് അറിയിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ.................................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-2016 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................................

പ്രതികൂലിക്കുന്നവർ..................................

പ്രമേയം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ …... സഭ ഇപ്പോൾ പിരിയുന്നതും 20-ാം തീയതി രാവിലെ 8.30- ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂലൈ മാസം 20-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 4.43-ന് പിരിഞ്ഞു.)

*********